**പതിനഞ്ചാം കേരള നിയമസഭ**
**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

**സബ്ജക്ട് കമ്മിറ്റി – VII**
**(SUBJECT COMMITTEE VII)**

**വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും**
**(ELECTRICITY, LABOUR AND LABOUR WELFARE)**

# ആനുകാലിക റിപ്പോർട്ട്
# (2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ളത്)
# (PERIODICAL REPORT FROM $1^{ST}$ APRIL 2024 TO $31^{ST}$ MARCH 2025)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2025 ഒക്ടോബർ 6-ാം തീയതി സമർപ്പിച്ചത്

(Presented on October $6^{th}$ 2025)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2025

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

**സബ്ജക്ട് കമ്മിറ്റി VII**

**(SUBJECT COMMITTEE VII)**

**വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും**

**(ELECTRICITY, LABOUR AND LABOUR WELFARE)**

**ആനുകാലിക റിപ്പോർട്ട്**
**(2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT FROM 1ST APRIL 2024 TO 31ST MARCH 2025)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

**ഉള്ളടക്കം**


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | |

## സബ്ജക്ട് കമ്മിറ്റി – VII

**(വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)**
**(2023–2026)**

**ഘടന**

<u>ചെയർപേഴ്സൺ</u>

ശ്രീ. കെ. കൃഷ്ണൻകുട്ടി,
വൈദ്യുതി വകുപ്പ് മന്ത്രി

<u>എക്സ്-ഒഫീഷ്യോ അംഗം</u>

ശ്രീ. വി. ശിവൻകുട്ടി,
പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പ് മന്ത്രി

<u>അംഗങ്ങൾ</u> :

ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.

ശ്രീ. എ. കെ. എം. അഷ്റഫ്, എം.എൽ.എ.

ശ്രീ. എം. എം. മണി, എം.എൽ.എ.

ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ.

ശ്രീ. പി. നന്ദകുമാർ, എം.എൽ.എ.

ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ.

ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.

ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ.എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി രജി ഡി. ഒ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. എസ്. കിരൺ ബോസ് , അണ്ടർ സെക്രട്ടറി

## അവതാരിക

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ 2023 ഡിസംബർ 07 -ലെ 445 -ാം നമ്പർ ബുള്ളറ്റിൻ ഭാഗം-2 പ്രകാരം 2023-26 കാലയളവിലേക്കായി രൂപീകരിച്ച വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 29.05.2024, 02.07.2024, 08.07.2024, 02.09.2024, 03.09.2024, 25.09.2024, 18.02.2025, 21.02.2025, 27.02.2025 എന്നീ തീയതികളിലായി ആകെ 9 യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ 29.05.2024-ലെ യോഗത്തിൽ 2024-ലെ കേരള ലേബർ വെൽഫെയർ ഫണ്ട് (ഭേദഗതി) ചട്ടത്തിന്റെ കരട്, "The Kerala Motor Transport Workers' Payment of Fair Wages (Amendment) Act, 2023" എന്ന ആക്ടിലെ ഭേദഗതിയിന്മേൽ ചട്ടങ്ങൾ തയ്യാറാക്കുന്നത് സംബന്ധിച്ച് തൊഴിലും നൈപുണ്യവും വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്, കേരള ആഭരണ തൊഴിലാളി ക്ഷേമ നിധി (ഭേദഗതി) ബിൽ പരിഗണിക്കുന്നതിനായി 23.08.2022-ൽ ചേർന്ന യോഗത്തിൽ പ്രാദേശിക പത്ര പ്രവർത്തക ക്ഷേമനിധി രൂപീകരണവുമായി ബന്ധപ്പെട്ട് സമിതി ആരാഞ്ഞ അധിക വിവരത്തിന്മേൽ ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് (സി) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്, സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ നടപടി റിപ്പോർട്ടുകൾ, അതത് വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച് വിവിധ വകുപ്പുകൾ ലഭ്യമാക്കിയ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസ പത്രികകൾ എന്നിവ പരിഗണിച്ചു. 2024 ലെ കേരള ധനകാര്യ ബിൽ പരിഗണിക്കുന്നതിനായി സബ്ജക്ട് കമ്മിറ്റി V, VII, VIII, XIV എന്നിവ 02.07.2024 -ൽ സംയുക്ത യോഗം ചേരുകയും പ്രസ്തുത ബില്ലിലെ സബ്ജക്ട് കമ്മിറ്റി VII മായി

ബന്ധപ്പെട്ട The Kerala Electricity Duty Act (23 of 1963) യുടെ ഭേദഗതി പരിഗണിക്കുകയും ചെയ്തു. 08.07.2024-ൽ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ടിന്റെ കരട്, 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ നടപടി റിപ്പോർട്ടുകൾ എന്നിവ പരിഗണിച്ചു. 02.09.2024, 03.09.2024 എന്നീ തീയതികളിൽ പള്ളിവാസൽ, ഇടുക്കി ഡാമുകൾ, മൂലമറ്റം പവർ ഹൗസ് എന്നിവ സന്ദർശിക്കുകയും ജലവൈദ്യുത പദ്ധതികളുടെ പ്രവർത്തനം, എക്സ്റ്റൻഷൻ പദ്ധതികളുടെ നിർമ്മാണ പുരോഗതി എന്നിവ വിലയിരുത്തുകയും ചെയ്തു സമിതി 02.09.2024 -ൽ ചിത്തിരപുരം ഐ.ബിയിലും 03.09.2024-ൽ മൂലമറ്റം സർക്യൂട്ട് ഹൗസിലും യോഗം ചേർന്ന് വകുപ്പുദ്യോഗസ്ഥരുമായി പ്രസ്തുത വിഷയത്തിന്മേൽ ചർച്ച നടത്തുകയും ചെയ്തു. 25.09.2024-ലെ യോഗത്തിൽ 2024 ലെ കേരള ക്രാഫ്റ്റ്സ്മെൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് (ഭേദഗതി) സ്പെഷ്യൽ റൂൾസിന്റെ കരട്, കേരള ആഭരണ തൊഴിലാളി ക്ഷേമ നിധി (ഭേദഗതി) ബിൽ പരിഗണിക്കുന്നതിനായി 23.08.2022-ൽ ചേർന്ന യോഗത്തിൽ പ്രാദേശിക പത്ര പ്രവർത്തക ക്ഷേമനിധി രൂപീകരണവുമായി ബന്ധപ്പെട്ട് സമിതി ആരാഞ്ഞ അധിക വിവരത്തിന്മേൽ തൊഴിലും നൈപുണ്യവും വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്, സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ നടപടി റിപ്പോർട്ടുകൾ, അതത് വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച് വിവിധ വകുപ്പുകൾ ലഭ്യമാക്കിയ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസ പത്രിക എന്നിവ പരിഗണിച്ചു. 18.02.2025, 21.02.2025, എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ വിവിധ ധനാഭ്യർത്ഥനകളിന്മേൽ പരിശോധന നടത്തി. 27.02.2025-ലെ യോഗത്തിൽ 2025-26 സാമ്പത്തിക വർഷത്തെ അഞ്ചാമത് റിപ്പോർട്ടിന്റെ കരട് പരിഗണിച്ചു.

പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർനില 57% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അദ്ധ്യായം I | - | സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ |
| അദ്ധ്യായം II | - | സമിതി പരിഗണിച്ച ബില്ലുകൾ |
| അദ്ധ്യായം III | - | സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ. -കൾ |
| അദ്ധ്യായം IV | - | നിയമസഭ ചട്ടം 235 എ പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ച വിശദാംശം |
| അദ്ധ്യായം V | - | നിയമസഭ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ |
| അദ്ധ്യായം VI | - | a) 2024-25 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം<br>b)ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശവും (പുതിയ സാമ്പത്തിക വർഷത്തെ ആദ്യം എന്ന വിധത്തിൽ) |
| അദ്ധ്യായം VII | - | സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശവും |

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2025 സെപ്റ്റംബർ 29-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2025 ഒക്ടോബർ 06

ശ്രീ. കെ. കൃഷ്ണൻകുട്ടി,
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി VII.*

# റിപ്പോർട്ട്

## അദ്ധ്യായം I

## സഭയിൽ സമർപ്പിച്ച സമിതി റിപ്പോർട്ടുകൾ

1. 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 10.06.2024-ന് സഭയിൽ സമർപ്പിച്ചു.

2. 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 10.07.2024-ന് സഭയിൽ സമർപ്പിച്ചു.

3. 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 10.07.2024 -ന് സഭയിൽ സമർപ്പിച്ചു.

4. 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 03.03.2025-ന് സഭയിൽ സമർപ്പിച്ചു

## അദ്ധ്യായം II

## സമിതി പരിഗണിച്ച ബില്ലുകൾ

ഇല്ല

## അദ്ധ്യായം III

## സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ. -കൾ

1. 2024 -ലെ കേരള ലേബർ വെൽഫെയർ ഫണ്ട് (ഭേദഗതി) ചട്ടത്തിന്റെ കരട് 29.05.2024- ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.

2. 2024-ലെ കേരള ക്രാഫ്റ്റ്സ്മെൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് (ഭേദഗതി) സ്പെഷ്യൽ റൂൾസിന്റെ കരട് 25.09.2025-ലെ യോഗത്തിൽ ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

## അദ്ധ്യായം IV

## നിയമസഭ ചട്ടം 235 എ പ്രകാരം ചേർന്ന യോഗങ്ങളുടെ വിശദാംശം

ഇല്ല

## അദ്ധ്യായം V

## നിയമസഭ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

| ക്രമ നം. | ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| | | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം | |
| | 1 | 2 | 3 | 4 |
| 1. | XXXIX-വൈദ്യുത പദ്ധതികൾ | 2015-16 | ഊർജ്ജ വകുപ്പ് (കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് ) | 02.07.2024 |
| 2. | XXXIX-വൈദ്യുത പദ്ധതികൾ | 2018-19 (കാലതാമസ പത്രിക സഹിതം) | ഊർജ്ജ വകുപ്പ് (കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് ) | 02.07.2024 |
| 3. | XXXIX-വൈദ്യുത പദ്ധതികൾ | 2019-20 (കാലതാമസ പത്രിക സഹിതം) | ഊർജ്ജ വകുപ്പ് (കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് ) | 02.07.2024 |
| 4. | XXXIX-വൈദ്യുത പദ്ധതികൾ | 2020-21 (കാലതാമസ പത്രിക സഹിതം) | ഊർജ്ജ വകുപ്പ് (കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് ) | 02.07.2024 |
| 5. | XXXIX-വൈദ്യുത പദ്ധതികൾ | 2021-22 (കാലതാമസ പത്രിക സഹിതം) | ഊർജ്ജ വകുപ്പ് (കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് ) | 02.07.2024 |
| 6. | XXXIX-വൈദ്യുത പദ്ധതികൾ | 2023-24 | ഊർജ്ജ വകുപ്പ് (എനർജി മാനേജ്മെന്റ് സെന്റർ - കേരള) | 02.07.2024 |

| | | | | |
|---|---|---|---|---|
| 7. | XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2023-24 | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ് [കിലെ]) | 02.07.2024 |
| 8. | XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2023-24 | തൊഴിലും നൈപുണ്യവും വകുപ്പ് (ഓവർസീസ് ഡെവലപ്മെന്റ് & എംപ്ളോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടൻസ് ലിമിറ്റഡ് [ഒഡെപെക്ക്]) | 02.07.2024 |
| 9. | XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2023-24 | തൊഴിലും നൈപുണ്യവും വകുപ്പ് (വ്യാവസായിക ട്രിബ്യൂണലുകൾ, തൊഴിൽ കോടതികൾ) | 02.07.2024 |
| 10. | XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2023-24 | വ്യാവസായിക പരിശീലന വകുപ്പ് | 02.07.2024 |
| 11. | XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2023-24 | തൊഴിലും നൈപുണ്യവും വകുപ്പ് (ഫാക്ടറീസ് &ബോയിലേഴ്സ്) | 02.07.2024 |
| 12. | XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2023-24 | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള ഷോപ്പ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്) | 11.07.2024 |
| 13. | XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2023-24 | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്) | 11.07.2024 |
| 14. | XXXIX-വൈദ്യുത പദ്ധതികൾ | 2018-19 (കാലതാമസ പത്രിക സഹിതം) | ഊർജ്ജ വകുപ്പ് (അനെർട്ട്) | 08.10.2024 |
| 15. | XXXIX-വൈദ്യുത പദ്ധതികൾ | 2019-20 (കാലതാമസ പത്രിക സഹിതം) | ഊർജ്ജ വകുപ്പ് (അനെർട്ട്) | 08.10.2024 |
| 16. | XXXIX-വൈദ്യുത പദ്ധതികൾ | 2020-21 (കാലതാമസ പത്രിക സഹിതം) | ഊർജ്ജ വകുപ്പ് (അനെർട്ട്) | 08.10.2024 |
| 17. | XXXIX-വൈദ്യുത പദ്ധതികൾ | 2021-22 (കാലതാമസ പത്രിക സഹിതം) | ഊർജ്ജ വകുപ്പ് (അനെർട്ട്) | 08.10.2024 |

| | | | | |
|---|---|---|---|---|
| 18. | XXXIX-വൈദ്യുത പദ്ധതികൾ | 2022-23 (കാലതാമസ പത്രിക സഹിതം) | ഊർജ്ജ വകുപ്പ് (അനെർട്ട്) | 08.10.2024 |
| 19 | XVIII- വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 2023-24 | ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് | 08.10.2024 |
| 20. | XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2023-24 | തൊഴിൽ വകുപ്പ് (ലേബർ കമ്മീഷണറേറ്റ്) | 08.10.2024 |
| 21. | XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2023-24 | നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പ് | 08.10.2024 |
| 22. | XXXIX-വൈദ്യുത പദ്ധതികൾ | 2023-24 (കാലതാമസ പത്രിക സഹിതം) | ഊർജ്ജ വകുപ്പ് (ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്) | 18.03.2025 |
| 23. | XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2021-22 (കാലതാമസ പത്രിക സഹിതം) | (തൊഴിലും നൈപുണ്യവും വകുപ്പ്) കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | 18.03.2025 |
| 24. | XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2021-22 (കാലതാമസ പത്രിക സഹിതം) | (തൊഴിലും നൈപുണ്യവും വകുപ്പ്) കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | 18.03.2025 |

## അദ്ധ്യായം VI

### (a) 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 24, 28 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളാണ് 2025 മാർച്ച് 31 വരെ ലഭിച്ചിട്ടുള്ളത്. ശേഷിക്കുന്ന ശിപാർശകളുടെ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.

| വകുപ്പ് | ശിപാർശ/ഖണ്ഡികകൾ |
|---|---|
| തൊഴിലും നൈപുണ്യവും വകുപ്പ് | 1-23, 25-27, 29-48 |
| ഊർജ്ജ വകുപ്പ് | 49-78 |

**(b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശവും (പുതിയ സാമ്പത്തിക വർഷം ആദ്യം എന്ന വിധത്തിൽ)**

**1. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്**

ശിപാർശ

2230-01-001-95-34-3 - കേരളത്തിലെ കടകൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കുമായി ഗ്രേഡിംഗ് സംവിധാനം

വിഹിതം : 12,00,000 രൂപ (പദ്ധതി)

കേരളത്തിലെ വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ ഗ്രേഡിംഗ്, തൊഴിൽ ശ്രേഷ്ഠ അവാർഡ് എന്നീ പദ്ധതികൾക്കായുള്ള സോഫ്റ്റ്‌വെയർ നിർമ്മാണം, പരിപാലനം, നവീകരണം, അവാർഡ് വിതരണം മുതലായവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 28 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

**ഖണ്ഡിക 3-ലെ ശിപാർശയിന്മേൽ തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് 19.06.2023-ലെ ഡി2/154/2023 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് 10.08.2023-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും 2021-ലെ തൊഴിൽശ്രേഷ്ഠ പുരസ്കാരത്തിനായി അടിയന്തരമായി ഫണ്ട് അനുവദിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തതിനെത്തുടർന്ന് സർക്കാർ സ്വീകരിച്ച നടപടിയുടെ റിപ്പോർട്ട്**

തൊഴിലാളി ശ്രേഷ്ഠ പുരസ്കാര വിതരണത്തിനായി 2022-23 സാമ്പത്തിക വർഷത്തിൽ 2230-01-00-95 ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായ 12,00,000/- (പന്ത്രണ്ട് ലക്ഷം രൂപ മാത്രം) രൂപയ്ക്ക് പുറമെ 28,00,000/- (ഇരുപത്തിയെട്ട് ലക്ഷം രൂപ മാത്രം) രൂപ കൂടി അധിക ധനാനുമതിയ്ക്കായി ലേബർ കമ്മീഷണർ ആവശ്യപ്പെട്ടതിന്മേൽ ബഡ്ജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിച്ച ശേഷം അധിക ധനാനുമതിയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നു.

തൊഴിലാളി ശ്രേഷ്ഠ/ ഗ്രേഡിംഗ് പദ്ധതികൾക്കായി 2230-01-001-95-00-34-3

(പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 12,00,000/- (പന്ത്രണ്ട് ലക്ഷം രൂപ മാത്രം) രൂപയിൽ തൊഴിലാളി ശ്രേഷ്ഠ പുരസ്കാരത്തിനായി 4,00,000/- (നാല് ലക്ഷം രൂപ മാത്രം) രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്. തൊഴിലാളി ശ്രേഷ്ഠ പുരസ്കാരത്തിനായി 17 തൊഴിൽ മേഖലകളെ ഉൾപ്പെടുത്തി ഉത്തരവായിട്ടുള്ളതിനാൽ ഓരോ മേഖലയിലെയും വിജയിക്ക് 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) രൂപ വീതം സമ്മാനത്തുക നിശ്ചയിച്ചിട്ടുള്ളതിലേയ്ക്കായി മാത്രം 7,00,000/- (ഏഴ് ലക്ഷം രൂപ മാത്രം) രൂപയും ഈ പരിപാടിയുമായി ബന്ധപ്പെട്ട് മെമന്റോ, സർട്ടിഫിക്കറ്റ്, അവാർഡ് വിതരണ ചടങ്ങ് എന്നിവയിലേയ്ക്കായി 17,00,000/- (പതിനേഴ് ലക്ഷം രൂപ മാത്രം) രൂപ ഉൾപ്പെടെ 24,00,000/- (ഇരുപത്തിനാല് ലക്ഷം രൂപ മാത്രം) രൂപയുടെ ചെലവ് പ്രതീക്ഷിച്ചിരുന്നു. ടി സാഹചര്യത്തിൽ, അധികമായി ആവശ്യമുള്ള 20,00,000/- (ഇരുപത് ലക്ഷം രൂപ മാത്രം) രൂപ ആലയ് പദ്ധതിയ്ക്കായി അനുവദിച്ച 2230-01-103-69 ശീർഷകത്തിൽ നിന്നും റീ അപ്രോപ്രിയേഷൻ വഴി കണ്ടെത്തുന്നതിനുള്ള പ്രൊപ്പോസൽ ലേബർ കമ്മീഷണർ സമർപ്പിച്ചതിൽ സാമ്പത്തിക വർഷം അവസാനിച്ചതിനാൽ റീ-അപ്രോപ്രിയേഷൻ മുഖേന ആവശ്യപ്പെട്ട 20,00,000/- (ഇരുപത് ലക്ഷം രൂപ മാത്രം) രൂപ അനുവദിക്കാൻ സാധിച്ചിട്ടില്ല.

സംസ്ഥാനത്തെ വിവിധങ്ങളായ തൊഴിൽ മേഖലകളിലെ തൊഴിലാളികളുടെ തൊഴിൽപരമായ കഴിവ് പ്രോത്സാഹിപ്പിക്കുന്നതിനായി തൊഴിൽ വകുപ്പ് വിഭാവനം ചെയ്ത പദ്ധതിയായ തൊഴിലാളി ശ്രേഷ്ഠ-2021 പുരസ്കാരം 2024 മാർച്ച് 7-ന് ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി തിരുവനന്തപുരത്ത് വച്ച് വിതരണം ചെയ്തു. കള്ള് ചെത്ത്, കയർ, നഴ്സ്, കരകൗശലവിദഗ്ധ തൊഴിലാളി, ടെക്സ്റ്റൈൽ മിൽ തൊഴിലാളി, തയ്യൽ, മരംകയറ്റം, മോട്ടോർ, ഗാർഹിക തൊഴിലാളി, സെക്യൂരിറ്റി ഗാർഡ്, മാനുഫാക്ചറിംഗ്, നിർമ്മാണ തൊഴിലാളി, ഐ.ടി, കശുവണ്ടി തൊഴിലാളി, ബാർബർ & ബ്യൂട്ടീഷ്യൻ, മത്സ്യതൊഴിലാളി, തോട്ടം തൊഴിലാളി തുടങ്ങിയ 19 തൊഴിൽ മേഖലകളെയാണ് തൊഴിലാളി ശ്രേഷ്ഠ-2021 പുരസ്കാരത്തിനായി പരിഗണിച്ചത്. തൊഴിൽ വകുപ്പിന്റെ വെബ് സൈറ്റ് മുഖാന്തിരം ഓൺലൈൻ ആയി അപേക്ഷകൾ സ്വീകരിച്ചത് ചോദ്യാവലിയുടെയും ജില്ലാ, റീജ്യണൽ, സംസ്ഥാനം എന്നീ തലങ്ങളിലെ അഭിമുഖത്തിലൂടെയും വിവിധ ഘട്ടങ്ങളിലൂടെ തെരഞ്ഞെടുക്കുന്ന വിജയികളാകുന്ന തൊഴിലാളികൾക്ക് തൊഴിലാളി

ശ്രേഷ്ഠ പുരസ്കാര തുകയായ 1,00,000/- രൂപയും രണ്ടാം സമ്മാനമായി 10,000/- രൂപയും മൂന്നാം സമ്മാനമായി 5,000/- രൂപയും വിതരണം ചെയ്തിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2230-01-001-95-34-3 (പ്ലാൻ) ശീർഷകത്തിൽ തൊഴിലാളി ശ്രേഷ്ഠ-2021 ന്റെ നടത്തിപ്പിനായി 7,00,000/- രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകുകയും ടി തുക അവാർഡ് വിതരണത്തിന് പര്യാപ്തമല്ലാത്തതിനാൽ 25/11/2023 ലെ G.O (Rt) No. 8274/2023/FIN നമ്പർ ഉത്തരവുപ്രകാരം 16,75,000/- രൂപ അധികമായി ധനപുന:വിനിയോഗത്തിലൂടെ 2230-01-103-69 (P) ശീർഷകത്തിൽ നിന്നും അനുവദിച്ചിരുന്നു.

തൊഴിലാളി ശ്രേഷ്ഠ പുരസ്കാര ജേതാക്കളായ 19 തൊഴിലാളികൾക്ക് 1,00,000/- രൂപ വീതം ആകെ 19,00,000/- രൂപ മാത്രമാണ് 2023-2024 സാമ്പത്തിക വർഷത്തിൽ 2230-01-001-95-34-3 (പ്ലാൻ) ശീർഷകത്തിൽ നിന്നും വിതരണം ചെയ്യാൻ സാധ്യമായത്. തൊഴിലാളി ശ്രേഷ്ഠ-2021 പുരസ്കാരത്തിന്റെ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ 18 വിജയികൾക്കും മൂന്നാം സ്ഥാനം കരസ്ഥമാക്കിയ 18 വിജയികൾക്കും (മാനുഫാക്ചറിംഗ് മേഖലയിൽ 2,3 സ്ഥാനക്കാർ ഇല്ലാത്തതിനാൽ) യഥാക്രമം 10,000/- രൂപയും 5,000/- രൂപ വീതം ആകെ 2,70,000/- രൂപയും സംസ്ഥാനതല ഇന്റർവ്യൂവിൽ പങ്കെടുത്ത 56 തൊഴിലാളികൾക്ക് ദിനബത്തയായ 1000/- രൂപ വീതം 56,000/- രൂപയും റീജ്യണൽ തല ഇന്റർവ്യൂവിൽ പങ്കെടുത്ത 226 പേർക്ക് ദിനബത്തയായ 500/- രൂപ വീതം ആകെ 1,13,000/- രൂപയുടെയും ബില്ലുകൾ ട്രഷറിയിൽ ക്യൂവിൽ ആയ സാഹചര്യത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്യാൻ ലേബർ കമ്മീഷണർക്ക് സാധിച്ചിരുന്നില്ല. 2024-2025 സാമ്പത്തിക വർഷത്തിൽ രണ്ട്, മൂന്ന് സ്ഥാനക്കാർക്ക് വിതരണം ചെയ്യേണ്ട തുകയും സംസ്ഥാന റീജ്യണൽ ഇന്റർവ്യൂവിൽ പങ്കെടുത്ത തൊഴിലാളികളുടെ ദിനബത്തയും ഉൾപ്പെടെ 4,39,000/- രൂപ (നാല് ലക്ഷത്തി മുപ്പത്തിയൊൻപതിനായിരം രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്.

<u>ശിപാർശ</u>

2230-01-103-88-10 –<u>കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം-സംഭാവന</u>

വിഹിതം : 40,61,000 രൂപ (പദ്ധതിയേതരം)

കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീമിന്

സർക്കാർ ഗ്രാന്റ് കുടിശ്ശിക നൽകേണ്ടതുള്ളതിനാൽ ഈ ശീർഷകത്തിൽ 7.5720 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സർക്കാർ സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2230-01-103-88-10 (NP) ശീർഷകത്തിൽ വകയിരുത്തിയിരുന്ന 40,61,000/ രൂപ ലേബർ കമ്മീഷണറുടെ LCO/12578/21/W (1) dtd 04.01.2023 ഉത്തരവ് പ്രകാരം അനുവദിച്ചുവെങ്കിലും ടി തുകയുടെ വിനിയോഗം പൂർത്തിയാകാത്ത സാഹചര്യത്തിൽ ശിപാർശ പരിഗണിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ

2230-01-103-79-10 – കേരള ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ് - സംഭാവന

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാർ ഗ്രാന്റ് കുടിശ്ശിക നൽകേണ്ടതുള്ളതിനാൽ, ഈ ശീർഷകത്തിൽ 47.8679 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സർക്കാർ സ്വീകരിച്ച നടപടി

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, തൊഴിൽ വകുപ്പിന് കീഴിലെ സാമ്പത്തിക ഭദ്രതയുള്ള ബോർഡായതിനാലും 2022-23 വർഷം അംശദായ ഇനത്തിൽ തുക അനുവദിക്കുന്നതിന് ബന്ധപ്പെട്ട ശീർഷകത്തിൽ മതിയായ ബഡ്ജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാലും അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് ശിപാർശ നീട്ടിവയ്ക്കാൻ ധനകാര്യ വകുപ്പ്

ആവശ്യപ്പെട്ടിരുന്നു. 2023-24 വർഷവും പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് നൽകിയെങ്കിലും നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക വിനിയോഗിച്ച ശേഷം അധിക തുക ആവശ്യമായി വരുന്ന പക്ഷം ആയതിനാവശ്യമായ ശിപാർശ സമർപ്പിക്കുവാൻ അറിയിച്ചിരുന്നു. എന്നാൽ 2023-24 സാമ്പത്തിക വർഷം ഗ്രാന്റിനത്തിൽ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് ബഡ്ജറ്റിൽ അനുവദിച്ചിരുന്ന 2.4 കോടി രൂപയിൽ, 03.01.2024-ലെ സ.ഉ (സാധാ) നം. 6/2024/തൊഴിൽ ഉത്തരവ് പ്രകാരം, 1.2 കോടി രൂപയ്ക്ക് വിനിയോഗാനുമതി നൽകിയിരുന്നുവെങ്കിലും 27.03/2024-ൽ മാത്രമാണ് പ്രസ്തുത തുക ബോർഡിന്റെ പലിശ രഹിത ട്രഷറി സേവിംഗ്സ് ബാങ്ക് (ഇൻസ്റ്റിറ്റ്യൂഷൻ) അക്കൗണ്ടിൽ ക്രെഡിറ്റായത്. ടി സാഹചര്യത്തിൽ ശിപാർശ പരിഗണിക്കുവാൻ കഴിഞ്ഞില്ല.

<u>ശിപാർശ</u>

2230-01-103-62-10 - <u>പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസനിധി-സംഭാവന</u>

വിഹിതം : 1,10,00,000 രൂപ (പദ്ധതിയേതരം)

പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സമാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഇടുക്കി ജില്ലാ പ്ലാന്റേഷൻ വർക്കേഴ്സ് റിലീസ് ഫണ്ട് കമ്മിറ്റിയുടെ സമാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 2022-23 സാമ്പത്തിക വർഷം സ.ഉ.(സാധാ) നം. 322/2022/തൊഴിൽ തീയതി 16.03.2023 പ്രകാരം 46,30,000/-രൂപ അനുവദിക്കുകയും 39,74,722/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് 2022-23 വർഷം ധനസഹായം ആവശ്യപ്പെട്ടുള്ള അപേക്ഷകളുടെ എണ്ണം കുറവായിരുന്നു.

തോട്ടം തൊഴിലാളികളുടെ കുടിശ്ശിക ആനുകൂല്യം വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതി നിയമിച്ച ഏകാംഗ കമ്മീഷന്റെ സിറ്റിംഗ്

ചെലവുകളുമായി ബന്ധപ്പെട്ട് 7,71,215/-രൂപ അനുവദിച്ച ഇതിൽ 3,35,741/-രൂപ ചെലവഴിച്ചു. ട്രഷറി നിയന്ത്രണങ്ങൾ മൂലം ബാക്കി തുക ചെലവഴിക്കാൻ കഴിഞ്ഞില്ല. കൂടാതെ 2022-23 സാമ്പത്തിക വർഷം പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഓണക്കിറ്റ് വിതരണം ചെയ്യുന്നതിനായി 18,38,813/-രൂപ അനുവദിച്ചു. ഇതിൽ 17,25,513/- രൂപ ചെലവഴിച്ചു. 2022-23 സാമ്പത്തിക വർഷം 2230-01-103-62-10 പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് ശീർഷകത്തിൽ അനുവദിച്ച 1,10,00,000/-രൂപയിൽ നിന്നും 60,36,376/-രൂപ ചെലവഴിച്ചിട്ടുണ്ട്. ടി സാമ്പത്തിക വർഷം 1,65,000/-രൂപ അനുവദിക്കുന്നതിന് കോട്ടയം ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും സാമ്പത്തിക വർഷം അവസാനിക്കാറായതിനാൽ തുക അനുവദിക്കാൻ കഴിഞ്ഞില്ല.

2022-23 സാമ്പത്തിക വർഷം 2230-01-103-62-10 പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് ശീർഷകത്തിൽ അനുവദിച്ച 1,10,00,000/-രൂപയിൽ നിന്നും 60,36,376/-രൂപ മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. എന്നാൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് 2022-23 വർഷം ധനസഹായം ആവശ്യപ്പെട്ടുള്ള അപേക്ഷകളുടെ എണ്ണം കുറവായതിനാലാണ് മുഴുവൻ തുകയും വിനിയോഗിക്കുന്നതിന് സാധിക്കാതിരുന്നത്. പ്രസ്തുത സാഹചര്യത്തിലാണ് 2022-23 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ അധിക തുകയുള്ള പ്രൊപ്പോസൽ ലേബർ കമ്മീഷണർ സമർപ്പിക്കാതിരുന്നത്.

## ശിപാർശ

### 2230-01-103-60 –അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷ

വിഹിതം : 8,00,00,000 രൂപ (പദ്ധതി)

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹിക സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ശാക്തീകരിക്കുന്നതിനുമുള്ള 3 വ്യത്യസ്ത കർമ്മപദ്ധതികൾക്കും ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ കുടിശ്ശിക ഉൾപ്പെടെ വിതരണം

ചെയ്യുന്നതിനുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അസംഘടിത മേഖലയിലെ തൊഴിലാളി സമൂഹ്യ സുരക്ഷാ പദ്ധതിയ്ക്കായി 2022-23 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ 8 കോടി രൂപയ്ക്ക് 30.08.2022-ലെ സ.ഉ. (സാധാ) നം. 1019/2022/ തൊഴിൽ പ്രകാരം ഭരണാനുമതിയും 24.11.2022-ലെ സ.ഉ. (സാധാ) നം. 1379/2022/ തൊഴിൽ പ്രകാരം വിനിയോഗാനുമതിയും നൽകി. എന്നാൽ ട്രഷറി നിയന്ത്രണങ്ങൾ ഉള്ളതിനാൽ 2023 ജനുവരി മുതൽ മാർച്ച് അവസാന വാരം വരെയുള്ള വ്യത്യസ്ത തീയതികളിലാണ് പദ്ധതിയിലുൾപ്പെട്ട 14 ബോർഡുകളുടെ അക്കൗണ്ടിൽ ടി തുക ക്രെഡിറ്റ് ആയത് എന്നതിനാൽ ബോർഡുകൾക്ക് വിനിയോഗ സാക്ഷ്യപത്രവും പ്രൊപ്പോസലും 2022-23 സാമ്പത്തിക വർഷത്തിനുള്ളിൽ ഹാജരാക്കുവാനാകാത്ത സാഹചര്യത്തിൽ സമിതി ശിപാർശ ചെയ്തതിൽ പ്രകാരം അധിക ധനാനുമതി വഴി തുക അനുവദിക്കാനായില്ല.

<u>ശിപാർശ</u>

4250-00-201-89 - <u>അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ പുനരധിവാസ പദ്ധതി</u>

വിഹിതം: 3,00,00,000 രൂപ (പദ്ധതി)

ഇതര സംസ്ഥാന തൊഴിലാളികൾക്ക് കുറഞ്ഞ വാടകയ്ക്ക് ഹോസ്റ്റൽ സൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതിയായ അപ്നാഘർ പദ്ധതിക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷം 4250-00-201-89 (P) ബഡ്ജറ്റ്

ശീർഷകത്തിൽ 3 കോടി രൂപ അപനാഘർ കളമശ്ശേരി നടപ്പാക്കുന്നതിനായി അനുവദിച്ചിട്ടുള്ളതാണ്. അപ്നാഘർ കളമശ്ശേരി പദ്ധതി നടപ്പിലാക്കാൻ 20.39 കോടി രൂപയുടെ ഡി.പി.ആർ-ന് അംഗീകാരം നൽകുന്നതിനായി 18.3.2022 ന് ഭവനം ഫൗണ്ടേഷൻ അപേക്ഷ സമർപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഫയൽ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിരുന്നു. എന്നാൽ അപ്നാഘർ കളമശ്ശേരി പദ്ധതി cost effective ആയ പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നതിന് ചീഫ് ടെക്നിക്കൽ എക്സാമിനറിന്റെ നിർദ്ദേശം അടങ്ങിയ ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം ഈ വകുപ്പിന്റെ ഫയൽ 15.2.2023-ൽ ആണ് വകുപ്പിൽ തിരികെ ലഭ്യമായത്. സാമ്പത്തിക വർഷം അവസാനിക്കുന്നതിന് ദിവസങ്ങൾ മാത്രമേ ശേഷിക്കുന്നുള്ളൂ എന്നതിനാൽ 2022-23 സാമ്പത്തിക വർഷം ഡി.പി.ആർ തയ്യാറാക്കുവാൻ സാധിച്ചില്ല.

2022-23 സാമ്പത്തിക വർഷം ഡി.പി.ആർ-ന് അംഗീകാരവും ഭരണാനുമതിയും ലഭിക്കാത്തതിനാലും, 4250-00-201-89 (P) ശീർഷകത്തിൽ അനുവദിച്ച തുക പൂർണ്ണമായി ചെലവഴിക്കാത്തതിനാലും അധിക ധനാനുമതിയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ കഴിഞ്ഞില്ല.

## ശിപാർശ

2810-00-800-79- ഇ-സേഫ് കേരള

വിഹിതം : 35,00,000 രൂപ (പദ്ധതി)

ശിരോപരി ലൈനുകൾ പൊട്ടിവീഴുന്നതിൽ നിന്നും ഉണ്ടാകുന്ന വൈദ്യുതാപകടങ്ങൾ തടയുന്നതിനുള്ള മാർഗ്ഗ നിർദ്ദേശ പദ്ധതി തിരുവനന്തപുരം പേട്ട ഇലക്ട്രിക്കൽ സെക്ഷനിൽ നടപ്പാക്കുന്നതിനായി 0.75 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

## സർക്കാർ സ്വീകരിച്ച നടപടി

09.08.2023-ലെ സ.ഉ.(സാധ.)നം. 5896/2023/ധന. പ്രകാരം 2810-00-800-79-ഇ.സേഫ് കേരള ശീർഷകത്തിൽ 40,00,000/- രൂപ (നാൽപ്പത് ലക്ഷം രൂപ മാത്രം) അഡീഷണൽ ആതറൈസേഷൻ വഴി 2023-24 സാമ്പത്തിക

വർഷത്തിൽ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2810-00-104-99- ഗ്രാമീണ സാങ്കേതിക വിദ്യയും പാരമ്പര്യേതര ഊർജ്ജ ഏജൻസിയും (അനെർട്ട്) ധനസഹായം

വിഹിതം : 3,41,10,000 രൂപ (പദ്ധതിയേതരം)

അനെർട്ടിന്റെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് ശമ്പളം, ശമ്പളകുടിശ്ശിക, യാത്രാച്ചെലവ്, വാടകകൾ, ഓഫീസ് ചെലവ് എന്നിവ ഉൾപ്പെടെയുള്ള ഭരണചെലവുകൾക്കായി 6.9577 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

സർക്കാർ സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായി 341.10 ലക്ഷം രൂപയിൽ 214.898 ലക്ഷം രൂപ മാത്രമാണ് അനെർട്ടിന് അനുവദിച്ചു നൽകിയിട്ടുള്ളത്. ANERT/FA/40/2022-JM (F&A) dated 06.01.2023 കത്ത് പ്രകാരം ബഡ്ജറ്റ് വിഹിതത്തിലെ മുഴുവൻ തുകയും അനുവദിക്കുന്നതിനു വേണ്ടി അനെർട്ട് അഭ്യർത്ഥന സമർപ്പിച്ചെങ്കിലും ആ വർഷം പ്രസ്തുത തുക അനുവദിച്ചു കിട്ടിയിരുന്നില്ല. ബഡ്ജറ്റ് വിഹിതം പൂർണ്ണമായും അനുവദിച്ച് കിട്ടാത്ത സാഹചര്യത്തിൽ അധികമായി ധനപുനഃവിനിയോഗം വഴി തുക വകയിരുത്തണമെന്ന സമിതിയുടെ ശിപാർശ പ്രകാരം തുക ആവശ്യപ്പെടാൻ സാധിച്ചില്ല.

| 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ തൊഴിലും നൈപുണ്യവും ,ഊർജ്ജ വകുപ്പുകൾ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം ലഭ്യമാക്കിയ കാലതാമസപത്രികകൾ സഭയിൽ സമർപ്പിച്ചതിന്റെ വിശദാംശം | | | | |
|---|---|---|---|---|
| ക്രമനം. | ഖണ്ഡികകൾ | വകുപ്പ് | കത്ത് നം./തീയതി | കാലതാമസ പത്രിക സഭയിൽ സമർപ്പിച്ച തീയതി |
| 1. | 8,10,13 | തൊഴിലും നൈപുണ്യവും വകുപ്പ് | ബി1/9/2024/2024, തീയതി.25.06.2024 | 02.07.2024 |

| | | | | |
|---|---|---|---|---|
| 2. | 12,16 | തൊഴിലും നൈപുണ്യവും വകുപ്പ് | ഡി2/288/2022-തൊഴിൽ, തീയതി. 25.06.2024 | 02.07.2024 |
| 3. | 66 | ഊർജ്ജ വകുപ്പ് | PWR-A3/193/2022-POWER, തീയതി: 23.10.2023 | 30.01.2024 |
| 4. | 67 | ഊർജ്ജ വകുപ്പ് | PWR-PS2/136/2023-POWER, തീയതി: 06.07.2024 | 08.10.2024 |

## 2. 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

### ശിപാർശ

2230-01-800-85 – വേതന സംരക്ഷണ സംവിധാനത്തിലൂടെ വേതനം കൈമാറുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതി

വിഹിതം : 1000 രൂപ (പദ്ധതി)

സംസ്ഥാനത്ത് വേതന സുരക്ഷാ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതിയിൽ അംഗമായിട്ടുള്ള സ്ഥാപനങ്ങളിലെ ആക്സിഡന്റ് ഇൻഷുറൻസ് നടപ്പിലാക്കുന്നതിന് ഈ ശീർഷകത്തിൽ 4.7699 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

### സർക്കാർ സ്വീകരിച്ച നടപടി

2022 ഫെബ്രുവരി 18-ലെ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി പേഴ്സണൽ ആക്സിഡന്റ് ഡെത്ത് അഷ്വറൻസ് സ്കീം നടപ്പിലാക്കും എന്ന് പ്രഖ്യാപിച്ചിരുന്നു. ആയതു പ്രകാരം വേതന സംരക്ഷണ സംവിധാനത്തിലൂടെ വേതനം കൈമാറുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് Personal Accidental Death Assurance സ്കീം നടപ്പിലാക്കുന്നതിനായി ചിയാക് ഒരു പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

എന്നാൽ വേതന സംരക്ഷണ സംവിധാനത്തിലൂടെ വേതനം കൈമാറുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ആരോഗ്യ ഇൻഷുറൻസ് പദ്ധതി

നടപ്പിലാക്കുന്നതിന് വേണ്ടിയാണ് 2021-22 സാമ്പത്തിക വർഷം Alteration Memorandum ൽ ഉൾപ്പെടുത്തി '2230-01-800-85-00-00-00-HEALTH INDURANCE SCHEME FOR THE EMPLOYEES THROUGH WAGE PROTECTION SYSTEM PV' എന്ന ശീർഷകം അനുവദിച്ചത്.

ടി ശീർഷകത്തിൽ നിന്ന് പ്രസ്തുത ജീവനക്കാർക്കുള്ള Personal Accidental Death Assurance Scheme നു ഭരണാനുമതി നൽകാനാവാത്തതിനാൽ മേൽ ശീർഷകത്തിന്റെ പേര് തിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.

കൂടാതെ, 2024-2025 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ സംസ്ഥാനത്ത് വേതന സുരക്ഷാ പദ്ധതിയിൽ അംഗമായിട്ടുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കുള്ള Personal Accidental Death Assurance സ്കീം കൂടി ഉൾപ്പെടുത്തിയിട്ടുള്ള വിവരവും സമിതിയെ അറിയിക്കുന്നു.

## ശിപാർശ

4202-02-800-95 -ഐ.ടി.ഐ കെട്ടിടങ്ങൾ-മരാമത്ത് പണികൾ

വിഹിതം : 13,03,00,000 രൂപ (പദ്ധതി)

2018-19 സാമ്പത്തിക വർഷം അനുവദിച്ച പുതിയ ഐ.ടി.ഐ.കൾക്കും 2020-21 സാമ്പത്തിക വർഷം ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള 5 പുതിയ ഐ.ടി.ഐ.കൾക്കുമുള്ള പശ്ചാത്തല സൗകര്യമൊരുക്കൽ, ട്രെയിനികൾക്ക് ആവശ്യമായ ഉപകരണ സംഭരണം, അന്താരാഷ്ട്ര നിലവാരത്തിലുള്ള കെട്ടിടനിർമ്മാണം എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 11.97 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

## സർക്കാർ സ്വീകരിച്ച നടപടി

ബഹു. മഞ്ചേശ്വരം എം.എൽ.എ കാസറഗോഡ് ജില്ലയിലെ പൈവളിഗെയിൽ പുതിയ ഐ.ടി.ഐ ആരംഭിക്കുവാൻ സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ഇൻസ്പെക്ടർ ഓഫ്

ട്രെയിനിംഗ് ടി നിയോജകമണ്ഡലത്തിൽ ഒരു പുതിയ ഐ.ടി.ഐ ആരംഭിക്കുന്നതിനുള്ള റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ടി മണ്ഡലത്തിൽ ഐ.ടി.ഐ ആരംഭിക്കുവാൻ ആവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാക്കാമെന്നും ടി റിപ്പോർട്ടിൽ അറിയിച്ചിരുന്നു. തുടർന്ന് പൈവളിഗെയിൽ പുതിയ ഐ.ടി.ഐ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ട്രെയിനിംഗ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു. എന്നാൽ ഇക്കാര്യം സർക്കാർ പരിശോധിച്ചുവെങ്കിലും സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പുതിയ ഐ.ടി.ഐ അനുവദിക്കുന്ന വിഷയം പരിഗണിക്കാൻ നിർവാഹം ഇല്ലായെന്ന് ട്രെയിനിംഗ് ഡയറക്ടറെ അറിയിക്കുകയും ചെയ്തിരുന്നു.

## ശിപാർശ

2018-19 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ താഴെപ്പറയുന്ന പദ്ധതികൾക്ക് മുമ്പുണ്ടായിരുന്ന ശീർഷകം പുനഃസ്ഥാപിച്ച് താഴെപ്പറയും പ്രകാരം തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

ചെറുകിട ജലവൈദ്യുത പദ്ധതി/സോളാർ പദ്ധതി സ്ഥാപിക്കുന്നതിനുള്ള വായ്പയ്ക്കായി കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന് ചെലവായ തുക നൽകുന്നതിന് (പഴയ ശീർഷകം 6801-100-190-85) (പ്ലാൻ) ആയി 87.8963 കോടി രൂപ വകയിരുത്തുക.

(ഖണ്ഡിക 78)

## സർക്കാർ സ്വീകരിച്ച നടപടി

77, 78 ഖണ്ഡികകൾ പ്രകാരം ചെറുകിട ജല വൈദ്യുത പദ്ധതി/സോളാർ പദ്ധതികൾ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി. യ്ക്ക് നബാർഡ് വായ്പയിനത്തിൽ 2021-22-ൽ ആകെ 87.8963 കോടി രൂപ സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തുവാൻ ശുപാർശ ചെയ്തിരുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

2021-22 സാമ്പത്തിക വർഷത്തിൽ 6801-00-190-XX ശീർഷകത്തിൽ സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾക്കായി നബാർഡ് വായ്പയിനത്തിൽ ആകെ 47.32 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പദ്ധതി | ശീർഷകം | തുക കോടിയിൽ |
|---|---|---|---|
| 1 | അപ്പർ കല്ലാർ SHEP (2 MW) | 6801-00-190-85 | 9.81 |
| 2 | പെരുവണ്ണാമൂഴി SHEP (6 MW) | 6801-00-190-80 | 23.97 |
| 3 | ബാണാസുര സാഗർ സോളാർ പ്ലാന്റ് (0.50 MW) | 6801-00-190-84 | 1.80 |
| 4 | പോത്തൻകോട് സോളാർ പ്ലാന്റ് (2 MW) | 6801-00-190-83 | 8.47 |
| 5 | തലക്കുളത്തൂർ സോളാർ പ്ലാന്റ് (0.65 MW) | 6801-00-190-81 | 3.27 |
| | ആകെ | | 47.32 |

നാളിതുവരെ ചുവടെ ചേർക്കുന്ന പദ്ധതികൾക്കായി 25.90 കോടി രൂപയുടെ ക്ലെയിം സമർപ്പിച്ചിട്ടുണ്ടെങ്കിലും തുക ലഭ്യമായിട്ടില്ല. കെ.എസ്.ഇ.ബി.യ്ക്ക് ലഭ്യമാക്കാനുള്ള തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു. 2021-22 ൽ ബാണാസുര സാഗർ സോളാർ പ്ലാന്റിനായി അനുവദിച്ച മൊത്ത തുകയും ലഭ്യമായിട്ടുണ്ട്. കൂടാതെ 2021-22-ൽ പുതുതായി പേഴക്കാപ്പള്ളി സോളാർ പ്ലാന്റ് പദ്ധതി നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പദ്ധതി | ശീർഷകം | തുക കോടിയിൽ |
|---|---|---|---|
| 1 | അപ്പർ കല്ലാർ SHEP (2 MW) | 6801-00-190-85 | 4.65 |
| 2 | പെരുവണ്ണാമൂഴി SHEP (6 MW) | 6801-00-190-80 | 11.30 |
| 3 | പോത്തൻകോട് സോളാർ പ്ലാന്റ് (2 MW) | 6801-00-190-83 | 2.12 |
| 4 | തലക്കുളത്തൂർ സോളാർ പ്ലാന്റ് (0.65 MW) | 6801-00-190-81 | 0.81 |

| | | | |
|---|---|---|---|
| 5 | പേഴക്കാപ്പള്ളി സോളാർ പ്ലാന്റ് (1.25 MW) | 6801-00-190-XX | 7.02 |
| | ആകെ | | 25.90 |

2021-22-ലെ വിഷയ നിർണയ സമിതി ശുപാർശ ചെയ്ത 87.8963 കോടി ഇപ്രകാരം 47.32 കോടി രൂപ ലഭ്യമാകുകയും 25.90 കോടി രൂപയുടെ ക്ലെയിം തുക ലഭ്യമാക്കേണ്ടതുമുണ്ട്. പണി പൂർത്തിയായിട്ടില്ലാത്തതിനാൽ ബാക്കി 14.68 കോടി രൂപയുടെ ക്ലെയിം കെ.എസ്.ഇ.ബി. സമർപ്പിക്കുവാനുണ്ട്.

2022-23-ൽ പ്രസ്തുത പദ്ധതികൾക്കായി യാതൊരു ബഡ്ജറ്റ് വിഹിതവും അനുവദിച്ചിട്ടില്ല.

| 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ വിവിധ ഖണ്ഡികളിലെ ശിപാർശകളിന്മേൽ തൊഴിലും നൈപുണ്യവും, ഊർജ്ജ വകുപ്പുകൾ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം ലഭ്യമാക്കിയ കാലതാമസപത്രികകൾ സഭയിൽ സമർപ്പിച്ചതിന്റെ വിശദാംശം | | | | |
|---|---|---|---|---|
| ക്രമനം. | ഖണ്ഡികകൾ | വകുപ്പ് | കത്ത് നം./തീയതി | കാലതാമസപത്രിക സഭയിൽ സമർപ്പിച്ച തീയതി |
| 1. | 22 | തൊഴിലും നൈപുണ്യവും വകുപ്പ് | ജെ1/184/2021-തൊഴിൽ, തീയതി.09.01.2024 | 30.01.2024 |
| 5. | 77,78 | ഊർജ്ജ വകുപ്പ് | 78/ബി1/2022-ഊ.വ., തീയതി: 06.07.2024 | 30.01.2024 |

### 3. 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

ശിപാർശ

2801-80-101-99- വിദ്യുച്ഛക്തി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം -സബ്സിഡികൾ.

വിഹിതം :- 1,000 രൂപ (പദ്ധതിയേതരം)

പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക

ഉപഭോക്താക്കളെയും, കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽ നിന്നും ഒഴിവാക്കിയതുമൂലമുള്ള നഷ്ടം നികത്താനുള്ള സബ്സിഡി 2020-21 വർഷത്തിൽ തുടരുന്നതിന് 768.24 കോടി രൂപയും, 20 യൂണിറ്റ് വരെ വൈദ്യുതി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കളെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയത് മൂലമുള്ള നഷ്ടം നികത്താനുള്ള സബ്സിഡി 2020-21-ൽ തുടരുന്നതിന് 80 ലക്ഷം രൂപയും ഉൾപ്പെടെ 769.04 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ ഇനത്തിൽ 1000 രൂപയുടെ ടോക്കൺ വിഹിതമാണ് ബഡ്ജറ്റിൽ അനുവദിച്ചിരുന്നത്. 2019-20 സാമ്പത്തിക വർഷം ഈ ഇനത്തിൽ കെ.എസ്.ഇ.ബി.എല്ലിന് ചെലവായ ആകെ തുകയായ 394.41 (394.01+0.40) കോടി രൂപയും 2020-21 ലെ 379.54 (379.14+0.40) കോടി രൂപയും കെ.എസ്.ഇ.ബി.എൽ നിന്നും സർക്കാരിന് ലഭിക്കേണ്ട ഇലക്ട്രിസിറ്റി ഡ്യൂട്ടിയുമായി തട്ടിക്കിഴിക്കുകയാണ് ഉണ്ടായത്.

<u>ശിപാർശ</u>

2801-80-101-92 :- <u>കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതിതള്ളിയതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന ധനസഹായം</u>

വിഹിതം :- 300,00,00,000 രൂപ (പദ്ധതിയേതരം)

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതിതള്ളിയതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന ധനസഹായത്തിന് 2017-18-ലും, 2018-19 ലും, 2019-20-ലുമായി ലഭിക്കേണ്ട ആകെ 488.87 കോടി രൂപയിൽ 104.80 കോടി രൂപയുടെ ബജറ്റ് വിഹിതം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളതെന്നതിനാലും 020-21-ൽ ലഭിക്കേണ്ട ബാക്കി തുകയായ 84.07 കോടി രൂപ

ലഭ്യമാക്കിയിട്ടില്ലാത്തതിനാലും ആയത് കൂടി ഉൾപ്പെടുത്തി ഈ ശീർഷകത്തിൽ 468.14 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

സർക്കാർ സ്വീകരിച്ച നടപടി

കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശികയുമായി ബന്ധപ്പെട്ട് വാർഷിക ബഡ്ജറ്റ് വിഹിതമായി 03.11.2011-ലെ സർക്കാർ ഉത്തരവ് പ്രകാരം 52.40 കോടി രൂപ അനുവദിച്ചു. ഇതിന് പുറമെ 14.01.2019-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച 331.67 കോടി രൂപയും മുൻ കുടിശ്ശികയായ 488.87 കോടി രൂപയും ഉൾപ്പെടെ ആകെ 872.94 കോടി രൂപ 2020-21-ൽ കെ.എസ്.ഇ.ബി.എല്ലിന് സർക്കാരിൽ നിന്നും നൽകിയിട്ടുണ്ട്.

ശിപാർശ

2801-80-101-91 - നവീകരണ നിധി (ഊർജ്ജ സമ്പാദന ഏകോപനസമിതി)

വിഹിതം : 23,20,00,000 രൂപ (പദ്ധതി)

2020-21 സർക്കാർ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള 23.20 കോടി രൂപ കെ.എസ്.ഇ.ബി ലിമിറ്റഡിൽ സ്മാർട്ട് മീറ്റർ സംവിധാനം നടപ്പാക്കുന്നതിനും, സൗര പദ്ധതിയുടെ ഭാഗമായി സർക്കാർ കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 26.54 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

സർക്കാർ സ്വീകരിച്ച നടപടി

ഈ ഇനത്തിൽ 2020-21-ൽ തുക നൽകിയിട്ടില്ല.

ശിപാർശ

2801-80-101-85- ട്രാൻസ് ഗ്രിഡ് -2.0

വിഹിതം : 1,00,000 രൂപ (പദ്ധതി)

വൈദ്യുതി പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണശേഷി വർദ്ധിപ്പിക്കുന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുമായി കെ.എസ്.ഇ.ബി ലിമിറ്റഡ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ പൂർത്തീകരണത്തിന് 2019-20-ൽ തുക ലഭിച്ചിട്ടില്ലാത്തതിനാൽ KIIFB/PSDF വഴി ലഭിക്കാവുന്ന തുകയ്ക്ക് പുറമെ ടെൻഡർ എക്സസ് ഇനത്തിൽ ആവശ്യമായ 239.88 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

## സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്ത 239.88 കോടി രൂപ നൽകിയിട്ടില്ല.

വൈദ്യുതി പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും, പ്രസരണ ശേഷി വർദ്ധിപ്പിക്കുന്നതിനും, പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ട്രാൻസ്ഗ്രിഡ് 2.0. ഏകദേശം 6350 കോടി രൂപ ചെലവു വരുന്ന ഈ പദ്ധതി വിവിധ ഘട്ടങ്ങളിലായി പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

2016-17 ബജറ്റ് പ്രസംഗത്തിൽ 6375 കോടിയുടെ 'Special Investment package' ആയി ഉൾപ്പെടുത്തിയ പ്രസ്തുത പദ്ധതി കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പിലാക്കാൻ 06.10.2016-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം സർക്കാർ അംഗീകാരം നൽകിയിരുന്നു. ഇതിൽ 5200 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

ട്രാൻസ്ഗ്രിഡിൽ ഉൾപ്പെടുത്തി ഇതുവരെ (ഡിസംബർ 2022) 2268 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാക്കി കഴിഞ്ഞു. പ്രസ്തുത പദ്ധതിക്കായുള്ള സാമ്പത്തിക സഹായം നിലവിൽ വായ്പ ആയിട്ടാണ് കിഫ്ബിയിൽ നിന്നും ലഭ്യമാക്കുന്നത്.

ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെടുത്തി വിഭാവനം ചെയ്ത രണ്ടു പ്രവൃത്തികൾക്ക്, അവയുടെ പ്രാധാന്യവും, നൂതനസ്വഭാവവും കണക്കിലെടുത്ത് PSDF

ൽ നിന്നും ഏകദേശം 400 കോടി രൂപയുടെ ഗ്രാന്റ് ലഭ്യമായിട്ടുണ്ട്. PSDF ഗ്രാന്റ് പ്രവൃത്തികളുടെ അടങ്കൽ തുകയ്ക്ക് മാത്രമേ ലഭിക്കുകയുള്ളൂ എന്നതിനാൽ ഗ്രാന്റ് കഴിച്ചുള്ള തുക കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ തനതു ഫണ്ട് വിനിയോഗിച്ച് പൂർത്തിയാക്കുകയാണുണ്ടായത്. PSDF ഗ്രാന്റ് ലഭ്യമായ ഏറനാട് ലൈൻസ് പാക്കേജിന്, ഉപരികരാർ തുക ഇനത്തിലും, GST, Price variation എന്നിവയിലുമായി കെ.എസ്.ഇ.ബി ലിമിറ്റഡിനു ചിലവായ 158.42 കോടി രൂപ 2022-23 ലെ സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും, ബജറ്റിൽ തുക വകയിരുത്തിയിരുന്നില്ല.

## ശിപാർശ

2801-80-101-83- ഇടമൺ -കൊച്ചി സെക്ടറിലെ 400 കെ.വി. ട്രാൻസ്മിഷൻ ലൈനിനുവേണ്ടിയുള്ള നഷ്ടപരിഹാര പാക്കേജ്

വിഹിതം : ഇല്ല

2015-ലെ G.O.(MS)No.29/2015/PD dated, Thiruvananthapuram, 30.7.2015 ഉത്തരവ് വഴി പ്രഖ്യാപിച്ച നഷ്ടപരിഹാര പാക്കേജ് അടിസ്ഥാനമാക്കി പണി പുനരാരംഭിച്ച ഇടമൺ-കൊച്ചി 400 കെ.വി. ട്രാൻസ്മിഷൻലൈൻ വലിക്കുന്നതിനുള്ള നഷ്ടപരിഹാരത്തിൽ ഗവൺമെന്റിൽ നിന്നും ലഭിക്കേണ്ട തുകയായ 128 കോടി രൂപയിൽ 3 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 125.02 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

## സർക്കാർ സ്വീകരിച്ച നടപടി

ഈയിനത്തിൽ 2020-21 മുതൽ ബഡ്ജറ്റിൽ അനുവദിച്ചതും ലഭ്യമാക്കിയതുമായ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ബഡ്ജറ്റ് തുക | പുതുക്കിയ ബഡ്ജറ്റ് | നൽകിയ തുക |
|---|---|---|---|
| 2020-21 | 0 | 0 | 0 |
| 2021-22 | 0 | 17.00 | 17.00 |

| | | | |
|---|---|---|---|
| 2022-23 | 0 | 33.21 | 33.21 |

ശിപാർശ

2018-19 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിരുന്നതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ താഴെപ്പറയുന്ന പദ്ധതികൾക്ക് മുമ്പുണ്ടായിരുന്ന ശീർഷകം പുന:സ്ഥാപിച്ച് താഴെപ്പറയുംപ്രകാരം തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

ശിപാർശ

തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിലെ 110 കെ.വി സബ് സ്റ്റേഷൻ നിർമ്മാണം പൂർത്തീകരണത്തിന് സംസ്ഥാന വിഹിതം - (പഴയ ശീർഷകം 4801-80-101-99- മുട്ടത്തറ സബ്സ്റ്റേഷൻ) ആയി 41.63 കോടി രൂപ വകയിരുത്തുക.

(ഖണ്ഡിക 72)

സർക്കാർ സ്വീകരിച്ച നടപടി

ഈ ഇനത്തിൽ സമിതി ശിപാർശ ചെയ്ത 41.63 കോടി രൂപ 2020-21ൽ അനുവദിച്ചിട്ടില്ല.

ശിപാർശ

ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ) സംസ്ഥാന വിഹിതം (പഴയ ശീർഷകം 2801-80-101-87) പ്ലാൻ ആയി 48.30 കോടി രൂപ വകയിരുത്തുക.

(ഖണ്ഡിക 73)

സർക്കാർ സ്വീകരിച്ച നടപടി

ഈ ഇനത്തിൽ സമിതി ശിപാർശ ചെയ്ത 48.30 കോടി രൂപ 2020-21ൽ അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

സംയോജിത ഊർജ്ജവികസന പദ്ധതി (ഐ.പി.ഡി.എസ്സ്) സംസ്ഥാന വിഹിതം (പഴയ ശീർഷകം 2801-80-101-86) പ്ലാൻ ആയി 59.21 കോടി രൂപ വകയിരുത്തുക.

(ഖണ്ഡിക 74)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ ഇനത്തിൽ സമിതി ശിപാർശ ചെയ്ത 59.21 കോടി രൂപ 2020-21ൽ അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

RGGVY – സംസ്ഥാന വിഹിതം പഴയശീർഷകം (2801-80-101-90) പ്ലാൻ ആയി 2.44 കോടി രൂപ വകയിരുത്തുക.

(ഖണ്ഡിക 75)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ ഇനത്തിൽ സമിതി ശിപാർശ ചെയ്ത 2.44 കോടി രൂപ 2020-21ൽ അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

കോഴിക്കോട് ജില്ലയിലെ ഇരുവഞ്ഞിപ്പുഴ റിവർ ബേസിനിലെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പവർ ഇവാക്വേഷൻ പദ്ധതിയുടെ ഭാഗമായ നെല്ലിപ്പൊയിൽ (നാരങ്ങാത്തോട്) ഒരു 33/110KV 2X50 MVA പൂളിംഗ് സ്റ്റേഷന്റെ നിർമ്മാണം, തമ്പലമണ്ണയിൽ നിന്നും നെല്ലിപ്പൊയിലിലേക്ക് 11 കി.മീ. 110 കെ.വി സിംഗിൾ സർക്യൂട്ട് സ്ഥാപിക്കൽ, നെല്ലിപ്പൊയിൽ പൂളിംഗ് സ്റ്റേഷനിലേക്ക് 33 കെ.വി ഭൂഗർഭ കേബിൾ/ഓവർലോഡ് ലൈൻവഴി ചെറുകിട പദ്ധതികളെ ബന്ധിപ്പിക്കൽ എന്നിവയ്ക്ക് നാളിതുവരെയും ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പുതിയ ശീർഷകം അനുവദിച്ച് 63.77 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കോഴിക്കോട് ജില്ലയിലെ ഇരുവഞ്ഞിപ്പുഴ റിവർ ബേസിനിലെ ചെറുകിട ജലവൈദ്യുതി പദ്ധതികളുടെ പവർ ഇവാക്വേഷനുമായി ബന്ധപ്പെട്ട് പുതിയ ശീർഷകവും 63.77 കോടി രൂപയും 2020-21 ൽ അനുവദിച്ചിട്ടില്ല.

2000 മെഗാവാട്ട് കൂടംകുളം ആണവ വൈദ്യുത നിലയത്തിൽനിന്നും കേരളത്തിന്റെ വൈദ്യുതി വിഹിതമായ 266 മെഗാവാട്ട് പ്രസരണ നഷ്ടം കുറച്ചു സംസ്ഥാനത്ത് എത്തിക്കുന്നതിന് വേണ്ടി ആസൂത്രണം ചെയ്ത പ്രസരണ ശൃംഖലയാണ് ഇടമൺ-കൊച്ചി ലൈൻ 148 കി.മീ നീളവും 447 ടവറുകളും ഉള്ള 400 കെ.വി ഇടമൺ-കൊച്ചി ലൈൻ കൊല്ലം (22 കി.മീ), പത്തനംതിട്ട (47 കി.മീ), കോട്ടയം (51 കി.മീ), എറണാകുളം (28 കി.മീ) എന്നീ നാല് ജില്ലകളിൽ കൂടിയാണ് കടന്നുപോകുന്നത്. 14.09.2019 ൽ നിർമ്മാണ ജോലികൾ പൂർത്തീകരിക്കുകയും 25.09.2019 ൽ ലൈൻ കമ്മീഷൻ ചെയ്യുകയും ചെയ്തു. 2015 ലെ ഗവൺമെന്റ് ഉത്തരവ് വഴി പ്രഖ്യാപിച്ച പ്രത്യേക നഷ്ടപരിഹാര പാക്കേജ് അടിസ്ഥാനമാക്കിയാണ് സ്ഥല ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നത്. നഷ്ടപരിഹാരത്തിനായി ഏകദേശം 473.59 കോടി രൂപ വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. നഷ്ടപരിഹാരം നൽകുന്നതിനുള്ള തുക പവർ ഗ്രിഡ് കോർപ്പറേഷനും കെ.എസ്.ഇ.ബി യും സംസ്ഥാന സർക്കാരും സംയുക്തമായി വഹിക്കുമെന്നാണ് സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിരിക്കുന്നത് ഇത് പ്രകാരം ഗവൺമെന്റിൽ നിന്ന് ലഭിക്കേണ്ടതായി കണക്കാക്കിയിരിക്കുന്ന ഏകദേശ തുക 128 കോടി രൂപയാണ്.

നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനായി നാല് ജില്ലകളിലും സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടർ DVS അപ്രൂവ് ചെയ്യുന്ന, മുറയ്ക്കാണ് നഷ്ടപരിഹാര തുക വിതരണം ചെയ്യുന്നത്. സംസ്ഥാന സർക്കാരിന്റെ വിഹിതം കൂടി കെ.എസ്.ഇ.ബിയിൽ നിന്നും നൽകുകയും പിന്നീട് ഇത് സർക്കാരിൽ നിന്നും കെ.എസ്.ഇ.ബി ക്കു കൊടുക്കുകയും ആണ് ചെയ്യുന്നത്. 2022 മാർച്ച് വരെ റിപ്പോർട്ട് ചെയ്തിട്ടുള്ള നഷ്ടപരിഹാര കേസുകളിൽ കെ.എസ്.ഇ.ബി യുടെയും സംസ്ഥാന

സർക്കാരിന്റെയും ചേർന്നുള്ള വിഹിതമായ 80.646 കോടി രൂപ കെ.എസ്.ഇ.ബി നേരിട്ട് കളക്ടർക്ക് നൽകിയിട്ടുണ്ട്. ഇതിൽ സംസ്ഥാന സർക്കാരിൽ നിന്നും നൽകേണ്ടതായ 40.323 കോടി രൂപ ഇതിനകം നൽകിയിട്ടുണ്ട്. ഇതിൽ 3 കോടി രൂപ 2019-20 ലും, 17 കോടി രൂപ 2021-22 ലും ആണ് അനുവദിച്ചിട്ടുള്ളത്. 2021-22 ലെ സർക്കാർ വിഹിതമായ 20.323 കോടി രൂപ 2022 സെപ്റ്റബറിലാണ് അനുവദിച്ചിട്ടുള്ളത്.

ഇടമൺ-കൊച്ചി 400 kv ട്രാൻസ്മിഷൻ ലൈനിന്റെ നഷ്ടപരിഹാര പാക്കേജിനായി 2022-23 ലെ പുതുക്കിയ സംസ്ഥാന ബഡ്ജറ്റിൽ POW201, POW 223 എന്നീ രണ്ട് കോഡ് നമ്പറുകളിലായി യഥാക്രമം 20.323 കോടി രൂപയും, 43 കോടി രൂപയും വകയിരുത്തിയിരിക്കുന്നത് ഒരേ അക്കൌണ്ട് ഹെഡിലേക്ക് (2801-80-101-83) മാറ്റി മൊത്തം 52 കോടി രൂപയാക്കി പുതുക്കേണ്ടതാണ് എന്ന് കെ.എസ്.ഇ.ബി ലിമിറ്റഡ് അറിയിച്ചിട്ടുണ്ട്. ഇതിൽ 20.323 കോടി രൂപ 2022 സെപ്റ്റംബറിലും 12.89 കോടി രൂപ ഫെബ്രുവരി 2023 ലും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

**(2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 66 മുതൽ 76 വരെയുള്ള ഖണ്ഡികളിലെ ശിപാർശകളിന്മേൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം ഊർജ്ജ വകുപ്പ് 05.02.2024-ലെ സി1/88/2020-ഊർജ്ജം നമ്പർ കത്തു മുഖേന ലഭ്യമാക്കിയ കാലതാമസപത്രിക 02.07.2024-ന് സഭയിൽ സമർപ്പിച്ചു)**

**4. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്**

**ശിപാർശ**

2801-80-101-99- വിദ്യുച്ഛക്തി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം -സബ്സിഡികൾ.

വിഹിതം :- 1,000 രൂപ (പദ്ധതിയേതരം)

പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെയും, കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽ

നിന്നും ഒഴിവാക്കിയതുമൂലമുള്ള നഷ്ടം നികത്താനുള്ള സബ്സിഡി 2019-20 വർഷത്തിൽ തുടരുന്നതിന് 768.24 കോടി രൂപയും, 20 യൂണിറ്റ് വരെ വൈദ്യുതി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കളെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയത് മൂലമുള്ള നഷ്ടം നികത്താനുള്ള സബ്സിഡി 2019-20-ൽ തുടരുന്നതിന് 80 ലക്ഷം രൂപയും ഉൾപ്പെടെ 769.04 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

## സർക്കാർ സ്വീകരിച്ച നടപടി

2019-20-ൽ ഈ ഇനത്തിൽ ചിലവായ ആകെ തുകയായ 394.41 (394.01+0.40) കോടി രൂപയും 2020-21-ലെ തുകയായ 379.54 (379.14+0.40) കോടി രൂപയും കെ.എസ്.ഇ.ബി.എല്ലിൽ നിന്നും സർക്കാരിന് ലഭിക്കേണ്ട ഇലക്ട്രിസിറ്റി ഡ്യൂട്ടിയുമായി തട്ടിക്കിഴിക്കുകയാണുണ്ടായത്.

## ശിപാർശ

2801-80-101-92 :- കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതിതള്ളിയതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന ധനസഹായം

വിഹിതം :- 384,07,00,000 രൂപ (പദ്ധതിയേതരം)

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതിതള്ളിയതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന ധനസഹായത്തിന് 2017-18 ലും 2018-19 ലുമായി ലഭിക്കേണ്ട ആകെ 104.80 കോടി രൂപയിൽ 52.4 കോടി രൂപയുടെ ബഡ്ജറ്റ് വിഹിതം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളതെന്നതിനാലും 2018-19-ൽ ലഭിക്കേണ്ട ബാക്കി തുകയായ 52.40 കോടി രൂപ ലഭ്യമാക്കിയിട്ടില്ലാത്തതിനാലും ആയത് കൂടി ഉൾപ്പെടുത്തി ഈ ശീർഷകത്തിൽ 104.80 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ ഇനത്തിൽ 10 ഗഡുക്കളായി പ്രതിവർഷം 52.40 കോടി രൂപ വീതം നൽകേണ്ട ആകെ 524 കോടി രൂപയും സർക്കാരിൽ നിന്നും കെ.എസ്.ഇ.ബി.എല്ലിന് നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

2801-80-101-91 - <u>നവീകരണ നിധി</u> (ഊർജ്ജ സമ്പാദന ഏകോപനസമിതി)
Innovation Fund & ESCOT

വിഹിതം : 27,30,00,000 രൂപ (പദ്ധതി)

2019-20 സർക്കാർ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള 27.30 കോടി രൂപ കെ.എസ്.ഇ.ബി ലിമിറ്റഡിൽ സ്മാർട്ട് മീറ്റർ സംവിധാനം നടപ്പാക്കുന്നതിനും, സൗര പദ്ധതിയുടെ ഭാഗമായി സർക്കാർ കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 166.67 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2019-20-ൽ തുക അനുവദിച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ബഡ്ജറ്റ് തുക | അധികമായി അനുവദിച്ച തുക | പുതുക്കിയ ബഡ്ജറ്റ് | നൽകിയ തുക | കെ.എസ്.ഇ.ബിയുടെ തനത് ഫണ്ടിൽ നിന്നും ചെലവാക്കിയ തുക |
|---|---|---|---|---|---|
| 2019-20 | 27.30 | 0 | 9.72 | 0 | |
| 2020-21 | 23.20 | 0 | 6.00 | 3.95 | |
| 2021-22 | 23.20 | 0 | 5.00 | 0.64 | |
| 2022-23 | 34.60 | 0 | 6.00 | 0 | |

( തുക കോടിയിൽ)

2019-20 സംസ്ഥാന ബഡ്ജറ്റിൽ ഇന്നോവേഷൻ ഫണ്ടിലും എസ്കോട്ടിനുമായി 27.30 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 26.30 കോടി രൂപ ഇന്നോവേഷൻ ഫണ്ടിലേക്കും (കെ. എസ്. ഇ. ബി-യുടെ ഇ.ആർ.പി. പദ്ധതി, തിരമാലയിൽ നിന്നും വൈദ്യുതി, കൊച്ചി സ്മാർട്ട് ഗ്രിഡ് പദ്ധതി എന്നിവ) 1 കോടി രൂപ എസ്കോട്ടിലേക്കും (വിതരണ ട്രാൻസ്ഫോർമർ സ്റ്റേഷൻ നവീകരണവും ഹൈ വോൾട്ടേജ് വിതരണ സംവിധാനത്തിനും) ആണ് സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. തുടർന്ന് 2019-20-ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രസ്തുത തുക 9.72 കോടി രൂപയാക്കി കുറച്ചു. ഇതിൽ 6.70 കോടി രൂപയുടെ ഇന്നോവേഷൻ ഫണ്ട് & എസ്കോട്ട് പദ്ധതികൾക്കായി ഭരണാനുമതി സർക്കാരിൽ നിന്നു ലഭിച്ചു.

<u>ശിപാർശ</u>

2801-80-101-85- <u>ട്രാൻസ് ഗ്രിഡ് -2</u>

വിഹിതം : 1,00,000 രൂപ (പദ്ധതി)

വൈദ്യുതി പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണശേഷി വർദ്ധിപ്പിക്കുന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുമായി കെ.എസ്.ഇ.ബി ലിമിറ്റഡ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ പൂർത്തീകരണത്തിന് KIIFB/PSDF വഴി ലഭിക്കാവുന്ന തുകയ്ക്ക് പുറമെ ടെൻഡർ എക്സസ് ഇനത്തിൽ ആവശ്യമായ 239.89 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ ടോക്കൺ വിഹിതമായി ഒരു ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. 2019-20 ൽ തുക ഒന്നും നൽകിയിട്ടില്ല.

<u>ശിപാർശ</u>

2801-80-190-99 :- <u>നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതികൾ (LACADS).</u>

വിഹിതം :- 1,00,00,000 രൂപ (പദ്ധതിയേതരം).

നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതികൾക്കായി പുതുക്കിയ ബഡ്ജറ്റിൽ അനുവദിച്ച 1,00,00,000/- രൂപ 2015-16, 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച നിയമസഭാ മണ്ഡലം ആസ്തി വികസന പദ്ധതി (LACADS) ഫണ്ടിൽ ഉൾപ്പെടുത്തി വിതരണമേഖലയിലെ 11 പ്രവൃത്തികൾ ചെയ്യുന്നതിന് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5.6504627 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

## സർക്കാർ സ്വീകരിച്ച നടപടി

ഈ ഇനത്തിൽ 2019-20 മുതൽ ബഡ്ജറ്റിൽ അനുവദിച്ചതും ലഭ്യമാക്കിയതുമായ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ബഡ്ജറ്റ് തുക | പുതുക്കിയ ബഡ്ജറ്റ് | നൽകിയ തുക |
|---|---|---|---|
| 2019-20 | 1.00 | 1.00 | 0.00 |
| 2020-21 | 1.00 | 1.00 | 0.40 |
| 2021-22 | 1.00 | 2.80 | 2.53 |
| 2022-23 | 1.00 | 1.00 | 0 |

(തുക കോടിയിൽ)

## ശിപാർശ

4801-80-101-98 :- നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി ഉപയോഗിച്ചു കൊണ്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണം.

വിഹിതം :- 1,00,00,000 രൂപ (പദ്ധതിയേതരം).

നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി ഉപയോഗിച്ചുകൊണ്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിയ്ക്കായി പുതുക്കിയ ബഡ്ജറ്റിൽ അനുവദിച്ച 1,00,00,000/- രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 6.6160 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

## സർക്കാർ സ്വീകരിച്ച നടപടി

ഈ ഇനത്തിൽ 2019-20 മുതൽ ബഡ്ജറ്റിൽ അനുവദിച്ചതും ലഭ്യമാക്കിയതുമായ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ബഡ്ജറ്റ് തുക | പുതുക്കിയ ബഡ്ജറ്റ് | നൽകിയ തുക |
|---|---|---|---|
| 2019-20 | 1.00 | 1.00 | 0 |
| 2020-21 | 1.00 | 1.00 | 1.00 |
| 2021-22 | 1.00 | 1.00 | 0 |
| 2022-23 | 1.00 | 1.00 | 1.00 |

(തുക കോടിയിൽ)

നിയമസഭ മണ്ഡല ആസ്തിവികസന പദ്ധതി ഉപയോഗിച്ചുകൊണ്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലുൾപ്പെട്ട എല്ലാ പ്രവർത്തികളും 2017-18 കാലയളവിൽ തന്നെ പൂർത്തീകരിച്ചിരുന്നു. ഇതിലേക്കായി നിയമസഭാമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും ആകെ 27,50,16,454/- രൂപയാണ് ചെലവായത്. ഇതിൽ 22,88,52,000/-രൂപ ഇതുവരെ നൽകിയിട്ടുണ്ട്.

## ശിപാർശ

6801-00-190-85- <u>അപ്പർ കല്ലാർ/പെരുവണ്ണാമൂഴി ചെറുകിട ജലസേചന പദ്ധതി</u>

വിഹിതം : ഇല്ല (പദ്ധതി)

2019-20 സാമ്പത്തികവർഷത്തിൽ അപ്പർകല്ലാർ/പെരുവണ്ണാമൂഴി ചെറുകിട ജലസേചന പദ്ധതികളുടെ നടത്തിപ്പിനായി ബാണാസുര സാഗർ പദ്ധതി ഇനത്തിൽ 1.8 കോടി രൂപയും സോളാർ പദ്ധതി ഇനത്തിൽ 24.01 കോടി രൂപയും പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി ഇനത്തിൽ 2.4486 കോടി രൂപയും ഉൾപ്പെടെ 2018-19-ൽ അഡീഷണൽ ഓതറൈസേഷൻ 28.2586 കോടി രൂപയും 2019-20-ൽ 2.9456 കോടി രൂപയും ബഡ്ജറ്റ് വിഹിതം ചേർത്ത് ആകെ 57.7146 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അപ്പർ കല്ലാർ, പെരുവണ്ണാമൂഴി ചെറുകിട ജലസേചന പദ്ധതികൾക്കും ബാണാസുരസാഗർ, പോത്തൻകോട്, തലക്കളത്തൂർ, പേരക്കപ്പള്ളി, സോളാർ പദ്ധതികൾക്കുമായി 20.19.20 മുതൽ ബഡ്ജറ്റിൽ അനുവദിച്ചതും ലഭ്യമായതുമായ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ബഡ്ജറ്റ് തുക | പുതുക്കിയ ബഡ്ജറ്റ് | നൽകിയ തുക |
|---|---|---|---|
| 2019-20 | 0 | 2.224 | 2.224 |
| 2020-21 | 0 | 0 | 0 |
| 2021-22 | 0 | 47.32 | 47.32 |
| 2022-23 | 0 | 14.53 | 14.53 |

(തുക കോടിയിൽ)

അപ്പർ കല്ലാർ പദ്ധതി 2021 സെപ്തംബർ 30 (30.09.2021) ന് പദ്ധതി കമ്മീഷൻ ചെയ്തു. നിർമ്മാണ പ്രവർത്തനങ്ങൾ 100% പൂർത്തീകരിച്ചിട്ടുണ്ട്. 2023 മെയ് 30 (30.05.2023)ന് പദ്ധതി ജനറേഷൻ-ഇലക്ട്രിക്കൽ വിഭാഗത്തിന് കൈമാറുകയും ചെയ്തു.

പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായി, unit #1 മെഷീന്റെ Mechanical spinning 30.06.2023-ൽ പൂർത്തിയായി. 09.072023-ൽ ഗ്രിഡിലേക്ക് Synchronise ചെയ്തു.

<u>ശിപാർശ</u>

കോഴിക്കോട് ജില്ലയിലെ ഇരുവഞ്ഞിപ്പുഴ റിവർ ബേസിനിലെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പവർ ഇവാക്വേഷൻ പദ്ധതിയുടെ ഭാഗമായ നെല്ലിപ്പൊയിൽ (നാരങ്ങാത്തോട്) ഒരു 33/110KV 2X50 MVA പൂളിംഗ് സ്റ്റേഷന്റെ നിർമ്മാണം, തമ്പലമണ്ണയിൽ നിന്നും നെല്ലിപ്പൊയിലിലേക്ക് 11 കി.മീ. 110 കെ.വി സിംഗിൾ സർക്യൂട്ട് സ്ഥാപിക്കൽ, നെല്ലിപ്പൊയിൽ പൂളിംഗ് സ്റ്റേഷനിലേക്ക് 33 കെ.വി ഭൂഗർഭ കേബിൾ/ഓവർലോഡ് ലൈൻവഴി ചെറുകിട പദ്ധതികളെ ബന്ധിപ്പിക്കൽ എന്നിവയ്ക്ക് നാളിതുവരെയും ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ലെന്ന്

സമിതി മനസ്സിലാക്കുന്നു. ആയതിനാൽ New Service head അനുവദിച്ച 63.77 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

സർക്കാർ സ്വീകരിച്ച നടപടി

പുതിയ ശീർഷകം 2019-20-ൽ അനുവദിച്ചിട്ടില്ല.

ശിപാർശ

2018-19 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിരുന്നതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ താഴെപ്പറയുന്ന പദ്ധതികൾക്ക് മുമ്പുണ്ടായിരുന്ന ശീർഷകം പുന:സ്ഥാപിച്ച് താഴെപ്പറയുംപ്രകാരം തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

ശിപാർശ

2015-ലെ G.O.(MS)No.29/2015/PD dated, Thiruvananthapuram, 30.7.2015 ഉത്തരവ് വഴി പ്രഖ്യാപിച്ച നഷ്ടപരിഹാര പാക്കേജ് അടിസ്ഥാനമാക്കി പണി പുനരാരംഭിച്ച ഇടമൺ-കൊച്ചി 400 കെ.വി. ട്രാൻസ്മിഷൻലൈൻ വലിക്കുന്നതിനുള്ള നഷ്ടപരിഹാരത്തിൽ 2018-19 സാമ്പത്തികവർഷം ടോക്കൺവിഹിതമായി 1000/- രൂപ മാത്രമാണ് അനുവദിച്ചതെന്നും 2019-20 സാമ്പത്തികവർഷത്തിൽ 2801-80-101-83 - ഇടമൺ-കൊച്ചി 400 കെ.വി ട്രാൻസ്മിഷൻ ലൈൻ വലിക്കുന്നതിനുള്ള നഷ്ടപരിഹാരം എന്ന പഴയ ശീർഷകം നിലനിർത്തിയിട്ടില്ലായെന്നും സമിതി മനസ്സിലാക്കുന്നു. ആയതിലേക്ക് 128.02 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

## സർക്കാർ സ്വീകരിച്ച നടപടി

ഈ ഇനത്തിൽ 2019-20 മുതൽ ബഡ്ജറ്റിൽ അനുവദിച്ചതും നൽകിയതുമായ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ബഡ്ജറ്റ് തുക | പുതുക്കിയ ബഡ്ജറ്റ് | നൽകിയ തുക |
|---|---|---|---|
| 2019-20 | 0 | 3.00 | 3.00 |
| 2020-21 | 0 | 0 | 0 |
| 2021-22 | 0 | 17.00 | 17.00 |
| 2022-23 | 0 | 33.21 | 33.21 |

(തുക കോടിയിൽ)

2019-20 സംസ്ഥാന ബജറ്റിൽ ഇടമൺ-കൊച്ചി നഷ്ടപരിഹാര പാക്കേജ് പദ്ധതിക്കായി തുക ഒന്നും തന്നെ വകയിരുത്തിയിട്ടില്ല. എന്നാൽ 2019-20-ലെ പുതുക്കിയ ബജറ്റിൽ 3 കോടി രൂപ വകയിരുത്തിയിരുന്നു. തുടർന്ന് സർക്കാർ ഉത്തരവ് പ്രകാരം നവീകരണ നിധി - ഊർജ്ജ സമ്പാദന ഏകോപന നിധിയിൽ നിന്നും 3 കോടി രൂപ ഇടമൺ കൊച്ചി നഷ്ട പരിഹാര പാക്കേജിലേക്ക് വകമാറ്റി നൽകിയിട്ടുണ്ട്.

## ശിപാർശ

2019 മെയ് മാസത്തോടുകൂടി പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിലെ 110 കെ.വി സ്റ്റേഷൻ നിർമ്മിക്കുന്നതിലേയ്ക്കായി സംസ്ഥാന വിഹിതം - (പഴയ ശീർഷകം 4801-80-101-99- മുട്ടത്തറ സബ്സ്റ്റേഷൻ) ആയി 41.63 കോടി രൂപ വകയിരുത്തുക.

(ഖണ്ഡിക 69)

## സർക്കാർ സ്വീകരിച്ച നടപടി

ഈ ഇനത്തിൽ 2019-20-ൽ തുക അനുവദിച്ചിട്ടില്ല.

## ശിപാർശ

ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ) സംസ്ഥാന വിഹിതം (പഴയ ശീർഷകം 2801-80-101-87) പ്ലാൻ ആയി 48.30 കോടി രൂപ വകയിരുത്തുക.

(ഖണ്ഡിക 70)

## സർക്കാർ സ്വീകരിച്ച നടപടി

DDUGJY പദ്ധതിക്ക് 05.01.2016-ൽ അനുമതി ലഭിച്ച 482.96 കോടി രൂപയുടെ പ്രവൃത്തികൾക്ക് 60% കേന്ദ്രവിഹിതവും 10% തുക സംസ്ഥാന വിഹിതവും ബാക്കി 30% തുക ലോൺ മുഖേനയും കണ്ടെത്തി നടപ്പിലാക്കുവാനായിരുന്നു പദ്ധതി മാർഗ്ഗരേഖ നിർഷ്കർഷിച്ചിരുന്നത്. ആയതിനാൽ പദ്ധതി നിർവ്വഹണത്തിനായി 10% സംസ്ഥാന വിഹിതം ലഭ്യമാക്കുന്നതിലേക്കായി സമിതി ശുപാർശ ചെയ്ത 48.30 കോടി രൂപ 2019-20 വർഷത്തിൽ അനുവദിച്ചിരുന്നില്ല.

## ശിപാർശ

സംയോജിത ഊർജ്ജവികസന പദ്ധതി (ഐ.പി.ഡി.എസ്സ്) സംസ്ഥാന വിഹിതം (പഴയ ശീർഷകം 2801-80-101-86) പ്ലാൻ ആയി 59.21 കോടി രൂപ വകയിരുത്തുക.

(ഖണ്ഡിക 71)

## സർക്കാർ സ്വീകരിച്ച നടപടി

15.07.2016-ൽ അനുമതി ലഭിച്ച IPDS (System Strengthening) പദ്ധതിക്ക് 15.07.2016-ൽ അനുമതി ലഭിച്ച 592.07 കോടി രൂപയുടെ പ്രവൃത്തികൾക്ക് 60% കേന്ദ്രവിഹിതവും 10% തുക സംസ്ഥാന വിഹിതവും ബാക്കി 30% തുക ലോൺ മുഖേനയും കണ്ടെത്തി നടപ്പിലാക്കുവാനായിരുന്നു പദ്ധതി മാർഗ്ഗരേഖ നിർഷ്കർഷിച്ചിരുന്നത്. പദ്ധതി നിർവ്വഹണത്തിനായി 10% സംസ്ഥാന വിഹിതം ലഭ്യമാക്കുന്നതിലേക്കായി സമിതി ശുപാർശ ചെയ്ത 59.21 കോടി രൂപ 2019-2020 -ൽ അനുവദിച്ചിട്ടില്ല.

(2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 59 മുതൽ 71 വരെയുള്ള ഖണ്ഡികളിലെ ശിപാർശകളിന്മേൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം ഊർജ്ജ വകുപ്പ് 13.06.2024-ലെ സി1/205/2019-ഊർജ്ജം നമ്പർ കത്തു മുഖേന ലഭ്യമാക്കിയ കാലതാമസപത്രിക 02.07.2024 -ന് സഭയിൽ സമർപ്പിച്ചു)

**പ്രാദേശിക പത്രപ്രവർത്തക ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് 23.08.2022-ലെ യോഗത്തിൽ സമിതി നൽകിയ നിർദ്ദേശവും സർക്കാർ സ്വീകരിച്ച നടപടിയും**

സമിതി നിർദ്ദേശം

ജേർണലിസ്റ്റിനും നോൺജേർണലിസ്റ്റിനും ക്ഷേമനിധി ബോർഡുണ്ടെങ്കിലും പ്രാദേശിക പത്രപ്രവർത്തകർക്ക് മാത്രമായി ക്ഷേമനിധിബോർഡ് ഇല്ലാത്തതിനാൽ ആയത് രൂപീകരിക്കുന്ന കാര്യം പരിശോധിക്കുകയും ഒരു ക്ഷേമനിധിയിലും അംഗമാകാത്തവരെ അസംഘടിത തൊഴിലാളി ക്ഷേമ ബോർഡിൽ ചേരുന്നതിന് ട്രേഡ് യൂണിയൻ നേതാക്കളെ പ്രേരിപ്പിക്കുകയും ചെയ്യുക.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് സ്വീകരിച്ച നടപടി

പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിൽ ഇല്ല. പ്രാദേശിക മാധ്യമപ്രവർത്തകർക്ക് 2008-ലെ

അൺ-ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമ (കേന്ദ്രനിയമം) പ്രകാരം നിലവിൽ വന്ന കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ പദ്ധതിയിൽ അംഗങ്ങളാകാവുന്നതാണ്. കേരളത്തിലെ പത്ര-ദൃശ്യ-ഡിജിറ്റൽ മാധ്യമരംഗത്ത് പ്രവർത്തിക്കുന്ന മറ്റ് ക്ഷേമനിധിയിൽ അംഗങ്ങളല്ലാത്ത തൊഴിലാളികളെ ടി പദ്ധതിയിൽ അംഗങ്ങളാക്കുന്നതിന് 19.08.2019 തീയതിയിലെ സ.ഉ. (സാധാ) നം.1005/2019/തൊഴിൽ പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ അംഗങ്ങളാവുന്നവർക്ക് "രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന" പദ്ധതി പ്രകാരം ചികിത്സാസഹായം ലഭിക്കുവാൻ അർഹതയില്ലാത്ത സാഹചര്യത്തിൽ, അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ

ആശുപത്രികളിലോ ബോർഡ് അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലോ ഇൻ-പേഷ്യന്റായുള്ള ചികിത്സയ്ക്ക് അംഗത്വകാലയളവിനുള്ളിൽ പരമാവധി 10,000/- രൂപ ചികിത്സ സഹായമായി നല്കുന്നതാണ്. അതിനാൽ, പ്രാദേശിക പത്രപ്രവർത്തകർക്ക് കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ പദ്ധതിയിൽ അംഗങ്ങളാകാൻ അവസരം നൽകുകയും ഈ പദ്ധതി മുഖേന പ്രാദേശിക പത്രപ്രവർത്തകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതും പരിഗണിക്കാവുന്നതുമാണ്.

ഒരു ക്ഷേമനിധിയിലും അംഗമല്ലാത്തവരെ അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡിൽ ചേർക്കുന്നതിന് ട്രേഡ് യൂണിയൻ നേതാക്കളെ പ്രേരിപ്പിക്കണമെന്നുള്ള സമിതിയുടെ അഭിപ്രായം തന്നെയാണ് ടി വിഷയത്തിൽ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പും സ്വീകരിക്കുന്നതെന്ന വിവരവും അറിയിക്കുന്നു.

## അദ്ധ്യായം – VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശവും

1. **ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/പാർപ്പിട/സുരക്ഷാ പ്രശ്നങ്ങൾ/രജിസ്ട്രേഷൻ എന്നീ വിഷയങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട്**

### ശിപാർശ

ഹെൽത്ത് കേരള പ്രോഗ്രാമിന്റെ ഭാഗമായി നിശ്ചിത ദിവസങ്ങളിൽ എല്ലാ ജില്ലകളിലെയും ഇതര സംസ്ഥാന തൊഴിലാളികളുടെ താമസസ്ഥലങ്ങളിലും (ലേബർക്യാമ്പ്) നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങളിലും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരും ബന്ധപ്പെട്ട മറ്റു വകുപ്പുകളിലെ ഉദ്യോഗസ്ഥരും പൊതുജനാരോഗ്യ സംബന്ധമായ പരിശോധനകൾ നടത്തിവരുന്നുണ്ടെന്നും പൊതുജനാരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തിയാൽ നിലവിലുള്ള പൊതുജനാരോഗ്യ നിയമപ്രകാരം വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും ടി പദ്ധതി പ്രകാരം ലേബർ ക്യാമ്പുകളിൽ ശുചിത്വം പരിശോധിച്ചു നടപടി എടുക്കുവാൻ സാധിക്കുന്നുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. കൂടാതെ ആരോഗ്യ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കി വരുന്ന ഇ-ഹെൽത്ത് പ്രോഗ്രാം തിരുവനന്തപുരം ജില്ലയിലെ

താഴെപ്പറയുന്ന ഒൻപത് ആശുപത്രികളിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു.

1. ശ്രീ. അവിട്ടം തിരുനാൾ ആശുപത്രി, മെഡിക്കൽ കോളേജ്, തിരുവനന്തപുരം,
2. ജില്ലാ ആശുപത്രി, പേരൂർക്കട,
3. താലൂക്ക് ആശുപത്രി, കോട്ടയ്ക്കകം,
4. താലൂക്ക് ആശുപത്രി, ചിറയിൻകീഴ്,
5. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, മണമ്പൂർ,
6. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, വെള്ളനാട്,
7. പ്രാഥമികാരോഗ്യ കേന്ദ്രം, വേളി,
8. പ്രാഥമികാരോഗ്യ കേന്ദ്രം, ഉഴമലയ്ക്കൽ,
9. പ്രാഥമികാരോഗ്യ കേന്ദ്രം, ചെറുന്നിയൂർ

(ഖണ്ഡിക 29)

## സർക്കാർ സ്വീകരിച്ച നടപടി

ഹെൽത്ത് കേരള പ്രോഗ്രാമിന്റെ ഭാഗമായി എല്ലാ മാസവും നിശ്ചിത ദിവസങ്ങളിൽ എല്ലാ ജില്ലകളിലെയും ഇതര സംസ്ഥാന തൊഴിലാളികളുടെ താമസസ്ഥലങ്ങളിലും (ലേബർ ക്യാമ്പ്) നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങളിലും ആരോഗ്യ വകുപ്പ് ഫീൽഡുതല ഉദ്യോഗസ്ഥർ പൊതുജനാരോഗ്യം സംബന്ധമായ പരിശോധനകൾ നടത്തുകയും പൊതുജനാരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തിയാൽ നിലവിലുള്ള പൊതുജനാരോഗ്യ നിയമം 2023 പ്രകാരം നടപടികൾ സ്വീകരിക്കുകയും, ലേബർ ക്യാമ്പുകളിലെ ശുചിത്വം പരിശോധിച്ച് നടപടികൾ സ്വീകരിക്കുകയും ഇവ കൃത്യമായി നടപ്പിലാക്കുകയും അവലോകനം ചെയ്യുകയും ചെയ്തുവരുന്നുണ്ട്. 2024 ൽ ആരോഗ്യ ജാഗ്രത കലണ്ടർ പ്രകാരം ഹെൽത്തി കേരള പ്രോഗ്രാം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

സമിതി ശിപാർശയിൽ പരാമർശിച്ചിരിക്കുന്ന ശ്രീ. അവിട്ടം തിരുനാൾ ആശുപത്രി തിരുവനന്തപുരം, ജില്ലാ ആശുപത്രി പേരൂർക്കട, താലൂക്ക് ആശുപത്രി കോട്ടയ്ക്കകം, താലൂക്ക് ആശുപത്രി ചിറയിൻകീഴ്, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

മണമ്പൂർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ വെള്ളനാട്, പ്രാഥമികാരോഗ്യ കേന്ദ്രം വേളി, പ്രാഥമികാരോഗ്യ കേന്ദ്രം ഉഴമലയ്ക്കൽ, പ്രാഥമികാരോഗ്യ കേന്ദ്രം ചെറുന്നിയൂർ എന്നീ ആശുപത്രികളിൽ ഇ-ഹെൽത്ത് ഹോസ്പിറ്റൽ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, ഇ-ഹെൽത്ത് പദ്ധതി നിലവിൽ കേരളത്തിൽ 600 ഓളം ആരോഗ്യ സ്ഥാപനങ്ങളിൽ പ്രാവർത്തികമാക്കുകയും കൂടുതൽ ആശുപത്രികളിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നുണ്ട്.

## ശിപാർശ

ഇ-ഹെൽത്തിൽ സഹകരിക്കുന്ന ഡോക്ടർമാർ, നേഴ്സുമാർ എന്നിവരിൽ നിന്നും മറ്റ് ജീവനക്കാരിൽ നിന്നും സോഫ്റ്റ്‌വെയറിന്റെ പോരായ്മകൾ മനസ്സിലാക്കി സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റം വരുത്തുവാൻ ഉള്ള നിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരിക്കുകയാണെന്നും ഇതുപോലെ ചെമ്മരുതി കുടുംബാരോഗ്യ കേന്ദ്രത്തിലും ഇ-ഹെൽത്ത് നടപ്പിലാക്കിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തൈക്കാട് ജനറൽ ആശുപത്രി, തിരുവനന്തപുരം ടി.ബി. ആശുപത്രി, പുലയനാർകോട്ട പബ്ലിക് ഹെൽത്ത് ലാബ് എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഹാർഡ് വെയർ നെറ്റ്‌വർക്ക് മുഖാന്തരം ഇ-ഹെൽത്ത് സോഫ്റ്റ്‌വെയർ ഉടൻ തന്നെ നടപ്പിലാക്കുമെന്നും സമിതി പ്രതീക്ഷിക്കുന്നു.

(ഖണ്ഡിക 30)

## സർക്കാർ സ്വീകരിച്ച നടപടി

ഇ-ഹെൽത്ത് നടപ്പിലാക്കിയിരിക്കുന്ന ആരോഗ്യ സ്ഥാപനങ്ങളിലെ ഡോക്ടർമാർ, നേഴ്സുമാർ, ലാബ് ടെക്നീഷ്യൻമാർ, ഫാർമസിസ്റ്റ് തുടങ്ങിയ ജീവനക്കാരിൽനിന്നു ലഭിച്ചുകൊണ്ടിരിക്കുന്ന പ്രതികരണങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തുടർച്ചയായി ഇ-ഹെൽത്ത് സോഫ്റ്റ് വെയറിൽ മാറ്റങ്ങളും പുതിയ ഫീച്ചറുകളും വരുത്തിക്കൊണ്ടിരിക്കുകയാണ്. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി തൈയ്ക്കാട്, ജനറൽ ആശുപത്രി തിരുവനന്തപുരം, റ്റി.ബി. ആശുപത്രി പുലയനാർകോട്ട, പബ്ലിക് ഹെൽത്ത് ലാബ്

എന്നിവടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഹാർഡ് വെയർ നെറ്റ്-വർക്ക് മുഖാന്തരം ഇ-ഹെൽത്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്.

## 2. KASE-ന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

KASE-ന്റെ പ്രവർത്തനം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ ഖണ്ഡിക 44-ലെ ശിപാർശയിന്മേൽ തൊഴിലും നൈപുണ്യവും വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് 12.07.2022-ലെ സമിതി യോഗത്തിൽ പരിഗണിക്കവെ ഊർജ്ജവകുപ്പുമായി ബന്ധപ്പെട്ട മേഖലകളിൽ നിലവിൽ KASE അനെർട്ടുമായി ചേർന്ന് കോഴ്സുകൾ നടത്തുന്നുണ്ടെന്നും അനെർട്ട് തന്നെയാണ് ട്രെയിനിംഗും നൽകുന്നതെന്നും KASE ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ സമിതി മുമ്പാകെ ബോധിപ്പിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് അനെർട്ട് നടപ്പിലാക്കുന്ന കാര്യങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഊർജ്ജ വകുപ്പിനോടാവശ്യപ്പെടാൻ സമിതി നിർദ്ദേശിച്ചു.

### സർക്കാർ സ്വീകരിച്ച നടപടി

അനെർട്ട് KASE-മായി ചേർന്ന് നടത്തിയ കോഴ്സുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | | അനെർട്ട് | | | | |
|---|---|---|---|---|---|---|
| വർഷം | കോഴ്സിന്റെ പേര് | കോഴ്സ് തുടങ്ങിയ തീയതി | കോഴ്സ് അവസാനിച്ച തീയതി | വിദ്യാർത്ഥികളുടെ എണ്ണം | ബാച്ച് നമ്പർ | കെ എസ് എസ് അംഗീകരിച്ച ഫീസ് |
| 2021 | ട്രെയിനിങ് ഫോർ എന്റർപ്രെനേഴ്സ് ബാച്ച്- 1 | 04.10.2021 | 11.10.2021 | 38 | 1 | അതെ |
| 2021 | ട്രെയിനിങ് ഫോർ എന്റർപ്രെനേഴ്സ് ബാച്ച്- 2 | 16.12.2021 | 23.12.2021 | 65 | 2 | അതെ |

### സോളാർ റൂഫ് ടോപ്പ് വാല്യൂ ആഡഡ് കോഴ്സ്

| | | | | | | |
|---|---|---|---|---|---|---|
| 2021 | ഭാരത് മാതാ കോളേജ് | 02.07.2021 | 24.11.2021 | 38 | 1 | അതെ |
| 2022 | മാർത്തോമാ കോളേജ് | 27.11.2021 | 20.07.2022 | 32 | 1 | അതെ |
| 2022 | റ്റി.കെ.എം. കോളേജ് | 19.03.2022 | 17.01.2023 | 36 | 1 | അതെ |
| 2022 | ട്രെയിനിങ് | 18.10.2022 | 21.10.2022 | 20 | 1 | |

| | | | | | | |
|---|---|---|---|---|---|---|
| | പ്രോഗ്രാം ഓൺ റിന്യൂവബിൾ എനർജി ഫോർ വിമൻസ് അറ്റ് തിരുവനന്തപുരം | | | | | |
| 2022 | ട്രെയിനിങ് പ്രോഗ്രാം ഓൺ റിന്യൂവബിൾ എനർജി ഫോർ വിമൻസ് അറ്റ് കൊല്ലം | 07.11.2022 | 10.11.2022 | 11 | 2 | കെ എ എസ് ഇ സ്പോൺസേർഡ് പ്രോഗ്രാം |
| 2022 | ട്രെയിനിങ് പ്രോഗ്രാം ഓൺ റിന്യൂവബിൾ എനർജി ഫോർ വിമൻസ് അറ്റ് പത്തനംതിട്ട | 07.11.2022 | 10.11.2022 | 11 | 2 | |
| 2022 | ട്രെയിനിങ് പ്രോഗ്രാം ഓൺ റിന്യൂവബിൾ എനർജി ഫോർ വിമൻസ് അറ്റ് ആലപ്പുഴ | 22.11.2022 | 25.11.2022 | 11 | 4 | |
| 2022 | ട്രെയിനിങ് പ്രോഗ്രാം ഓൺ റിന്യൂവബിൾ എനർജി ഫോർ വിമൻസ് അറ്റ് കോട്ടയം | 23.11.2022 | 26.11.2022 | 9 | 5 | കെ എ എസ് ഇ സ്പോൺസേർഡ് പ്രോഗ്രാം |
| 2022 | ട്രെയിനിങ് പ്രോഗ്രാം ഓൺ റിന്യൂവബിൾ എനർജി ഫോർ വിമൻസ് അറ്റ് കോഴിക്കോട് | 30.11.2022 | 03.12.2022 | 9 | 6 | |
| 2022 | ട്രെയിനിങ് പ്രോഗ്രാം ഓൺ റിന്യൂവബിൾ എനർജി ഫോർ വിമൻസ് അറ്റ് പാലക്കാട് | 21.01.2023 | 25.01.2023 | 12 | 7 | |
| 2022 | ട്രെയിനിങ് പ്രോഗ്രാം ഓൺ റിന്യൂവബിൾ എനർജി ഫോർ വിമൻസ് അറ്റ് കണ്ണൂർ | 23.01.2023 | 27.01.2023 | 7 | 8 | |
| 2022 | ട്രെയിനിങ് പ്രോഗ്രാം ഓൺ റിന്യൂവബിൾ എനർജി ഫോർ വിമൻസ് അറ്റ് തൃശ്ശൂർ | 24.01.2023 | 28.01.2023 | 8 | 9 | |
| 2022 | ട്രെയിനിങ് | 01.02.2023 | 04.02.2023 | 9 | 10 | |

| | | | | | | |
|---|---|---|---|---|---|---|
| | പ്രോഗ്രാം ഓൺ റിന്യൂവബിൾ എനർജി ഫോർ വിമൻസ് അറ്റ് ഇടുക്കി | | | | | |
| 2022 | ട്രെയിനിങ് പ്രോഗ്രാം ഓൺ റിന്യൂവബിൾ എനർജി ഫോർ വിമൻസ് അറ്റ് എറണാകുളം | 02.02.2023 | 06.02.2023 | 15 | 11 | |
| 2022 | ട്രെയിനിങ് പ്രോഗ്രാം ഓൺ റിന്യൂവബിൾ എനർജി ഫോർ വിമൻസ് അറ്റ് വയനാട് | 13.02.2023 | 16.02.2023 | 16 | 12 | |

**3. 2022-ലെ അനെർട്ട്, ഇ.എം.സി. എന്നിവയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച അവലോകനം, വൈദ്യുതലൈൻ പൊട്ടിവീണ് ഉണ്ടാകുന്ന അപകടങ്ങളും നിർമ്മാണ അറ്റകുറ്റപ്പണികൾക്കിടെയുണ്ടാകുന്ന അപകടങ്ങളും തടയുവാനുള്ള മുൻകരുതലുകൾ എന്നിവ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്**

ശിപാർശ

അനെർട്ട് നൽകിയ സാങ്കേതിക അനുമതിയുടെ അടിസ്ഥാനത്തിൽ പാലക്കാട്, ഇടുക്കി ജില്ലകളിലായി 70 മെഗാവാട്ട് ശേഷിയുള്ള കാറ്റാടി നിലയങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടെ സ്ഥാപിച്ചിട്ടുണ്ട്. കാറ്റിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുവാൻ കഴിയുന്ന അളവിൽ കാറ്റിന്റെ ലഭ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പഠനപ്രവർത്തനങ്ങൾ അനെർട്ട് നടത്തി വരുന്നു. കാറ്റാടി യന്ത്രങ്ങളിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി ഇടുക്കി ജില്ലയിലെ പുഷ്പകണ്ടത്ത് 200 ഏക്കറും സൗരോർജ്ജത്തിനായി രാമക്കൽമേട്ടിൽ 100 ഏക്കറും സ്ഥലം കണ്ടെത്തിയിട്ടുണ്ട്. സൗരോർജ്ജവും കാറ്റിൽ നിന്നുള്ള ഊർജ്ജവും പ്രയോജനപ്പെടുത്തി ബാറ്ററി സംഭരണത്തോടുകൂടിയ അക്ഷയ ഊർജ്ജ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രസ്തുത പദ്ധതിക്ക് ആവശ്യമായ ബാക്കി ഭൂമി കൂടി കണ്ടെത്തുന്നതിനുള്ള സർവ്വേ നടന്നുകൊണ്ടിരിക്കുകയാണെന്നും അവിടെ 500 കിലോവാട്ടിന്റെ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏകദേശം പൂർത്തിയായി കഴിഞ്ഞുവെന്നും മലയോരപ്രദേശങ്ങളിൽ സോളാർ പാനലുകളും മറ്റ്

അനുയോജ്യമായ സ്ഥലങ്ങളിൽ വിൻഡ് മില്ലുകളും എന്ന രീതിയിൽ വിൻഡ് സോളാർ ഹൈബ്രിഡാണ് രാമക്കൽമേട്ടിൽ സ്ഥാപിക്കുന്നതെന്നും രാമക്കൽമേട്ടിൽ നിന്നും 5 മെഗാവാട്ട് വരെ വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കുമെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതിക്ക് വേണ്ടിയുള്ള കേബ്ലിംഗ് ഒരു പ്രോജക്ടായി ഏറ്റെടുത്ത് നടപ്പാക്കണമെന്ന് പ്ലാനിംഗ് ബോർഡിനോട് ആവശ്യപ്പെടണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സർക്കാർ സ്വീകരിച്ച നടപടി

രാമക്കൽമേട്ടിലേക്കുള്ള വൈദ്യുത ട്രാൻസ്മിഷൻ സംവിധാനം ശക്തിപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കി അനെർട്ട് പ്ലാനിംഗ് ബോർഡിനെ സമീപിക്കുന്നതാണ്. ഇതിനിടെ കേന്ദ്ര സർക്കാരിന്റെ 'ഗ്രീൻ എനർജി കോറിഡോർ' പദ്ധതിയിൽ ഉൾപ്പെടുത്തി രാമൽക്കൽമേട്ടിലെ വൈദ്യുത ട്രാൻസ്മിഷൻ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതി കെ.എസ്.ഇ.ബി.എൽ നടപ്പാക്കുന്നുണ്ട്. ഇതിന്റെ സബ്സ്റ്റേഷനാവശ്യമായ സ്ഥലം അനെർട്ടിന് ലഭ്യമാക്കിയ പ്രദേശത്തു നിന്നും അനുവദിക്കാനും, അനെർട്ടിന്റെ സ്ഥലത്തിന്റെ പാട്ടക്കാലാവധി 2024 ആഗസ്റ്റ് മുതൽ ദീർഘിപ്പിക്കുന്നതിനുമുള്ള ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

**PM-KUSUM പദ്ധതി**

ശിപാർശ

കാർഷിക ആവശ്യത്തിനായി ഉപയോഗിക്കുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേക്ക് മാറ്റുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ PM-KUSUM-ൽ ഉൾപ്പെടുത്തി ഇതുവരെ ലഭിച്ച അപേക്ഷകർക്ക് പമ്പ് സ്ഥാപിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ 6,000 കൃഷിക്കാരെ കണ്ടെത്തുന്നതിനുള്ള നടപടികൾ അനെർട്ട് സ്വീകരിക്കുന്നതാണെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്തണമെന്നും ആയതിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കണമെന്നും സമിതി

ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

PM-KUSUM കാർഷിക പമ്പുകളുടെ സൗരോർജ്ജവത്കരണം സൗജന്യ കാർഷിക വൈദ്യുതി ഉപഭോക്താക്കളായ കർഷകരുടെ കാർഷിക പമ്പുകൾ അനെർട്ട് PM-KUSUM പദ്ധതിയിലുൾപ്പെടുത്തി സൗരോർജ്ജവല്കരിക്കുന്നു. ആദ്യഘട്ടത്തിൽ NABARD RIDF ഫണ്ട് ലഭ്യമായ 5955 പമ്പുകളുടെ സൗരോർജ്ജവത്കരണം എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസറഗോഡ് എന്നീ ജില്ലകളിൽ പുരോഗമിക്കുന്നു.

ജില്ല തിരിച്ചുള്ള നിലവിലെ കണക്കുകൾ ചുവടെ നൽകിയിരിക്കുന്നു.

| ക്രമ നം. | ജില്ല | നബാർഡ് അനുവദിച്ച തുക -കോടി രൂപ | നബാർഡ് അനുവദിച്ച എണ്ണം | ഇതുവരെ വർക്ക് ഓർഡർ നൽകിയ എണ്ണം | ഇൻസ്റ്റാളേഷൻ പൂർത്തിയാക്കിയ എണ്ണം | കമ്മീഷൻ ചെയ്ത എണ്ണം |
|---|---|---|---|---|---|---|
| 1 | എറണാകുളം | 7.96 | 316 | 173 | 68 | 13 |
| 2 | തൃശ്ശൂർ | 69.68 | 1985 | 218 | 150 | 33 |
| 3 | പാലക്കാട് | 21.73 | 858 | 403 | 383 | 296 |
| 4 | മലപ്പുറം | 56.55 | 2160 | 479 | 152 | 58 |
| 5 | കാസറഗോഡ് | 16.10 | 636 | 42 | 20 | 19 |
| | **ആകെ** | 172 | 5955 | 1315 | 773 | 419 |

| ക്രമ നമ്പർ | ജില്ല | അനെർട്ട് ഇതുവരെ നബാർഡിൽ സമർപ്പിച്ച ക്ലെയിം തുക(കോടി രൂപ) |
|---|---|---|
| 1 | എറണാകുളം | 1.46 |
| 2 | തൃശ്ശൂർ | 3.44 |
| 3 | പാലക്കാട് | 17.05 |
| 4 | മലപ്പുറം | 4.20 |
| 5 | കാസറഗോഡ് | 0.67 |
| | **ആകെ** | 26.81 |

<u>ശിപാർശ</u>

സൗരോർജ്ജവും കാറ്റിൽ നിന്നുള്ള ഊർജ്ജവും

പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഹൈബ്രിഡ് പദ്ധതിയിൽ വെർട്ടിക്കൽ മെഷീനിന്റെ ഉപയോഗവും കാര്യക്ഷമതയും അനെർട്ട് പഠിച്ചുകൊണ്ടിരിക്കുകയാണെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത മെഷീന് കൂടുതൽ ചെലവ് വരുമെന്നതിനാൽ ആയത് വാങ്ങുന്നതിന് കർഷകർക്ക് ഏഴ് ശതമാനം പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുകയും അവരുടെ ആവശ്യം കഴിഞ്ഞ് ബാക്കി വരുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ.ന് നൽകുന്നതിലൂടെ വായ്പ തിരിച്ചടയ്ക്കുവാനുള്ള തുക ലഭിക്കുമെന്ന് കർഷകരെ ബോദ്ധ്യപ്പെടുത്തുകയും ചെയ്താൽ അവർ ഇതിന് തയ്യാറാകുമെന്ന് സമിതി നിരീക്ഷിക്കുന്നു. ഇതുസംബന്ധിച്ച് വകുപ്പ് തുടർ നടപടികൾ സ്വീകരിച്ച് ആയതിന്റെ വിശദവിവരം ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കാർഷിക പമ്പുകളുടെ സൗരോർജ്ജവത്കരണം -NABARD RIDF loan scheme – കേന്ദ്ര മന്ത്രാലയത്തിനു കീഴിലെ മിനിസ്ട്രി ഓഫ് ന്യൂ ആൻഡ് റിന്യൂവബിൾ എനർജി (MNRE) 9348 പമ്പുകളുടെ സൗരോർജ്ജവത്ക്കരണത്തിനായുള്ള അനുമതി അനെർട്ടിന് നൽകിയിട്ടുണ്ട്. മേൽ പറഞ്ഞ പദ്ധതിയിൽ സംസ്ഥാനത്തുള്ള ചെറുകിട കർഷകരെ ഉൾക്കൊള്ളിക്കുന്നതിനായി (കൃഷിഭവൻ മുഖേന സൗജന്യ കാർഷിക വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുള്ള), അനെർട്ട് ഈ പദ്ധതിയുടെ കർഷക വിഹിതവും സംസ്ഥാന വിഹിതവും നബാർഡിന്റെ RIDF സ്കീമിൽ ഉൾപ്പെടുത്തി ലോണായി കണ്ടെത്തിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ NABARD RIDF ഫണ്ട് ലഭ്യമായ 5955 പമ്പുകളുടെ സൗരോർജ്ജവത്കരണം - എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസറഗോഡ് എന്നീ ജില്ലകളിൽ പുരോഗമിക്കുന്നു. പ്രസ്തുത പദ്ധതിക്കായി 172 കോടി രൂപ നബാർഡ് RIDF വായ്പ അനുവദിച്ചിട്ടുണ്ട്. അടുത്ത ഘട്ടത്തിൽ 3393 പമ്പുകളുടെ സൗരോർജ്ജവത്കരണത്തിനായി 112 കോടി രൂപയുടെ DPR പ്രൊപ്പോസൽ അനെർട്ട് സമർപ്പിച്ചിട്ടുള്ളത് സർക്കാരിന്റെ പരിഗണനയിലാണ്.

<u>ശിപാർശ</u>

അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ സ്ഥാപനത്തിനും പരിപാലനത്തിനും

അംഗീകൃത സാങ്കേതിക വിദഗ്ധരുടെ സേവനം ഉറപ്പുവരുത്തുന്നതിനും ഗുണനിലവാരമുള്ള സേവനങ്ങളും സാങ്കേതിക അറിവും ലഭ്യമാക്കുന്നതിനും വേണ്ടി സംസ്ഥാനത്ത് എല്ലാ നിയമസഭാ നിയോജകമണ്ഡലങ്ങളിലും ഊർജ്ജമിത്ര എന്ന പേരിൽ അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ അനെർട്ടിന്റെ മേൽനോട്ടത്തിൽ 2018-19 വർഷം മുതൽ ആരംഭിച്ചിട്ടുണ്ടെന്നും നിശ്ചിത നടപടിക്രമങ്ങൾ പാലിച്ച് സ്വകാര്യ സംരംഭകരെയാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്നും സ്റ്റാർ റേറ്റിംഗ് ഉള്ള വിവിധ വൈദ്യുത ഉപകരണങ്ങളുടെ വിതരണം ഊർജ്ജമിത്ര കേന്ദ്രങ്ങളിലൂടെ നടത്തുന്നതിനുള്ള നടപടി എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) സ്വീകരിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. റിന്യൂവബിൾ എനർജിയുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിനും ഇതുസംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കുന്നതിനുമായി ഊർജ്ജ വകുപ്പ് ധാരാളം പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും അവ താഴേത്തട്ടിലേയ്ക്കെത്തുന്നില്ലെന്നും ജനപ്രതിനിധികൾ പോലും അറിയുന്നില്ലെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതികൾ സംബന്ധിച്ച ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

## സർക്കാർ സ്വീകരിച്ച നടപടി

അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ സ്ഥാപനത്തിനും പരിപാലനത്തിനും അംഗീകൃത സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ഉറപ്പുവരുത്തുന്നതിനും ഗുണനിലവാരമുള്ള സേവനങ്ങളും സാങ്കേതിക അറിവും ലഭ്യമാക്കുന്നതിനും വേണ്ടി സംസ്ഥാനത്തുടനീളം ഊർജ്ജമിത്ര എന്ന പേരിൽ അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ അക്ഷയ ഊർജ്ജ പദ്ധതികൾ സംബന്ധിച്ച ബോധവത്കരണ പ്രവർത്തനങ്ങൾക്കായി സെമിനാറുകൾ, പ്രദർശന മേളകൾ, ബോധവത്കരണ ക്ലാസുകൾ എന്നിവ സംഘടിപ്പിച്ചു വരുന്നു.

## ശിപാർശ

'PM-KUSUM', 'സൗര' തുടങ്ങിയ പദ്ധതികൾക്കായി താൽക്കാലികമായി ആളുകളെ നിയമിച്ച് ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിച്ച് ആയതിന്റെ സാധ്യത

വർദ്ധിപ്പിക്കാനുള്ള ശ്രമം നടത്തുന്നതാണെന്നും ഓരോ ജില്ലയിലെയും ജില്ലാ ഓഫീസർമാരാണ് ഇക്കാര്യങ്ങൾ ഏകോപിപ്പിക്കുന്നതെന്നും മാസ്റ്റർ ട്രെയിനികൾക്കായി ട്രെയിനിംഗ് സംഘടിപ്പിച്ചിട്ടുണ്ടായിരുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. സോളാർ പാനൽ സ്ഥാപിക്കുന്നതുകൊണ്ടുള്ള ഗുണങ്ങൾ എന്താണെന്ന് അറിയാത്തതുകൊണ്ടാണ് ആളുകൾ മുന്നോട്ട് വരാത്തതെന്ന് നിരീക്ഷിച്ച സമിതി ഇതുസംബന്ധിച്ച് ജില്ലാതലത്തിൽ പഞ്ചായത്ത് മെമ്പർമാർക്കും എം.എൽ.എ.മാർക്കുമായി ഒരു ശില്പശാല സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

## സർക്കാർ സ്വീകരിച്ച നടപടി

കേരള സംസ്ഥാന ഊർജ്ജ വകുപ്പിനു കീഴിലുള്ള അനെർട്ട് നടപ്പിലാക്കിയ സൗര തേജസ്സ് പദ്ധതിയുടെ ഭാഗമായി സ്പോട്ട് രജിസ്ട്രേഷനും ബോധവത്കരണവും സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ വച്ച് നടത്തി. അനെർട്ടിന്റെ ജില്ലാ ഓഫീസുകൾ കേന്ദ്രീകരിച്ചും ക്യാമ്പയിൻ പാർട്ണർമാരായ ഊർജ്ജമിത്ര സെന്ററുകൾ വഴിയുമാണ് ഈ പരിപാടി നടത്തിയത്. പൊതു ജനങ്ങൾക്ക് സൗകര്യപ്രദമായി സംസ്ഥാനത്തുടനീളം അനെർട്ട് രജിസ്ട്രേഷൻ സ്പോട്ടുകൾ ഒരുക്കി പദ്ധതിയുടെ വിശദ വിവരങ്ങൾ ഈ പരിപാടിയിലൂടെ നേരിട്ട് മനസിലാക്കാനും, സ്പോട്ടിൽ തന്നെ പദ്ധതിയിലേക്ക് രജിസ്റ്റർ ചെയ്യാനും ഇഷ്ടമുള്ള ഡെവലപ്പറെ തെരഞ്ഞെടുക്കാനും അവസരം ഒരുക്കി. കൂടാതെ, അനെർട്ടിന്റെ ജില്ലാ ഓഫീസുകൾ കേന്ദ്രീകരിച്ച് നടത്തുന്ന ബോധവത്കരണ പരിപാടിയിൽ ഡെവലപ്പർമാരുമായി നേരിട്ട് സംവദിക്കാനുള്ള അവസരവും ഒരുക്കിയിരിന്നു. ഇതിനു വേണ്ടി അനെർട്ട് സംസ്ഥാനമൊട്ടാകെ വിവിധ സ്ഥാപനങ്ങളെയും ഊർജ്ജമിത്ര കേന്ദ്രങ്ങളെയും പദ്ധതിയുടെ ക്യാമ്പയിൻ പാർട്ണർമാരായി തിരഞ്ഞെടുത്തു.

## ശിപാർശ

വാക്സിനും മറ്റും സൂക്ഷിക്കുന്നതിനായി സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ശീതീകരണി (cold storage) കോഴിക്കോട് മെഡിക്കൽ കോളേജിലും സോളാർ തെർമ്മൽ സാങ്കേതിക വിദ്യയിൽ സ്റ്റീം ഉപയോഗിച്ചുള്ള

പാചകം സാധ്യമാക്കുന്ന സൗരോർജ്ജ സംവിധാനം നേര്യമംഗലം പ്രീമെട്രിക് ഹോസ്റ്റലിലും അനെർട്ട് പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുണ്ടെന്നും നേര്യമംഗലത്ത് സ്ഥാപിച്ചിട്ടുള്ള 100 പേർക്ക് വേണ്ടിയുള്ള 30 ച.മീറ്റർ വിസ്തീർണ്ണമുള്ള സൗരകളക്ടറോടുകൂടിയ ടി സംവിധാനം പാചക ഇന്ധനം ലാഭിക്കാൻ സഹായിക്കുന്നതാണെന്നും സമിതി നിരീക്ഷിക്കുന്നു. കൂടുതൽ സ്ഥാപനങ്ങളിൽ ഇത്തരം സംവിധാനങ്ങൾ നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സർക്കാർ സ്വീകരിച്ച നടപടി

വാക്സിനും മറ്റും സൂക്ഷിക്കുന്നതിനായി സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ശീതീകരണി (കോൾഡ് സ്റ്റോറേജ്) കൂടുതൽ ഇടങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരത്തുള്ള റീജിയണൽ കാൻസർ സെന്ററിൽ സൗരോർജ്ജ ശീതീകരണി സ്ഥാപിച്ചു. കൂടാതെ MLA ഫണ്ട് ഉപയോഗിച്ചു കൊണ്ട് കോഴിക്കോട് മെഡിക്കൽ കോളേജിൽ മറ്റൊരു യൂണിറ്റുകൂടി സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കി വരുന്നു.

പഴം, പച്ചക്കറി എന്നിവ കേടുകൂടാതെ സൂക്ഷിക്കുന്നതിനായി സൗരോർജ്ജ ശീതസംഭരണി തിരുവനന്തപുരം ജില്ലയിലെ ആനയറ വേൾഡ് മാർക്കറ്റിലും, പാലക്കാട് ജില്ലയിലെ വേലംതാവളം മാർക്കറ്റിലും, പെരുമാട്ടി പഞ്ചായത്തിലെ കമ്പാലത്തറ അഗ്രോ പ്രോസസ്സിംഗ് യൂണിറ്റിലും സ്ഥാപിച്ചിട്ടുണ്ട്.

മഴക്കാലവും മേഘാവൃതമായ അന്തരീക്ഷവും കേരളത്തിൽ കൂടുതൽ ആയതിനാൽ സോളാർ തെർമ്മൽസ്റ്റീം കുക്കിംഗ് സംവിധാനങ്ങൾ കമ്മ്യൂണിറ്റി ആവശ്യങ്ങൾക്കായി വ്യാപകമായി ഉപയോഗിക്കാൻ പ്രയോഗിക ബുദ്ധിമുട്ട് നേരിടുന്നു. തുടർച്ചയായി 5 മണിക്കൂർ നേരിട്ട് വെയിൽ ലഭ്യമാകുന്ന സ്ഥാപനങ്ങളിൽ 100% സാങ്കേതിക ഫീസിബലിറ്റി ഉണ്ടെങ്കിൽ മാത്രമേ ഇവ സ്ഥാപിക്കാൻ കഴിയുകയുള്ളൂ. എന്നാൽ സൗര താപം പ്രയോജനപ്പെടുത്തി കാർഷിക ഉല്പന്നങ്ങൾ ഉണക്കുന്നതിനുള്ള സോളാർ ഡ്രയറുകൾ കാര്യക്ഷമമായി സ്ഥാപിച്ചു നല്കാൻ കഴിയുന്നതാണ്.

<u>ശിപാർശ</u>

കൃഷിസ്ഥലങ്ങളിൽ വിളകൾക്ക് സൂര്യപ്രകാശത്തിന് തടസ്സമാകാത്തരീതിയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ചുകൊണ്ടുള്ള സൗരോർജ്ജനിലയം പരീക്ഷണാടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ ചിറ്റൂരിൽ സ്ഥാപിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഇത്തരം സംവിധാനങ്ങൾ കൂടുതൽ വ്യാപകമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കൃഷിസ്ഥലങ്ങളിൽ വിളകൾക്ക് സൂര്യപ്രകാശത്തിനു തടസ്സമാകാത്ത രീതിയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി വെള്ളയാണി കാർഷിക കോളേജിൽ സാധ്യതാ പഠനം നടത്തി വരുന്നു.

<u>ശിപാർശ</u>

ഇന്റഗ്രേറ്റഡ് റിന്യൂവബിൾ എനർജി നോളജ് ഹബ്ബ് ആക്കുന്നതിന്റെ ഭാഗമായി കുഴൽമന്ദത്ത് സ്ഥാപിക്കുന്ന 2 MW സോളാർ പ്ലാന്റ് വിദ്യാർത്ഥികൾക്ക് സോളാറുമായി ബന്ധപ്പെട്ട കാര്യങ്ങൾ മനസ്സിലാക്കുന്നതിനും സയന്റിസ്റ്റുകൾക്ക് റിസർച്ച് ചെയ്യുന്നതിനും ഉപയോഗിക്കാവുന്നതാണെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത സോളാർ പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതി ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പ്രസ്തുത പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതാകുന്നു.

<u>ശിപാർശ</u>

2020-21-ൽ അനെർട്ട് പ്രത്യേകമായി നടപ്പാക്കാനാരംഭിച്ച കാർബൺ ന്യൂട്രൽ ഗവേണൻസ് എന്ന പദ്ധതിയിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത് സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും ഉപയോഗിക്കുന്ന വൈദ്യുതി ഘട്ടം ഘട്ടമായി

സോളാറിലേക്ക് മാറ്റുക എന്നതും ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക എന്നതുമാണ്. റിന്യൂവബിൾ എനർജി സേവനദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (RESCO) മോഡൽ അനെർട്ട് നേരിട്ട് സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട്. അനെർട്ടിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന്റെ ഒന്നാം ഘട്ടമെന്ന നിലയിൽ എറണാകുളം ജില്ലയിലെ 48 പോലീസ് സ്റ്റേഷനുകളിൽ പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്നും ഇതിൽ അധികം വരുന്ന ഊർജ്ജം സോളാർ ഗ്രിഡിലേയ്ക്ക് കൊണ്ടുപോകുന്നുണ്ടെന്നും പോലീസ് സ്റ്റേഷന് അക്കൗണ്ടില്ലാത്തതിനാൽ RESCO (Renewable Energy Service Company) മോഡലിലാണ് ചെയ്തിരിക്കുന്നതെന്നും തന്മൂലം സേവിംഗ്സ് മാത്രമാണുണ്ടാകുന്നതെന്നും സാധാരണ ഗുണഭോക്താക്കൾക്കാണെങ്കിൽ അക്കൗണ്ട് ടു അക്കൗണ്ട് വഴിയാണ് തീർപ്പാക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സേവിംഗ്സ് ഉണ്ടാകത്തക്ക രീതിയിൽ സോളാർ പ്ലാന്റ് സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

## സർക്കാർ സ്വീകരിച്ച നടപടി

കാർബൺ ന്യൂട്രൽ ഗവേണൻസ് എന്ന പദ്ധതിയിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത് സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും ഉപയോഗിക്കുന്ന വൈദ്യുതി ഘട്ടം ഘട്ടമായി സൗരോർജ്ജത്തിലേക്കു മാറ്റുക എന്നതും ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക എന്നതുമാണ്. തിരുവനന്തപുരം നഗരത്തെ കാർബൺ ന്യൂട്രൽ ആക്കുന്നതിന്റെ ഭാഗമായി സോളാർസിറ്റി ആയി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്മാർട്ട് സിറ്റിയുടെ സഹായത്തോടെ തിരുവനന്തപുരം നഗരത്തിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതുവരെ 514 കെട്ടിടങ്ങളിലായി 17 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അന്തിമ ഘട്ടത്തിലാണ്.

അനെർട്ട് നേരിട്ട് RESCO പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ 4 സ്ഥാപനങ്ങളിലായി 600 kW ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു.

**പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ**

ശിപാർശ

കെ.എസ്.ഇ.ബി.എൽ. മുഖേന വൈദ്യുതി വകുപ്പ് ലക്ഷ്യമിടുന്ന ഒരു ലക്ഷം പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുക എന്ന പദ്ധതിയിൽ 25 മെഗാവാട്ട് അനെർട്ട് മുഖേന നടപ്പിലാക്കുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വീടുകൾക്ക് മുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് ആവശ്യമായ വൈദ്യുതി എടുത്തശേഷം അധികം വരുന്നത് കെ.എസ്.ഇ.ബി.എൽ.ന് കൈമാറുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും പ്രസ്തുത പദ്ധതി സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനായി ഒരു കൈപ്പുസ്തകം തയ്യാറാക്കി, ബിൽ അടയ്ക്കാനും മറ്റും വരുന്നവർക്ക് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സർക്കാർ സ്വീകരിച്ച നടപടി

പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ ഭാഗമായി 2537 വീടുകളിലായി ആകെ 6.7 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ അനെർട്ട് വഴി സ്ഥാപിച്ചു. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കൈപുസ്തകങ്ങൾ തയ്യാറാക്കുകയും വിവിധ മാധ്യമങ്ങൾ വഴി ബോധവത്കരണം നടത്തുകയും ചെയ്തു.

ശിപാർശ

ഗുണഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ ആവശ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കുന്ന തരത്തിൽ അംഗീകൃത സേവനദാതാക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക് മാർക്കറ്റ് പ്ലെയ്സ് ആയ "ബൈ മൈ സൺ (www.buymysun.com) എന്ന ഇ കോമേഴ്സ് വെബ് പോർട്ടൽ അനെർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

ഏകദേശം 32 കോടിയിലധികം രൂപയുള്ള ഉൽപ്പന്നങ്ങളുടെ വില്പനയും സ്ഥാപിക്കലും ഇതിലൂടെ നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഗാർഹിക ഉപഭോക്താക്കൾ സോളാർ പാനൽ സ്ഥാപിക്കുമ്പോൾ 3 KW വരെ 40 ശതമാനമാണ് സബ്സിഡി നൽകുന്നതെന്നും എത്ര കിലോവാട്ട് എടുക്കുന്നുണ്ടെന്നുള്ളത് കണക്കാക്കി ഉപഭോക്തൃ വിഹിതമായി നൽകേണ്ട തുക സംബന്ധിച്ച് 'ബൈ മൈ സൺ' എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ വഴി അറിയാൻ കഴിയുമെന്നും സമിതി മനസ്സിലാക്കുന്നു. സോളാർ പാനൽ സ്ഥാപിക്കുമ്പോൾ സബ്സിഡി നൽകുന്നതിൽ ഏകോപനം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സർക്കാർ സ്വീകരിച്ച നടപടി

ഗാർഹിക മേഖലയിൽ സൗര പദ്ധതിയുടെ ഭാഗമായി സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനു സബ്സിഡി നൽകിയിരുന്നത് KSEBL-ന്റെ ഇ-കിരൺ പോർട്ടൽ വഴിയും അനെർട്ടിന്റെ 'buymysun' പോർട്ടൽ വഴിയും ഏകീകൃതമായ രീതിയിലാണ്.

ശിപാർശ

ഭൂരിഭാഗം ആളുകളും വൈദ്യുതി ഉൽപാദിപ്പിക്കുകയും അതുവഴി KSEBL-ന്റെ ഗ്രിഡിൽ അമ്പത് ശതമാനത്തിൽ കൂടുതൽ റിന്യൂവബിൾ എനർജി കൊണ്ടുവരുന്നതിനുമുള്ള ഗ്രീൻ സിറ്റി (സോളാർ സിറ്റി) പദ്ധതി തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കാൻ തീരുമാനിച്ചതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതിയുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സർക്കാർ സ്വീകരിച്ച നടപടി

തിരുവനന്തപുരം നഗരത്തെ സോളാർ സിറ്റിയായി തിരഞ്ഞെടുത്തതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം നഗരത്തിലെ വൈദ്യുതി ഉപയോഗത്തിന്റെ ആവശ്യകത സംബന്ധിച്ച പാഠനം നടത്തുകയും സോളാർ

അറ്റ്ലസ് തയ്യാറാക്കുകയും ചെയ്തു. സ്മാർട്ട് സിറ്റിയുടെ സഹായത്തോടെ തിരുവനന്തപുരം നഗരത്തിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതുവരെ 514 കെട്ടിടങ്ങളിലായി ആകെ 17 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അന്തിമ ഘട്ടത്തിലാണ്.

കൂടാതെ സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന 13 ചാർജ്ജിംഗ് സ്റ്റേഷനുകൾ, സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന വേസ്റ്റ് മാനേജ്മെന്റ് യൂണിറ്റുകൾ (Solar powered rapid waste to manure), സൗരോർജ്ജ തെരുവ് വിളക്കുകൾ, ഗാർഹിക മേഖലയിൽ സബ്സിഡിയോടു കൂടി സൗരോർജ്ജ പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

## ശിപാർശ

ചാർജ്ജിങ് സ്റ്റേഷനുകൾക്കുള്ള അപേക്ഷകൾ എല്ലാ ജില്ലകളിൽ നിന്നും ലഭ്യമായിട്ടുണ്ടെന്നും 25-30 കിലോമീറ്റർ അകലം കണക്കാക്കിയാണ് നിലവിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതെന്നും കെ.എസ്.ഇ.ബി.എൽ.ന്റെ സൈറ്റിലുള്ള 62 സ്റ്റേഷനുകൾ അടക്കം നിലവിൽ ഏകദേശം 110 ചാർജ്ജിംഗ് സ്റ്റേഷനുകളുണ്ടെന്നും IOCL (TATA) 25 ചാർജ്ജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും ദൂരപരിധി കണക്കാക്കി എല്ലാ ഹൈവേകളും ഉൾപ്പെടുന്ന തരത്തിൽ ചാർജ്ജിങ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള മാപ്പ് തയ്യാറാക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. റെയിൽവേ സ്റ്റേഷനുകളിൽ ചാർജ്ജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സ്ഥലം ലഭ്യമാകുകയാണെങ്കിൽ ആയത് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

## സർക്കാർ സ്വീകരിച്ച നടപടി

റെയിൽവേ സ്റ്റേഷനുകളിലെ ചാർജിംഗ് സ്റ്റേഷനുകളിൽ പബ്ലിക് ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ലഭ്യമാവുകയാണെങ്കിൽ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷൻ സ്ഥാപിച്ച് നൽകാവുന്നതാതാണെന്ന് അനെർട്ട് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തിരുവനന്തപുരം തമ്പാനൂർ റെയിൽവേ മേൽപ്പാലത്തിന് അടുത്തായിട്ടുള്ള റെയിൽവേയുടെ സ്ഥലം അനെർട്ട് ഉദ്യോഗസ്ഥർ പരിശോധിച്ചിരുന്നെങ്കിലും, DC ഫാസ്റ്റ് ചാർജിംഗ് മെഷീനുകൾ, ട്രാൻസ്ഫോർമറുകൾ

എന്നിവ സ്ഥാപിക്കുന്നതിനും ഇ-കാറുകൾ പാർക്ക് ചെയ്യുന്നതിനുമുള്ള സ്ഥലത്തിന്റെ ലഭ്യതക്കുറവ് ഉണ്ടായിരുന്നതിനാൽ തുടർ നടപടികൾ സ്വീകരിക്കുവാൻ അനെർട്ടിന് കഴിഞ്ഞിട്ടില്ല.

ശിപാർശ

ചാർജ്ജിങ് സ്റ്റേഷനുകളുടെ കുറവുമൂലം ഇലക്ട്രിക് വാഹനങ്ങൾ വാങ്ങാൻ ജനങ്ങൾ മടിക്കുന്നുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണത്തിന് അനുസൃതമായി ഓരോ മുനിസിപ്പാലിറ്റിയിലും ഒരു ചാർജ്ജിങ് സ്റ്റേഷൻ എന്ന നിലയിൽ സ്ഥാപിക്കണമെന്നും ഹൈവേകളിലാണെങ്കിൽ റെസ്റ്റോറന്റ് നടത്തുന്നവരെ ഇക്കാര്യം ഏൽപ്പിക്കണമെന്നും കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ചാർജ്ജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനായി കെ.എസ്.ആർ.ടി.സി. അധികൃതരുമായി ചർച്ച നടത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സർക്കാർ സ്വീകരിച്ച നടപടി

ഇലക്ട്രിക് കാറുകൾക്ക് വേണ്ടി ഉള്ള ഡി സി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ പ്രധാനമായും ആവശ്യമായി വരുന്നത് ദീർഘദൂര യാത്രകളിലാണ്. ആയതിനാൽ ദേശീയപാത, മറ്റു സംസ്ഥാന പാതകൾ എന്നിവിടങ്ങളിലാണ് ഇത്തരം ചാർജിംഗ് സ്റ്റേഷനുകൾ പ്രധാനമായും ആവശ്യമായി വരുന്നത്. പബ്ലിക് ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സ്ഥാപിക്കാവുന്നതാണെന്ന് അനെർട്ട് അറിയിച്ചിട്ടുണ്ട്. കഫറ്റേരിയ, വാഷ്റൂം സംവിധാനത്തോട് കൂടിയ 1000 Sqft ഉള്ള സ്ഥലം ലഭ്യമാവുകയാണെങ്കിൽ 2 ഇ-കാറുകൾ, 2 ഇ-സ്കൂട്ടറുകൾ, 2 ഇ-ആട്ടോകൾ എന്നിവ ചാർജ് ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കാവുന്നതാണെന്ന് അനെർട്ട് അറിയിച്ചിട്ടുണ്ട്. കുറഞ്ഞത് 10 വർഷത്തെ ലീസ് വ്യവസ്ഥയിൽ സ്ഥലം ലഭ്യമാവാത്തതാണ് ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രധാന തടസ്സമായി നിൽക്കുന്നത്. ഹൈവേകളിൽ റസ്റ്റോറന്റ് നടത്തുന്നവർക്ക് ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി

സംസ്ഥാന സർക്കാർ 25% സബ്സിഡി *(മെഷീനുകൾക്ക്)* നൽകി വരുന്നു.

ഇതു വരെ സ്വകാര്യ മേഖലയിൽ ഇരുപതോളം പബ്ലിക് ചാർജിംഗ് സ്റ്റേഷനുകൾ സബ്സിഡി നൽകി സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ പന്ത്രണ്ട് കെ.എസ്.ആർ.ടി.സി ഡിപ്പോകളിൽ പബ്ലിക് ഇ വി ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ചർച്ചകൾ അനെർട്ട് നടത്തി വരികയാണ്. 10/20 kW സൗരോർജ്ജ സംവിധാനവും, ഇ-കാർ, ഇ-സ്കൂട്ടർ എന്നിവ ചാർജ് ചെയ്യുന്നതിനുള്ള സംവിധാനവും, 300 sqft Air Conditioned കഫറ്റേരിയ എന്നിവ ഉൾപ്പെടെയുള്ള സംവിധാനങ്ങളുമാണ് ഈ സാമ്പത്തിക വർഷം ചെയ്യാൻ അനെർട്ട് ഉദ്ദേശിക്കുന്നത്.

## ശിപാർശ

സംസ്ഥാനത്ത് വിവിധ സ്ഥാപനങ്ങളും ഏജൻസികളും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നുണ്ടെന്നും സ്റ്റേറ്റ് ഗവൺമെന്റ് നിർദ്ദേശിക്കുന്ന ഏജൻസി വഴിയാണ് സബ്സിഡിയുള്ള പദ്ധതികൾ നടപ്പിലാക്കുന്നത് എന്നും ഒരു പബ്ലിക് ഓഫീസിൽ അനെർട്ട് വഴിയോ അനെർട്ട് എംപാനൽ ചെയ്തിരിക്കുന്ന ഏജൻസി വഴിയോ നേരിട്ട് ടെണ്ടർ ചെയ്യാവുന്നതാണെന്നും സമിതി മനസ്സിലാക്കുന്നു. സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി അനെർട്ടിനെ നിശ്ചയിക്കുന്നതിന് പ്രത്യേക ലൈസൻസൊന്നും ആവശ്യമില്ലാത്തതിനാൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ടത് ആർക്കാണെന്നത് സംബന്ധിച്ച് വ്യക്തത വരുത്തി അവ സ്ഥാപിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി KSEB യ്ക്ക് പുറമേ അനെർട്ടിനെ കൂടി നിശ്ചയിച്ചാൽ ഈ രംഗത്ത് ഏകോപനം കൊണ്ടുവരുന്നതിന് സാധിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ആയത് സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

## സർക്കാർ സ്വീകരിച്ച നടപടി

സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നോഡൽ ഏജൻസി ആയി അനെർട്ടിനെ നിയമിക്കുന്നതിന് പ്രത്യേക ലൈസൻസ് ആവശ്യമില്ലാത്തതിനാൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ടത് ആർക്കാണെന്നത് സംബന്ധിച്ച് വ്യക്തത വരുത്തി അവ

സ്ഥാപിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കെ.എസ്.ഇ.ബി.എൽ.-ന് പുറമെ അനെർട്ടിനെ കൂടി നിശ്ചയിച്ചതിനാൽ ഈ രംഗത്ത് ഏകോപനം കൊണ്ട് വരുന്നതിനു സാധിക്കുമെന്ന് വിലയിരുത്തിയതിനാൽ ഇതു സംബന്ധിച്ചുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

## ശിപാർശ

ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി അനെർട്ടിനെയോ കെ.എസ്.ഇ.ബി.എൽ.നെയോ സമീപിച്ചാൽ മതിയെന്നും സമീപത്തായി പവർ ലൈനും വാഹനങ്ങൾ പാർക്ക് ചെയ്ത് ചാർജ്ജ് ചെയ്യാനുള്ള സൗകര്യവുമുണ്ടായിരിക്കണമെന്നും ഇൻവെസ്റ്റ്മെന്റിനും ചാർജ്ജിംഗ് സ്റ്റേഷന്റെ ഇൻഫ്രാസ്ട്രക്ചറിനും വേണ്ടി 25 ശതമാനം വീതം സബ്സിഡിയുണ്ടെന്നും ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഒരു ലൈസൻസിന്റെയും ആവശ്യമില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽപ്പറഞ്ഞ വിവരങ്ങൾ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

## സർക്കാർ സ്വീകരിച്ച നടപടി

ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി അനെർട്ടിനെയോ കെ.എസ്.ഇ.ബി.എൽ നെയോ സമീപിച്ചാൽ മതിയെന്നും ചാർജിംഗ് സ്റ്റേഷന്റെ സമീപത്തായി പവർലൈനും വാഹനങ്ങൾ പാർക്ക് ചെയ്ത് ചാർജ് ചെയ്യുവാൻ ഉള്ള സംവിധാനങ്ങൾ ഉണ്ടായിരിക്കണമെന്നും, ചാർജിംഗ് സ്റ്റേഷനോട് അനുബന്ധിച്ച് കഫറ്റേരിയ, വാഷ്റൂം എന്നിവ ഉണ്ടായിരിക്കണമെന്നുള്ള കാര്യങ്ങളും കൂടാതെ ചാർജിംഗ് മെഷീൻ വിലയുടെ 25% സംസ്ഥാന സർക്കാർ സബ്സിഡി ലഭ്യമാണെന്നും ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഒരു ലൈസൻസിന്റെയും ആവശ്യമില്ല എന്ന കാര്യവും പൊതുജനങ്ങളെ അറിയിക്കുന്നതിനായി ജില്ലാ തലത്തിൽ അനെർട്ടിന്റെ ജില്ലാ ഓഫീസുകൾ വഴി എക്സിബിഷനുകൾ, സെമിനാറുകൾ എന്നീ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള നടപടി അനെർട്ട് സ്വീകരിച്ച് വരുന്നു.

## ശിപാർശ

എനർജി എഫിഷ്യൻസി സർവ്വീസ് ലിമിറ്റഡ് (E.E.S.L.) എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി ചേർന്ന് സംസ്ഥാനത്ത് കൂടുതൽ പബ്ലിക് ഇ.വി. ഫാസ്റ്റ് ചാർജ്ജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അനെർട്ട് നടത്തിവരുന്നുണ്ടെന്നും സ്വകാര്യ സംരംഭകരെ കൂടി ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് പങ്കാളികളാക്കാനുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കുന്നതിനുള്ള പ്രചരണ ബോധവൽക്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഇലക്ട്രിക് വാഹനങ്ങളായ ഇ-കാറുകൾ, ഇ-സ്കൂട്ടറുകൾ, ഇ-ഓട്ടോകൾ എന്നിവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും ബോധവത്കരണപ്രവർത്തനങ്ങൾക്കായി ക്ലാസ്സുകൾ നടത്തുന്നതിനുള്ള പദ്ധതികൾ അനെർട്ട് സ്വീകരിച്ച് വരുന്നു.

**<u>ഇ-മൊബിലിറ്റി</u>**

<u>ശിപാർശ</u>

ഇ.ഇ.എസ്.എൽ (E.E.S.L.) മുഖേനയാണ് നിലവിൽ വിവിധ സർക്കാർ സ്ഥാപനങ്ങൾക്ക് ഇ-കാറുകൾ വാടകയ്ക്കെടുത്ത് നൽകിവരുന്നത്. അനെർട്ട് മറ്റ് ധനകാര്യ സ്ഥാപനങ്ങളുമായി ചേർന്ന് വാഹന കമ്പനികളിൽ നിന്ന് ഇവ നേരിട്ട് ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചുവരുന്നുണ്ടെന്നും ഇലക്ട്രിക് കാറുകൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ഫാസ്റ്റ് ചാർജ്ജിങ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്റ്റേഷനുകളിൽ അനെർട്ട് മുഖേന ധനസഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടെന്നും സോളാർ ചാർജ്ജിംഗ് സ്റ്റേഷനുകൾക്ക് സബ്സിഡി നൽകുമ്പോൾ ഒരു വർക്കിന് 3 ശതമാനം സർവ്വീസ് ചാർജ്ജ് മാത്രമാണ് അനെർട്ടിന് ലഭിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ചാർജ്ജിംഗ്

സ്റ്റേഷനുകളിൽ സോളാർ ആണ് ഉപയോഗിക്കുന്നതെങ്കിൽ ഗ്രീൻ മൊബിലിറ്റി പൂർണ്ണമായുണ്ടാകുമെന്നും സമിതി മനസ്സിലാക്കുന്നു. ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് വാഹനനിർമ്മാണ കമ്പനികളുടെ ഒരു യോഗം വിളിച്ചുചേർത്ത് ഇതുസംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

## സർക്കാർ സ്വീകരിച്ച നടപടി

നിലവിൽ EESL മുഖേനയാണ് വിവിധ വകുപ്പുകൾക്ക് ഇ-കാറുകൾ നൽകി വരുന്നത്. ഇലക്ട്രിക് കാറുകൾ ചാർജ് ചെയ്യുന്നതിന് ദേശീയപാതയിലും സംസ്ഥാന പാതയിലും ഡി സി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളുടെ കുറവാണ് കാറുകൾ ലീസിനു എടുക്കുന്നതിന് സർക്കാർ വകുപ്പുകൾക്ക് തടസ്സമായി നിൽക്കുന്നത്. ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വാഹന നിർമാണ കമ്പനികളുടെ യോഗം വിളിച്ച് ചേർത്തിരുന്നു. ഇതു സംബന്ധിച്ച തുടർനടപടികൾ അനെർട്ട് സ്വീകരിച്ച് വരുന്നു.

## ശിപാർശ

സർക്കാർ വകുപ്പുകളിൽ 15,600 ഓളം എസ്.യു.വി.കളുള്ളതിൽ 9000 എണ്ണം ലീസിലാണ് എടുത്തിരിക്കുന്നതെന്നും ഇവ കണ്ടം ചെയ്യുമ്പോൾ പിന്നീട് ഇലക്ട്രിക് വാഹനങ്ങൾ മാത്രമേ വാങ്ങാവൂ എന്ന് സർക്കാർ തീരുമാനിക്കുന്നത് അഭികാമ്യമായിരിക്കുമെന്നും 1000 സി.സി.യുടെ ഒരു ഡീസൽ കാറിന് 8 ലക്ഷം രൂപയും ഒരു ഇലക്ട്രിക് കാറിന് 13 ലക്ഷം രൂപയുമാണെന്നും എന്നാൽ ഇലക്ട്രിക് കാറുകൾക്ക് കിലോമീറ്ററിന് ഒരു രൂപയും ഡീസൽ കാറുകൾക്ക് കിലോമീറ്ററിന് 4 രൂപയുമാണ് ചെലവുവരുന്നതെന്നും ഇലക്ട്രിക് വാഹനങ്ങൾക്ക് പ്രാരംഭ ചെലവ് വളരെ കൂടുതലാണെങ്കിലും 10 വർഷത്തെ ചെലവ് കണക്കാക്കിയാൽ ലാഭകരമായിരിക്കുമെന്നും സർക്കാർ രണ്ടായിരം ഇലക്ട്രിക് വാഹനങ്ങളെങ്കിലും വാങ്ങിയാൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ, കമ്പനികൾ തന്നെ സ്ഥാപിച്ചുനൽകുമെന്നും ഓർഡർ ലഭിച്ചാലുടനെ ഇലക്ട്രിക് വാഹനങ്ങൾ ലഭ്യമാക്കാൻ വാഹന ഉടമകൾ തയ്യാറാണെന്നും സമിതി മനസ്സിലാക്കുന്നു. വാഹന നികുതി ഒഴിവാക്കിയാൽ ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിന് കൂടുതൽ ആളുകൾ തയ്യാറാകുമെന്നും മിക്ക

സംസ്ഥാനങ്ങളിലും ഇലക്ട്രിക് വാഹനങ്ങൾക്ക് റോഡ് നികുതി, രജിസ്ട്രേഷൻ ചാർജ്ജ് തുടങ്ങിയവ ഈടാക്കുന്നില്ലെന്നും സമിതി നിരീക്ഷിക്കുന്നു. ഇലക്ട്രിക് വാഹനങ്ങൾക്ക് മറ്റ് സംസ്ഥാനങ്ങൾ നൽകുന്ന ഇളവ് കേരളത്തിലും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നിലവിൽ 11 മുതൽ 13 ലക്ഷം രൂപയ്ക്ക് 1000 CC യ്ക്ക് തുല്യമായ ഇലക്ട്രിക് കാറുകൾ ലഭ്യമായതിനാലും, ഇന്ധനച്ചെലവ് അഞ്ചിൽ ഒന്ന് മാത്രമായതിനാലും സർക്കാർ വകുപ്പുകളിൽ ഇലക്ട്രിക് കാറുകൾ എടുക്കുന്നത് ലാഭകരമായിരിക്കും കൂടാതെ മിക്ക സംസ്ഥാനങ്ങളിലും ഇലക്ട്രിക് വാഹനങ്ങൾക്ക് റോഡ് നികുതി, രജിസ്ട്രേഷൻ ചാർജ് എന്നിവ ഈടാക്കാത്തതിനാൽ ഇലക്ട്രിക് വാഹനങ്ങൾക്ക് മറ്റു സംസ്ഥാനങ്ങൾ നൽകുന്ന ഇളവ് കേരളത്തിലും അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

**<u>ഗ്രീൻ ഹൈഡ്രജൻ</u>**

<u>ശിപാർശ</u>

VISL (Vizhinjam International Seaport Limited) ലക്ഷ്യമിട്ടിട്ടുള്ള ഗ്രീൻ എനർജി പദ്ധതിയുടെ ഭാഗമായി വിഴിഞ്ഞത്ത് ഗ്രീൻ ഹൈഡ്രജൻ ഉത്പാദിപ്പിക്കുന്നതിനുള്ള 10 മെഗാവാട്ട് ശേഷിയുള്ള ഫ്യൂവലിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിന് VISL മായി MOU ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. അനെർട്ടിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ അനെർട്ടിനെ 25.02.2021-ലെ G.O. (Ms.) No. 8/2021/POWER പ്രകാരം പുന:സംഘടിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരമുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. അനെർട്ടിന് തിരുവനന്തപുരത്തുള്ള കേന്ദ്ര കാര്യാലയത്തിന് പുറമേ 14 ജില്ലകളിലും ജില്ലാ ഓഫീസുകളും നിലവിലുണ്ട്. പുന:സംഘടന പ്രകാരം ഈ ഓഫീസുകളിലായി ആകെ 101 തസ്തികകളാണ് ഉള്ളത്. ഇതിൽ 25 തസ്തികകളിൽ മാത്രമാണ് സ്ഥിരം ജീവനക്കാർ ഉള്ളത്. ബാക്കിയുള്ള

തസ്തികകളിൽ പി.എസ്.സി. മുഖേന സ്ഥിരം നിയമനം നടത്തുന്നതിനാവശ്യമായ സ്പെഷ്യൽ റൂൾ നടപ്പിലാകുമ്പോൾ എല്ലാ ജില്ലാ ഓഫീസുകളിലേയും ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ കഴിയുമെന്ന് സമിതി മനസ്സിലാക്കുന്നു. പി.എസ്.സി. നിയമനം നടത്തുന്നതുവരെ പരാതികൾ പരിഹരിക്കുന്നതിന് കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

## സർക്കാർ സ്വീകരിച്ച നടപടി

അനെർട്ടിൽ നിലവിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും കരാർ അടിസ്ഥാനത്തിലും ജീവനക്കാരെ നിയോഗിച്ച് വരുന്നു.

## ശിപാർശ

പീക്ക് അവറിൽ വൈദ്യുതിയുടെ ഉപയോഗം കുറയ്ക്കാൻ ഇ.എം.സി. നടത്തുന്ന പ്രചരണത്തിന്റെ ഭാഗമായി വോൾട്ടേജ് കുറവുള്ള സമയങ്ങളിലും വൈകുന്നേരങ്ങളിലും മിക്സി, വാഷിംഗ് മെഷീൻ, മോട്ടോർ ഗ്രൈന്റർ, ഇൻഡക്ഷൻ കുക്കർ തുടങ്ങിയ ഉപകരണങ്ങൾ പ്രവർത്തിപ്പിച്ചാൽ അവ കേടാകുമെന്ന ആശയം നൽകിക്കൊണ്ട് ജനങ്ങളെ ബോധവൽക്കരിക്കുന്നുണ്ടെന്നും സ്മാർട്ട് മീറ്റർ വ്യാപകമാക്കുന്നതിലൂടെ പീക്ക് അവറിലെ വൈദ്യുതി ഉപഭോഗം കുറയ്ക്കാൻ സാധിക്കുമെന്നും സമിതി മനസ്സിലാക്കുന്നു. ഫൈവ് സ്റ്റാർ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിലൂടെ വൈദ്യുതി ലാഭിക്കാൻ കഴിയുമെന്ന പ്രചരണം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

## സർക്കാർ സ്വീകരിച്ച നടപടി

- എനർജി മാനേജ്മെന്റ് സെന്റർ സമസ്തമേഖലകളിലും ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ഊർജ്ജ സംരക്ഷണ മാർഗങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനായി പരിശീലന പരിപാടികൾ നടത്തിവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റെസിഡന്റ്സ് അസോസിയേഷൻ, വ്യവസായ ശാലകൾ, സർക്കാർ സ്ഥാപനങ്ങൾ

തുടങ്ങിയവ കേന്ദ്രീകരിച്ചാണ് ശില്പശാലകൾ നടത്തിവരുന്നത്. ഇത്തരം ശില്പശാലകളിൽ എല്ലാം തന്നെ ഫൈവ് സ്റ്റാർ റേറ്റഡ് ഉപകരണങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചുള്ള സെഷനുകൾ ഉണ്ടാകാറുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 900 ൽ പരം ശില്പശാലകൾ സംഘടിപ്പിച്ചു.

- സ്റ്റാൻഡേർഡ്സ് ആൻഡ് ലേബലിംഗ് പ്രോഗ്രാമിന്റെ ഗുണമേന്മകളെയും നിയമങ്ങളെയും കുറിച്ച് വ്യാപാരികളെ ബോധവാന്മാരാക്കുന്നതിനു വേണ്ടി കേരളത്തിൽ ഇ.എം.സി വ്യാപാരികൾക്കായി റീടെയിലർ ആൻഡ് ട്രെയിനിംഗ് പ്രോഗ്രാം പരമ്പര 14 ജില്ലകളിലും സംഘടിപ്പിച്ചു. 14 ശില്പശാലകളിലുമായി 650-ൽ പരം വ്യാപാരികൾ പങ്കെടുത്തു.

- കൂടാതെ പൊതുജനങ്ങൾക്ക് സ്റ്റാർ റേറ്റഡ് ഉപകരണങ്ങളുടെ ഗുണമേന്മ മനസ്സിലാക്കി കൊടുക്കുന്നതിനും ഊർജ്ജ ഉപയോഗം കുറയ്ക്കുന്നതിന്റെ ഭാഗമായി സർക്കാർ ഓഫീസുകളിലെയും സ്കൂളുകളിലെയും ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ഉപകരണങ്ങൽ മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ സ്റ്റാർ റേറ്റഡ് ഉപകരണങ്ങൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇത്തരത്തിൽ സർക്കാർ സ്ഥാപനങ്ങളിൽ ഊർജ്ജ കാര്യക്ഷമത കൂടിയ ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

- ഫൈവ്സ്റ്റാർ റേറ്റഡ് ഉപകരണങ്ങളുടെ ഗുണമേന്മയെക്കുറിച്ചുള്ള വിവരണം സാമൂഹിക മാധ്യമങ്ങളിലൂടെയും റേഡിയോയിലൂടെയും നൽകിവരുന്നു.

- കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാവ്യതിയാന മന്ത്രാലയത്തിന്റെയും നീതി ആയോഗിന്റെയും ആഭിമുഖ്യത്തിൽ രാജ്യത്താകമാനം നടന്നുവരുന്ന LiFE (Lifestyle for Environment) ക്യാമ്പയിനിന്റെ ഭാഗമായി ഇ.എം.സി യുടെ നേതൃത്വത്തിൽ കേരളത്തിൽ LiFE പ്രോഗ്രാം പുരോഗമിക്കുന്നു. പ്രകൃതിയോടിണങ്ങിയ ജീവിതിരീതി പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി ഊർജസംരക്ഷണത്തെ പ്രധാന വിഷയമാക്കിയുള്ള ബോധവൽക്കരണ ശില്പശാലകളാണ് ഇ.എം.സി.യുടെ നേതൃത്വത്തിൽ നടന്നുവരുന്നത്. നിലവിൽ 431 ശില്പശാലകൾ പൂർത്തീകരിച്ചു.

- ഫൈവ്സ്റ്റാർ റേറ്റഡ് ഉപകരണങ്ങളുടെ ഗുണമേന്മയെക്കുറിച്ചുള്ള വിവരണം

സാമൂഹിക മാധ്യമങ്ങളിലൂടെയും റേഡിയോയിലൂടെയും നൽകിവരുന്നു.

- മേല്പറഞ്ഞ പരിപാടികൾ 2023-24 സാമ്പത്തിക വർഷവും തുടർന്നുവരുന്നു.

ശിപാർശ

കൂടാതെ, തുച്ഛമായ വിലയ്ക്ക് ലഭിക്കുന്നതും സ്റ്റാർ റേറ്റിംഗ് ഇല്ലാത്തതുമായ മോട്ടോറുകൾ കൃഷിക്കാർ ധാരാളമായി വാങ്ങുന്നുണ്ടെന്നതിനാൽ സ്റ്റാർ ഇല്ലാത്ത മോട്ടോറുകളിൽ എത്ര യൂണിറ്റ് വൈദ്യുതി ചെലവാകുന്നുണ്ടെന്ന് പരിശോധിക്കണമെന്നും ഇതുകൊണ്ടുള്ള വൈദ്യുതി നഷ്ടം സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സർക്കാർ സ്വീകരിച്ച നടപടി

- കാർഷിക മേഖലയെ ഊർജ്ജ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കാർഷിക മേഖലയിൽ ഉപയോഗിക്കുന്ന തിരഞ്ഞെടുത്ത പമ്പ് സെറ്റുകൾ മാറ്റി ഊർജ്ജ കാര്യക്ഷമതയുള്ളവ ആക്കി മാറ്റുകയും കർഷകർക്ക് ഊർജ്ജ സംരക്ഷണ മാർഗങ്ങൾ മനസിലാക്കുവാൻ ബോധവത്കരണ ക്ലാസുകളും പ്രദർശനങ്ങളും സംഘടിപ്പിച്ചു.

- പദ്ധതിയുടെ ഭാഗമായി പാലക്കാട് എരുത്തേൻപതിയിലെ ഇന്റഗ്രേറ്റഡ് സീഡ് ഡെവലപ്മെന്റ് ഫാമിൽ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ പമ്പുസെറ്റുകൾ മാറ്റി ഊർജ്ജ കാര്യക്ഷമമായ 5 എച്ച് പി ശേഷിയുള്ള 3 പമ്പ് സെറ്റുകൾ സ്ഥാപിച്ചു.

- കൂടാതെ കർഷകർക്ക് കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെ 15 ബോധവത്കരണ പരിശീലന പരിപാടി സംഘടിപ്പിച്ചു.

- കാലാവസ്ഥ അതിജീവനശേഷിയും ഊർജ്ജകാര്യക്ഷമതയും കാർഷിക മേഖലയിൽ എന്ന വിഷയത്തിൽ എല്ലാ ജില്ലകളിലും ശില്പശാലകൾ സംഘടിപ്പിക്കുന്നു. നിലവിൽ 3 ജില്ലകളിൽ ശില്പശാലകൾ സംഘടിപ്പിച്ചു.

- മേല്പറഞ്ഞ പരിപാടികൾ 2023-24 സാമ്പത്തിക വർഷവും തുടർന്നു വരുന്നു

<u>ശിപാർശ</u>

കേരളത്തിലുടനീളം 700 ലധികം ചെറുകിട സംരംഭങ്ങൾ വനിതാ സംരംഭകരുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്നുണ്ട്. ഈ കമ്പനികളിൽ ഭൂരിഭാഗവും MSME മേഖലയുടെ കീഴിലാണ്. ഇത്തരത്തിൽ വനിതാ സംരംഭകരുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന MSME സ്ഥാപനങ്ങളിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇ.എം.സി. നടത്തുന്ന 'സ്ത്രീകളുടെ ഉടമസ്ഥതയിലുള്ള MSME സ്ഥാപനങ്ങൾ ഊർജ്ജ കാര്യക്ഷമതയിലേക്ക് ' എന്ന പദ്ധതിയുടെ ഭാഗമായി പ്രസ്തുത സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനും ഊർജ്ജ സംരക്ഷണ ശില്പശാലകൾ നടത്തുന്നതിനും വിഭാവനം ചെയ്യുന്നു. പദ്ധതി നടത്തിപ്പിനായുള്ള രൂപരേഖ തയ്യാറാക്കി, പദ്ധതി വിശദാംശങ്ങൾ വനിതാ സംരംഭകരെ അറിയിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതുസംബന്ധിച്ച തുടർ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

- വനിതകളുടെ കീഴിലുള്ള MSME സ്ഥാപനങ്ങളിൽ ഊർജ്ജകാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളത്തിൽ ഉടനീളം 60 ശില്പശാലകൾ സംഘടിപ്പിച്ചു. തുടർന്നും ശില്പശാലകൾ സംഘടിപ്പിക്കുന്നതാണ്. ശില്പശാലയിൽ പങ്കെടുത്ത സ്ഥാപനങ്ങളിലെ പ്രതിനിധികളോട് ഊർജ്ജ ഓഡിറ്റ് നടത്തുവാൻ താത്പര്യം ഉള്ളവർ ഇ.എം.സി.യുമായി ബന്ധപ്പെടുവാൻ അറിയിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ സ്ഥിതീകരണം ലഭ്യമാകുന്ന മുറയ്ക്ക് ഊർജ്ജ ഓഡിറ്റ് നടത്തുന്നതാണ്. ഊർജ്ജ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ഊർജ്ജസംരക്ഷണ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള സാങ്കേതികസഹായം ഇ.എം.സി നൽകുന്നതാണ്.

<u>ശിപാർശ</u>

സൂക്ഷ്മ ചെറുകിട ഗണത്തിൽപ്പെട്ട ഊർജ്ജ ഉപഭോക്താക്കളിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെയും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെയും ഭാഗമായി ഇ.എം.സി.യിൽ എംപാനൽ ചെയ്ത ഊർജ്ജ ഓഡിറ്റ് സ്ഥാപനങ്ങളുമായി ഓൺലൈൻ മീറ്റിങ്ങ് സംഘടിപ്പിച്ചതിന്റെ

അടിസ്ഥാനത്തിൽ 5 സ്ഥാപനങ്ങൾ അവരുടെ താൽപര്യപത്രം സമർപ്പിച്ചിട്ടുണ്ട്. ബേക്കറി, കാർ സർവ്വീസ് സെന്റർ, സൂപ്പർ മാർക്കറ്റുകൾ, മത്സ്യ സംസ്കരണ യൂണിറ്റുകൾ, കാർഷിക ഉൽപ്പന്ന യൂണിറ്റുകൾ എന്നീ സ്ഥാപനങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. മേൽപ്പറഞ്ഞ മേഖലകളിൽ പഠനം നടത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിന്റെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

## സർക്കാർ സ്വീകരിച്ച നടപടി

സൂക്ഷ്മ ചെറുകിട സ്ഥാപനങ്ങളിലെ ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ തിരഞ്ഞെടുത്ത 10 ബേക്കറികൾ, 10 സീഫുഡ് സംസ്കരണശാലകൾ, 10 BEVCO ഔട്ട് ലെറ്റുകൾ, 1 സൂപ്പർമാർക്കറ്റ് എന്നിവിടങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഊർജ്ജ ഓഡിറ്റ് റിപ്പോർട്ടിൽ സ്ഥാപനത്തിലെ ഊർജ്ജ ഉപയോഗം കുറയ്ക്കുന്നതിനുള്ള ഊർജ്ജസംരക്ഷണ മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്.

## ശിപാർശ

ഗോ ഇലക്ട്രിക് ക്യാമ്പയിന്റെ ഭാഗമായി വിഭാവനം ചെയ്ത 'പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് ടൂ വീലറുകൾ' എന്ന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ കൺവെർജെൻസ് എനർജി സർവീസസ് ലിമിറ്റഡുമായി ലോക പരിസ്ഥിതി ദിനമായ 2021 ജൂൺ 5 ന് എനർജി മാനേജ്മെന്റ് സെന്റർ ധാരണാപത്രം ഒപ്പുവയ്ക്കുകയും ഇലക്ട്രിക് ടൂ വീലർ നിർമ്മാതാക്കളിൽ നിന്നും താല്പര്യപത്രം ക്ഷണിച്ച് വാഹനങ്ങളുടെ വില നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതി മുഖേന ഉപഭോക്താവിന് ഓൺലൈൻ പോർട്ടലിലൂടെ ഇലക്ട്രിക് ടൂ വീലറുകൾ തിരഞ്ഞെടുക്കുവാൻ സാധിക്കും. പോർട്ടലിന്റെ നിർമ്മാണ പ്രവർത്തനങ്ങളും കൺവെർജെൻസ് എനർജി സർവീസസ് ലിമിറ്റഡാണ് നടത്തിയിട്ടുള്ളത്. പോർട്ടലിലൂടെ 6 ഇലക്ട്രിക് വാഹന നിർമ്മാതാക്കളുടെ 10 മോഡലുകളാണ് ലഭ്യമാകുന്നത്. ഇലക്ട്രിക് മൂന്നുചക്ര വാഹനങ്ങളുടെ വിപണനം ഈ പോർട്ടൽ വഴി

നടത്തുന്നതിനുള്ള പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്. ആയത് എത്രയും പെട്ടെന്ന് പൂർത്തിയാക്കി പോർട്ടൽ പ്രവർത്തനസജ്ജമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

## സർക്കാർ സ്വീകരിച്ച നടപടി

- ഇ.എം.സിയുടെ "ഗോ-ഇലക്ട്രിക്ക്" ക്യാമ്പയിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയിൽ വൈദ്യുത ഇരുചക്ര വാഹനങ്ങൾ വാങ്ങുവാനുള്ള സൗകര്യം സജ്ജമാക്കിയിരുന്നു. കേന്ദ്ര ഊർജ്ജമന്ത്രാലയത്തിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ കോൺവെർജെൻസ് എനർജി സർവീസ് ലിമിറ്റഡുമായി (സി.ഇ.എസ്.എൽ) ലോകപരിസ്ഥിതി ദിനമായ 2021 ജൂൺ 5 ന് കരാറിൽ ഏർപ്പെടുകയുണ്ടായി. ഈ പദ്ധതി പ്രകാരം കേരളത്തിലെ പൊതുജനങ്ങൾക്ക് വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ഇലക്ട്രിക്ക് ടൂ വീലറുകൾ വാങ്ങുവാൻ സാധിച്ചിരുന്നു.
- ഈ പദ്ധതി നടപ്പിലാക്കുന്നതിനായി, CESL ഇലക്ട്രിക്ക് ടൂ വീലറുകളുടെ നിർമ്മാതാക്കളിൽ നിന്ന് രാജ്യവ്യാപകമായി ടെൻഡർ ക്ഷണിച്ച് 6 വാഹനനിർമ്മാതാക്കളെ എംപാനൽ ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്ക് മേല്പറഞ്ഞ വാഹന നിർമ്മാതാക്കളുടെ ഇലക്ട്രിക്ക് ടൂ വീലറുകൾ www.MyEV.org.in എന്ന വെബ്സൈറ്റിൽ നിന്നും കൂടാതെ MyEV മൊബൈൽആപ്പ് (ഗൂഗിൾ പ്ലേസ്റ്റോറിലും, ആപ്പിൾ ആപ്പ്സ്റ്റോറിലും ലഭ്യമാണ്) വഴിയും ബുക്ക് ചെയ്യാനുമുള്ള സൗകര്യം ഒരുക്കിയിരുന്നു. നിർമ്മാതാക്കളുടെ ഡീലർമാർ മുഖേനയാണ് വാഹനം വില്പന നടത്തിയത്. ഇന്ത്യയിൽ തന്നെ ആദ്യമായിട്ടാണ് ഒരു പോർട്ടൽ മുഖാന്തരം ഇത്തരം വാഹനം വാങ്ങുവാനുള്ള സൗകര്യം ഒരുക്കിയിട്ടുള്ളത്. 50 ഓളം വാഹനങ്ങൾ പോർട്ടൽ മുഖാന്തരം വില്പന നടത്തിയിട്ടുണ്ട്. ഒരു വർഷക്കാലം പോർട്ടൽ പ്രവർത്തനം സജ്ജമായിരുന്നു. വൈദ്യുത

വാഹനങ്ങളുടെ ഉപയോഗം വർദ്ധിച്ച സാഹചര്യത്തിലാണ് പോർട്ടൽ മുഖാന്തരമുള്ള സേവനം അവസാനിപ്പിച്ചത്.

**<u>ചെറുകിട ജലവൈദ്യുത പദ്ധതി (SHP)</u>**

<u>ശിപാർശ</u>

8 മെഗാവാട്ട് ശേഷിയുള്ള ആനക്കംപോയിൽ SHP യും 4.5 മെഗാവാട്ട് ശേഷിയുള്ള അരിപ്പാറ SHP യും കമ്മീഷൻ ചെയ്ത് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. 3 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ TEFR ന് സർക്കാർ അംഗീകാരം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മുക്കടം (4 MW) പദ്ധതി നിർമ്മാണം പൂർത്തിയാക്കി ഗ്രിഡിൽ കണക്ട് ചെയ്തിട്ടുണ്ട്. ഏഴാംകടവ് (0.35MW) പദ്ധതി നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ജലലഭ്യത കുറവായ സാഹചര്യം നിലനിൽക്കുന്നതിനാൽ ഗ്രിഡിൽ കടക്ട് ചെയ്യാൻ സാധിച്ചിട്ടില്ല. ഇ എം സി മുഖേനയുള്ള കോഴിയിലകത്ത് (1.5MW) പദ്ധതിയിൽ ഓപ്പൺ അക്സസ്സ് വഴി ഊർജ്ജം നൽകുന്നത് സാധ്യമാക്കാൻ ആവശ്യമായ ലെറ്റർ ഓഫ് കംഫർട്ട്, കെ.എസ്.ഇ. ബി.എൽ- ൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഇ എം സി സ്വീകരിച്ച് വരുന്നു.

പിണവൂർ (7 MW), ലോവർ വട്ടപ്പാറ (2.5 MW) കനഗപ്പുഴ (1 MW) എന്നീ പദ്ധതികളുടെ പ്രാജക്ട് റിപ്പോർട്ടിനു (TEFR) ക്ലിയറൻസ് ലഭ്യമാക്കിയിട്ടുണ്ട്. ഇവയിൽ ലോവർ വട്ടപ്പാറ പദ്ധതി പാലക്കാട് ജില്ലാ പഞ്ചായത്തിന് സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. മറ്റ് രണ്ട് പദ്ധതികളും സ്വകാര്യ സംരംഭകർ വഴിയാണ് നടപ്പിൽ വരുത്തുന്നത്.

**<u>റിവർ ബേസിൻ പഠനം</u>**

<u>ശിപാർശ</u>

കേരളത്തിലെ ജലസേചന കനാലുകളിലും നദികളിലും അരുവികളിലും ജലവേഗത്തിൽ നിന്ന് ഹൈഡ്രോ കൈനെറ്റിക് സാങ്കേതിക വിദ്യ ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന്റെ സാധ്യതാപഠനം നടത്തുന്നതിനും പൈലറ്റ്

പദ്ധതി നടപ്പാക്കുന്നതിനും വേണ്ടിയുള്ള താൽപര്യപത്രം ക്ഷണിച്ചിട്ടുണ്ട്. ലഭിച്ച 2 താൽപര്യപത്രങ്ങളിൽ നിന്ന് ജലസേചന കനാലുകൾക്ക് കൂടുതൽ അനുയോജ്യമായ മാക് ലക്ക് ടർബയിൻ ഉപയോഗിച്ചുള്ള സാധ്യതാപഠനം നടത്തുന്നതിനും 25 KW പൈലറ്റ് പദ്ധതി നടപ്പിലാക്കുന്നതിനും ഊർജ്ജ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ കാര്യക്ഷമമായും ഊർജ്ജിതമായും പൂർത്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സർക്കാർ സ്വീകരിച്ച നടപടി

റിവർ ബേസിൻ-ന്റെ സാധ്യത പഠനം നടത്തിയിട്ടുണ്ട്. അതിൽ ചിറ്റൂർപ്പുഴ ജലവൈദ്യുത പദ്ധതിയുടെ മൂലത്തറ ഇറിഗേഷൻ കനാലിൽ സ്ഥാപിക്കാൻ ഉദ്ദേശിച്ച 25 KW ഹൈഡ്രോ കൈനറ്റിക് പ്രൊജക്ടുമായി ബന്ധപ്പെട്ട് പദ്ധതി പൂർത്തിയാക്കാൻ താമസം നേരിടുകയും പുതുക്കിയ എഗ്രിമെന്റ് വയ്ക്കാൻ ആവശ്യപ്പെട്ടതുമാണ്. എന്നാൽ പുതുക്കിയ എഗ്രിമെന്റ് വയ്ക്കാൻ കോൺട്രാക്റ്റ് നേടിയ MACLEC എന്ന സ്റ്റാർട്ട് അപ് കമ്പനി വിസമ്മതിച്ചതിനാൽ ടേർമിനേഷൻ നോട്ടീസ് നല്കി കരാർ റദ്ദ് ചെയ്ത് ബാങ്ക് ഗ്യാരന്റി പിടിച്ചെടുത്തിട്ടുണ്ട്. ഈ ബാങ്ക് ഗ്യാരന്റി പിടിച്ചെടുത്തതിലൂടെ കരാറുകാരന് നല്കിയിരുന്ന മൊബിലൈസേഷൻ അഡ്വാൻസായ 27.5 ലക്ഷം രൂപ തിരിച്ച് വസൂലാക്കിയിട്ടുണ്ട്. അതിനാൽ ഇ.എം.സി ക്ക് സാമ്പത്തിക നഷ്ടങ്ങൾ ഉണ്ടായിട്ടില്ല. ഈ പദ്ധതി ഇന്ത്യയിൽ ആദ്യമായി പൈലറ്റ് അടിസ്ഥാനത്തിൽ ചെയ്യാൻ ഉദ്ദേശിച്ചിരുന്ന പദ്ധതിയായതിനാലും ഇതിന് ഇന്ത്യയിൽ ഒരു സ്റ്റാർട്ട് അപ്പ് കമ്പനിയിലൂടെ നടപ്പിൽ വരുത്താൻ ഉദ്ദേശിച്ചിരുന്നതിനാൽ ഈ പദ്ധതിയുമായി മുന്നോട്ട് പോകാൻ കഴിയില്ല. അതിനാൽ പ്രസ്തുത പദ്ധതി ഉപേക്ഷിക്കേണ്ടിയിരിക്കുന്നു.

കേരളത്തിലെ ജലസേചന കനാലുകളിലും നദികളിലും അരുവികളിലും ജല വേഗത്തിൽ നിന്ന് ഹൈഡ്രോ കൈനറ്റിക് സാമ്പത്തിക വിദ്യ ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന്റെ സാധ്യതാ പഠനം നടത്തുന്നതിനും പൈലറ്റ് പദ്ധതി നടപ്പാക്കുന്നതിനും വേണ്ടിയുള്ള താൽപര്യപത്രം ക്ഷണിച്ച പദ്ധതികളിൽ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ മേൽനോട്ടത്തിലോ ശിപാർശയിലോ ഒരു

പദ്ധതികളും ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ വൈദ്യുതി ബോർഡ് വാമനപുരം റിവർ ബേസിന്റെ പഠനം നടത്തി റിപ്പോർട്ട് എനർജി മാനേജ്മെന്റ് സെന്ററിന് നൽകിയിട്ടുണ്ട്. അതിനുപുറമേ നിലവിൽ മണിമല റിവർ ബേസിനിൽ ചെറുകിട, മിനി ജലവൈദ്യുത പദ്ധതികളുടെ സാധ്യതകളും വെള്ളപ്പൊക്ക നിയന്ത്രണ സാദ്ധ്യതകളും സംബന്ധിച്ച് പഠനം കൊട്ടാരക്കര ഇൻവെസ്റ്റിഗേഷൻ ഡിവിഷന്റെ നേതൃത്വത്തിൽ നടന്നു വരുന്നു. പഠന റിപ്പോർട്ട് 2024 ആഗസ്റ്റ് 31-നകം സമർപ്പിക്കുന്നതാണ്.

## ശിപാർശ

വിതരണ മേഖലയിലെ എച്ച്.റ്റി. (33 KV, 11 KV) ലൈനുകളിൽ കമ്പി പൊട്ടിവീഴുന്നതുമൂലമോ ഇൻസുലേറ്റർ തകരാറിലാവുന്നതുകൊണ്ടോ വൈദ്യുതി തടസ്സം ഉണ്ടാവുകയാണെങ്കിൽ തകരാറുണ്ടായ സ്ഥലം ഉടനടി അറിയുന്നതിനായി കമ്മ്യൂണിക്കേറ്റിംഗ് ഫോൾട്ട് പാസ് ഡിറ്റക്റ്റർ (CFPD) എന്ന ഉപകരണം കെ.എസ്.ഇ.ബി.എൽ ജീവനക്കാർ സ്വന്തമായി വികസിപ്പിച്ച് നിർമ്മിച്ച് സ്ഥാപിക്കുന്ന പ്രവൃത്തി നടപ്പിലാക്കി വരുന്നുണ്ട്. ഇത് ഒരു GSM നെറ്റ് വർക്ക് അധിഷ്ഠിത സാങ്കേതിക വിദ്യയാണ് 11 കെ.വി., 33 കെ.വി. വൈദ്യുതി വിതരണ ലൈനുകളിൽ ഉണ്ടാകുന്ന തകരാറുകൾ പെട്ടെന്ന് കണ്ടുപിടിച്ച് വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ SMS മൂലവും തകരാർ ഉണ്ടായ സ്ഥലം GIS മാപ്പ് വഴിയും അറിയിച്ച് പ്രശ്നപരിഹാരം വേഗത്തിൽ ആക്കാൻ സഹായിക്കുന്ന നൂതന സംവിധാനമാണിത്.

(ഖണ്ഡിക 49)

## സർക്കാർ സ്വീകരിച്ച നടപടി

### കമ്മ്യൂണിക്കേറ്റീവ് ഫോൾട്ട് പാസ് ഡിറ്റക്റ്റർ (CFPO)

കമ്പി പൊട്ടി വീഴുന്നതു മൂലമോ ഇൻസുലേറ്റർ തകരാറിലാവുന്നതുകൊണ്ടോ ഹൈ ടെൻഷൻ (എച്ച്.റ്റി) ലൈനുകളിൽ വൈദ്യുതി തടസ്സം ഉണ്ടാവുകയാണെങ്കിൽ തകരാറുണ്ടായ സ്ഥലം ഉടനടി അറിയുന്നതിനായി കമ്മ്യൂണിക്കേറ്റീവ് ഫോൾട്ട് പാസ് ഡിറ്റക്റ്റർ (CFPO) എന്ന ഉപകരണം കെ.എസ്.ഇ.ബി.എൽ ജീവനക്കാർ സ്വന്തമായി വികസിപ്പിച്ച്, നിർമ്മിച്ച്, സ്ഥാപിച്ച് വരുന്നു. പ്രസ്തുത ഉപകരണം

പാലക്കാട് ഇലക്ട്രിക്കൽ സർക്കിളിന് കീഴിലുള്ള (CFPO) യൂണിറ്റിൽ കെ.എസ്.ഇ.ബി.എൽ ജീവനക്കാർ തന്നെ ജി.എസ്.എം നെറ്റ് വർക്ക് അധിഷ്ഠിത സാങ്കേതിക വിദ്യയിൽ വികസിപ്പിച്ച് നിർമ്മിച്ചെടുത്ത ഒരു ഉപകരണമാണ്. നിലവിലെ പൊതിവിപണിയിലെ വിലയിൽ ലഭ്യമാകുന്ന ഉപകരണത്തേക്കാൾ വളരെ ചെലവ് കുറഞ്ഞ രീതിയിലാണ് പ്രസ്തുത ഉപകരണം കെ.എസ്.ഇ.ബി.എൽ നിർമ്മിക്കുന്നത്.

ഹൈ ടെൻഷൻ ലൈനിലെ തകരാറുകൾ ഉടനടി കണ്ടെത്തുന്നതിനും ആയത് സമയബന്ധിതമായി പരിഹരിക്കുന്നതിനും അതുവഴി വൈദ്യുതി തടസ്സപ്പെടുന്ന ദൈർഘ്യം കുറച്ച് ഉപഭോക്താവിന് വളരെ വേഗം തന്നെ വൈദ്യുതി ബന്ധം പുനസ്ഥാപിക്കാനും ഈ ഉപകരണം ഉപകാരപ്രദമാണ്. നിലവിൽ സംസ്ഥാനത്ത് ഏകദേശം 10,728-ത്തോളം CFPO ഉപയോഗിച്ച് വരുന്നു. കൂടാതെ ടി ഉപകരണത്തിന്റെ അറ്റകുറ്റപണികളും കെ.എസ്.ഇ.ബി.എൽ ജീവനക്കാർ തന്നെ ചെയ്തു വരുന്നു.

2018-19 സാമ്പത്തിക വർഷത്തിൽ Innovation & ESCOT ഫണ്ടിൽ നിന്നും പാലക്കാട് ജില്ലയിൽ CFPO സ്ഥാപിക്കുന്ന പദ്ധതിക്കായി 309.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടായിരുന്നു. 309.5 ലക്ഷം രൂപ ചെലവഴിച്ചതായി കാണിച്ചു കൊണ്ട് 24.03.2022 തീയതിയിലെ ധനവിനിയോഗ സർട്ടിഫിക്കറ്റ് കെ.എസ്.ഇ.ബി.എൽ ഹാജരാക്കിയിട്ടുണ്ട്. തുക അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരുന്നു.

<u>ശിപാർശ</u>

കെ.എസ്.ഇ.ബി.എൽ.-ലെ ജോലിക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾ ഇല്ലാതാക്കുകയെന്ന ലക്ഷ്യത്തോടെ എല്ലാ ഇലക്ട്രിക്കൽ സബ് ഡിവിഷൻ തലത്തിലും സേഫ്റ്റി ഓഫീസർമാരും സർക്കിൾ തലത്തിൽ ചീഫ് സേഫ്റ്റി ഓഫീസർമാരും മേഖലാ തലത്തിൽ ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർമാരും സംസ്ഥാന തലത്തിൽ ചീഫ് സേഫ്റ്റി കമ്മീഷണറും വർക്ക് സൈറ്റുകളിൽ ഉൾപ്പെടെയുള്ള സുരക്ഷാ പരിശോധനകളും തുടർനടപടികളും നടത്തിവരുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. അപകടങ്ങളും അപകട

മരണങ്ങളും പൂർണ്ണമായും ഇല്ലാതാക്കുകയെന്ന ലക്ഷ്യം നേടുന്നതിനായി മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായും ഊർജ്ജിതമായും നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

## സർക്കാർ സ്വീകരിച്ച നടപടി

അപകട രഹിത കെ.എസ്.ഇ.ബി.എൽ എന്ന ലക്ഷ്യം കൈവരിക്കുന്നതിലേക്കായി ചീഫ് സുരക്ഷാ കമ്മീഷണർ ചെയർമാൻ ആയി 25 ഇലക്ട്രിക്കൽ സർക്കിളുകളിലും സുരക്ഷാ അവലോകന കമ്മിറ്റി നടത്തി. വിവിധ വകുപ്പുകളിൽ - ജനമൈത്രി പോലീസ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, വിദ്യാഭ്യാസ, അഗ്നി സുരക്ഷ, കുടുംബശ്രീ, കൃഷി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, റെസിഡൻഷ്യൽ അസോസിയേഷൻ, ലൈറ്റ് ആന്റ് സൗണ്ട്സ് അസോസിയേഷൻ, വയർമെൻ അസോസിയേഷൻ എന്നിവയിൽ നിന്നുള്ള പ്രതിനിധികൾ സുരക്ഷാ കമ്മിറ്റി മീറ്റിങ്ങുകളിൽ പങ്കെടുത്തു. ബോർഡിന്റെ ഇൻസ്റ്റലേഷനുകളിൽ നിന്നും ബോർഡ് സ്റ്റാഫുകൾക്കും, സംഭവിച്ച അപകടങ്ങളെക്കുറിച്ചും വിശദമായി ചർച്ച ചെയ്തു നിർദ്ദേശങ്ങൾ വിശകലനം ചെയ്തു. ജോലി സ്ഥല പരിശോധനകളും ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് സന്ദർശനവും ഇതിന്റെ ഭാഗമായി നടത്തി.

സുരക്ഷ എല്ലാ തലത്തിലും പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിലേക്കായി എല്ലാ സുരക്ഷാ ഉദ്യോഗസ്ഥരും തങ്ങളുടെ അധികാര പരിധിയിൽ ഓരോ മാസവും അപ്രതീക്ഷിത ഇൻസ്പെക്ഷനുകൾ നടത്തി അത് റിപ്പോർട്ട് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നു. ഡെപ്യൂട്ടി സുരക്ഷാ കമ്മീഷണർമാർ തങ്ങളുടെ അധികാര പരിധിയിൽ വരുന്ന സെക്ഷനുകളിൽ സുരക്ഷ ഓഡിറ്റ് നടത്തി റിപ്പോർട്ട് ചെയ്യുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്നു. ഓരോ സുരക്ഷ ഉദ്യോഗസ്ഥരും തങ്ങളുടെ പരിധിയിലുള്ള സെക്ഷനുകളിൽ ഒരു മാസം 5 ബ്രേക്ക് ഡൗൺ ഇൻസ്പെക്ഷനുകൾ വീതം നടത്തുന്നു.

ലൈൻ പൊട്ടി വീഴ്ന്നുള്ള അപകടങ്ങൾ കുറയ്ക്കുന്നതിലേക്കായി എൽ ടി ലൈനുകളിൽ ലൈൻ സ്പെയ്സറുകൾ കേരളത്തിലെ സെക്ഷനുകളിൽ ഉടനീളം സ്ഥാപിച്ചു വരുന്ന പ്രവർത്തി ഊർജ്ജിതമായി പുരോഗമിച്ചു വരുന്നു.

നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ചെലവു കുറഞ്ഞ രീതിയിൽ

സുരക്ഷിതമായി വൈദ്യുതി പ്രതിഷ്ഠാപനങ്ങളിൽ ജോലി ചെയ്യാൻ ഉപകരിക്കുന്ന ഉപകരണങ്ങളും പണിയായുധങ്ങളും സേഫ്റ്റി വിങ്ങിന് കീഴിലെ ഇന്നവേഷനുവേണ്ടിയുള്ള യൂണിറ്റ് (മൈഡിയ) നിർമ്മിച്ച് പോരുന്നു.

2023-24 കാലയളവിൽ മൈഡിയ (MIDEA-ManufacturingUnit for Innovative Devices Equipment and Accessories) ASCR ഡിറ്റക്ടർ, B-അലേർട്ട് വോൾട്ടേജ് പ്രോക്സിമിറ്റി ഡിറ്റക്ടർ എന്നിവ വികസിപ്പിച്ചു, വിശേഷ തലത്തിലുള്ള ലൈൻ ഷോർട്ടിങ്ങ് ക്ലിപ്പ്, AB സ്വിച്ചുകൾക്കുള്ള ഫ്ലാഗ് സെറ്റ്, AB സ്വിച്ചിന് വിശേഷ തരത്തിലെ കണക്ടർ എന്നിവയുടെ നിർമ്മാണം അവസാന ഘട്ടത്തിൽ ആണ്. ഈ കാലയളവിൽ മൈഡിയ വിവിധ തരത്തിലുള്ള ഇന്നവേഷനുകൾ നടത്തി. കൂടാതെ മൊബൈൽ വേർഷനിലെ B- അലേർട്ട് വോൾട്ടേജ് ഡിറ്റക്ടർ, സബ്സ്റ്റേഷൻ ഫീഡർ പാനൽ - വോയ്സ് അലേർട്ട്, ലൂസ് കോൺടാക്റ്റ് ഡിറ്റക്ടർ, ഓഎച്ച് ലൈൻ കൺഡക്ടർ ജോയിനിംഗ് ടൂൾ, ലൈവ് യൂജി കേബിൾ ഐഡന്റിഫയർ, സ്പെഷ്യൽ ടൈപ്പ് ഫ്യൂസ് ഫിക്സ്ചർ, ഒടിഞ്ഞ പോസ്റ്റുകൾക്കുള്ള താൽകാലിക ഫിക്ചർ എന്നിവയ്ക്കുള്ള മാതൃക പൈലറ്റ് പുരോഗതിയിലാണ്.

"ശൂന്യ അപകട വർഷം" എന്ന ലക്ഷ്യത്തോടു കൂടി വർക്ക് സൈറ്റിൽ സുരക്ഷാ നിയന്ത്രണ പ്രക്രിയകളുടെ പരിപാലനം ഉറപ്പു വരുത്തുന്നതിനായി സ്ഥിരമായ മോണിറ്ററിംഗ്, ഇന്റർ സബ് ഡിവിഷൻ ഇൻസ്പെക്ഷനുകൾ, ഓരോ സെക്ഷനുകളിലും അപകടങ്ങൾ നടന്ന കേസ് സ്റ്റഡികൾ വിശദമായി ചർച്ച ചെയ്യുന്ന 30 മിനിറ്റിന്റെ "സുരക്ഷ വിജ്ഞാന സദസ്സ് " പതിവായി നടത്തുക തുടങ്ങിയവ സംഘടിപ്പിച്ചു. ജനങ്ങൾക്ക് സുരക്ഷ അവബോധം നൽകാനായി, ദിനപത്രങ്ങളിൽ ഇലക്ട്രിക്കൽ അപകടങ്ങൾ ഒഴിവാക്കുന്നതിനായുള്ള വാർത്തകൾ - ലേഖനങ്ങൾ നൽകുക, തദ്ദേശ ടിവി ചാനലുകളിൽ സ്ക്രോൾ ചെയ്യുകയും ഇലക്ട്രിക്കൽ സെക്ഷനുകളിൾ ബിറ്റ് നോട്ടീസുകൾ വിതരണം ചെയ്യുകയുമുണ്ടായി. 26.06.2023 ന് ദേശീയ ഇലക്ട്രിക്കൽ സുരക്ഷാ ദിനം ആചരിച്ചു. സുരക്ഷാ വാരത്തിന്റെ ഭാഗമായി സേഫ്റ്റി ബാനറുകളും കാർട്ടൂണുകളും ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ പ്രദർശിപ്പിക്കുകയും സ്കൂളുകളിലും പൊതുനിരത്തുകളിലും സുരക്ഷാ മുദ്രാവാക്യങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്തു. താൽക്കാലിക – സ്ഥിരം ജീവനക്കാർക്കായി സുരക്ഷാ പ്രതിജ്ഞ, പ്രഥമ ശുശ്രൂഷ പരിശീലനം, സുരക്ഷാ

കിറ്റ് ഉപയോഗിക്കുന്നതിനും സുരക്ഷാ ബോധം ഉണ്ടാക്കുന്നതിനുമായി പ്രത്യേക പരിശീലനങ്ങൾ തുടങ്ങിയവ സംഘടിപ്പിച്ചു.

തിരുവനന്തപുരം വൈദ്യുതി ഭവനത്തിൽ വൈദ്യുതി സുരക്ഷ ദിനത്തിൽ ഒരു സുരക്ഷാ കോൺക്ലേവ് നടന്നു. എല്ലാ വിതരണ വിഭാഗം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരും, ഡെപ്യൂട്ടി സുരക്ഷാ കമ്മീഷണർമാർ, ഡിസ്ട്രിബ്യൂഷൻ ട്രാൻസ്മിഷൻ ആൻഡ് ജനറേഷൻ വിംഗ്കളിലെ പ്രധാന സുരക്ഷാ ഓഫീസർമാർ തുടങ്ങിയവർ പങ്കെടുത്തു. സുരക്ഷാ വിഭാഗം ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റ്- കൊച്ചിൻ സയൻസ് ആൻഡ് ടെക്നോളജി (CUSAT) ഉത്ഘാടനം നടത്തി. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളിൽ നിന്നുള്ള വിദഗ്ധർ സുരക്ഷാ കോൺക്ലേവിൽ അഭിപ്രായങ്ങൾ പങ്കുവച്ചു.

## ശിപാർശ

വൈദ്യുതിയുമായി ബന്ധപ്പെട്ട് യാദൃശ്ചികമായോ അല്ലാതെയോ സംഭവിക്കുന്ന അപകടങ്ങളിൽ മരണമടയുന്നവരുടെ വിഷയം ഗൗരവകരമായി പരിഗണിക്കണമെന്നും അവർക്ക് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

## സർക്കാർ സ്വീകരിച്ച നടപടി

### കെ.എസ്.ഇ.ബി ലിമിറ്റഡ് ജീവനക്കാർക്കുള്ള മരണാനന്തര നഷ്ട പരിഹാരം

1. പ്രായവും മാസവേതനവും അനുസരിച്ച് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമ പ്രകാരം 7,50,275/- രൂപ മുതൽ 17,14,050/- രൂപ വരെ വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരത്തിന് അർഹതയുണ്ട്.

2. ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി (2024) പ്രകാരം അപകട മരണത്തിന് 15 ലക്ഷം രൂപ അനുവദിച്ച് വരുന്നുണ്ട്.

3. വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും മരണാനന്തര ആനുകൂല്യമായി 12 ലക്ഷം രൂപ നൽകി വരുന്നുണ്ട്.

4. അപകടം സംഭവിക്കുന്ന ജീവനക്കാരന്റെ ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് കെ.എസ്.ഇ.ബി ലിമിറ്റഡിൽ ആശ്രിത നിയമനത്തിന് അർഹതയുണ്ട്.

5. ശവസംസ്കാര ചെലവിനായി 10000/- രൂപയ്ക്ക് അർഹതയുണ്ട്. (LTS 2021)

6. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ദീർഘകാല കരാർ പ്രകാരം ഡ്യൂട്ടിക്കിടയിലുണ്ടാകുന്ന അപകടങ്ങൾക്ക് പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്.

അഞ്ച് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമ പ്രകാരം പ്രായവും മാസവേതനവും അനുസരിച്ച് 7,50,275/- രൂപ മുതൽ 17,14,050/- രൂപ വരെ വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരത്തിന് അർഹതയുണ്ട്. ശവസംസ്കാര ചെലവിനായി 5000/- രൂപയ്ക്ക് അർഹതയുണ്ട്.

## ശിപാർശ

പോസ്റ്റിൽ കയറാതെ ലിഫ്റ്റ് മുഖേന ജോലി ചെയ്യുന്നതിനുള്ള ഒരു വാഹനം എറണാകുളം സർക്കിളിലേയ്ക്ക് വാങ്ങാനായി അനുമതി നൽകിയിട്ടുണ്ടെന്നും ആയത് ഫലപ്രദമല്ലെങ്കിൽ മറ്റേതെങ്കിലും മാതൃക തെരഞ്ഞെടുത്ത് ബാക്കി സ്ഥലങ്ങളിൽ വ്യാപിപ്പിക്കാനാണുദ്ദേശിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ഇലക്ട്രിക് പോസ്റ്റിൽ കയറാതെ ലിഫ്റ്റ് മുഖേന ജോലി ചെയ്യുന്നതിനുള്ള സംവിധാനം ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ടോയെന്നും ആയതിന്റെ നിലവിലെ അവസ്ഥ എന്താണെന്നും അറിയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

## സർക്കാർ സ്വീകരിച്ച നടപടി

### ഏരിയൽ ലിഫ്റ്റ്

വൈദ്യുതി ലൈനിലെ അറ്റകുറ്റ പണികൾക്കും ടച്ചിങ് ക്ലിയറൻസ്, സ്പേസറുകളുടെ സ്ഥാപനം, തെരുവ് വിളക്കുകളുടെ സ്ഥാപനം, പരിപാലനം തുടങ്ങിയവ സുരക്ഷിതമായും സമയബന്ധിതമായും ചെയ്തു തീർക്കുന്നതിന് വിതരണ മേഖലയിൽ എറണാകുളം ഇലക്ട്രിക്കൽ സർക്കിളിനു കീഴിൽ 18.05 ലക്ഷം രൂപ ചെലവിൽ ഏരിയൽ ലിഫ്റ്റ് വാങ്ങി നൽകിയിട്ടുണ്ട്. കൂടാതെ 25 എണ്ണം ഏരിയൽ ലിഫ്റ്റ് വാങ്ങുകയും നിലവിൽ ഉപയോഗിച്ച് വരുന്നു. സുരക്ഷിതമായ

ബാസ്കറ്റ് ടൈപ്പ് എൻക്ലോസറിൽ ഉയരത്തിൽ പ്രവർത്തിക്കാൻ ഏരിയൽ ലിഫ്റ്റ് ആണ് കെ.എസ്.ഇ.ബി.എൽ ഉപയോഗിക്കുന്നത്. കൂടുതൽ ഒതുക്കമുള്ളതും വാഹന ഗതാഗതത്തിന് തടസ്സമാകാതെ റോഡരികിലുള്ള ജോലികൾക്കായി ടി ലിഫ്റ്റ് ഉപയോഗിക്കാവുന്നതുമാണ്. കൂടാതെ എല്ലാ പോൾ ടോപ്പ് വർക്കുകൾക്കും സുരക്ഷിതവും സൗകര്യപ്രദവുമായ രീതിയിൽ അറ്റകുറ്റ പണികൾ നടത്തുന്നതിനും പുതിയ കണക്ഷനുകൾ നൽകൽ തുടങ്ങിയ പ്രവർത്തികൾ ചെയ്യാൻ പ്രാപ്തവുമാണ്.

## ശിപാർശ

കേരളത്തിൽ വിതരണം ചെയ്യാനായി കഴിഞ്ഞ സാമ്പത്തിക വർഷം 8800 കോടി രൂപയുടെ വൈദ്യുതിയാണ് പുറത്തുനിന്നും വാങ്ങിയതെന്നും മൊത്തം ആവശ്യകതയുടെ ഏകദേശം 70 ശതമാനത്തിലധികം ആണെന്നും സമിതി മനസ്സിലാക്കുന്നു. പവർ ജനറേഷൻ പ്രോജക്റ്റിനുവേണ്ടി അടുത്ത സാമ്പത്തിക വർഷം കുറച്ച് തുക കൂടി പ്ലാൻ ഫണ്ടിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

## സർക്കാർ സ്വീകരിച്ച നടപടി

ആഭ്യന്തര വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി ലിമിറ്റഡ് നടപ്പിലാക്കുന്നതും പൂർത്തീകരിക്കുന്നതുമായ പദ്ധതികളും അവയ്ക്കാവശ്യമായി കെ.എസ്.ഇ.ബി.എൽ ആവശ്യപ്പെട്ടിരിക്കുന്ന ബഡ്ജറ്റ് വിഹിതം താഴെപറയും പ്രകാരമാണ്.

**A. 2024-25 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്ന പദ്ധതികൾ**

പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (60MW), തൊട്ടിയാർ (40MW) എന്നിവയ്ക്കായി 2024-25-ൽ 20 കോടി രൂപ വകയിരുത്തണമെന്നു കെ.എസ്.ഇ.ബി.എൽ അഭ്യർത്ഥിക്കുകയുണ്ടായി.

**B. പുരോഗമിച്ചുകൊണ്ടിയിരിക്കുന്ന പദ്ധതികൾ**

ഭൂതത്താൻകെട്ട്, പഴശ്ശി സാഗർ, ചെങ്കുളം ഓഗ്മെന്റേഷൻ, മാങ്കുളം, ചിന്നാർ, ഓലിക്കൽ, പൂവാരംതോട്, ചെങ്കുളം പെൻസ്റ്റോക്ക് റീപ്ലേസ്മെന്റ്, അപ്പർ ചെങ്കുളം, പൊരിങ്ങൽക്കുത്ത് സ്ക്രൂടർബൈൻ എന്നീ പദ്ധതികൾക്കായി 159.50 കോടി രൂപ കെ.എസ്.ഇ.ബി.എൽ അഭ്യർത്ഥിക്കുകയുണ്ടായി.

**C. <u>ഉടൻ ആരംഭിക്കുന്ന പദ്ധതികൾ</u>**

ഇടുക്കി എക്സ്റ്റൻഷൻ സ്കീം, ശബരിഗിരി എക്സ്റ്റൻഷൻ സ്കീം, പീച്ചാട് ലാഡ്രം വെസ്റ്റേൺ കല്ലാർ എന്നിവയ്ക്ക് 12 കോടി രൂപ കെ.എസ്.ഇ.ബി എൽ അഭ്യർത്ഥിക്കുകയുണ്ടായി.

**D. <u>പ്രാരംഭ നടപടികൾ പുരോഗമിക്കുന്ന പദ്ധതികൾ</u>**

ചെമ്പുക്കടവ്-III മർമല, വളന്തോട്, മരിപ്പുഴ, ആനക്കയം, കീരിത്തോട് ചാത്തൻകോട്ടുനട-I, സർവ്വേ ഇൻവെസ്റ്റിഗേഷൻ & എൻവിറോൺമെന്റൽ സ്റ്റഡീസ് എന്നിവയ്ക്കായി 51.90 കോടി രൂപ കെ.എസ്.ഇ.ബി.എൽ അഭ്യർത്ഥിക്കുകയുണ്ടായി.

ഡ്രിപ് & ഡാം സേഫ്റ്റിക്കായി 20 കോടി രൂപ കെ എസ് ഇ ബി എൽ അഭ്യർത്ഥിക്കുകയുണ്ടായി.

എന്നാൽ മേൽ പദ്ധതികൾക്ക് തുക വകയിരുത്തുന്നതിനായിട്ടുള്ള പ്രൊപ്പോസലുകൾ കെ എസ് ഇ ബി എൽ ഈ സാമ്പത്തിക വർഷത്തെ പ്ലാൻഫണ്ട് തയ്യാറാക്കുന്നതിന് മുമ്പ് ലഭ്യമാക്കാത്തതിനാൽ തുക വകയിരുത്തുവാൻ സാധിച്ചിട്ടില്ല.

മേൽ പദ്ധതികൾക്ക് അധിക തുക ആവശ്യമെങ്കിൽ അടുത്ത സാമ്പത്തിക വർഷം പ്ലാൻ പ്രൊപ്പോസലുകൾ തയ്യാറാക്കുമ്പോൾ ആയതു കൂടി ഉൾപ്പെടുത്താൻ വേണ്ട നിർദ്ദേശം കെ എസ് ഇ ബി എൽ-ന് നൽകുന്നതാണ്.

<u>ശിപാർശ</u>

കേരളത്തിന് ഇപ്പോൾ ഊർജ്ജസുരക്ഷയുണ്ടെന്നും ഇടുക്കിയിൽ കഴിഞ്ഞ വർഷം സാങ്കേതിക തകരാറുമൂലം അപ്രതീക്ഷിതമായി ആറ് ജനറേറ്ററുകൾ നിശ്ചലമായെങ്കിലും ഏതാനും മിനിട്ടുകൾക്കുള്ളിൽ വൈദ്യുതി പുനഃസ്ഥാപിക്കുവാൻ സാധിച്ചത് സാങ്കേതികമായി വകുപ്പ് നടത്തിയ ഇൻവെസ്റ്റ്മെന്റിന്റെ അടിസ്ഥാനത്തിലാണെന്നും SLDC (State Load Despatch Centre) സംവിധാനം ഉണ്ടായിരുന്നതുകൊണ്ട് 400 മെഗാവാട്ട് ജനറേഷൻ ഗ്രിഡിൽ നിന്ന് നഷ്ടപ്പെട്ടിട്ടും ഏതാനും മിനിട്ടുകൾക്കകം സാങ്കേതികമായി അത് മറികടക്കാൻ സാധിച്ചുവെന്നും പ്രസ്തുത ജനറേറ്ററുകളുടെ കാലാവധി കഴിയാറായതിനാൽ ആറോ ഏഴോ

ജനറേറ്ററുകൾ കൂടി വേണ്ടിവരുമെന്നും നിലവിലെ ജലാശയം ഉപയോഗപ്പെടുത്തിക്കൊണ്ട് ഇടുക്കിയിൽ രണ്ടാമതൊരു നിലയം സ്ഥാപിക്കുന്നതിന്റെ സാധ്യതാ പഠനറിപ്പോർട്ട് തയ്യാറായിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. പഠന റിപ്പോർട്ടിന്മേൽ സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 60)

സർക്കാർ സ്വീകരിച്ച നടപടി

കേരളത്തിന്റെ ഊർജ്ജ ഉല്പാദന വിപ്ലവത്തിന് തുടക്കം കുറിച്ച ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ ഉല്പാദനം പീക്ക് സമയങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തി സ്ഥാപിതശേഷി വർദ്ധിപ്പിക്കുന്നതിനായി നിലവിലെ ജലാശയം ഉപയോഗപ്പെടുത്തി മറ്റൊരു വൈദ്യുതി നിലയം കൂടി സ്ഥാപിക്കുന്നതിനുള്ള സാധ്യത കെ എസ് ഇ ബി ലിമിറ്റഡ് വിലയിരുത്തിയിട്ടുണ്ട്. ടി പദ്ധതിയുടെ സാധ്യത പഠന റിപ്പോർട്ടും ഡി.പി.ആറും തയ്യാറാക്കുന്ന ജോലി കേന്ദ്ര ഏജൻസിയായ വാപ്കോസ് എന്ന സ്ഥാപനത്തെയാണ് കെ എസ് ഇ ബി ലിമിറ്റഡ് ഏൽപ്പിച്ചിട്ടുള്ളത്. പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിന് മുമ്പ് ലഭ്യമാക്കേണ്ട വിവിധ അനുമതികൾക്കായി രണ്ടാം നിലയത്തിന്റെ സാധ്യതാ പഠന റിപ്പോർട്ട് കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്ന ജോലികളും കേന്ദ്ര വനം വകുപ്പിന്റെ നിർദ്ദേശാനുസരണം പരിസ്ഥിതി അഘാത പഠനവും അവസാനഘട്ടത്തിലാണ്.

ശിപാർശ

ലോഡ് ഷെഡ്ഡിംഗും പവർകട്ടുമില്ലാത്തതിനാൽ വൈദ്യുതി വളരെ സുഭിക്ഷമാണെന്ന ധാരണ ശരിയല്ലെന്നും മഴക്കാലത്ത് സംസ്ഥാനത്തെ വൈദ്യുതി ആവശ്യകത കുറയുകയും ആഭ്യന്തര വൈദ്യുതി ഉത്പാദനം കൂടുകയും ചെയ്യുമ്പോൾ പവർ എക്സ്ചേഞ്ച് വഴി അധിക വൈദ്യുതി വിൽക്കാറുണ്ടെന്നും 15 മിനിട്ട് ബ്ലോക്കുകളിലാണ് വൈദ്യുതിയുടെ ട്രേഡിംഗ് നടക്കുന്നതെന്നും ഇപ്രകാരം 2021 ആഗസ്റ്റ് മാസം 178 കോടി രൂപയുടെ വൈദ്യുതി, ഇലക്ട്രിസിറ്റി ബോർഡ് വിറ്റിരുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. വൈദ്യുതിയുടെ ട്രേഡിംഗ് സംബന്ധിച്ച വിശദമായ റിപ്പോർട്ട് തയാറാക്കി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ വൈദ്യുതി ആവശ്യകതയും ലഭ്യതയും വാർഷിക അടിസ്ഥാനത്തിൽ കണക്കാക്കുകയും തുടർന്ന് മാസ അടിസ്ഥാനത്തിലുള്ള ലോഡ് ജനറേഷൻ ബാലൻസിംഗ് നടത്തി വൈദ്യുതിയുടെ ആവശ്യകതയിലെയും ലഭ്യതയിലെയും അന്തരം നിജപ്പെടുത്തുന്നു.

കാലവർഷം ശക്തമാകുന്ന ജൂലൈ മുതൽ നവംബർ വരെയുള്ള കാലയളവിൽ ഡാമുകളിലെ സ്റ്റോറേജ് റൂൾ കർവ് ഭേദിക്കാതിരിക്കാൻ ജലവൈദ്യുത നിലയങ്ങളിൽ വേണ്ടിവരുന്ന അധിക ഉത്പാദനം, പുനരുപയോഗ ഊർജ്ജമായ സോളാർ ഉൽപാദനം കൂടുതലുണ്ടാകുന്ന പകൽസമയം, വൈദ്യുതി ആവശ്യകത പൊതുവേ കുറവ് അനുഭവപ്പെടാറുള്ള off peak, അവധി ദിവസങ്ങൾ എന്നിങ്ങനെ മുൻകൂട്ടി കണ്ടു വൈദ്യുതിയുടെ അധിക ലഭ്യത മുൻകൂട്ടി കാണുകയും അത് ബോർഡ് തലത്തിൽ കോർ കമ്മിറ്റി (Core Committee) പവർ പൊസിഷൻ കമ്മിറ്റി (PSP) എന്നിവിടങ്ങളിൽ ചർച്ച ചെയ്യുകയാണ് പതിവ്.

ഇപ്രകാരം കണക്കാക്കുന്ന അധികവൈദ്യുതി മേൽപ്പറഞ്ഞ കമ്മിറ്റികളിൽ ചർച്ച ചെയ്തു എടുക്കുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പവർ സ്വാപ്പിങ് മുഖേനയോ, ഉഭയകക്ഷി കരാറുകൾ പ്രകാരമോ മറ്റു സംസ്ഥാനങ്ങൾക്ക് വില്പന നടത്താറുണ്ട്.

ഇത് കൂടാതെ ആവശ്യകതയിലോ, ലഭ്യതയിലോ ഉണ്ടാകുന്ന തൽസമയ വ്യതിയാനങ്ങൾ മെറിറ്റ് ഓർഡറിനെ അടിസ്ഥാനമാക്കി പവർ എക്സ്ചേഞ്ചുകളിൽ വില്പന ചെയ്യുകയോ, വിലകൂടിയ വൈദ്യുതി സറണ്ടർ ചെയ്യുകയോ ചെയ്തു എസ്.എൽ ഡി സി ( SLDC) കൈകാര്യം ചെയ്യുന്നുണ്ട്.

നിലവിൽ രാജ്യത്ത് മൂന്ന് പവർ എക്സ്ചേഞ്ചുകൾ ആണ് ഉള്ളത്.

IEX- ഇൻഡ്യൻ എനർജി എക്സ്ചേഞ്ച്

PXIL- പവർ എക്സ്ചേഞ്ച് ഇന്ത്യ ലിമിറ്റഡ്

HPX-ഹിന്ദുസ്ഥാൻ പവർ എക്സ്ചേഞ്ച്

വൈദ്യുതി വാങ്ങുന്നതിനും വിൽക്കുന്നതിനും ആയി പവർ എക്സ്ചേഞ്ച് മാർക്കറ്റിൽ താഴെ പറയുന്ന വിവിധ തലങ്ങളുണ്ട്.

- Day Ahead മാർക്കറ്റ് (DAM): മുന്നിലുള്ള ദിവസത്തെ ട്രേഡിങ് ആണ്

ഇവിടെ നടക്കുന്നത്. ദിവസത്തെ 96 സമയ ബ്ലോക്കുകളായി തിരിച്ചിരിക്കുന്നു. (15 Minutes Time Block)

- റിയൽ ടൈം (Real Time ) മാർക്കറ്റ് (RTM) അഥവാ തൽസമയ വിപണി. അതത് ദിവസത്തെ ട്രേഡിങ് ആണ് ഇവിടെ നടക്കുന്നത്. ഒരു മണിക്കൂർ മുമ്പ് വരെയുള്ള ട്രേഡിങ്ങ് ഇവിടെ നടക്കുന്നുണ്ട്.
- Term Ahead മാർക്കറ്റ് (TAM): ഒരാഴ്ച വരെയുള്ള ട്രേഡിങ്ങ് ഇവിടെ നടക്കുന്നുണ്ട്.
- റിന്യൂവൽ എനർജി മാർക്കറ്റുകൾ ആയ ഗ്രീൻ DAM (G DAM) മാർക്കറ്റ് കൂടാതെ ഗ്രീൻ TAM (G TAM) മാർക്കറ്റ്.
- അടുത്തകാലത്തായി തുടങ്ങിയിട്ടുള്ള ലോങ്ങ് ഡ്യൂറേഷൻ കരാർ, മാസ അടിസ്ഥാനത്തിലുള്ള കരാർ എന്നിവ പ്രധാനമായും ഉഭയകക്ഷി കരാറുകൾ ആണ് ഇവിടെ നടക്കുന്നത്.
- 2021 ഓഗസ്റ്റ് മാസം രാജ്യത്തെ നിലനിന്നിരുന്ന കൽക്കരിക്ഷാമം മൂലം പവർ എക്സ്ചേഞ്ച് മാർക്കറ്റുകളിൽ ഉയർന്ന നിരക്കിലാണ് ട്രേഡിങ് നടന്നിരുന്നത്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ഡാമുകളിൽ സ്റ്റോറേജ് നില ഭേദമായിരുന്നതിനാൽ ജലവൈദ്യുതോല്പാദനം വർദ്ധിപ്പിച്ച് പവർ എക്സ്ചേഞ്ച് മാർക്കറ്റിൽ KSEBL വിൽപ്പന നടത്തിയിരുന്നു. ഇപ്രകാരം 2021 ഓഗസ്റ്റ് മാസം 306.6 ദശലക്ഷം യൂണിറ്റ് വിൽപ്പന നടത്തുക വഴി 177.7 കോടി രൂപ ലഭിക്കുകയുണ്ടായി.

| | |
|---|---|
| ഡേ ഹെഡ് മാർക്കറ്റ് | Rs. 136.56 കോടി |
| റിയൽ ടൈം മാർക്കറ്റ് | Rs. 41.15 കോടി |
| മൊത്തം | Rs. 177.7 കോടി |

| പവർ എക്സ്ചേഞ്ച് ലൂടെ വാങ്ങിയ വൈദ്യുതിയുടെ കണക്ക് (മില്യൺ യൂണിറ്റ്സ്) | | | | | |
|---|---|---|---|---|---|
| Year | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
| Exchange Segment | Qty(MU) | Qty(MU) | Qty(MU) | Qty(MU) | Qty(MU) |
| Day-ahead market | 941.651 | 68.462 | 44.440 | 139.554 | 836.330 |
| Green Day-ahead market | 0.000. | 0.000 | 5.020. | 45.415 | 51.210 |
| Term- ahead market | 48.594 | 0.491 | 0.000 | 62.108 | 971.920 |

| | | | | | |
|---|---|---|---|---|---|
| Real Time market | 0.000 | 25.758 | 14.770 | 82.972 | 1772.860 |
| Green Term-ahead market | 0.000 | 0.000 | 0.000 | 33.125 | 9.380 |
| **Total** | **990.246** | **94.711** | **64.230** | **363.173** | **3641.700** |

ഭാവിയിലേക്കുള്ള വൈദ്യുതി ആവശ്യകത (ഡിമാന്റ്) സംബന്ധിച്ച് അവലോകനം പ്രധാനമായും ഇനിപ്പറയുന്ന സമയ ക്രമങ്ങളിലാണ് നടത്തുന്നത്

- വാർഷികം
- അടുത്ത മാസത്തേക്കുള്ളത്
- അടുത്ത ദിവസത്തേക്കുള്ളത്
- തൽസമയം

<u>വാർഷിക പ്രവചനം</u>

കഴിഞ്ഞ പത്ത് വർഷത്തെ ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലാണ് വാർഷിക അവലോകനം നടത്തുന്നത്. ലോഡ് ഷെഡിംങ്/പവർ കട്ട്, തിരഞ്ഞെടുപ്പ് വർഷം, കോവിഡ്, വർൾച്ച, കനത്ത മഴ തുടങ്ങിയ സാഹചര്യങ്ങൾ കണക്കിലെടുത്ത് അവലോകനത്തിൽ വ്യതിയാനങ്ങൾ വരുത്താറുണ്ട്. ഒരു വർഷത്തേക്ക് വേണ്ട മൊത്തം ഊർജ്ജ ആവശ്യകതയും ഒരു വർഷത്തേക്ക് വേണ്ട ഏറ്റവും ഉയർന്ന വൈദ്യുതി ആവശ്യകതയും വാർഷിക അവലോകനത്തിൽ ഉൾപ്പെടുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മധ്യകാല, ഹ്രസ്വകാല കരാറുകൾ വഴി വൈദ്യുതി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

<u>അടുത്ത മാസത്തേക്കുള്ള പ്രവചനം</u>

ഈ വർഷം വരെയുള്ള ഉപയോഗത്തിന്റെ അടിസ്ഥാനത്തിലാണ് അടുത്ത മാസത്തേക്കുള്ള പ്രവചനം നടത്തുന്നത്. കാലാവസ്ഥ വ്യതിയാനങ്ങളും ഈ പ്രവചനത്തിൽ കണക്കിലെടുക്കുന്നു. ഒരു മാസത്തേക്കുള്ള മൊത്തം ഊർജ്ജ ആവശ്യകതയും ഒരു മാസം വരാവുന്ന ഏറ്റവും ഉയർന്ന വൈദ്യുതി ആവശ്യകതയും, ഏറ്റവും കുറഞ്ഞ വൈദ്യുതി ആവശ്യകതയും ഇതിൽ ഉൾപ്പെടുന്നു. ഒരു ദിവസത്തെ വിവിധ സമയ സ്ലോട്ടുകളായി തിരിക്കുകയും, ഓരോ സമയ സ്ലോട്ടുകളിലെ വൈദ്യുതി ആവശ്യകതയും ലഭ്യതയും കണക്കാക്കുന്നു. ഇതിന്റെ

അടിസ്ഥാനത്തിലാണ് ഒരാഴ്ച മുമ്പ് വരെയുള്ള (Term Ahead Market) പവർ എക്സ്ചേഞ്ചുകളിൽ നിന്നുള്ള വൈദ്യുതി വാങ്ങൽ തീരുമാനിക്കുന്നത്.

**<u>അടുത്ത ദിവസത്തേക്കുള്ള പ്രവചനം</u>**

പതിനഞ്ച് മിനിറ്റ് സമയ ബ്ലോക്കിനെ അടിസ്ഥാനമാക്കി പ്രവചനം നടത്തുന്നു. സമാനമായ ദിവസത്തെ അടിസ്ഥാനമാക്കിയാണ് അടുത്ത ദിവസത്തെ പ്രവചനം നടത്തുന്നു. സമാനമായ ഒന്നോ രണ്ടോ ആഴ്ച മുൻപത്തെ തലേ ദിവസത്തെ ഡിമാൻഡ് പ്രൊഫൈൽ അടിസ്ഥാനമാക്കി, നിലവിലെ ദിവസത്തെ കാലാവസ്ഥ പ്രവചനങ്ങൾ കണക്കിലെടുത്താണ് അടുത്ത ദിവസത്തെ വിവിധ സമയ ബ്ലോക്കുകളിൽ ഉള്ള വൈദ്യുത ആവശ്യകത കണക്കാക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു ദിവസം മുൻപുള്ള വൈദ്യുതി വാങ്ങൽ/വില്പന തീരുമാനിക്കപ്പെടുന്നു.

**<u>തത്സമയ പ്രവചനം</u>**

തലേ ദിവസത്തെ കാലാവസ്ഥയുമായി താരതമ്യപ്പെടുത്തിയും നിലവിലെ ഡിമാൻഡ് പരിഗണിച്ചും സമാനമായ ദിവസവും ആയി ബന്ധപ്പെടുത്തിയും ആണ് അതതു ദിവസത്തെ തത്സമയ ആവശ്യകത കണക്കാക്കുന്നത്. ഓപ്പൺ അക്സസ് ഉപഭോക്താക്കൾ വിപണിയിൽ നിന്നും വൈദ്യുതി വാങ്ങുന്നതും ഇതിൽ പരിഗണിക്കുന്നു. ഏതെങ്കിലും ജനറേറ്റർ യൂണിറ്റുകൾ തകരാറുമൂലം നിർത്തലാക്കേണ്ടി വരുന്ന സാഹചര്യം ഇതിൽ പരിഗണിക്കുന്നു. ഷെഡ്യൂൾ വ്യതിയാനങ്ങൾ തൽസമയം മാർക്കറ്റ് ഓപ്പറേഷൻ വഴിയും കേന്ദ്രവൈദ്യുതി നിലയങ്ങളിലെ യൂണിറ്റുകളുടെ അധിക ഷെഡ്യൂളുകൾ വഴിയും പവർ സറണ്ടർ വഴിയുമാണ് തുലനം ചെയ്യുന്നത്.

തിരുവനന്തപുരം,
2025 സെപ്റ്റംബർ 29

ശ്രീ. കെ. കൃഷ്ണൻകുട്ടി,
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി VII.

# അനുബന്ധം

## 29.05.2024-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VII, 2024 മേയ് മാസം 29-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '3-സി' സമ്മേളന ഹാളിൽ സമിതി ചെയർമാനും വൈദ്യുതി വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

**ഹാജരായ അംഗങ്ങൾ:**

1. ശ്രീ. കെ. പി. മോഹനൻ,എം.എൽ.എ.
2. ശ്രീ. പി. നന്ദകുമാർ, എം.എൽ.എ.
3. ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.

**വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്ത അംഗം:**

1. ശ്രീ. എ. കെ. എം. അഷ്റഫ്, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്:**

1. ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ബിനു വി. എ., അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ:**

1. ഡോ. കെ. വാസുകി, സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
2. ശ്രീ. ബി. പ്രതാപ ചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീമതി എൻ. കെ. ചന്ദ്ര, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
4. ശ്രീമതി പ്രീത ബി, അഡീഷണൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്
5. ശ്രീ. അജയകുമാർ കെ. എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീ. ബിജുകുമാർ ആർ., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

7. ശ്രീ. സുഭാഷ് ടി. വി., ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
8. ഡോ. റീന കെ. കെ., ഡയറക്ടർ, ഹെൽത്ത് സർവ്വീസസ്
9. ശ്രീ. പ്രമോദ് പി., ഡയറക്ടർ, ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്
10. ഡോ. വീണാ മാധവൻ, ഡയറക്ടർ (എംപ്ലോയ്മെന്റ് & ട്രെയിനിംഗ്), തൊഴിലും നൈപുണ്യവും വകുപ്പ്
11. ശ്രീ. സുനിൽ തോമസ്, എക്സിക്യൂട്ടീവ് ഡയറക്ടർ, കിലെ
12. ശ്രീ. ബിജു ആർ., ഡയറക്ടർ (ഫിനാൻസ്), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
13. ശ്രീ. സജി പൗലോസ്, ഡയറക്ടർ (ട്രാൻസ്മിഷൻ, സിസ്റ്റം ഓപ്പറേഷൻ & പ്ലാനിംഗ് ), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
14. ഡോ. ആർ. ഹരികുമാർ, ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ
15. ശ്രീമതി സുജാത ജെ., അഡീഷണൽ ഡയറക്ടർ, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ടുമെന്റ്
16. ശ്രീ. വി. സലിൻ, അഡീഷണൽ ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
17. ശ്രീമതി അനുകുമാരി, പ്രോജക്ട് ഡയറക്ടർ, ഇ-ഹെൽത്ത് കേരള
18. ശ്രീ. രഞ്ജിത്ത് പി. മനോഹർ, അഡീഷണൽ ലേബർ കമ്മീഷണർ
19. ശ്രീ. മണിലാൽ എസ്., അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഡിപ്പാർട്ടുമെന്റ്
20. ശ്രീമതി പ്രീതി സി. എസ്., ജോയിന്റ് സെക്രട്ടറി, ഊർജ്ജ വകുപ്പ്
21. ശ്രീമതി ഷൈജ സി. ജി., ജോയിന്റ് സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്
22. ശ്രീ. പി. കെ. മോഹൻദാസ്, ജോയിന്റ് ഡയറക്ടർ ഓഫ് എംപ്ലോയ്മെന്റ്
23. ശ്രീ. ബിജു കെ. എസ്., ജോയിന്റ് ലേബർ കമ്മീഷണർ
24. ശ്രീ. അഖിൽരാജ് വി. ജെ., ജോയിന്റ് ഡയറക്ടർ (ഐ.ടി.), ഇ-ഹെൽത്ത് കേരള
25. ശ്രീമതി ബീന കെ. ബി., ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്
26. ശ്രീ. സുരേഷ് എം. ജി., സി.ഇ.ഒ., കേരള സ്മാൾ പ്ലാന്റേഷൻ വെൽഫെയർ ഫണ്ട് ബോർഡ്, കോട്ടയം
27. ശ്രീ. സുഭാഷ് ബാബു ബി. വി., രജിസ്ട്രാർ, എനർജി മാനേജ്മെന്റ് സെന്റർ
28. ശ്രീ. അനൂപ്, മാനേജിംഗ് ഡയറക്ടർ, ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് (ODEPC)
29. ശ്രീ. ജോൺസൺ ഡാനിയേൽ, ഹെഡ് (എൻ.എം.ഇ.ഇ.ഇ.

&ഡി.എസ്.എൻ)., എനർജി മാനേജ്മെന്റ് സെന്റർ

30. ശ്രീ. സി. സുരേഷ് കുമാർ, സ്പെഷ്യൽ സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
31. ശ്രീമതി ഗീത വി. എസ്., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (പ്ലാനിംഗ്), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
32. ശ്രീ. സതീഷ് കുമാർ, കെ. എൽ., ലേബർ വെൽഫെയർ ഫണ്ട് കമ്മീഷണർ, തിരുവനന്തപുരം
33. ഡോ. റോണ്ട്ജെൻ സൈഗൾ, ഡൊമെയിൻ എക്സ്പെർട്ട്, ഇ-ഹെൽത്ത് കേരള
34. ശ്രീ. ബിജോയ് ജെ. റ്റി., മാനേജർ, കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷ്വറൻസ് ഏജൻസി ഓഫ് കേരള (CHIAK)
35. ശ്രീ. ആനന്ദ് സ്കോട്ട്ലിൻ, ജനറൽ മാനേജർ, ഭവനം ഫൗണ്ടേഷൻ, കേരള
36. ശ്രീ. എൽദോ കെ. സി., ഫിനാൻസ് ഓഫീസർ, ലേബർ കമ്മീഷണറേറ്റ്
37. ശ്രീമതി ശ്രീലേഖ വി., ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഡിപ്പാർട്ടുമെന്റ്
38. ശ്രീ. രാമനാഥ് ജി., അണ്ടർ സെക്രട്ടറി, ഊർജ്ജ വകുപ്പ്
39. ശ്രീമതി സന്ധ്യ എസ്. ആർ, അണ്ടർ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
40. ശ്രീമതി പദ്മിനി കെ. എസ്., അണ്ടർ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്

സമിതി, “The Kerala Motor Transport Workers' Payment of Fair Wages (Amendment) Act, 2023”ലെ ഭേദഗതിയിന്മേൽ ചട്ടങ്ങൾ തയ്യാറാക്കുന്നത് സംബന്ധിച്ച നടപടി റിപ്പോർട്ട്, 2024-ലെ കേരള ലേബർ വെൽഫെയർ ഫണ്ട് (ഭേദഗതി) ചട്ടത്തിന്റെ കരട്, വിവിധ കാലയളവിലുള്ള റിപ്പോർട്ടുകളിലെ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകൾ, വിവിധ വകുപ്പുകൾ ലഭ്യമാക്കിയ വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കാലതാമസപത്രികകൾ എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I) **<u>“The Kerala Motor Transport Workers' Payment of Fair Wages (Amendment) Act,2023”ഭേദഗതിയിന്മേൽ ചട്ടങ്ങൾ തയ്യാറാക്കുന്നത് സംബന്ധിച്ച നടപടി റിപ്പോർട്ട്</u>**

**(ഫയൽ നം. 13556/സബ്.സി.സി1/2023/നി.സെ.)**

“The Kerala Motor Transport Workers' Payment of Fair Wages

(Amendment) Act, 2023” ഭേദഗതിയിന്മേൽ ചട്ടങ്ങൾ തയ്യാറാക്കുന്നത് സംബന്ധിച്ച് തൊഴിലും നൈപുണ്യവും (ഇ) വകുപ്പ് 04.04.2024 തീയതിയായി ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ചു. പ്രസ്തുത ആക്ടിലെ ഭേദഗതിയിന്മേൽ ചട്ടം തയ്യാറാക്കേണ്ടതില്ലെന്ന തൊഴിലും നൈപുണ്യവും വകുപ്പിന്റെ മറുപടി സമിതി അംഗീകരിച്ചു.

**II) <u>2024-ലെ കേരള ലേബർ വെൽഫെയർ ഫണ്ട് (ഭേദഗതി) ചട്ടത്തിന്റെ കരട്</u>**

**(ഫയൽ നം. 3460/സബ്.സി.സി1/2024/നി.സെ.)**

തൊഴിലും നൈപുണ്യവും (ബി) വകുപ്പ് 31.01.2024 തീയതിയായി ലഭ്യമാക്കിയ കരട് ചട്ടം സമിതി പരിഗണിച്ചു. നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായാണ് 1977-ലെ കേരള ലേബർ വെൽഫെയർ ഫണ്ട് ചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവരുന്നതെന്ന് തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറി ബോധിപ്പിച്ചു. 2024-ലെ കേരള ലേബർ വെൽഫെയർ ഫണ്ട് (ഭേദഗതി) ചട്ടത്തിലെ ചട്ടം 11, ഉപചട്ടം (3) ഭേദഗതി ചെയ്തു കൊണ്ടുള്ള 2 (iii), (a) യിൽ for the words “money order or in cash” എന്ന് നൽകുന്നതിന് പകരം for the words “money order or cash”എന്ന് തെറ്റായി നൽകിയിരിക്കുന്നതായി നിയമസഭാ സെക്രട്ടേറിയറ്റ് സെക്രട്ടറി-ഇൻ-ചാർജ്ജ് ചൂണ്ടിക്കാണിക്കുകയും ആയത് ടൈപ്പിംഗിൽ സംഭവിച്ച പിഴവാണെന്ന് തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിക്കുകയും ചെയ്തു. “money order or cash” എന്നതിന് പകരമായി “money order or in cash” എന്ന് ഉൾപ്പെടുത്തി കരട് ചട്ടത്തിലെ പിഴവ് തിരുത്തുന്നതിന് സമിതി നിർദ്ദേശിച്ചു. പ്രസ്തുത നിർദ്ദേശത്തോടെ കരട് ചട്ടം സമിതി അംഗീകരിച്ചു.

**III) <u>കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണിക്കുന്നതിനായി 23-08-2022-ൽ ചേർന്ന യോഗത്തിൽ പ്രാദേശിക പത്ര പ്രവർത്തക ക്ഷേമനിധി രൂപീകരണവുമായി ബന്ധപ്പെട്ട് സമിതി ആരാഞ്ഞ അധിക വിവരത്തിന്മേലുള്ള റിപ്പോർട്ട്</u>**

**(ഫയൽ നമ്പർ 14952/സബ്.സി.സി1/2022/നി.സെ.)**

സമിതി ആരാഞ്ഞ അധികവിവരത്തിന്മേൽ ഇൻഫർമേഷൻ&പബ്ലിക്

റിലേഷൻസ് (സി) വകുപ്പ് 05.09.2023 തീയതിയായി ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി കേരള പത്രപ്രവർത്തക ക്ഷേമനിധി ബോർഡിലെ ആനുകൂല്യങ്ങൾ പ്രാദേശിക പത്രപ്രവർത്തകർക്കുകൂടി ലഭ്യമാക്കുന്നത് സംബന്ധിച്ചും 'പ്രാദേശികം' എന്നത് കൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്നും വിശദമാക്കുവാൻ വകുപ്പുദ്യോഗസ്ഥരോട് ആവശ്യപ്പെട്ടു. Working Journalists (Conditions of Service) and Miscellaneous Provisions Act, 1955-ന്റെ പരിധിയിൽ വരാത്ത സ്ഥാപനങ്ങളിലെ ജീവനക്കാരും സ്ഥാപന ഉടമകളുടെ കീഴിലല്ലാത്ത സ്വതന്ത്ര/പ്രാദേശിക പത്രപ്രവർത്തനം നടത്തുന്നവരുമാണ് പ്രാദേശിക പത്രപ്രവർത്തകർ എന്നത് കൊണ്ട് അർത്ഥമാക്കുന്നതെന്നും വേജ് ബോർഡ് സ്കീം നടപ്പാക്കുന്ന സ്ഥാപനങ്ങളാണ് പത്രപ്രവർത്തക പെൻഷനും പത്രജീവനക്കാർക്കുള്ള പെൻഷനും നൽകുന്നതെന്നും പത്ത് വർഷത്തെ സർവ്വീസുള്ളവർക്ക് നിലവിൽ പെൻഷൻ നൽകുന്നുണ്ടെന്നും മാനദണ്ഡങ്ങളൊന്നുമില്ലാതെ പ്രവർത്തിക്കുന്ന പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് കേന്ദ്ര നിയമമായ 2008-ലെ അൺ-ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമ പ്രകാരം നിലവിൽവന്ന കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ പദ്ധതിയിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതാണെന്നും ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ മറുപടി നൽകി. പത്രപ്രവർത്തക പെൻഷൻ സ്കീമിൽ ഉൾപ്പെടണമെങ്കിൽ ഒരു മാധ്യമ സ്ഥാപനത്തിലെ സ്ഥിരം ജീവനക്കാരനായിരിക്കണമെന്നും പ്രധാന പത്രത്തിന്റെ തന്നെ സ്ഥിരം ജീവനക്കാരല്ലാത്ത, പ്രാദേശികമായി പ്രവർത്തിക്കുന്ന പത്രപ്രവർത്തകർ പത്രപ്രവർത്തക പെൻഷൻ സ്കീമിൽ ഉൾപ്പെടുന്നില്ലെന്നും പഞ്ചായത്തുതലം മുതൽ കാണപ്പെടുന്ന ഇവർ പബ്ലിക് റിലേഷൻസ് വകുപ്പിനുകീഴിൽ വരുന്നില്ലെന്നും ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് അഡീഷണൽ ഡയറക്ടർ കൂട്ടിച്ചേർത്തു.

പ്രാദേശിക പത്രപ്രവർത്തകർ ആണെന്ന് സാക്ഷ്യപ്പെടുത്തേണ്ടത് ഏത് വകുപ്പാണെന്ന് സമിതി ആരാഞ്ഞതിന് പത്ര, ദൃശ്യ, ഡിജിറ്റൽ മാധ്യമരംഗത്ത് പ്രവർത്തിക്കുന്ന, മറ്റ് ക്ഷേമനിധിയിൽ അംഗങ്ങളല്ലാത്ത തൊഴിലാളികളെ 19-08-2019-ലെ സ.ഉ.(സാധാ) നമ്പർ 1005/2019/തൊഴിൽ പ്രകാരം തൊഴിൽ വകുപ്പിന് കീഴിൽ വരുന്ന കേരള

സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷപദ്ധതിയിൽ അംഗങ്ങളാക്കാൻ സാധിക്കുമെന്നും അതുപ്രകാരം അവർക്ക് അവശ പെൻഷൻ, കുടുംബ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസാനുകൂല്യം, പ്രസവാനുകൂല്യം, വിവാഹധനസഹായം, അപകട ആനുകൂല്യം, മരണാനന്തര ആനുകൂല്യം എന്നിവ ലഭിക്കുമെന്നും പ്രാദേശിക പത്രപ്രവർത്തകരെ ആരാണ് സർട്ടിഫൈ ചെയ്യേണ്ടതെന്ന കാര്യത്തിൽ വ്യക്തത വരുത്തിയാൽ ഇക്കാര്യത്തിൽ തീരുമാനമാകുമെന്നും ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ മറുപടി നൽകി.

പ്രസ്തുത വിഷയത്തിൽ തീരുമാനമെടുക്കേണ്ടത് തൊഴിൽ വകുപ്പായതിനാൽ ആവശ്യമായ നിർദ്ദേശം നൽകുവാൻ സമിതി തൊഴിൽ വകുപ്പിനോട് ആവശ്യപ്പെട്ടു.

## IV) <u>സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകൾ</u>

1. 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസപത്രിക എന്നിവ ലഭ്യമാക്കുന്നത് സംബന്ധിച്ച്

**(ഫയൽ നമ്പർ 1999/സബ്.സി.സി1/2020/നി.സെ)**

പ്രസ്തുത റിപ്പോർട്ടിലെ 66-76 ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഊർജ്ജ (സി) വകുപ്പ് 05.02.2024 തീയതിയായി ലഭ്യമാക്കിയ നടപടി റിപ്പോർട്ട്, കാലതാമസപത്രിക എന്നിവ സമിതി പരിഗണിച്ചു.

**ഖണ്ഡിക 66, 67, 68, 70 –** എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**ഖണ്ഡിക 69 – ലെ** ശിപാർശയിന്മേലുള്ള റിപ്പോർട്ട് പരിഗണിച്ച വേളയിൽ കിഫ്ബി കെ.എസ്.ഇ.ബി-യ്ക്ക് മാത്രമാണ് സാമ്പത്തിക സഹായം വായ്പയായി നൽകുന്നതെന്നും മറ്റ് വകുപ്പുകൾക്ക് ലഭിക്കുന്ന ആനുകൂല്യം

ലഭിക്കേണ്ടതാണെന്നും കിഫ്ബി ഫണ്ട് വായ്പയായിട്ടല്ലാതെ ലഭ്യമാക്കുകയാണെങ്കിൽ ഭാവിയിൽ വൈദ്യുതി ചാർജ്ജ് വർദ്ധനവ് ഒഴിവാക്കുവാൻ സാധിക്കുമെന്നും കെ.എസ്.ഇ.ബി.എൽ. ഡയറക്ടർ (ഫിനാൻസ്) സമിതിയെ അറിയിച്ചു. കിഫ്ബി ധനസഹായം മറ്റ് വകുപ്പുകൾക്ക് നൽകുന്ന രീതിയിൽ കെ.എസ്.ഇ.ബി.എൽ.-ന് അനുവദിക്കുന്നതിന് ധനകാര്യവകുപ്പിനോട് സമിതി നിർദ്ദേശിക്കുകയും നടപടി റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

**71-75 ഖണ്ഡികകളിലെ** ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ട് സമിതി അംഗീകരിക്കുകയും ശീർഷകം പുന:സ്ഥാപിച്ച് തുക വകയിരുത്തണമെന്ന ശിപാർശ പരിഗണിക്കാതിരുന്നതിന്റെ കാരണം റിപ്പോർട്ടിൽ വ്യക്തമാക്കേണ്ടതാണെന്ന് ധനകാര്യവകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്തു.

**ഖണ്ഡിക 76 ലെ** ശിപാർശയിന്മേലുള്ള റിപ്പോർട്ട് പരിഗണിക്കവേ കോഴിക്കോട് ജില്ലയിലെ ഇരുവഞ്ഞിപ്പുഴയുടെ തീരത്ത് വരുന്ന നിരവധി ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പവർ ഇവാക്വേഷനുമായി ബന്ധപ്പെട്ട് ലൈൻ സ്ഥാപിക്കുന്നതിന് വലിയ ചെലവ് വരുന്നുണ്ടെന്നും കെ.എസ്.ഇ.ബി.എൽ.-ന് മാത്രമായി ആയത് സാധിക്കാത്തതിനാൽ സർക്കാർ സഹായം കൂടി ആവശ്യമാണെന്നും ലൈൻ സ്ഥാപിച്ചില്ലെങ്കിൽ പുതിയ പ്രോജക്ടുകൾ വരാത്ത സാഹചര്യമുണ്ടാകുമെന്നും കെ.എസ്.ഇ.ബി.എൽ. ഡയറക്ടർ (ഫിനാൻസ്) സമിതിയെ അറിയിച്ചു. നടപടി റിപ്പോർട്ട് അംഗീകരിച്ച സമിതി ടി പദ്ധതിയുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ കെ.എസ്.ഇ.ബി.എൽ. സർക്കാരിൽ സമർപ്പിക്കണമെന്നും പദ്ധതിയുടെ പൂർത്തീകരണത്തിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു.

2. 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസപത്രിക എന്നിവ ലഭ്യമാക്കുന്നത് സംബന്ധിച്ച്

**(ഫയൽ നം. 12116/സബ്.സി.സി.1/2021/നി.സെ.)**

പ്രസ്തുത റിപ്പോർട്ടിലെ **ഖണ്ഡിക 22 ലെ** ശിപാർശയിന്മേൽ തൊഴിലും

നൈപുണ്യവും (ജെ) വകുപ്പ് 09.01.2024 തീയതിയായി ലഭ്യമാക്കിയ നടപടി റിപ്പോർട്ട്, കാലതാമസ പത്രിക എന്നിവ സമിതി അംഗീകരിച്ചു.

**ഖണ്ഡിക 67 ലെ** ശിപാർശയുമായി ബന്ധപ്പെട്ട് 10.08.2023 ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരത്തിന്മേൽ തൊഴിലും നൈപുണ്യവും (സി) വകുപ്പ് 21.05.2024 തീയതിയായി ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിക്കുകയും സംസ്ഥാനത്തെ ഏറ്റവും പിന്നാക്കം നിൽക്കുന്ന പ്രദേശങ്ങളിലൊന്നായ മഞ്ചേശ്വരത്ത് ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് അടുത്ത ബജറ്റിൽ തുക വകയിരുത്തണമെന്ന് ധനകാര്യവകുപ്പിന് നിർദ്ദേശം നൽകാൻ തീരുമാനിക്കുകയും ചെയ്തു.

**77,78 എന്നീ ഖണ്ഡികകളിലെ** ശിപാർശയിന്മേൽ ഊർജ്ജ (ബി) വകുപ്പ് 20.10.2022, 27.12.2023 എന്നീ തീയതികളിലായി ലഭ്യമാക്കിയ നടപടി റിപ്പോർട്ട്, കാലതാമസ പത്രിക എന്നിവ സമിതി അംഗീകരിച്ചു.

3. 2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസപത്രിക എന്നിവ ലഭ്യമാക്കുന്നത് സംബന്ധിച്ച്

**(ഫയൽ നം. 13047/സബ്.സി.സി.1/2022/നി.സെ.)**

പ്രസ്തുത റിപ്പോർട്ടിലെ **ഖണ്ഡിക 66 ലെ** ശിപാർശയിന്മേൽ ഊർജ്ജ (എ) വകുപ്പ് 23.10.2024 തീയതിയായി ലഭ്യമാക്കിയ നടപടി റിപ്പോർട്ട്, കാലതാമസ പത്രിക എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

4. 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നത് സംബന്ധിച്ച്

**(ഫയൽ നം. 5229/സബ്.സി.സി.1/2023/നി.സെ.)**

പ്രസ്തുത റിപ്പോർട്ടിലെ **1 – 4, 10 എന്നീ ഖണ്ഡികകളിലെ** ശിപാർശകളി-ന്മേൽ തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് 27.05.2024 തീയതിയായി ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**5, 8 എന്നീ ഖണ്ഡികകളിലെ** ശിപാർശകളിന്മേൽ തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് 27.05.2024 തീയതിയായി ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**9-ാം ഖണ്ഡികയിലെ** ശിപാർശയിന്മേൽ തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് 25.05.2024 തീയതിയായി ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിക്കുകയും തോട്ടം തൊഴിലാളി മേഖലകളിൽ ഇലക്ട്രിസിറ്റി ചാർജായി നിലവിൽ ചെലവാക്കുന്ന തുക ഉപയോഗിച്ച് സോളാർ സംവിധാനം നടപ്പിലാക്കുകയാണെങ്കിൽ വൈദ്യുതി മിച്ചം വയ്ക്കാൻ സാധിക്കുമെന്നതിനാൽ കെ.എസ്.ഇ.ബി.എൽ.-മായി കൂടിയാലോചിച്ച് ആയതിന്റെ സാധ്യത പരിശോധിക്കണമെന്ന് സമിതി തൊഴിലും നൈപുണ്യവും വകുപ്പിനോട് നിർദ്ദേശിച്ചു.

**26, 28, 30 എന്നീ ഖണ്ഡികകളിലെ** ശിപാർശകളിന്മേൽ തൊഴിലും നൈപുണ്യവും (ജി) വകുപ്പ് 24.05.2024 തീയതിയായി ലഭ്യമാക്കിയ നടപടി റിപ്പോർട്ട് പരിഗണിച്ച വേളയിൽ തൊഴിൽ ലഭിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനായി എംപ്ലോയബിലിറ്റി സെന്ററുകൾ വഴി ഇൻഡസ്ട്രിയൽ സ്കിൽ ട്രെയിനിംഗ് നൽകാൻ ശ്രമിക്കണമെന്നും ഫാക്ടറികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കിയാൽ മതിയാകുമെന്നും സമിതി അഭിപ്രായപ്പെട്ടു. സ്കിൽ ട്രെയിനിംഗിന്റെ ഭാഗമായി KASE ധാരാളം പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്നും അവ എംപ്ലോയബിലിറ്റി സെന്ററുകളുമായി ലിങ്ക് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**44, 45, 46 എന്നീ ഖണ്ഡികകളിലെ** ശിപാർശകളിന്മേൽ തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ് 27.05.2024 തീയതിയായി ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**68, 69 എന്നീ ഖണ്ഡികകളിലെ** ശിപാർശകളിന്മേൽ ഊർജ്ജ (എ) വകുപ്പ് 27.04.2024 തീയതിയായി ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ യഥാസമയം നടപടി റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിൽ ബന്ധപ്പെട്ട വകുപ്പുകൾ വീഴ്ച വരുത്തുന്നതിന്മേൽ

സമിതി അതൃപ്തി രേഖപ്പെടുത്തി. നടപടി റിപ്പോർട്ടുകൾ ഒരാഴ്ചയ്ക്കകം ലഭ്യമാക്കുന്നതാണെന്ന് തൊഴിലും നൈപുണ്യവും അഡീഷണൽ സെക്രട്ടറി സമിതിയ്ക്ക് ഉറപ്പ് നൽകി.

5. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/ പാർപ്പിട/ സുരക്ഷാ പ്രശ്നങ്ങൾ/രജിസ്ട്രേഷൻ എന്നീ വിഷയങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ സമിതി നിരീക്ഷണത്തിന്മേലുള്ള നടപടി റിപ്പോർട്ട്

**(ഫയൽ നമ്പർ 5306/സബ്.സി.സി1/2016/നി.സെ.)**

പ്രസ്തുത റിപ്പോർട്ടിലെ **29, 30 എന്നീ ഖണ്ഡികകളിലെ** ശിപാർശകളിന്മേൽ ആരോഗ്യ കുടുംബക്ഷേമ (എൻ) വകുപ്പ് 03.04.2024 തീയതിയായി ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ചു. ലേബർ ക്യാമ്പുകളിൽ ശുചിത്വ പരിശോധന മെച്ചപ്പെടുത്തണമെന്ന് സമിതി അഭിപ്രായപ്പെടുകയും ശുചിത്വ പരിശോധന കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ മറുപടി നൽകുകയും ചെയ്തു. അവധിയിലുള്ള ഡോക്ടർമാരുടെ എണ്ണം ഇ-ഹെൽത്ത് കേരള സംവിധാനം മുഖേന ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അറിയാൻ സാധിക്കുമോ എന്ന് സമിതി ആരാഞ്ഞതിന്, നിലവിൽ പ്രസ്തുത വിവരം അറിയുവാൻ മാർഗ്ഗമില്ലെങ്കിലും സെപ്റ്റംബറിൽ പുതുതായി റിലീസ് ചെയ്യുന്ന സോഫ്റ്റ്‌വെയറിൽ അതുകൂടി ഉൾപ്പെടുത്തുന്നതിന് പദ്ധതിയുണ്ടെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ മറുപടി നൽകി. വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

6. 2022-ലെ അനെർട്ട്, ഇ.എം.സി. എന്നിവയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച അവലോകനം, വൈദ്യുതി ലൈൻ പൊട്ടിവീണ് ഉണ്ടാകുന്ന അപകടങ്ങളും നിർമ്മാണ അറ്റകുറ്റപ്പണികൾക്കിടെയുണ്ടാകുന്ന അപകടങ്ങളും തടയുവാനുള്ള മുൻകരുതലുകൾ എന്നിവ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

**(ഫയൽ നമ്പർ 13914/സബ്.സി.സി.1/2021/നി.സെ.)**

പ്രസ്തുത റിപ്പോർട്ടിലെ 30-33, 46 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഊർജ്ജ (എ) വകുപ്പ് 21.10.2023 തീയതിയായി ലഭ്യമാക്കിയ

നടപടി റിപ്പോർട്ട് സമിതി പരിഗണിക്കുകയും ചുവടെ പറഞ്ഞിരിക്കുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

**ഖണ്ഡിക 30** ലെ ശിപാർശയിന്മേലുള്ള നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ പീക്ക് ലോഡ് സമയങ്ങളിൽ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനുള്ള ബോധവത്കരണ പരിപാടികൾ കൂടുതൽ സംഘടിപ്പിക്കണമെന്ന സമിതിയുടെ ശിപാർശ അനുസരിച്ച് സന്നദ്ധ സംഘടനകളുടെയും മറ്റ് ഏജൻസികളുടെയും വ്യവസായ ശാലകളുടെയും സഹകരണത്തോടുകൂടി ആയിരത്തി നാനൂറോളം ഫിസിക്കൽ പ്രോഗ്രാമുകൾ ഇ.എം.സി. ചെയ്തിട്ടുണ്ടെന്നും സാമ്പത്തിക ബുദ്ധിമുട്ടുള്ളതുകൊണ്ട് സോഷ്യൽ മീഡിയ ക്യാമ്പയിനുകളാണ് കൂടുതലായി ചെയ്യുന്നതെന്നും ആൾ ഇന്ത്യാ റേഡിയോ, ദൂരദർശൻ എന്നിവയും ബോധവത്കരണത്തിനായി ഉപയോഗിക്കുന്നുണ്ടെന്നും ഇ.എം.സി. ഡയറക്ടർ ബോധിപ്പിച്ചു. പീക്ക് അവറിലെ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനും പുലർച്ചേ കൃത്യസമയത്ത് തെരുവ് വിളക്കുകൾ ഓഫ് ചെയ്യുന്നതിനും ഇ.എം.സി., ഇലക്ട്രിസിറ്റി ബോർഡിന് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി ഉപഭോക്താക്കൾക്ക് നിർദ്ദേശം നൽകാറുണ്ടെന്നും തെരുവ് വിളക്കുകൾ ഓഫ് ചെയ്യുന്ന ജോലി പഞ്ചായത്താണ് നിർവ്വഹിച്ച് വരുന്നതെന്നും പ്രസ്തുത വിഷയങ്ങളുമായി ബന്ധപ്പെട്ട് ഇ.എം.സി., കെ.എസ്.ഇ.ബി.എൽ.-ന് പ്രത്യേകം നിർദ്ദേശം നൽകാറില്ലെന്നും ഇ.എം.സി. ഡയറക്ടർ വ്യക്തമാക്കി. തെരുവ് വിളക്കുകൾ കൃത്യസമയത്ത് ഓഫാക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. പഞ്ചായത്തുമായി ചേർന്ന് വ്യക്തമായ ധാരണയുണ്ടാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ഊർജ്ജ വകുപ്പ് ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**ഖണ്ഡിക 31** ലെ ശിപാർശയിന്മേൽ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു. **ഖണ്ഡിക 32 ലെ** ശിപാർശയ്ക്കുള്ള മറുപടി പരിഗണിക്കവെ സ്റ്റാർ റേറ്റഡായിട്ടുള്ള മോട്ടോറുകളും സ്റ്റാർ റേറ്റഡല്ലാത്ത മോട്ടോറുകളും ഉപയോഗിക്കു-മ്പോഴുണ്ടാകുന്ന സാമ്പത്തിക വ്യത്യാസം കണക്കാക്കിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞു. ആയത് കണക്കാക്കിയിട്ടുണ്ടെന്നും പ്രസ്തുത വിഷയം ശില്പശാലകളിൽ ഉദാഹരണമായി അവതരിപ്പിക്കാറുണ്ടെന്നും ഇ.എം.സി. ഡയറക്ടർ മറുപടി നൽകി. സബ്സിഡി നൽകിക്കൊണ്ട് പഴയ മോട്ടോറുകൾ മാറ്റി സ്ഥാപിക്കുന്നത്

പ്രോത്സാഹിപ്പിക്കണമെന്നും മോട്ടോർ വാങ്ങുന്നതിന് വായ്പയായി തുക അനുവദിച്ചാൽ വൈദ്യുതി ചാർജിൽ ലാഭമുണ്ടാകുമെന്നും അഭിപ്രായപ്പെട്ട സമിതി ഇതുസംബന്ധിച്ച് പഠനം നടത്തി ജനങ്ങളെ ബോധ്യപ്പെടുത്തണമെന്ന് നിർദ്ദേശിച്ചു. വകുപ്പ് ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**ഖണ്ഡിക 33 ലെ** ശിപാർശയിന്മേലുള്ള മറുപടി പരിഗണിക്കവെ കമ്പനികളിലും പബ്ലിക് സെക്ടറിലെ സ്ഥാപനങ്ങളിലും കൃത്യമായി എനർജി ഓഡിറ്റ് നടത്താറുണ്ടോ എന്നും എനർജി ഓഡിറ്റിംഗിനായി നിശ്ചിത സമയക്രമം വയ്ക്കേണ്ടതല്ലേയെന്നും സമിതി ആരാഞ്ഞപ്പോൾ എച്ച്.റ്റി., ഇ.എച്ച്.റ്റി. ഇൻഡസ്ട്രികൾ എനർജി ഓഡിറ്റ് മൂന്നുവർഷത്തിലൊരിക്കൽ നിർബന്ധമായും നടത്തണമെന്ന സർക്കാർ ഉത്തരവ് നിലവിലുള്ളതിനാൽ ഓഡിറ്റ് കൃത്യമായി നടത്തുന്നുണ്ടെങ്കിലും അതുപ്രകാരമുള്ള ഇംപ്ലിമെന്റേഷന്റെ കാര്യത്തിൽ പല സ്ഥാപനങ്ങളും വിമുഖത കാണിക്കുന്നുണ്ടെന്നും ഇ.എം.സി. എംപാനൽ ചെയ്തിട്ടുള്ള 44-ഓളം എനർജി ഓഡിറ്റർമാരെ ഉപയോഗിച്ച് വർഷംതോറും ഏകദേശം 100-150 എനർജി ഓഡിറ്റുകൾ നടത്തുന്നുണ്ടെന്നും മൂന്ന് വർഷത്തിലൊരിക്കൽ കമ്പനികളിൽ ഓഡിറ്റ് നടത്തുന്നുണ്ടെന്നും പബ്ലിക് സെക്ടറിൽ സൗജന്യമായാണ് ഓഡിറ്റ് ചെയ്തുകൊടുക്കുന്നതെന്നും എനർജി ഓഡിറ്റിംഗിനായി നിശ്ചിത സമയക്രമം വയ്ക്കുന്ന വിഷയം പരിശോധിക്കാമെന്നും ഇ.എം.സി. ഡയറക്ടർ മറുപടി നൽകി. കൃത്യമായി എനർജി ഓഡിറ്റ് നടത്തിയാൽ പൊതുമേഖലാ സ്ഥാപനങ്ങളെ കുറച്ചുകൂടി ലാഭത്തിലാക്കാൻ സാധിക്കുമെന്നതിനാൽ ഇക്കാര്യം ചർച്ച ചെയ്ത് ധാരണയിലെത്തുന്നതിനായി പബ്ലിക് സെക്ടറിലെയും ഇ.എം.സി.-യിലെയും ഊർജ്ജ വകുപ്പിലെയും ഉദ്യോഗസ്ഥർ സംയുക്ത യോഗം ചേരുന്നത് ഉചിതമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെടുകയും ആയത് സംബന്ധിച്ച് നടപടി സ്വീകരിക്കാമെന്ന് ഇ.എം.സി. ഡയറക്ടർ മറുപടി നൽകുകയും ചെയ്തു. പ്രസ്തുത ഖണ്ഡികയിന്മേൽ ഊർജ്ജ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**ഖണ്ഡിക 46 ലെ** ശിപാർശയിന്മേൽ ഊർജ്ജ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

സമിതിയുടെ സ്പെഷ്യൽ റിപ്പോർട്ടിലെ 33 ശിപാർശകളിൽ 5 എണ്ണത്തിന് മാത്രമാണ് വകുപ്പിൽ നിന്നും മറുപടി ലഭ്യമാക്കിയിട്ടുള്ളതെന്ന് ചൂണ്ടിക്കാട്ടിയ സമിതി

ശിപാർശകളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ ഊർജ്ജ വകുപ്പ് ജാഗ്രത കാണിക്കണമെന്ന് അഭിപ്രായപ്പെടുകയും പ്രസ്തുത റിപ്പോർട്ടിലെ ഇനിയും ലഭ്യമാക്കാനുള്ള മറുപടി രണ്ടാഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കണമെന്ന് ഊർജ്ജ വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്തു.

## V) <u>ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രികയുടെ പരിഗണന</u>

1. 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.

**(ഫയൽ നം.143/സബ്.സി.സി1/2019/നി. സെ.)**

കെ.എസ്.ഇ.ബി.എൽ.-ന്റെ 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടതിന്റെ കാരണം സംബന്ധിച്ച് ഊർജ്ജ (സി) വകുപ്പ് ലഭ്യമാക്കിയ കാലതാമസപത്രിക സമിതി അംഗീകരിച്ചു.

2. 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.

**(ഫയൽ നം.454/സബ്.സി.സി1/2020/നി. സെ.)**

കെ.എസ്.ഇ.ബി.എൽ.-ന്റെ 2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടതിന്റെ കാരണം സംബന്ധിച്ച് ഊർജ്ജ (സി) വകുപ്പ് ലഭ്യമാക്കിയ കാലതാമസപത്രിക സമിതി അംഗീകരിച്ചു.

3. 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.

**(ഫയൽ നം.1781/സബ്.സി.സി1/2021/നി. സെ.)**

കെ.എസ്.ഇ.ബി.എൽ.-ന്റെ 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടതിന്റെ കാരണം സംബന്ധിച്ച് ഊർജ്ജ (സി) വകുപ്പ് ലഭ്യമാക്കിയ കാലതാമസപത്രിക സമിതി അംഗീകരിച്ചു.

4. 2021-2022 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.

**(ഫയൽ നം.575/സബ്.സി.സി1/2022/നി. സെ.)**

2021-2022 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച കെ.എസ്.ഇ.ബി.എൽ.-ന്റെ വാർഷികപ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കി ഊർജ്ജ (സി) വകുപ്പ് ലഭ്യമാക്കിയ കാലതാമസപത്രികയും കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടംതൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ സ്ഥാപനങ്ങളുടെ വാർഷികപ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കി തൊഴിലും നൈപുണ്യവും (ഇ) വകുപ്പ് ലഭ്യമാക്കിയ കാലതാമസ പത്രികയും സമിതി അംഗീകരിച്ചു.

5. 2022-2023 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.

**(ഫയൽ നം.796/സബ്.സി.സി1/2023/നി. സെ.)**

കെ.എസ്.ഇ.ബി.എൽ.-ന്റെ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടതിന്റെ കാരണം സംബന്ധിച്ച് ഊർജ്ജ (സി) വകുപ്പ് ലഭ്യമാക്കിയ കാലതാമസപത്രിക സമിതി അംഗീകരിച്ചു.

VI **സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള വിഷയം**

ജലവൈദ്യുത പദ്ധതികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട വിഷയം ചർച്ച നടത്തണമെന്ന 28.02.2024-ലെ സമിതിയോഗ തീരുമാനം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും 2024 ജൂൺ 10-ാം തീയതി ആരംഭിക്കുന്ന കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിന് ശേഷം ജലവൈദ്യുത പദ്ധതി പ്രദേശങ്ങൾ സന്ദർശിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്ക് ശേഷം 12:50-ന് പിരിഞ്ഞു.

## 02.07.2024-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV എന്നിവയുടെ ഒരു സംയുക്തയോഗം The Kerala Finance Bill, 2024 പരിഗണിക്കുന്നതിനായി 2024 ജൂലൈ മാസം 2-ാം തീയതി ചൊവ്വാഴ്ച സഭാ സമ്മേളനത്തിനുശേഷം രാത്രി 07.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ ചേരുകയുണ്ടായി. സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷനും ബഹു. ധനകാര്യ വകുപ്പുമന്ത്രിയുമായ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രസ്തുത യോഗത്തിൽ, താഴെപ്പറയുന്ന സമിതി അദ്ധ്യക്ഷന്മാർ/ എക്സ്-ഒഫീഷ്യോ അംഗങ്ങളായ വകുപ്പു മന്ത്രിമാരും മറ്റ് സമിതി അംഗങ്ങളും പങ്കെടുത്തിരുന്നു.

1. ശ്രീ. എം. ബി. രാജേഷ്,
   തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി,
   എക്സ്-ഒഫീഷ്യോ അംഗം,
   സബ്ജക്ട് കമ്മിറ്റി VIII.

2. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,
   രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി,
   എക്സ്-ഒഫീഷ്യോ അംഗം,
   സബ്ജക്ട് കമ്മിറ്റി VIII.

3. ശ്രീ. പി. എ. മുഹമ്മദ് റിയാസ് (വീഡിയോ കോൺഫറൻസിംഗ് മുഖേന),
   പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി,
   അദ്ധ്യക്ഷൻ,

സബ്ജക്ട് കമ്മിറ്റി V.

4. ശ്രീ. കെ. ബി. ഗണേഷ് കുമാർ,
ഗതാഗത വകുപ്പുമന്ത്രി,
എക്സ്-ഒഫീഷ്യോ അംഗം,
സബ്ജക്ട് കമ്മിറ്റി V.

5. ശ്രീ. കെ. കൃഷ്ണൻകുട്ടി,
വൈദ്യുതി വകുപ്പുമന്ത്രി,
അദ്ധ്യക്ഷൻ,
സബ്ജക്ട് കമ്മിറ്റി VII.

**ഹാജരായ സമിതി അംഗങ്ങൾ:**

സബ്ജക്ട് കമ്മിറ്റി VIII:

1. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
2. ഡോ. കെ. ടി. ജലീൽ
3. ശ്രീ. ഡി. കെ. മുരളി
4. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
5. ശ്രീ. എൻ. ഷംസുദ്ദീൻ
6. ശ്രീ. കെ. വി. സുമേഷ്
7. ശ്രീ. ഇ. കെ. വിജയൻ

സബ്ജക്ട് കമ്മിറ്റി V:

1. ഡോ. എം. കെ. മുനീർ
2. ശ്രീ. കെ. പ്രേംകുമാർ
3. ശ്രീ. പി. പി. സുമോദ്
4. ശ്രീമതി ഉമ തോമസ്

സബ്ജക്ട് കമ്മിറ്റി VII:

1. ശ്രീ. അൻവർ സാദത്ത്
2. ശ്രീ. എ. കെ. എം. അഷ്റഫ്
3. ശ്രീ. എ. പ്രഭാകരൻ
4. ശ്രീ. കെ. കെ. രാമചന്ദ്രൻ
5. ശ്രീ. വാഴൂർ സോമൻ

സബ്ജക്ട് കമ്മിറ്റി XIV:

1. ശ്രീ. വി. ജോയി
2. ശ്രീ. ഇ. ചന്ദ്രശേഖരൻ
3. ശ്രീ. തോമസ് കെ. തോമസ്
4. ശ്രീ. വി. ഡി. സതീശൻ (വീഡിയോ കോൺഫറൻസിംഗ് മുഖേന)

**നിയമസഭാ സെക്രട്ടേറിയറ്റ്:**

1. ശ്രീമതി ഷബാന അഞ്ചും, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി
3. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീ. ആർ. ഷാജി, ഡെപ്യൂട്ടി സെക്രട്ടറി
5. ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി
6. ശ്രീ. വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി
7. ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ:**

1. ശ്രീ. രബീന്ദ്ര കുമാർ അഗർവാൾ, പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
2. ശ്രീ. അജിത് പാട്ടീൽ, കമ്മീഷണർ, കേരള സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്
3. ശ്രീ. എബ്രഹാം റെൻ എസ്., സ്പെഷ്യൽ കമ്മീഷണർ, കേരള സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്
4. ശ്രീ. ബി. പ്രതാപ ചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീമതി പ്രീത ബി. എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീ. എൻ. വി. സന്തോഷ്, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
7. ശ്രീ. മനോജ് കെ., ജോയിന്റ് സെക്രട്ടറി, നികുതി വകുപ്പ്
8. ശ്രീ. പ്രമോദ് എം. വി., ജോയിന്റ് സെക്രട്ടറി, നികുതി വകുപ്പ്
9. ശ്രീമതി ഷീല എം., ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്
10. ശ്രീ. ശ്രീ. വിനോദ് ജി., ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്

11. ശ്രീ. പ്രമോജ് ശങ്കർ, അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ, മോട്ടോർ വാഹന വകുപ്പ്

12. ശ്രീമതി ദീപ എൻ. സി., ഡെപ്യൂട്ടി സെക്രട്ടറി, നികുതി വകുപ്പ്

13. ശ്രീ. പി. കെ. സാജൻ കുമാർ, ജോയിന്റ് ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ്

14. ശ്രീമതി പ്രീതി സി. എസ്., ജോയിന്റ് സെക്രട്ടറി, പവർ ഡിപ്പാർട്ടുമെന്റ്

15. ശ്രീമതി ശോഭ റ്റി. സി., സ്റ്റേറ്റ് ടാക്സ് ഓഫീസർ, കേരള സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്

16. ശ്രീ. ശ്രീകാന്ത് കെ. പി., സ്റ്റേറ്റ് ടാക്സ് ഓഫീസർ, കേരള സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്

17. ശ്രീ. ഷാജി മാധവൻ, സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ, മോട്ടോർ വാഹന വകുപ്പ്

18. ശ്രീ. ദിനേഷ് കുമാർ, ഡെപ്യൂട്ടി കമ്മീഷണർ, കേരള സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്

19. ശ്രീ. സുനിൽ കുമാർ വി., ഡെപ്യൂട്ടി കമ്മീഷണർ, കേരള സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്

20. ശ്രീമതി സിന്ധു എൽ., ഡെപ്യൂട്ടി കമ്മീഷണർ, കേരള സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്

21. ശ്രീമതി ശ്രീലേഖ വി., ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്

22. ശ്രീമതി കെ. ബി. മീനാംബിക, സീനിയർ ഫിനാൻസ് ഓഫീസർ, മോട്ടോർ വാഹന വകുപ്പ്

23. ശ്രീമതി ദേവിപ്രിയ ആർ. ജി., ഫിനാൻസ് ഓഫീസർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്

പ്രസ്തുത സംയുക്തയോഗം THE KERALA FINANCE BILL, 2024 ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ആയതിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

The Kerala Stamp Act, 1959, The Kerala Court Fees and Suits Valuation Act, 1959, The Kerala Electricity Duty Act, 1963, The Kerala Motor Vehicles Taxation Act, 1976 എന്നീ നാല് ആക്ടുകളിന്മേലുള്ള ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ളതാണ് 2024-ലെ കേരള ധനകാര്യ ബിൽ. പ്രസ്തുത ബില്ലിലെ 1, 2, 4, 5, 6, 8, 9, 10, 14, 15, 16, 20, 23 എന്നീ ഖണ്ഡങ്ങളിന്മേൽ നിയമവകുപ്പ് ഔദ്യോഗിക ഭേദഗതികൾ യോഗത്തിൽ അവതരിപ്പിക്കുകയുണ്ടായി. തുടർന്ന് സമിതിയോഗം, ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും നിയമവകുപ്പ് നിർദേശിച്ച ഭേദഗതികളിന്മേൽ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചുവടെ ചേർത്തിട്ടുള്ള ഭേദഗതികളോടെ 2024-ലെ കേരള ധനകാര്യ ബിൽ അംഗീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

**Clause 1**

for clause 1, the following clause shall be substituted, namely:-

"(1) *Short title and commencement.-* (1) This Act may be called the Kerala Finance Act, 2024.

(2) Save as otherwise provided in this Act,-

(a) explanation V inserted by clause (b) of sub-section (2) of section 2 shall come into force at once;

(b) Chapter III shall come into force on such date as the Commissioner of State Tax may, by notification in the Official Gazette, appoint;

(c) the remaining provisions of this Act shall be deemed to have come into force on the 1st day of April, 2024.".

**Clause 2**

(i) in sub-clause (1), for the word "clause" wherever they occur, the words "sub-section" shall be substituted;

(ii) in item (b) of sub-clause (2) after Explanation IV, the following shall be added, namely:-

"Explanation V:- If the lease of property is for the installation of mobile tower, the fair value of the land or the whole rental amount payable, whichever

is higher, shall deemed to be the value of the property for assessment of stamp duty.".

(iii) in item (d) for the word "entries", the word "entry" shall be substituted.

**Clause 4**

(i) in sub-clause (i), for the word "Naya", the word "Naye" shall be substituted;

(ii) for sub-clause (ii), the following sub-clause shall be substituted, namely:-

"(ii) in the schedule, in item 5 in column (3),-

(a) for the figure and symbols "1.2", the figure "15" shall be substituted;

(b) after the existing entry, the following exemption shall be inserted, namely:-

*Exemption:-* The consumers who generated and consumed energy from solar sources are exempted".

**Clause 5**

in sub-clause (2), in item (i), the existing items shall be renumbered as items (b), (c) and (d) respectively and before the items so renumbered, the following item shall be inserted, namely:-

"(a) in column (2), the words "registered in Kerala and" shall be omitted.".

**Clause 6**

in sub-clause (g), for the words, brackets and figure "clause (24) of section 2" the words and figure "under section 3" shall be substituted.

**Clause 8**

in the second proviso to sub-clause (1), for the word and figure "section 5", the word and figure "section 9" shall be substituted.

**Clause 9**

in sub-clause (2), for the words, "paying an amount recalculating the

amount recalculated" the words, "recalculating the amount payable" shall be substituted.

**Clause 10**

(i) in sub-clause (1), for the words, "at the rates", the words "at such rate" shall be substituted;

(ii) for sub-clause (3), the following sub-clause shall be substituted, namely:-

"(3) The demand under sub-section (2) shall be paid by the applicant within sixty days of receipt of the form referred to in sub-section (2), failing which such short paid amount shall be recalculated by way of a reduction in the amount waived, in such manner as may be notified by the Government.".

**Clause 14**

(i) in sub-clause (1), for the last sentence, the following sentence shall be substituted, namely:-

"In respect of each application separate order and certificate of settlement shall be issued:"

(ii) The existing sub-clause (2) shall be re-numbered as sub -clause (3) and the existing sub-clause (3) shall be re-numbered as sub-clause (2);

(iii) in sub-clause (2) so renumbered, for the words, figure, brackets and symbol "sub-section (1)", the words, figures, brackets and symbol "sub-section (1) or sub-section (2)" shall be substituted.

**Clause 15**

for clause 15, the following clause shall be substituted, namely:-

"The designated authority on receipt of the application referred to in section 9 may, for reasons other than short payment of amounts as required under the scheme, refuse to settle the arrears of tax, surcharge, interest or penalty in such form and manner as may be prescribed:

Provided that no order under this sub-section shall be passed without giving the applicant a reasonable opportunity to showcause against such refusal".

**Clause 16**

in clause 16, for the words, symbol and figure "sub-section (2) of section 14 or section 15" the words, symbol and figure "sub-section (3) of section 14 or section 15" shall be substituted.

**Clause 20**

(i) in sub-clause (1), for the words “revoke the certificate”, the words “revoke the certificate and the order” shall be substituted;

(ii) In sub-clause (2), for the words “revocation of a certificate” the words “revocation of a certificate and the order” shall be substituted.

**Clause 23**

in the proviso to item (g) of sub-clause (2), for the words “clause only”, the words and symbol “sub-section only” shall be substituted.

പ്രസ്തുത ബില്ലിലെ വ്യവസ്ഥകളിന്മേൽ സമിതിയംഗങ്ങളായ സർവ്വശ്രീ കെ. ബാബു (തൃപ്പൂണിത്തുറ), എൻ. ഷംസുദ്ദീൻ, വി. ഡി. സതീശൻ, അൻവർ സാദത്ത്, എ. കെ. എം. അഷ്റഫ്, ഡോ. എം. കെ. മുനീർ എന്നിവരും ശ്രീമതി ഉമ തോമസും വിയോജിപ്പ് രേഖപ്പെടുത്തി.

പ്രസ്തുത സംയുക്തയോഗാനന്തരം സബ്ജക്ട് കമ്മിറ്റി VIII, സമിതിയുടെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവയുടെ കരട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം രാത്രി 08.20-ന് പിരിഞ്ഞു.

## 08.07.2024-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VII, 2024 ജൂലൈ മാസം 08-ാം തീയതി തിങ്കളാഴ്ച സഭാസമ്മേളനത്തിന് ശേഷം നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും വൈദ്യുതി വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ

അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗവും പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടിയും തദവസരത്തിൽ ഹാജരായിരുന്നു.

**ഹാജരായ അംഗങ്ങൾ:**

1. ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.
2. ശ്രീ. എ.കെ.എം.അഷ്റഫ്, എം.എൽ.എ.
3. ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ.
4. ശ്രീ. പി. നന്ദകുമാർ, എം.എൽ.എ.
5. ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ.
6. ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്:**

1. ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ:**

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, അഡീഷണൽ ചീഫ് സെക്രട്ടറി, ഊർജ്ജ വകുപ്പ്
2. ശ്രീ. ബിജുകുമാർ ആർ., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
3. ശ്രീ. എൻ. ശ്രീകുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ (നോഡൽ) വകുപ്പ്
4. ശ്രീ. അജയകുമാർ കെ. എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ (പി.യു.) വകുപ്പ്
5. ശ്രീമതി പ്രീത ബി. അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
6. ശ്രീമതി എൻ. കെ. ചന്ദ്ര, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
7. ഡോ. വീണാ മാധവൻ, മാനേജിംഗ് ഡയറക്ടർ, (എംപ്ലോയ്മെന്റ് & ട്രെയിനിംഗ്), കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ്
8. ശ്രീ. ബിജു ആർ., ഡയറക്ടർ (ഫിനാൻസ്), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി

ബോർഡ് ലിമിറ്റഡ്

9. ശ്രീ. പ്രമോദ് പി., ഡയറക്ടർ, ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്
10. ഡോ. ജൊവാൻ കരേൻ മെയ്ൻ, ഡയറക്ടർ (ഇൻ-ചാർജ്ജ്), ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്
11. ശ്രീ. സുനിൽ തോമസ്, എക്സിക്യൂട്ടീവ് ഡയറക്ടർ, കിലെ
12. ശ്രീമതി മിനി മാത്യു, അഡീഷണൽ ഡയറക്ടർ, ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റ്
13. ശ്രീമതി പ്രീതി സി. എസ്., ജോയിന്റ് സെക്രട്ടറി, ഊർജ വകുപ്പ്
14. ശ്രീ. പി. കെ. മോഹനദാസ്, ജോയിന്റ് ഡയറക്ടർ ഓഫ് എംപ്ലോയ്മെന്റ്, (നാഷണൽ എംപ്ലോയ്മെന്റ് സർവീസ്- കേരള)
15. ശ്രീ. ബിജു കെ. എസ്., ജോയിന്റ് ലേബർ കമ്മീഷണർ, തൊഴിലും നൈപുണ്യവും വകുപ്പ്
16. ശ്രീ. ടി. വി. വിനോദ്, ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ്
17. ശ്രീമതി ഗീത വി. എസ്., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (പ്ലാനിംഗ്), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
18. ശ്രീ. അനിൽ കുമാർ പി., TA to Director (Transmission), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
19. ശ്രീമതി സജിത കുമാരി റ്റി.എസ്., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, TA to Director (Distribution and SCM), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
20. ശ്രീമതി പുഷ്പലത പി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോർപ്പറേറ്റ് പ്ലാനിംഗ്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
21. ശ്രീമതി ശ്രീലേഖ വി., ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഡിപ്പാർട്ടുമെന്റ്
22. ശ്രീമതി സന്ധ്യ എസ്. ആർ., അണ്ടർ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
23. ശ്രീ. രാമനാഥ് ജി., അണ്ടർ സെക്രട്ടറി, ഊർജ്ജ വകുപ്പ്

സമിതി, വിവിധ കാലയളവിലുള്ള റിപ്പോർട്ടുകളിലെ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകൾ, 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ടിന്റെ കരട്, 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

## I സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകൾ

1. 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നത് സംബന്ധിച്ച്

**(ഫയൽ നം.5229/സബ്.സി.സി1/ 2023/ നി.സെ.)**

പ്രസ്തുത റിപ്പോർട്ടിലെ **11-23,43 എന്നീ ഖണ്ഡികകളിലെ** ശിപാർശകളിന്മേൽ തൊഴിലും നൈപുണ്യവും (സി) വകുപ്പ് 27.06.2024 തീയതിയായി ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**ഖണ്ഡിക 24,25** എന്നിവയിലെ ശിപാർശകളിന്മേൽ തൊഴിലും നൈപുണ്യവും (ബി) വകുപ്പ് 30.05.2024 തീയതിയായി ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**ഖണ്ഡിക 27,29,31,37-42** എന്നിവയിലെ ശിപാർശകളിന്മേൽ തൊഴിലും നൈപുണ്യവും (ജി) വകുപ്പിൽ നിന്നും 31.05.2024 തീയതിയായി ലഭിച്ച നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**32 മുതൽ 35 വരെയുള്ള ഖണ്ഡികകളിലെ** ശിപാർശകളിന്മേൽ തൊഴിലും നൈപുണ്യവും (ജി) വകുപ്പ് 03.06.2024 തീയതിയായി ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ചു. 32-34 ഖണ്ഡികകളിലെ ശീർഷകങ്ങളിൽ അധിക തുക അനുവദിക്കുകയുണ്ടായില്ലെന്ന് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നത് സംബന്ധിച്ച വിശദാംശം ധനകാര്യ വകുപ്പിനോട് സമിതി ആരാഞ്ഞതിന് കിലെയിലെ ജീവനക്കാരുടെ ശമ്പളത്തിനും ആനുകൂല്യങ്ങൾക്കും മറ്റ് ദൈനംദിന ചെലവുകൾക്കും അനുവദിച്ചിരുന്ന തുക അപര്യാപ്തമായതിനാൽ അധിക തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും ശമ്പളയിനത്തിൽ ബഡ്ജറ്റ് പ്രൊവിഷനുള്ളതിനേക്കാൾ കൂടുതൽ തുക അനുവദിക്കാറില്ലെന്നും അധിക തുക ആവശ്യമായി വന്നില്ലെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. സാലറി, ഡി.എ. അരിയർ എന്നിവ ലഭിക്കുമെന്ന് പ്രതീക്ഷിച്ചാണ് പ്രസ്തുത ശീർഷകത്തിൽ അധിക തുക ആവശ്യപ്പെട്ടതെന്ന്

തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചപ്പോൾ സാലറി ഇനത്തിൽ തുക അനുവദിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോളിലില്ലെന്നും അതിനാൽ ഔദ്യോഗികമായി ആവശ്യപ്പെടണമെന്നില്ലെന്നും പ്രസ്തുത ആവശ്യത്തിന്മേൽ ധനകാര്യ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടി അഡ്മിനിസ്ട്രേഷൻ വിഭാഗം പരിശോധിച്ച് വ്യക്തത വരുത്തണമെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി. അധിക തുക ആവശ്യപ്പെട്ടെങ്കിലും ധനകാര്യ വകുപ്പ് അനുവദിച്ചില്ലെന്നാണ് തൊഴിലും നൈപുണ്യവും വകുപ്പിന്റെ റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നതെന്നും എന്നാൽ ബജറ്റ് വിഹിതം മതിയാകുമെന്നതിനാൽ അധിക തുക ആവശ്യമായി വന്നില്ലെന്നാണ് ധനകാര്യ വകുപ്പ് പറയുന്നതെന്നും അധിക തുക ആവശ്യമായി വന്നില്ലായെന്നുള്ള റിപ്പോർട്ടാണ് തൊഴിലും നൈപുണ്യവും വകുപ്പ് സമിതി മുമ്പാകെ സമർപ്പിക്കേണ്ടിയിരുന്നതെന്നും നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി ചൂണ്ടിക്കാട്ടി. സമിതിക്ക് സമർപ്പിക്കുന്ന റിപ്പോർട്ടിൽ വ്യക്തതയുണ്ടായിരിക്കണമെന്ന് സമിതി ചെയർപേഴ്സൺ തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ സെക്രട്ടറിയോട് നിർദ്ദേശിച്ചു. പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ് 02.07.2024 തീയതിയായി ലഭ്യമാക്കിയ **ഖണ്ഡിക 7** -ലെ ശിപാർശയിന്മേലുള്ള നടപടി റിപ്പോർട്ട്, തൊഴിലും നൈപുണ്യവും (ജി) വകുപ്പ് 03.06.2024 തീയതിയായി ലഭ്യമാക്കിയ **ഖണ്ഡിക 36**-ലെ ശിപാർശയിന്മേലുള്ള നടപടി റിപ്പോർട്ട് എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**47,48,50-57 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഊർജ്ജ (സി) വകുപ്പ് 22.06.2024** തീയതിയായി ലഭ്യമാക്കിയ നടപടി റിപ്പോർട്ടും **ഖണ്ഡിക 57 ലെ ശിപാർശയിന്മേൽ ധനകാര്യ (എൻ.സി.ബി) വകുപ്പ് 03.06.2024** തീയതിയായി ലഭ്യമാക്കിയ അന്തിമ നടപടി റിപ്പോർട്ടും സമിതി പരിഗണിച്ചു.

**ഖണ്ഡിക 47,48** എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ട് പരിഗണിച്ച വേളയിൽ സൗജന്യമായി വിതരണം ചെയ്യുന്ന വൈദ്യുതിയുടെ നിരക്ക്

ഇലക്ട്രിസിറ്റി ഡ്യൂട്ടിയിലാണ് അഡ്ജസ്റ്റ് ചെയ്യുന്നതെന്നും വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജിന്റെ കുടിശ്ശികയായ 2068 കോടി രൂപ പത്ത് തവണകളായി അടയ്ക്കണമെന്ന് സർക്കാർ ഉത്തരവായിട്ടുണ്ടെന്നും വാട്ടർ അതോറിറ്റി മേലിൽ escrow മെക്കാനിസം വഴി വൈദ്യുതി ചാർജ് അടയ്ക്കണമെന്ന് ഉത്തരവായെങ്കിലും പ്രാവർത്തികമാക്കുന്നതിൽ കാലതാമസം വരുന്നുണ്ടെന്നും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജിന്റെ കുടിശ്ശിക ഇലക്ട്രിസിറ്റി ഡ്യൂട്ടിയിൽ അഡ്ജസ്റ്റ് ചെയ്യാമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാനത്തിന് അംഗീകാരം ലഭിച്ചാൽ, നിലവിലുള്ള വൈദ്യുതി ചാർജിന്റെ കുടിശ്ശികയുമായി ബന്ധപ്പെട്ട വിഷയത്തിന് പരിഹാരമാകുമെന്നും ഊർജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. ബാക്കിയുള്ള 60 കോടി രൂപ അനുവദിച്ചിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞപ്പോൾ ടി തുക ഇലക്ട്രിസിറ്റി ഡ്യൂട്ടിയിൽ അഡ്ജസ്റ്റ് ചെയ്യാൻ തീരുമാനിച്ചിട്ടുള്ളതായി ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി. പ്രസ്തുത വിഷയം സംബന്ധിച്ച് തീരുമാനമെടുത്തത് സമിതി യോഗത്തിന്റെ മുൻദിവസം ചേർന്ന യോഗത്തിലായതിനാൽ റിപ്പോർട്ടിൽ ആയത് ഉൾപ്പെടുത്താൻ സാധിച്ചില്ലായെന്ന് ഊർജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ബോധിപ്പിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

**ഖണ്ഡിക 50,51** എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ട് പരിഗണിച്ച വേളയിൽ ഇടമൺ-കൊച്ചി സെക്ടറിലെ 400 കെ.വി. ട്രാൻസ്മിഷൻ ലൈനിനുവേണ്ടിയുള്ള നഷ്ടപരിഹാര പാക്കേജിന് തുക അനുവദിച്ചത് സംബന്ധിച്ച് ആരാഞ്ഞ സമിതി തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശാദാംശം ഉൾപ്പെടുത്തിയ റിപ്പോർട്ടാണ് സമിതിക്ക് സമർപ്പിക്കേണ്ടതെന്ന് അഭിപ്രായപ്പെട്ടു. പ്രസ്തുത പേമെന്റിൽ പെൻഡിംഗില്ലെന്ന് ഊർജ്ജ വകുപ്പുദ്യോഗസ്ഥൻ സമിതിയെ ബോധിപ്പിക്കുകയും തുക റിലീസ് ചെയ്തുവെന്നതിന്റെ വിശദാംശം ടി റിപ്പോർട്ടിൽ ഉൾപ്പെടുത്താമെന്ന് ഉറപ്പ് നൽകുകയും ചെയ്തു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

**52-56 ഖണ്ഡികകളിലെ** ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു. **ഖണ്ഡിക 57** ശിപാർശയിന്മേൽ ഊർജ വകുപ്പിൽ നിന്നും ലഭ്യമാക്കിയ നടപടി റിപ്പോർട്ടിൽ സമിതി ശിപാശയിന്മേൽ അധികതുക അനുവദിച്ചിട്ടില്ലെന്നും ധനകാര്യ വകുപ്പിൽ നിന്നുള്ള നടപടി റിപ്പോർട്ടിൽ തുക അനുവദിച്ചിട്ടുണ്ടെന്നും രേഖപ്പെടുത്തിയിരിക്കുന്നതിലെ വൈരുദ്ധ്യം ചൂണ്ടിക്കാട്ടിയ സമിതി ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ആയതിന്റെ വിശദീകരണം ആവശ്യപ്പെട്ടു. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ പരിശോധിച്ചതിനുശേഷം മാത്രമേ തുക അനുവദിക്കാവൂ എന്നൊരു റിമാർക്ക്സുകൂടി ഉൾപ്പെടുത്തിയാണ് ധനകാര്യ വകുപ്പ് അഡീഷണൽ ഓതറൈസേഷൻ അനുവദിച്ചതെന്നും എന്നാൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കെ.എസ്.ഇ.ബി.എൽ.-ൽ നിന്നും ലഭ്യമാക്കുന്നതിലും Ways and Means Clearance ലഭിക്കുന്നതിനും കാലതാമസമുണ്ടായെന്നും തുടർന്ന് തുക അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചപ്പോഴേക്കും ട്രഷറി ബ്ലോക്ക് ചെയ്തിരുന്നതിനാൽ തുക റിലീസ് ചെയ്തു കൊടുക്കാൻ സാധിച്ചില്ലെന്നും തുടർനടപടിക്കായി ഫയൽ ധനകാര്യ വകുപ്പിലേയ്ക്ക് ഒരിക്കൽക്കൂടി നൽകിയിട്ടുണ്ടെന്നും പ്രസ്തുത വിവരം കൂടി റിപ്പോർട്ടിൽ ഉൾപ്പെടുത്താമെന്നും ഊർജ വകുപ്പ് ഉദ്യോഗസ്ഥൻ ബോധിപ്പിച്ചു. പ്രസ്തുത ഖണ്ഡികയിന്മേൽ ഊർജ്ജ, ധനകാര്യ വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകൾ സമിതി അംഗീകരിച്ചു.

**ഖണ്ഡിക 58**-ലെ ശിപാർശയിന്മേൽ ഊർജ്ജ (ബി) വകുപ്പ് 30.05.2024 തീയതിയായി ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**ഖണ്ഡിക 59-64** എന്നിവയിലെ ശിപാർശകളിന്മേൽ ഊർജ്ജ (ബി) വകുപ്പ് 28.06.2024 തീയതിയായി ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിക്കുകയും പ്രസ്തുത നടപടി റിപ്പോർട്ടിൽ പൊതുമേഖലാസ്ഥാപനങ്ങൾക്ക് സംസ്ഥാന വിഹിതത്തിന് അർഹതയില്ലെന്ന പരാമർശം ആശയക്കുഴപ്പം സൃഷ്ടിക്കുമെന്നതിനാൽ ആയത് റിപ്പോർട്ടിൽ നിന്നും ഒഴിവാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. പ്രസ്തുത ഭേദഗതിയോടെ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**ഖണ്ഡിക 49-ലെ** ശിപാർശയിന്മേൽ ഊർജ്ജ (ബി) വകുപ്പ് 06.07.2024 തീയതിയായി ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ചു. ട്രാൻസ്ഗ്രിഡ് പദ്ധതിയ്ക്കായി 158 കോടി രൂപ അനുവദിക്കുന്നത് സംബന്ധിച്ച രേഖകൾ ധനകാര്യ വകുപ്പിന് സമർപ്പിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കുവാൻ കഴിയാതിരുന്നത് ആരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണെന്ന് സമിതി ആരാഞ്ഞപ്പോൾ 158 കോടി രൂപ അനുവദിക്കുന്നതിനുള്ള രേഖകൾ ധനകാര്യ വകുപ്പിന് കെ.എസ്.ഇ.ബി.എൽ. സമർപ്പിച്ചിട്ടില്ലെന്നും ആയത് സംബന്ധിച്ച പ്രൊപ്പോസൽ യഥാസമയം സമർപ്പിക്കുന്നതിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ഭാഗത്ത് നിന്ന് അനാസ്ഥ ഉണ്ടായിട്ടുണ്ടെന്നും ഊർജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ബോധിപ്പിച്ചു. കെ.എസ്.ഇ.ബി.എൽ. സാമ്പത്തിക പ്രതിസന്ധിയിൽ നിൽക്കുമ്പോൾ പ്രസ്തുത നടപടിക്രമങ്ങൾ സമയബന്ധിതമായി തീർക്കേണ്ടതായിരുന്നു എന്നഭിപ്രായപ്പെട്ട സമിതി ആയതിന്മേൽ കെ.എസ്.ഇ.ബി.എൽ.-നോട് വിശദീകരണം ആരായുന്നതിന് ഊർജ്ജ വകുപ്പിനോട് നിർദ്ദേശിച്ചു. പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**65, 66, 67 ഖണ്ഡികകളിലെ** ശിപാർശയിന്മേൽ ഊർജ്ജ (പി.എസ്) വകുപ്പ് 05.07.2024 തീയതിയായി ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിക്കുകയും സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള തുക ആവശ്യപ്പെടാൻ സാധിച്ചില്ലെന്ന് മറുപടി നൽകിയിരിക്കുന്നതിന്റെ കാരണം ആരായുകയും ചെയ്തു. ആയതിന്, ബജറ്റ് പ്രൊവിഷനിലുള്ള തുക പൂർണ്ണമായും റിലീസ് ചെയ്യാത്ത സാഹചര്യത്തിൽ അഡീഷണൽ ഓതറൈസേഷൻ മുഖേന തുക ആവശ്യപ്പെടാൻ സാധിച്ചില്ലെ- ന്നാണ് റിപ്പോർട്ടിൽ ഉദ്ദേശിച്ചതെന്ന് ഊർജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത വിഷയം വകുപ്പ് വിശദമായി പരിശോധിക്കണമെന്ന് സമിതി അഭിപ്രായപ്പെടുകയും നടപടി റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

2. 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസപത്രിക എന്നിവ സംബന്ധിച്ച്.

**(ഫയൽ നം. 3181/സബ്.സി.സി.1/2019/നി.സെ.)**

**59 മുതൽ 71 വരെയുള്ള ഖണ്ഡികകളിലെ** ശിപാർശകളിന്മേൽ ഊർജ്ജ (സി) വകുപ്പ് 13.06.2024 തീയതിയായി ലഭ്യമാക്കിയ നടപടി റിപ്പോർട്ടും കാല- താമസ പത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. 61 ,63 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നത് അനുചിതമാണെന്ന് ചൂണ്ടിക്കാട്ടിയ സമിതി ഭാവിയിൽ നടപടി റിപ്പോർട്ടുകൾ അനുബന്ധമായി ചേർക്കുന്നത് ഒഴിവാക്കി നിർദ്ദിഷ്ട മാതൃകയിൽ സ്റ്റേറ്റ്മെന്റ് രൂപത്തിൽ ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

3. 2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസപത്രിക എന്നിവ ലഭ്യമാക്കുന്നത് സംബന്ധിച്ച്.

**(ഫയൽ നം. 13047/സബ്.സി.സി.1/2022/നി.സെ.)**

പ്രസ്തുത റിപ്പോർട്ടിലെ **3-ാം** ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള നടപടി റിപ്പോർട്ട് പരിഗണിച്ച 07.06.2024 ലെ യോഗത്തിൽ തൊഴിൽ ശ്രേഷ്ഠ അവാർഡുമായി ബന്ധപ്പെട്ട് സമിതി ആരാഞ്ഞ അധികവിവരത്തിന്മേലുള്ള തൊഴിലും നൈപുണ്യവും (ഡി) വകുപ്പിന്റെ 11.06.2024 ലെ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ചു. തൊഴിൽ ശ്രേഷ്ഠ അവാർഡ്-2021 ന്റെ നടത്തിപ്പിനായി അനുവദിച്ച തുക അവാർഡ് വിതരണത്തിന് അപര്യാപ്തമായതിനാൽ 25.11.2023 ലെ G.O (Rt) No. 8274/2023 /FIN നമ്പർ ഉത്തരവ് പ്രകാരം 6,75,000/-രൂപ അധികമായി ധനപുന:വിനിയോഗത്തിലൂടെ 2230-01-103-69(P) ശീർഷകത്തിൽ നിന്നും അനുവദിച്ചുവെന്ന നടപടി റിപ്പോർട്ടാണ് ലഭ്യമാക്കിയത്. എന്നാൽ 6,75,000/- രൂപ എന്ന തുകയ്ക്ക് പകരം 16,75,000/- എന്ന് തിരുത്തൽ വരുത്തണമെന്ന് തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു. പ്രസ്തുത അധികവിവര റിപ്പോർട്ടും അഡീഷണൽ സെക്രട്ടറി പരാമർശിച്ച തിരുത്തലും സമിതി അംഗീകരിച്ചു.

**ഖണ്ഡിക 8,10,13** എന്നിവയിലെ ശിപാർശകളിന്മേൽ തൊഴിലും നൈപുണ്യവും (ബി) വകുപ്പ് 25.06.2024 തീയതിയായും **12, 16 എന്നീ ഖണ്ഡികകളിലെ**

ശിപാർശകളിന്മേൽ തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് 18.06.2024 തീയതിയായും ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകളും കാലതാമസപത്രികകളും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

4. അനെർട്ട്, ഇ.എം.സി. എന്നിവയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച അവലോകനം, വൈദ്യുതിലൈൻ പൊട്ടിവീണ് ഉണ്ടാകുന്ന അപകടങ്ങളും നിർമ്മാണ അറ്റകുറ്റപ്പണികൾക്കിടെയുണ്ടാകുന്ന അപകടങ്ങളും തടയുവാനുള്ളമുൻകരുതലുകൾ എന്നിവ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്- തുടർനടപടികൾ സംബന്ധിച്ച്.

**(ഫയൽ നമ്പർ 13914/സബ്.സി.സി.1/2021/നി.സെ)**

പ്രസ്തുത റിപ്പോർട്ടിലെ **4, 6-16, 20, 25** എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഊർജ്ജ (പി.എസ്) വകുപ്പ് 23.06.2024 തീയതിയായി ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിച്ചു. വൈദ്യുതി ബോർഡ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ പൊതുജനശ്രദ്ധയിലേക്ക് എത്തിക്കുന്നതിനും ബോർഡ് ലഭ്യമാക്കുന്ന സേവനങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ മതിയായ ബോധവത്കരണം ആവശ്യമായതിനാലും പ്രസ്തുത സേവനങ്ങൾ സംബന്ധിച്ച് കൂടുതൽ പ്രചരണം ആവശ്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടു, ഇന്ത്യയിൽ ഇലക്ട്രിക് വാഹന മേഖലയിൽ ഏറ്റവും കൂടുതൽ വളർച്ചാനിരക്കുള്ളത് കേരളത്തിലാണെന്നും അവ ചാർജ് ചെയ്യുന്നതിനുള്ള പ്രോട്ടോക്കോൾ, ഓപ്പൺ എനർജി ഇന്റർഫേസ് സിസ്റ്റം എന്നിവ സംസ്ഥാനത്ത് ആവിഷ്കരിച്ചിട്ടുണ്ടെന്നും തിരുവനന്തപുരം സിറ്റിയിൽ 514 സർക്കാർ കെട്ടിടങ്ങളിൽ സോളാർ സ്ഥാപിച്ചുകഴിഞ്ഞുവെന്നും ഇത്തരത്തിൽ കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിയിട്ടുള്ള നിരവധി പരിഷ്കരണ - സേവന പദ്ധതികൾ പൊതുജന ശ്രദ്ധയിൽ കൊണ്ടു വരുന്നതിനായി ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഊർജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

കൃഷി സ്ഥലങ്ങളിൽ ഒരുഭാഗത്ത് കൃഷിയും മറുഭാഗത്ത് സോളാർ പാനലും സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ സാധ്യതാപഠനം നടക്കുന്നുണ്ടെന്നും പ്രസ്തുത രീതിയിൽ ഉത്പാദിപ്പിക്കുന്ന സോളാർ എനർജി കർഷകർക്ക്

കാർഷികവരുമാനത്തിലുപരി അധികവരുമാനം ലഭ്യമാക്കുമെന്നും കൂടാതെ പ്രസ്തുത പദ്ധതി നടപ്പാക്കുന്നയിടങ്ങളിൽ കാർഷിക ഉത്പാദനക്ഷമത (Agri-PV) വർദ്ധിക്കുന്നതായും ഊർജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൂട്ടിച്ചേർത്തു. പാലക്കാട് ചിറ്റൂരിൽ ഒരു കൃഷിസ്ഥലത്ത് പ്രസ്തുത രീതിയിൽ സോളാർ സ്ഥാപിച്ചതിൽ നിന്നും ഏകദേശം ഒരു ലക്ഷം രൂപ വരെ വരുമാനം ലഭിച്ചതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്ന് ബഹു. സമിതി ചെയർപേഴ്സൺ അഭിപ്രായപ്പെട്ടു. കെട്ടിടങ്ങളുടെ ഭിത്തിയിൽ ഗ്ലാസ് മാതൃകയിലുള്ള സോളാർ പാനൽ സ്ഥാപിക്കുന്ന ബിൽഡിംഗ് ഇന്റഗ്രേറ്റഡ് PV മെറ്റീരിയൽ സംവിധാനം പൈലറ്റ് അടിസ്ഥാനത്തിൽ പുതിയ സെക്രട്ടേറിയറ്റ് കെട്ടിടത്തിന്റെ ചുവരുകളിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതായി ഊർജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി തദവസരത്തിൽ വ്യക്തമാക്കി. ഗ്രീൻ ഹൈഡ്രജൻ പദ്ധതിയുമായി ബന്ധപ്പെട്ട് DST (Department of Science and Technology) യുടെ അംഗീകാരം ലഭിച്ച ആദ്യത്തെ പ്രോജക്ട് കേരളത്തിന്റേതാണെന്നും 53 കോടി രൂപ ഇതിനായി അനുവദിച്ചിട്ടുണ്ടെന്നും ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചാലുടൻ എസ്.പി.വി. രൂപീകരിക്കുമെന്നും ഏകദേശം അഞ്ചോളം കമ്പനികൾ ഒരുലക്ഷം കോടിയിലധികം രൂപയുടെ നിക്ഷേപത്തിന് തയ്യാറായിട്ടുണ്ടെന്നും ഹൈഡ്രജൻ വാലി പ്രോജക്ടിന്റെ ഭാഗമായി കായലുകളിലുള്ള ആഫ്രിക്കൻ പായലുകളെ കംപ്രസ്ഡ് ബയോഗ്യാസാക്കി മാറ്റാനുള്ള പ്രവർത്തനങ്ങളുൾപ്പെടെ വിവിധ നൂതന ആശയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എല്ലാ വകുപ്പുകളേയും സംയോജിപ്പിച്ച് കൊണ്ട് സംസ്ഥാനത്തെ കാർഷിക ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതു സംബന്ധിച്ചും മൈക്രോ ഇറിഗേഷൻ, വാട്ടർ മാനേജ്മെന്റ്, ഇലക്ട്രിസിറ്റി എന്നിവയും പുനരുപയോഗ ഊർജ്ജവും സംയോജിപ്പിച്ച് ലാഭകരമായി കൃഷി ചെയ്യാനുള്ള സാധ്യതകളെക്കുറിച്ചും ചർച്ച ചെയ്തിരുന്നതായും പ്രസ്തുത വിഷയത്തിന്മേൽ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നതായും ഊർജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി. പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**18, 19, 21-24** എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഊർജ്ജ (സി) വകുപ്പ് 06.06.2024 തീയതിയായി ലഭ്യമാക്കിയ റിപ്പോർട്ട് സമിതി

പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. നിലവിൽ സ്വകാര്യ മേഖലയിലുള്ളവർക്കും സ്വന്തമായി ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കാവുന്നതാണെന്നും ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം വളരെയധികം വർദ്ധിച്ചിട്ടുള്ളതിനാൽ ഊർജ്ജ വകുപ്പ് കൂടുതൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കേണ്ട ആവശ്യം വരുന്നില്ലെന്നും ഊർജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ബോധിപ്പിച്ചു. റെസ്റ്റോറന്റുകൾ, ഹോട്ടലുകൾ, ഷോപ്പിംഗ് ഏരിയകൾ മുതലായവയുടെ സമീപം ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളതായി ബഹു. സമിതി ചെയർപേഴ്സൺ അറിയിച്ചു.

**47, 48, 59, 60** എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഊർജ്ജ (ബി) വകുപ്പ് 06.07.2024-ലെ ബി1/83/24-ഊ.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. സമിതി ഏതാനും ഹൈഡൽ പവർ പോജക്ടുകൾ സന്ദർശിക്കുന്നതിനും പ്രസ്തുത പദ്ധതികളുടെ പ്രവർത്തനപുരോഗതി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനും തീരുമാനിച്ചു.

**49, 56, 57, 58** എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഊർജ്ജ (ബി) വകുപ്പ് 06.07.2024-ലെ 22/ബി2/2024-ഊ.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. ഇലക്ട്രിസിറ്റി ബോർഡിലെ ജീവനക്കാർക്ക് ജോലിക്കിടയിൽ സംഭവിക്കുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ചെയർപേഴ്സൺ അഭിപ്രായപ്പെട്ടപ്പോൾ ഇലക്ട്രിക്കൽ സേഫ്റ്റി, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവയുൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ട് പ്രസ്തുത വിഷയത്തിന്മേൽ പഠനം നടത്തുന്നതാണെന്ന് ഊർജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ബോധിപ്പിച്ചു.

5. KASE-ന്റെ പ്രവർത്തനം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള തുടർനടപടി സംബന്ധിച്ച്.

**(ഫയൽ നം. 4151/ സബ്.സി. സി1/ 2019/നി.സെ.)**

പ്രസ്തുത റിപ്പോർട്ടിലെ 44-ാമത് ഖണ്ഡികയിലെ ശിപാർശയിന്മേൽ

ഊർജ്ജ (പി.എസ്.) വകുപ്പ് 23.05.2024 തീയതിയായി ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിച്ചു. സോളാർ ഇൻസ്റ്റലേഷനുമായി ബന്ധപ്പെട്ട കോഴ്സുകൾക്ക് ഡിഗ്രി അടിസ്ഥാന യോഗ്യതയാക്കരുതെന്നും പത്താം ക്ലാസ്, വി.എച്ച്.എസ്.ഇ., ഐ.ടി.ഐ. പൂർത്തിയാക്കിയവർക്കും പ്രസ്തുത ട്രെയിനിംഗിൽ പങ്കെടുക്കാൻ സാധിക്കണമെന്നും അനെർട്ട് നടത്തുന്ന ഇത്തരം കോഴ്സുകളിൽ പങ്കെടുക്കുന്നവർക്ക് പ്ലേസ്മെന്റ് ലഭിക്കുമെന്നും സമൂഹത്തിൽ ഏറ്റവും താഴേത്തട്ടിലുള്ളവർക്കും ഈ കോഴ്സിന്റെ ഉപയോഗമുണ്ടാകണമെന്നും സമിതി അഭിപ്രായപ്പെട്ടു. നിലവിൽ KASE-ന്റെ സെന്റർ ഓഫ് എക്സലൻസ് ആയി ANERT പ്രവർത്തിക്കുന്നത് തിരുവനന്തപുരത്ത് മാത്രമാണെന്നും മറ്റ് സ്ഥലങ്ങളിൽ ANERT ആവശ്യമായ സൗകര്യങ്ങൾ ചെയ്യുന്ന മുറയ്ക്ക് ട്രെയിനിംഗ് നടത്താൻ KASE തയ്യാറാണെന്നും കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ബോധിപ്പിച്ചു. വൈദ്യുതി വകുപ്പിൽ നടപ്പിലാക്കിവരുന്ന നൂതന പരിപാടികളെക്കുറിച്ച് സാമാജികർക്ക് അറിയിപ്പുകളൊന്നും ലഭിക്കുന്നില്ലെന്നും വകുപ്പിൽ നിന്ന് നേരിട്ട് ഇ-മെയിൽ മുഖേന അറിയിപ്പ് നൽകുന്നത് ഉചിതമായിരിക്കുമെന്നും സമിതി ചൂണ്ടിക്കാട്ടി. വകുപ്പിലെ പ്രോഗ്രാമുകളെക്കുറിച്ച് സാമാജികർക്ക് യഥാസമയം അറിയിപ്പുകൾ നൽകണമെന്ന് അതത് ജില്ലാ ഓഫീസുകൾക്ക് നിർദ്ദേശം നൽകാമെന്നും ഇ-മെയിൽ മുഖേന സാമാജികർക്ക് അറിയിപ്പ് നൽകുന്നതിന് സംവിധാനമൊരുക്കാമെന്നും ഊർജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

II 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ടിന്റെ കരട്.

**(ഫയൽ നം.7889/ സബ്.സി. സി1/ 2024/നി.സെ.)**

പ്രസ്തുത റിപ്പോർട്ടിന്റെ കരട് സമിതി അംഗീകരിച്ചു.

III 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്.

**(ഫയൽ നം.11325/ സബ്.സി.സി1/ 2024/നി.സെ.)**

പ്രസ്തുത റിപ്പോർട്ടിന്റെ കരട് സമിതി അംഗീകരിച്ചു.

യോഗം വൈകുന്നേരം 6.45 ന് അവസാനിച്ചു.

**02.09.2024, 03.09.2024 എന്നീ തീയതികളിലെ പള്ളിവാസൽ, ഇടുക്കി ഡാമുകളുടെയും മൂലമറ്റം പവർ ഹൗസിന്റെയും സന്ദർശനത്തിന്റെയും യോഗങ്ങളുടെയും നടപടിക്കുറിപ്പ്**

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി ചെയർപേഴ്സണും വൈദ്യുതി വകുപ്പുമന്ത്രിയുമായ ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ നേതൃത്വത്തിൽ 2024 സെപ്റ്റംബർ 2-ാം തീയതി രാവിലെ 10.15-ന് പള്ളിവാസൽ പവർ ഹൗസ് സന്ദർശിക്കുകയും എക്സ്റ്റൻഷൻ ഹൗസിന്റെ സ്ഥിതിഗതികൾ വിലയിരുത്തുകയും തുടർന്ന് രാവിലെ 11.10-ന് കെ.എസ്.ഇ.ബി.എൽ.-ന്റെ ചിത്തിരപുരം ഐ.ബി-യിൽ യോഗം ചേരുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

<u>ഹാജരായ അംഗങ്ങൾ:</u>

1. ശ്രീ. എം.എം. മണി, എം.എൽ.എ.
2. ശ്രീ. പി. നന്ദകുമാർ, എം.എൽ.എ.
3. ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ.
4. ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.
5. ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. കെ.എസ്. കിരൺ ബോസ്, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീമതി ജാമിലി വി.സി., ചീഫ് എഞ്ചിനീയർ (ജനറേഷൻ).
2. ശ്രീമതി ഹേമ കെ., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ജനറേഷൻ സർക്കിൾ)

3. ശ്രീമതി പ്രമീളാദേവി ബി., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (സിവിൽ സർക്കിൾ).
4. ശ്രീമതി കെ.എം. ഷൈല, എക്സിക്യൂട്ടീവ് എഞ്ചിനീയർ
5. ശ്രീ. അനിൽ പോൾ, എക്സിക്യൂട്ടീവ് എഞ്ചിനീയർ
6. ശ്രീ. ബിജു കെ., എക്സിക്യൂട്ടീവ് എഞ്ചിനീയർ
7. ശ്രീ. അനന്ദു രാജൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ
8. ശ്രീ. ഫൈസി എം., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
9. ശ്രീ. പ്രബീഷ് ബോസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
10. ശ്രീ. മനോജ്കുമാർ പി.ആർ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
11. ശ്രീ. ലിജു ജോസഫ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
12. ശ്രീ. അജിത് എസ്., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
13. ശ്രീമതി ജ്യൂൺ ജോയ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
14. ശ്രീ. അനിത് കെ. സുധാകരൻ, അസിസ്റ്റന്റ് എഞ്ചിനീയർ
15. ശ്രീ. ധനീഷ് ഡി.എസ്., അസിസ്റ്റന്റ് എഞ്ചിനീയർ
16. ശ്രീ. ഇംഷാദ് എസ്., സബ് എഞ്ചിനീയർ
17. ശ്രീ. പി.ബി. സുരേഷ്, പ്രോജക്ട് മാനേജർ
18. ശ്രീ. പി.എ. സുരേഷ്, I/C പ്രോജക്ട് മാനേജർ

സന്ദർശനവേളയിൽ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുമായി നടന്ന ചർച്ചയുടെ പൂർണ്ണരൂപം ചുവടെ ചേർക്കുന്നു.

കേരളത്തിലെ ആദ്യത്തെ ജലവൈദ്യുത പദ്ധതിയായ പള്ളിവാസൽ പദ്ധതിയുടെ പഠനം 1931ൽ ആണ് ആരംഭിച്ചതെന്നും 1933-ൽ അനുമതി ലഭിച്ച പ്രകാരം 1935-ൽ ആരംഭിച്ച് 4.5 മെഗാവാട്ട് ശേഷി വീതമുള്ള യൂണിറ്റ് -I 19.03.1940-ൽ കമ്മീഷൻ ചെയ്തുവെന്നും രണ്ടാമത്തെ മെഷീൻ 1941-ലും മൂന്നാമത്തെ മെഷീൻ 1942 ലും കമ്മീഷൻ ചെയ്തുവെന്നും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ അറിയിച്ചു. തുടർന്ന് രണ്ടാം ഘട്ടം എന്ന നിലക്ക് 7.5 MW വീതം ശേഷിയുള്ള 4, 5, 6 എന്നീ യൂണിറ്റുകൾ യഥാക്രമം 1948, 1949, 1951 എന്നീ വർഷങ്ങളിൽ കമ്മീഷൻ ചെയ്യുകയുണ്ടായി. മൂന്നാറിലുള്ള രാമസ്വാമി ഹെഡ് വർക്സ് ഡാമിൽ നിന്നുമാണ് പള്ളിവാസൽ പവർ ഹൗസിലേക്ക് വെള്ളം

നൽകിയിരുന്നത്. തുടർന്ന് 1947-ൽ കുണ്ടളയിലുള്ള സേതുപാർവ്വതിഭായി അണക്കെട്ടും 1954-ൽ മാട്ടുപ്പെട്ടി അണക്കെട്ടും പൂർത്തീകരിച്ചു. ഏറ്റവും മുകളിലുള്ള കുണ്ടളയിൽ നിന്നും മാട്ടുപ്പെട്ടിയിലേക്കും തുടർന്ന് രാമസ്വാമി ഹെഡ് വർക്സിലേക്കും വെള്ളം എത്തിക്കാൻ കഴിയും. ഹെഡ് വർക്സിൽ നിന്നും 4 പെൻസ്റ്റോക്ക് വഴിയാണ് പള്ളിവാസൽ പവർ ഹൗസിലേക്ക് വെള്ളം എത്തിക്കുന്നതെന്നും അതിൽ ആദ്യത്തെ 2 പെൻസ്റ്റോക്കുകൾ 1940-ൽ സ്ഥാപിച്ചതാണെന്നും കാലപ്പഴക്കവും സുരക്ഷാ കാരണങ്ങളാലും അവ 2018 മുതൽ പ്രവർത്തന രഹിതമാണെന്നും അറിയിച്ചു. പ്രസ്തുത പെൻസ്റ്റോക്കിൽ അറ്റകുറ്റപണികൾ ചെയ്യണമെങ്കിൽ ഇപ്പോൾ പ്രവർത്തനം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന പള്ളിവാസൽ എക്സ്റ്റെൻഷൻ സ്കീം (60MW) പ്രകാരമുള്ള പുതിയ പെൻസ്റ്റോക്ക് കമ്മീഷൻ ചെയ്യേണ്ടതുണ്ട് എന്നും അറിയിച്ചു. അക്കാലത്തെ സ്ഥാപിത ശേഷി 36 MW ആയിരുന്നു. 1998-ൽ എസ്.എൻ.സി. ലാവ്ലിൻ കമ്പനി നടത്തിയ മോർഡേണൈസേഷൻ ജോലികളുടെ ഭാഗമായി 4.5 MW ന്റെ ഓരോ മെഷീനും 5 MW ന്റെ വീതമാക്കുകയും ബാക്കിയുള്ള 7.5 MW ന്റെ തന്നെ മെഷീനുകളും പുതുക്കി പണിതതിന്റെ അടിസ്ഥാനത്തിൽ മൊത്തം സ്ഥാപിതശേഷി 37.5 MW ആയി 2002-ൽ പൂർത്തീകരിച്ചു.

പള്ളിവാസൽ പദ്ധതിയിൽ നിന്നും പുറത്തു പോകുന്ന വെള്ളം 10 മീറ്റർ ഉയരത്തിലേക്ക് വീണ്ടും പമ്പ് ചെയ്ത് ചെങ്കുളം ബാലൻസ്ഡ് റിസർവയറിൽ എത്തിക്കുന്ന പ്രസ്തുത വെള്ളം ഉപയോഗിച്ചാണ് 48 MW ശേഷിയുള്ള ചെങ്കുളം പവർ ഹൗസ് പ്രവർത്തിക്കുന്നതെന്നും അറിയിച്ചു.

തുടർന്ന് 2009-ൽ ആണ് 60 MW ന്റെ പള്ളിവാസൽ എക്സ്റ്റെൻഷൻ സ്കീം ആരംഭിച്ചതെന്നും ടണൽ നിർമ്മാണത്തിലുള്ള വിവിധ പ്രശ്നങ്ങൾ മൂലം പദ്ധതിയുടെ പൂർത്തീകരണം നീണ്ടുപോയെന്നും ആയത് ഈ വർഷം പൂർത്തീകരിക്കാൻ കഴിയുമെന്നും ഉദ്യോഗസ്ഥർ അറിയിച്ചു. 15 വർഷമായിട്ടും പദ്ധതി പൂർത്തീകരിക്കാൻ കഴിയാത്തതിൽ സമിതി കടുത്ത ആശങ്ക രേഖപ്പെടുത്തി. ഇതുമൂലമുള്ള ഉത്പാദനനഷ്ടം ഉദ്ദേശം 800 കോടി രൂപ വരുമെന്നും സമിതി വിലയിരുത്തി.

പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം പൂർത്തികരിച്ചാൽ ഉടൻ തന്നെ നിലവിലുള്ള പള്ളിവാസൽ പദ്ധതിയുടെ പഴയ പെൻസ്റ്റോക്ക് മാറ്റുന്ന പ്രവർത്തികൾ 4 മാസം കൊണ്ട് പൂർത്തികരിക്കാൻ കഴിയുമെന്നും ഉദ്യോഗസ്ഥർ അറിയിച്ചു. ഇത്തരത്തിൽ മൊത്തം സ്ഥാപിത ശേഷി 97.5 MW ആയി ഉയർത്താൻ കഴിയുമെന്നും അറിയിച്ചു. മാത്രമല്ല പ്രസ്തുത പദ്ധതിയുടെ പൂർത്തികരണത്തോടെ ചെങ്കുളം ഡാമിലേക്കുള്ള പമ്പിങ്ങ് ഇല്ലാതെ

തന്നെ വെള്ളം സ്വമേധയാ ഒഴുകുന്ന തരത്തിലാണ് എക്സ്റ്റെൻഷൻ സ്കീമിന്റെ ടെയിൽ റേസ് വിഭാവനം ചെയ്തിരിക്കുന്നത് എന്നും അറിയിച്ചു.

പ്രസ്തുത പദ്ധതികളിൽ നിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി 11 കെ.വി വോൾട്ടതയിലാണെന്നും ആയത് 66 കെ.വി ആയും 220 കെ.വി ആയും സ്റ്റെപ് അപ് ചെയ്ത് ട്രാൻസ്ഗ്രിഡ് പദ്ധതിയിലൂടെ പൂർത്തികരിച്ച 220 KV സബ്സ്റ്റേഷൻ വഴി പള്ളിവാസൽ ആലുവ 220 കെ.വി ലൈനിലൂടെ വൈദ്യുതി പ്രസരണ ശൃംഖലയുമായി ബന്ധിപ്പിച്ചിട്ടുണ്ടെന്നും അറിയിച്ചു.

പള്ളിവാസൽ പദ്ധതിയിൽ നിന്നുമുള്ള വെള്ളം ചെങ്കുളം ഡാമിലെത്തി, ചെങ്കുളം പവ്വർ ഹൗസിൽ വൈദ്യുതി ഉത്പാദനത്തിനു ശേഷം പ്രസ്തുത വെള്ളം കല്ലാർകുട്ടി ഡാമിലെത്തുകയും അത് നേര്യമംഗലം പവ്വർ ഹൗസിൽ വൈദ്യുതി ഉത്പാദനത്തിനു ശേഷം പാമ്പ്ള ഡാമിൽ ചെന്നു ചേരുകയും തുടർന്ന് ലോവർ പെരിയാർ പവ്വർ ഹൗസിൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നുമെന്നും അറിയിച്ചു.

ഇതിനു പുറമെ പൊൻമുടി, ആനയിറങ്ങൾ എന്നീ ഡാമുകളിലെ വെള്ളമുപയോഗിച്ചാണ് പന്നിയാർ പവ്വർ ഹൗസ് പ്രവർത്തിക്കുന്നത് എന്നും ആയതിലെ ടെയിൽ റേസ് വെള്ളവും കല്ലാർകുട്ടി ഡാമിലേക്ക് എത്തിച്ചേരുന്നതാണെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.

ജലവൈദ്യുത പദ്ധതികൾ കാലതാമസമില്ലാതെ പൂർത്തികരിക്കുന്നതിന് കൃത്യമായ മോണിറ്ററിങ്ങ് സംവിധാനം ഏർപ്പെടുത്തണമെന്നും യഥാസമയമുള്ള പ്രവൃത്തി പുരോഗതി വിലയിരുത്തുന്നതിൽ ഡാഷ് ബോർഡ് സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചു.

സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ 40 MW ന്റെ തോട്ടിയാറും 60 MW ന്റെ പള്ളിവാസൽ എക്സ്റ്റെൻഷൻ സ്കീമും ഉൾപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു. തോട്ടിയാർ പദ്ധതി പൂർത്തികരണത്തിലെത്തിയെന്നും ആയതിന്റെ ഉദ്ഘാടനത്തിന് മുഖ്യമന്ത്രി എത്തുമെന്ന് അറിയിച്ചിട്ടുണ്ടെന്നും സമിതി ചെയർപേഴ്സൺ വ്യക്തമാക്കി. സംസ്ഥാനത്ത് 3000 TMC ജല ലഭ്യത ഉണ്ടെന്നും ആയതിൽ 300 TMC മാത്രമാണ് വൈദ്യുതി ഉത്പാദനത്തിനും ജലസേചനത്തിനും കൂടി ഉപയോഗപ്പെടുത്തുന്നതെന്നും സമിതി വിലയിരുത്തി. കൃഷി, ജലസേചനം, വൈദ്യുതി എന്നീ വകുപ്പുകൾ ചേർന്ന് സംയുക്ത പദ്ധതികൾ ആസൂത്രണം ചെയ്യുന്നപക്ഷം കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുവാൻ കഴിയുമെന്നും ഇതിലൂടെ രാജ്യത്ത് അധിക വിദേശനാണ്യം

ഉറപ്പുവരുത്താൻ കഴിയുമെന്നും സമിതി ചെയർപേഴ്സൺ അറിയിച്ചു. ഇത്തരം പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ പ്രളയ നിയന്ത്രണ ഗ്രാന്റ് പരമാവധി ഉപയോഗപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചു.

ഉപ്പുതറയ്ക്ക് സമീപമുള്ള പൊരിങ്കണ്ണി ചെറുകിട ജല വൈദ്യുതിയുടെ പുരോഗതിയെ സംബന്ധിച്ച് സമിതി കൂടുതൽ വിവരങ്ങൾ ആരായുകയും പ്രസ്തുത പദ്ധതിയെ സംബന്ധിച്ച് കൂടുതൽ ചർച്ചകൾ നടത്തുന്നതിന് ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചു ചേർക്കണമെന്നും നിർദ്ദേശിച്ചു.

ആനയിറങ്ങൽ ഡാമിന് സമീപം സ്വകാര്യ വ്യവസായിയുടെ ഒരു കാപ്റ്റീവ് ജല വൈദ്യുതി പദ്ധതിയായ കുത്തുങ്കൽ (21MW) പദ്ധതി പ്രവർത്തിച്ചു വരുന്നു. 30 വർഷം കഴിയുമ്പോൾ പദ്ധതി KSEBL ന് കൈമാറണമെന്ന വ്യവസ്ഥ പ്രകാരമാണ് നടത്തിവരുന്നത്. 2031-ൽ പ്രസ്തുത കാലാവധി അവസാനിക്കുമെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.

ഡാമുകളിൽ അടിഞ്ഞു കൂടിയിരിക്കുന്ന ചെളിയും മണലും നീക്കം ചെയ്യുന്ന പക്ഷം സംഭരണ ശേഷി വർദ്ധിപ്പിക്കാൻ കഴിയുമെന്നും ആയതിനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചു. കല്ലാർകുട്ടി ഡാമിലെ മണൽ നീക്കം ചെയ്യുന്നതിനുള്ള അനുമതി സർക്കാരിന്റെ പരിഗണനയിലാണെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.

ഇടുക്കി ജില്ലയിലെ പദ്ധതി പ്രദേശങ്ങളിൽ നൂറുകണക്കിന് ക്വാർട്ടേഴ്സുകൾ ഉപയോഗ ശൂന്യമായി കിടക്കുന്ന കാര്യം സമിതിയുടെ ശ്രദ്ധയിൽ വരികയുണ്ടായി. ആയത് പുതുക്കിപ്പണിത് ടൂറിസം വികസനത്തിനായി ഉപയോഗപ്പെടുത്താമെന്നും ബോർഡിന് കൂടുതൽ വരുമാനം ലഭ്യമാക്കാൻ കഴിയുമെന്നും സമിതി വിലയിരുത്തി. ആയതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ചെയർപേഴ്സൺ നിർദ്ദേശിച്ചു.

യോഗാനന്തരം ഇടുക്കി ഡാം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി-യതിനുശേഷം ഒന്നാം ദിവസത്തെ പരിപാടികൾ അവസാനിപ്പിച്ചു.

സന്ദർശനത്തിന്റെ രണ്ടാം ദിവസമായ 03.09.2024 രാവിലെ 10 മണിക്ക് സമിതി മൂലമറ്റം പവർഹൗസ് സന്ദർശിച്ചു.

**<u>ഹാജരായ അംഗങ്ങൾ:</u>**

1. ശ്രീ.അൻവർ സാദത്ത്, എം.എൽ.എ
2. ശ്രീ.പി.നന്ദകുമാർ, എം.എൽ.എ
3. ശ്രീ.എ.പ്രഭാകരൻ, എം.എൽ.എ
4. ശ്രീ.കെ.കെ.രാമചന്ദ്രൻ, എം.എൽ.എ
5. ശ്രീ.വാഴൂർ സോമൻ, എം.എൽ.എ

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീ.കെ.എസ്.കിരൺ ബോസ്, അണ്ടർ സെക്രട്ടറി

**സന്ദർശനത്തിൽ പങ്കെടുത്ത ഉദ്യോഗസ്ഥർ:**

1. ശ്രീമതി ജാമിലി വി.സി., ചീഫ് എഞ്ചിനീയർ (ജനറേഷൻ)
2. ശ്രീമതി ഹേമ കെ., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ജനറേഷൻ സർക്കിൾ)
3. ശ്രീമതി പ്രമീളാദേവി ബി., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (സിവിൽ സർക്കിൾ)
4. ശ്രീ.ഫൈസി എം., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

ഭൂഗർഭ നിലയത്തിൽ സ്ഥാപിച്ചിട്ടുള്ള ജനറേറ്റർ റൂം, അനുബന്ധ ഉപകരണങ്ങൾ, ടർബൈൻ യൂണിറ്റുകൾ, ട്രാൻസ്ഫോർമർ യൂണിറ്റുകൾ, ക്രെയിൻ യൂണിറ്റുകൾ, സ്ഫിയർ വാൽവ് ഗ്യാലറി, ടർബൈൻ മെയിന്റനൻസ് ഏരിയ, കൺട്രോൾറൂം, ഫോട്ടോ ഗ്യാലറി എന്നിവ കെ.എസ്.ഇ.ബി.എൽ ഉദ്യോഗസ്ഥരോടൊപ്പം സമിതി സന്ദർശിച്ചു.

സന്ദർശനത്തിനുശേഷം സമിതി ചെയർപേഴ്സന്റെ അധ്യക്ഷതയിൽ രാവിലെ 11.40-ന് കെ.എസ്.ഇ.ബി.എൽ. മൂലമറ്റം സർക്യൂട്ട് ഹൗസിൽ സമിതി യോഗം ചേരുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

**ഹാജരായ ഉദ്യോഗസ്ഥർ:**

1. ശ്രീമതി ജാമിലി വി.സി., ചീഫ് എഞ്ചിനീയർ (ജനറേഷൻ)
2. ശ്രീ.കെ. ആർ. രാജീവ്, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ
3. ശ്രീ.സുദേവ് കുമാർ എം.കെ., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ
4. ശ്രീമതി ഹേമ കെ., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ജനറേഷൻ സർക്കിൾ)
5. ശ്രീമതി പ്രമീളാദേവി ബി., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (സിവിൽ സർക്കിൾ)
6. ശ്രീമതി ജുമൈല ബീവി, എക്സിക്യൂട്ടീവ് എഞ്ചിനീയർ

7. ശ്രീ.സിബി.കെ.ജോൺ, എക്സിക്യൂട്ടീവ് എഞ്ചിനീയർ
8. ശ്രീ.ജോൺ വർഗീസ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ
9. ശ്രീ.അനിൽ കുമാർ.റ്റി., എക്സിക്യൂട്ടീവ് എഞ്ചിനീയർ
10. ശ്രീ.അനിൽ ബി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
11. ശ്രീ.രാജീവ് ആർ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
12. ശ്രീ.ഫൈസി എം., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
13. ശ്രീ.സാം.കെ.ജോസഫ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
14. ശ്രീ.അഭിലാഷ് ശ്രീധരൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
15. ശ്രീ.അജി രാജൻ.സി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
16. ശ്രീ.രഞ്ജിത്ത് ബാബു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
17. ശ്രീ.റെജി ജോർജ്ജ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
18. ശ്രീ.ഷിഹാബ് മോൻ.സി.എസ്., അസിസ്റ്റന്റ് എഞ്ചിനീയർ
19. ശ്രീമതി റെജി ഉദയൻ, അസിസ്റ്റന്റ് എഞ്ചിനീയർ
20. ശ്രീ.ഡിബിൻ എം.എസ്., അസിസ്റ്റന്റ് എഞ്ചിനീയർ
21. ശ്രീ.കമൽ കൃഷ്ണൻ.ആർ., അസിസ്റ്റന്റ് എഞ്ചിനീയർ
22. ശ്രീ.ആദർശ് ജി.എസ്., അസിസ്റ്റന്റ് എഞ്ചിനീയർ
23. ശ്രീ.ഐസൺ പോൾ, അസിസ്റ്റന്റ് എഞ്ചിനീയർ
24. ശ്രീമതി ജാൻസി ജോസഫ്, അസിസ്റ്റന്റ് എഞ്ചിനീയർ
25. ശ്രീ.ജോസഫ്.എം.വി., അസിസ്റ്റന്റ് എഞ്ചിനീയർ
26. ശ്രീ.രതീഷ് ജി., അസിസ്റ്റന്റ് എഞ്ചിനീയർ
27. ശ്രീ.ധനേഷ്.എസ്.രാജൻ, അസിസ്റ്റന്റ് എഞ്ചിനീയർ
28. ശ്രീ.രജിമോൻ പൊന്നപ്പൻ, അസിസ്റ്റന്റ് എഞ്ചിനീയർ
29. ശ്രീ.ജിജോ.സി.ചാക്കോ, അസിസ്റ്റന്റ് എഞ്ചിനീയർ
30. ശ്രീ.സിബി ജോസഫ്, അസിസ്റ്റന്റ് എഞ്ചിനീയർ
31. ശ്രീ.സതീഷ് കുമാർ.എസ്., അസിസ്റ്റന്റ് എഞ്ചിനീയർ
32. ശ്രീ.ആൻഡേഴ്സൺ സാമുവൽ.കെ., അസിസ്റ്റന്റ് എഞ്ചിനീയർ
33. ശ്രീ.സതീഷ്.പി.എസ്., അസിസ്റ്റന്റ് എഞ്ചിനീയർ
34. ശ്രീ.കൃഷ്ണകുമാർ.കെ., അസിസ്റ്റന്റ് എഞ്ചിനീയർ
35. ശ്രീ.നഹാസ്.എം.ഷാമിം, അസിസ്റ്റന്റ് എഞ്ചിനീയർ
36. ശ്രീമതി സൗമ്യ അലക്സ്, അസിസ്റ്റന്റ് എഞ്ചിനീയർ
37. ശ്രീ. സുരേഷ് ബാബു.വി.എ., അസിസ്റ്റന്റ് എഞ്ചിനീയർ
38. ശ്രീ.ബിജു ആർ., അസിസ്റ്റന്റ് ഇൻഫൊർമേഷൻ ഓഫീസർ

39. ശ്രീ.രാമനാഥ് ജി., അണ്ടർ സെക്രട്ടറി, ഊർജ്ജ വകുപ്പ്
40. ശ്രീ.ഡി.കിരൺ കുമാർ WAPCOS
41. ശ്രീ.രമേഷ് കുമാർ WAPCOS

ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്നത് ഇടുക്കി, മലങ്കര എന്നീ പവർ ഹൗസുകളാണെന്നും പ്രസ്തുത പ്രോജക്ടിനുവേണ്ടിയുള്ള ആശയം മുന്നോട്ടുവെച്ചത് 1919-ൽ ശ്രീ. വി. ജെ. ജേക്കബ് എന്ന ഇറ്റാലിയൻ എഞ്ചിനീയർ ആണെന്നും 1932-ൽ മലങ്കര എസ്റ്റേറ്റ് സൂപ്രണ്ട് ആയ ശ്രീ.ഡബ്ല്യൂ.ജെ.ജോൺ നാട്ടുകാരനായ ശ്രീ.കൊലുമ്പൻ എന്ന വ്യക്തിയോടൊപ്പം പ്രദേശമാകെ സന്ദർശനം നടത്തുകയും പെരിയാറിനു കുറുകെ ഡാം നിർമ്മിക്കാനുള്ള മെമ്മോറാണ്ടം സർക്കാരിന് സമർപ്പിക്കുകയും ചെയ്തുവെന്നും 1961-ൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി 1963-ൽ പ്ലാനിങ് കമ്മീഷനിൽ നിന്നും അനുമതി ലഭിച്ചതിനെ തുടർന്ന് 1967-ൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും 1976 ഫെബ്രുവരി 12-ന് ഒന്നാംഘട്ടം പൂർത്തിയാക്കി അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി രാഷ്ട്രത്തിന് സമർപ്പിക്കുകയും ചെയ്തുവെന്നും പ്രോജക്ടിന്റെ സാമ്പത്തിക സഹായം കാനഡ സർക്കാരിന്റെയും സാങ്കേതിക സഹായം M/s Surveyer Nenniger and Chenevert Consulting Engineers (SNC) എന്ന കൺസൾട്ടൻസിയാണെന്നും 10 വർഷങ്ങൾക്ക് ശേഷം 1986-ൽ രണ്ടാംഘട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കിയതോടെ ആകെ 6 ജനറേറ്ററുകൾ പദ്ധതിയുടെ കീഴിൽ പ്രവർത്തിച്ചു തുടങ്ങിയെന്നും ഇടുക്കി ജലവൈദ്യുത പദ്ധതി, ഇടുക്കി ആർച്ച് ഡാം, ചെറുതോണി ഡാം, കുളമാവ് ഡാം എന്നീ മൂന്ന് റിസർവോയറുകൾ ചേർന്നതാണെന്നും ലഭ്യമായ രേഖകളനുസരിച്ച് മൂന്ന് ഡാമുകളുടെയും പവർഹൗസിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ 1967-ലാണ് ആരംഭിച്ചതെന്നും ഒന്നാം ഘട്ടം 1976-ൽ പൂർത്തിയാക്കി കമ്മീഷൻ ചെയ്തുവെന്നും പ്രധാന ഡാമായ ഇടുക്കി ഡാം double curvature parabolic arch dam ആണെന്നും ഇതിന്റെ നീളം 365.85 മീറ്ററും ഉയരം 168.91 മീറ്ററുമാണെന്നും അധിക ജലം ഒഴുക്കിക്കളയേണ്ട സാഹചര്യം വന്നാൽ ചെറുതോണി ഡാമിന്റെ ഷട്ടറുകൾ ആണ് ഉയർത്തുന്നതെന്നും മൂന്നാമത്തെ ഡാമായ കുളമാവ് ഗ്രാവിറ്റി ഡാം ആണെന്നും ഇവിടെ നിന്നാണ് പവർഹൗസിലേക്ക് ആവശ്യമായ intake നടത്തുന്നതെന്നും ഇടുക്കി ഡാമിന്റെ water spreading area 60 സ്ക്വയർ കിലോമീറ്ററും catchment area 640

സ്ക്വയർ കിലോമീറ്ററുമാണെന്നും ഡാമിന്റെ ഫുൾ റിസർവോയർ ലെവൽ 2403 അടിയും മിനിമം drawdown ലെവൽ 2280 അടിയുമാണെന്നും ഡാമിന്റെ പരമാവധി ജലസംഭരണശേഷി 1460 MCM അതായത് 51.56 TMC യാണെന്നും കെ.എസ്.ഇ.ബി.എൽ ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

ഇടുക്കി ഡാമിന്റെ dead storage 536 MCM അതായത് 23 TMC ആണെന്നും ഫുൾ സ്റ്റോറേജ് ആണെങ്കിൽ 2148 MU വൈദ്യുതി ഉത്പാദിപ്പിക്കാൻ സാധിക്കുമെന്നും മുൻവർഷം സ്റ്റോറേജ് 56% ഉണ്ടായിരുന്നുവെന്നും നിലവിൽ 65 ശതമാനം വെള്ളവും മുൻവർഷം ഇതേ സമയം 28 ശതമാനം വെള്ളവുമാണ് ഉണ്ടായിരുന്നതെന്നും മുൻവർഷത്തെ അപേക്ഷിച്ച് നടപ്പ് വർഷം 2371 അടി വെള്ളമുണ്ടെന്നും മുൻവർഷത്തേക്കാൾ കൂടുതൽ പവർ നടപ്പു വർഷം ഉത്പാദിപ്പിച്ചിട്ടുണ്ടെന്നും ഡാമിന് രണ്ട് ബട്ടർഫ്ലൈ വാൽവുകളാണുള്ളതെന്നും ഇവ രണ്ടും രണ്ട് പെൻസ്റ്റോക്കുകളിലേക്കാണ് കൊടുത്തിരിക്കുന്നതെന്നും പെൻസ്റ്റോക്ക് നിർമ്മിച്ചിരിക്കുന്നത് ASTM A537 ക്ലാസ് 1 എന്ന മെറ്റീരിയൽ കൊണ്ടാണെന്നും പള്ളിവാസലിൽ പെൻസ്റ്റോക്ക് പൈപ്പുകൾ പുറമെയായതിനാൽ ഓക്സിജനുമായുള്ള സമ്പർക്കം കൊണ്ട് തുരുമ്പ് പിടിച്ച സംഭവം പെൻസ്റ്റോക്ക് വെള്ളത്തിനടിയിൽ ആയതിനാൽ ഇടുക്കിയിൽ ആവർത്തിക്കില്ലെന്നും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥൻ അറിയിച്ചു.

പെൻസ്റ്റോക്കിന്റെ മെറ്റീരിയൽ ഏതാണെന്ന് മനസ്സിലാക്കി വയ്ക്കണമെന്നും ഉറുമിയിൽ പെൻസ്റ്റോക്ക് പൊട്ടി അപകടം ഉണ്ടായത് ഇടയ്ക്ക് വെള്ളമില്ലാതെ വന്നപ്പോഴാണെന്നും അഭിപ്രായപ്പെട്ട സമിതി പെൻസ്റ്റോക്കുകൾക്ക് ഓക്സിഡേഷൻ സംഭവിക്കുകയും തുരുമ്പ് പിടിക്കുകയും ചെയ്തതുപോലെയുള്ള അവസ്ഥ ഇടുക്കിയിൽ ഉണ്ടാകുമോയെന്ന് ആശങ്ക പ്രകടിപ്പിച്ചു.

അറ്റകുറ്റപ്പണികൾക്കായി വാൽവ് അടക്കുമ്പോൾ പെൻസ്റ്റോക്കിൽ വെള്ളമില്ലാതെ വരില്ലെന്നും താഴെ ഭാഗം അടച്ചാലും അകത്ത് വെള്ളം ഉണ്ടാകുമെന്നും കൂടാതെ ഇത് പാറയ്ക്കുള്ളിലാണെന്നും 141 മീറ്റർ നീളവും 20 മീറ്റർ വീതിയും 35 മീറ്റർ ഉയരവുമുള്ള power house പാറയ്ക്ക് ഉള്ളിലാണ് നിർമ്മിച്ചിരിക്കുന്നതെന്നും പാറയിൽ കൂടി സ്റ്റീൽ പൈപ്പ് വച്ച് കോൺക്രീറ്റ് ചെയ്ത് ഫിക്സ് ചെയ്തിരിക്കുകയാണെന്നും അതിലൂടെയാണ് വെള്ളം കൊണ്ടുവരുന്നതെന്നും പവർസ്റ്റേഷന്റെ കപ്പാസിറ്റി 130

മെഗാവാട്ട് വീതമുള്ള ആറ് യൂണിറ്റുകളിലായി ആകെ 780 മെഗാവാട്ടാണെന്നും ഏതൊരു പ്രോജക്ടിന്റെയും ശരാശരി ആയുസ്സ് 35 വർഷം മുതൽ 40 വർഷം വരെയാണെന്നും എന്നാൽ 40 വർഷത്തിനുശേഷം മതിയായ renovation നടത്തി മെഷീനുകൾ വീണ്ടും ഉപയോഗിക്കാമെന്നും ഒന്നാംഘട്ടത്തിലെ മൂന്ന് മെഷീനുകൾ 2017 മുതൽ 2021 വരെ നവീകരിച്ചിട്ടുണ്ടെന്നും ജനറേഷൻ സ്റ്റാറ്റിസ്റ്റിക്സ് മുൻകൂട്ടി തീരുമാനിക്കുന്നത് Load Despatch സെന്ററിൽ നിന്നാണെന്നും അതനുസരിച്ച് ഓരോ വർഷത്തെയും ടാർജറ്റ് നൽകുമെന്നും 2023-24-ൽ 2632 MU എന്ന് ഫിക്സ് ചെയ്തിരുന്നുവെന്നും എന്നാൽ വെള്ളത്തിന്റെ ലഭ്യത കുറവുമൂലം 1643 MU മാത്രമാണ് ഉത്പാദിപ്പിക്കാൻ സാധിച്ചതെന്നും ഇടുക്കി പദ്ധതി പ്രവർത്തനം ആരംഭിച്ചതുമുതൽ 15.07.2020 വരെ ഒരു ലക്ഷം MU വൈദ്യുതി ഉത്പാദിപ്പിച്ചിട്ടുണ്ടെന്നാണ് കണക്കെന്നും നാളിതുവരെ 111546 MU വൈദ്യുതി ആണ് ഉത്പാദിപ്പിച്ചിട്ടുള്ളതെന്നും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

സമിതി ആരാഞ്ഞ പല ചോദ്യങ്ങൾക്കും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥർ കൃത്യമായി മറുപടി നൽകാതിരുന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി.

ഇടുക്കി ഡാമിന്റെ സെക്കൻഡ് സ്റ്റേജ് DPR തയ്യാറാക്കുന്നത് WAPCOS ലിമിറ്റഡ് എന്ന സ്ഥാപനമാണെന്നും 200 മെഗാവാട്ട് ശേഷിയുള്ള 4 മെഷീനുകൾ സമാന്തരമായി ഉൾപ്പെടുത്തിക്കൊണ്ടുള്ള 800 മെഗാവാട്ടിന്റെ പ്രോജക്ടാണെന്നും കുളമാവിൽ ഒരു ഇൻടേക്ക്, അണ്ടർഗ്രൗണ്ട് ടണൽ, പവർഹൗസ് എന്നിവ ഉണ്ടാകുമെന്നും നിലവിൽ DPR തയ്യാറാക്കികൊണ്ടിരിക്കുകയാണെന്നും അണ്ടർഗ്രൗണ്ട് നിർമ്മാണം സാധ്യമാണോയെന്നുള്ള പരിശോധനയ്ക്കായി ഗ്രൗണ്ട് ലെവലിൽ നിന്നും 350 മീറ്റർ താഴെ 5 ദ്വാരങ്ങൾ ഡ്രിൽ ചെയ്ത് പരിശോധന നടത്തിയിട്ടുണ്ടെന്നും കുളമാവിൽ ഇൻടേക്ക് വരുന്ന ഭാഗത്ത് കൺട്രോൾ ഗേറ്റ് സ്ഥാപിക്കുന്നതിനായി രണ്ട് ദ്വാരങ്ങൾ ഉണ്ടാക്കുന്നതിന് വനം വകുപ്പിൽ നിന്ന് എതിർപ്പ് വന്നതിനാൽ വീണ്ടും അപേക്ഷ നൽകിയിട്ടുണ്ടെന്നും രണ്ടാഴ്ചക്കുള്ളിൽ പെർമിഷൻ ലഭിക്കുമെന്ന് അറിയാൻ സാധിച്ചിട്ടുണ്ടെന്നും രണ്ട് ദ്വാരങ്ങൾ ഡ്രിൽ ചെയ്യുന്നതിന് നാലുമാസം

സമയമെടുക്കുമെന്നും അഞ്ചുമാസത്തിനുള്ളിൽ DPR പൂർത്തിയാക്കാൻ സാധിക്കുമെന്നും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥൻ അറിയിച്ചു.

DPR ന്റെ time period July 2025 ആണെന്ന് WAPCOS ഉദ്യോഗസ്ഥൻ സമിതിയുടെ ഇതു സംബന്ധിച്ച ചോദ്യത്തിന് മറുപടിയായി ബോധിപ്പിച്ചു.

പ്രോജക്ട് മോണിറ്റർ ചെയ്യുന്നതിൽ കെ.എസ്.ഇ.ബി.എൽ.- ന്റെ ഭാഗത്തു നിന്നും അപാകത ഉണ്ടായിട്ടുണ്ടെന്നും വനം വകുപ്പിന്റെ ഭാഗത്ത് നിന്നും തടസ്സമുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താതിരുന്നത് എന്തുകൊണ്ടാണെന്നും പ്രസ്തുത വിവരം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നെങ്കിൽ എത്രയും പെട്ടെന്ന് പ്രശ്നം പരിഹരിക്കാൻ സാധിക്കുമായിരുന്നുവെന്നും വിലയിരുത്തിയ സമിതി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നോട്ടീസ് നൽകി വിശദീകരണം ആവശ്യപ്പെടണമെന്ന് നിർദ്ദേശിച്ചു. 2020-21-ൽ ടെണ്ടർ നൽകി മൂന്നുവർഷമായിട്ടും DPR സമർപ്പിക്കാത്തതിന് WAPCOS ന് എതിരെ നടപടി എടുക്കണമെന്ന് സമിതി അംഗം ആവശ്യപ്പെട്ടു.

ഹൈഡൽ പ്രോജക്ടുകൾക്കായി WAPCOS, DPR നൽകിയിട്ടുള്ളത് എവിടെയൊക്കെയാണെന്ന് സമിതി ആരാഞ്ഞതിന് വെസ്റ്റ് ബംഗാൾ, നേപ്പാൾ എന്നിവിടങ്ങളിലാണെന്ന് WAPCOS ഉദ്യോഗസ്ഥൻ മറുപടി നൽകി.

DPR ലഭ്യമാക്കുന്നതിലേയ്ക്കായി WAPCOS-ന് ടെണ്ടർ നൽകിയ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും സമിതി നിശ്ചയിക്കുന്ന യോഗത്തിൽ ഹാജരാകേണ്ടതാണെന്നും ടെണ്ടറിന്റെ വിശദവിവരവും WAPCOS ഏതൊക്കെ പ്രോജക്ടുകൾക്ക് DPR നൽകിയിട്ടുണ്ടെന്നും അവരുടെ പ്രവൃത്തി പരിചയം മുതലായ വിവരങ്ങൾ ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കേണ്ടതാണെന്നും സമിതി നിർദ്ദേശിച്ചു.

ബന്ധപ്പെട്ടവർ ഒരു ടീമായി പ്രവർത്തിച്ചാൽ മാത്രമേ കാര്യങ്ങൾ നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുകയുള്ളൂവെന്നും പുറത്തുനിന്നും വൈദ്യുതി വിതരണം നടത്തുന്നതിന് വേണ്ടി പുതിയ ബിൽ പാർലമെന്റിൽ അവതരിപ്പിക്കാൻ പോകുകയാണെന്നും പ്രസ്തുത ബിൽ പാസ്സാക്കിയാൽ പൊതുജനങ്ങളെ മാത്രമല്ല ഉദ്യോഗസ്ഥരെ കൂടി ബാധിക്കുന്ന കാര്യമാകുമെന്നും

സമിതി വ്യക്തമാക്കി.

ബോർഡിന്റെ ചെയർമാനെയും ചീഫ് എഞ്ചിനീയർമാരെയും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി തിരുവനന്തപുരത്ത് ഒരു യോഗം വിളിച്ചുചേർക്കാൻ സമിതി തീരുമാനിച്ചു.

മൂന്നാർ ലക്ഷ്മിയിലെ 240 MW ന്റെ പ്രോജക്ടിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി തുടർന്ന് ആരാഞ്ഞതിന് DPR ഉണ്ടാക്കുന്നതിനുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ടെന്നും WAPCOS മാത്രമാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നും അവരുടെ പല പ്രോജക്ടുകളിലും താമസം ഉണ്ടാകുന്നതു കൊണ്ട് പ്രോജക്ട് അലോട്ട് ചെയ്തിട്ടില്ലെന്നും ബോർഡ് തന്നെ DPR ഉണ്ടാക്കുന്ന കാര്യം ആലോചനയിൽ ആണെന്നാണ് ചീഫ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് അറിയിച്ചിരിക്കുന്നതെന്നും ഏറ്റവും നല്ല രീതിയിൽ DPR ഉണ്ടാക്കുന്നത് കെ.എസ്.ഇ.ബി.എൽ. ആണെന്നും പുറത്തുള്ള ഏജൻസികളിൽ ടാറ്റ കൺസൾട്ടിങ് എഞ്ചിനീയേർസ് (TCE) ആണ് നല്ലതെന്നും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥൻ അറിയിച്ചു.

പ്രോജക്ടുകൾക്കുള്ള DPR കെ.എസ്.ഇ.ബി.എൽ. തന്നെ ചെയ്താൽ കൃത്യമായി DPR ലഭിക്കുമെന്നും അധിക ചെലവ് ഉണ്ടാവില്ലെന്നും എത്ര വലിയ പ്രോജക്ട് ആയാലും 7% കൺസൾട്ടൻസി ഫീസായി ഏജൻസികൾക്ക് നൽകേണ്ടിവരുമെന്നും സമിതി അഭിപ്രായപ്പെട്ടു.

WAPCOS-ന്റെ DPR കൺസൾട്ടൻസി ഫീസ് എത്രയാണെന്ന് സമിതി ആരാഞ്ഞതിന് 8 കോടിയാണെന്ന് WAPCOS ഉദ്യോഗസ്ഥൻ മറുപടി പറഞ്ഞു.

ഒരേ മെഷീനിൽ ജനറേറ്ററും പമ്പും പ്രവർത്തിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ പ്രോജക്ട് ആണ് കാടമ്പാറയിലേതെന്ന് മനസ്സിലാക്കിയ സമിതി ലക്ഷ്മി പ്രോജക്ട് പൂർത്തീകരിക്കാൻ കൂട്ടായ പരിശ്രമം ഉണ്ടാകണമെന്ന് നിർദ്ദേശിച്ചു. പ്രസ്തുത വിഷയത്തിൽ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു യോഗം വിളിച്ചുചേർക്കാനും സമിതി തീരുമാനിച്ചു. തോട്ടിയാർ പ്രോജക്ട് ഉദ്ഘാടനത്തിനായി 19-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി എത്തുമെന്നതിനാൽ എല്ലാ ഏർപ്പാടുകളും ചെയ്യണമെന്ന് സമിതി ചെയർപേഴ്സൺ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടു.

യോഗം ഉച്ചയ്ക്കുശേഷം 12.40-ന് അവസാനിച്ചു.

## 25.09.2024-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VII, 2024 സെപ്റ്റംബർ മാസം 25-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 3.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളന ഹാളിൽ യോഗം ചേർന്നു. സമിതി ചെയർപേഴ്സണും വൈദ്യുതി വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. കൃഷ്ണൻകുട്ടി വീഡിയോ കോൺഫറൻസിംഗ് മുഖേന അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗവും പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടി വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്തു.

**ഹാജരായ അംഗങ്ങൾ:**

1. ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ.
2. ശ്രീ. പി. നന്ദകുമാർ, എം.എൽ.എ.
3. ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ.
4. ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.
5. ശ്രീ.വാഴൂർ സോമൻ, എം.എൽ.എ.

**വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്ത അംഗം:**

ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്:**

1. ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ.കെ.എസ്. കിരൺ ബോസ്, അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ:**

1. ഡോ. കെ. വാസുകി ഐ.എ.എസ്., സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
2. ശ്രീ. നരേന്ദ്ര നാഥ് വേലൂരി, ഐ.എഫ്.എസ്., സി.ഇ.ഒ., അനെർട്ട്.
3. ശ്രീ. കെ. ആർ. ജ്യോതിലാൽ, അഡീഷണൽ ചീഫ് സെക്രട്ടറി, ഊർജ്ജ വകുപ്പ്
4. ശ്രീ. അജയകുമാർ കെ. എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
5. ശ്രീ. ബിജുകുമാർ ആർ., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
6. ശ്രീമതി എൻ. കെ. ചന്ദ്ര, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
7. ശ്രീ. സുരേന്ദ്ര പി., ഡയറക്ടർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്.
8. ശ്രീ. ബിജു ആർ., ഡയറക്ടർ (ഫിനാൻസ്) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്.
9. ശ്രീ. സജീവ് ജി., ഡയറക്ടർ (ജനറൽ), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
10. ശ്രീമതി മിനി മാത്യു, അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ്.
11. ശ്രീ. ഷമ്മി ബേക്കർ എ., ജോയിന്റ് ഡയറക്ടർ, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ്.
12. ശ്രീമതി പ്രീതി സി. എസ്., ജോയിന്റ് സെക്രട്ടറി, ഊർജ്ജ വകുപ്പ്
13. ശ്രീമതി ബീന കെ. ബി., ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്.
14. ശ്രീമതി പദ്മിനി കെ. എസ്., അണ്ടർ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
15. ശ്രീ. സുഭാഷ് ബാബു ബി. വി., രജിസ്ട്രാർ, എനർജി മാനേജ്മെന്റ് സെന്റർ.
16. ശ്രീ. അനിൽ റോഷ് ടി. എസ്., ഡെപ്യൂട്ടി സി.എ.ഒ., കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്.
17. ശ്രീ. സുനിൽ കെ., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (പ്ലാനിംഗ്), കേരള ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്.
18. ശ്രീമതി സുചിത്ര എം., എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്.
19. ശ്രീ. മനോജ് ബി. നായർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (പ്ലാനിംഗ്), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്.
20. ശ്രീ. സുബ്രഹ്മണി എച്ച്.എൻ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്.

21. ശ്രീ. ബിബി എൻ. എസ്., ആഭരണ തൊഴിലാളി ക്ഷേമ ബോർഡ്.

സമിതി, 2024-ലെ കേരള ക്രാഫ്റ്റ്സ്മെൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് (ഭേദഗതി) സ്പെഷ്യൽ റൂൾസിന്റെ കരട്, കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണിക്കുന്നതിനായി 23.08.2022-ൽ ചേർന്ന യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന്മേലുള്ള റിപ്പോർട്ട്, വിവിധ കാലയളവിലുള്ള റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകൾ , വിവിധ വകുപ്പുകൾ ലഭ്യമാക്കിയ വാർഷികപ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കാലതാമസപത്രികകൾ എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങ-ളെടുക്കുകയും ചെയ്തു.

**I <u>2024 – ലെ കേരള ക്രാഫ്റ്റ്സ്മെൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് (ഭേദഗതി) സ്പെഷ്യൽ റൂൾസിന്റെ കരട്.</u>**

**(ഫ.നം. 7962/സബ്.സി.സി1/2024/ലെജി.)**

2024 - ലെ കേരള ക്രാഫ്റ്റ്സ്മെൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് (ഭേദഗതി) സ്പെഷ്യൽ റൂൾസിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

**II <u>കേരള ആഭരണ തൊഴിലാളി ക്ഷേമ നിധി (ഭേദഗതി) ബിൽ പരിഗണിക്കുന്നതിനായി 23.08.2022, 29.05.2024 തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി ആരാഞ്ഞ അധിക വിവരങ്ങളിന്മേലുള്ള റിപ്പോർട്ടുകൾ</u>**

**(ഫ.നം.14952/സബ്.സി.സി1/2022/നിസെ . )**

ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വന്ന് വിൽക്കുന്ന ആഭരണങ്ങൾക്ക് സെസ്സ് ചുമത്തുക, പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാക്കുക എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് 23.08.2022, 29.05.2024 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി ആരാഞ്ഞ അധിക വിവരങ്ങളിന്മേൽ തൊഴിലും നൈപുണ്യവും (ഇ) വകുപ്പ് 13.07.2024, 25.09.2024- തീയതികളിലായി ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിച്ചു.

മറ്റ് ക്ഷേമനിധികളിൽ അംഗങ്ങളല്ലാത്ത പത്ര,ദൃശ്യ,ഡിജിറ്റൽ മാധ്യമ രംഗത്തെ തൊഴിലാളികൾക്ക് കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗത്വമെടുക്കാവുന്നതാണെന്നും പ്രാദേശിക പത്രപ്രവർത്തകർക്ക് അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗത്വമെടുക്കുന്നതിനായി

അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷിതത്വ ആക്ട് (2008-ലെ 33-ാം കേന്ദ്ര ആക്ട്) പ്രകാരം അസംഘടിത തൊഴിലാളിയാണെന്ന സ്വയം സാക്ഷ്യപ്പെടുത്തൽ മാത്രമേ ആവശ്യമുള്ളൂ എന്നും തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് കൊണ്ടുവരുന്ന ആഭരണങ്ങൾക്ക് സെസ് ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ തൊഴിൽ വകുപ്പിന്റെ അഭിപ്രായം സമിതി ആരാഞ്ഞതിന് സംസ്ഥാനത്തിന് പുറത്തുനിന്ന് ആഭരണങ്ങൾ കൊണ്ട് വരുന്നത് അറിയുവാൻ വളരെ പ്രയാസകരവും അത് കണ്ടെത്തുന്നത് അപ്രായോഗികവുമാണെന്നും ആഭരണ-ത്തൊഴിലാളികളുടെ ക്ഷേമനിധി ബോർഡിൽ 0.1 ശതമാനം തുക സെയിൽസിൽ നിന്നും അടയ്ക്കണമെന്നത് മാത്രമാണ് നിയമപ്രകാരം ഉള്ളതെന്നും ജി.എസ്.ടി., സെസ്സ് എന്നിവയിന്മേൽ തീരുമാനമെടുക്കേണ്ടത് തൊഴിൽ വകുപ്പിന്റെ പരിധിയിൽ വരുന്ന കാര്യമല്ലെന്നും തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറി ബോധിപ്പിച്ചു. പ്രസ്തുത വിഷയം സംബന്ധിച്ച് ധനകാര്യ വകുപ്പുമായി ചർച്ച നടത്താമെന്ന് എക്സ്-ഒഫീഷ്യോ അംഗം വ്യക്തമാക്കി. തൊഴിലും നൈപുണ്യവും (ഇ) വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ സമിതി അംഗീകരിച്ചു.

## III <u>സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകൾ</u>

1. 2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്

**(ഫയൽ നം.13047/സബ്.സി.സി1/ 2022/ നി.സെ.)**

റിപ്പോർട്ടിലെ **ഖണ്ഡിക 67 -ലെ** ശിപാർശയിന്മേൽ ഊർജ്ജ (പി.എസ്.) വകുപ്പിൽ നിന്നും 06.07.2024 തീയതിയായി ലഭ്യമായ നടപടി റിപ്പോർട്ടും കാലതാമസ പത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. അനെർട്ട്, ഇ.എം.സി. എന്നിവയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച അവലോകനം, വൈദ്യുതിലൈൻ പൊട്ടിവീണ് ഉണ്ടാകുന്ന അപകടങ്ങളും

നിർമ്മാണ അറ്റകുറ്റപ്പണികൾക്കിടെയുണ്ടാകുന്ന അപകടങ്ങളും തടയുവാനുള്ള മുൻകരുതലുകൾ എന്നിവ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

**(ഫയൽ നമ്പർ 13914/സബ്.സി.സി.1/2021/നി.സെ)**

റിപ്പോർട്ടിലെ **ഖണ്ഡിക 61- ലെ** ശിപാർശയിന്മേൽ ഊർജ്ജ (സി) വകുപ്പിൽ നിന്നും 30.07.2024 തീയതിയായി ലഭ്യമായ റിപ്പോർട്ട് സമിതി പരിഗണിക്കുകയും വിശദമായ ചർച്ചയ്ക്കു ശേഷം അംഗീകരിക്കുകയും ചെയ്തു.

ഡാമുകളിലെ ജലലഭ്യതയും മറ്റും നോക്കിയിട്ടാണ് വൈദ്യുതി വാങ്ങേണ്ടതുണ്ടോയെന്നും അധികമായി ഉത്പാദിപ്പിക്കുന്ന വൈദ്യുതി, പവർ മാർക്കറ്റിൽ വിൽക്കണമോയെന്നും തീരുമാനിക്കുന്നതെന്നും ഇക്കാര്യം തീരുമാനിക്കുന്നത് എറണാകുളത്തുള്ള ലോഡ് ഡെസ്പാച്ച് സെന്ററാണെന്നും പല കമ്മിറ്റികളും ഇക്കാര്യം മോണിറ്റർ ചെയ്യുന്നുണ്ടെന്നും പകൽ സമയത്ത് വൈദ്യുതി ഉപഭോഗം കുറവും ജനറേഷൻ കൂടുകയും മാർക്കറ്റിൽ യൂണിറ്റ് തുക കൂടുതൽ ലഭിക്കുകയും ചെയ്യുന്ന അവസരത്തിൽ വൈദ്യുതി വിൽക്കാറുണ്ടെന്നും 2021-2022 വർഷങ്ങളിൽ മഴ കൂടുതൽ ലഭിച്ചതുകൊണ്ട് അധിക വൈദ്യുതി വിൽക്കുന്ന സാഹചര്യമുണ്ടായി എന്നും 2021 ആഗസ്റ്റ് മാസം 306.6 ദശലക്ഷം യൂണിറ്റ് വില്പന നടത്തിയതിലൂടെ 177.7 കോടി രൂപയാണ് ലഭിച്ചതെന്നും 2021-2022 -ൽ 1023 കോടി രൂപയ്ക്കും 2022-23-ൽ 1171 കോടി രൂപയ്ക്കും വൈദ്യുതി വിൽക്കാൻ സാധിച്ചിട്ടുണ്ടെന്നും 2023-2024-ൽ മഴയുടെ ദൗർലഭ്യവും മറ്റ് കാരണങ്ങൾ കൊണ്ടും 60 കോടി രൂപയുടെ വൈദ്യുതി മാത്രമാണ് വിൽക്കാൻ സാധിച്ചതെന്നും എക്സ്ചേഞ്ച് വഴിയുള്ള വൈദ്യുതിയുടെ വില നിശ്ചയിക്കുന്നത് മാർക്കറ്റിലെ വിലയെ അടിസ്ഥാനപ്പെടുത്തി പെട്ടെന്നെടുക്കുന്ന തീരുമാനങ്ങളാണെന്നും 3 രൂപയ്ക്ക് ലഭിക്കുന്ന വൈദ്യുതി അൽപ്പസമയത്തിന് ശേഷം 3.40 രൂപയോ 4 രൂപയോ ആയി വ്യത്യാസപ്പെടാമെന്നും വൈകുന്നേരത്തെ പീക്ക് സമയങ്ങളിൽ 10 രൂപ വരെ വൈദ്യുതിക്ക് വിലയാകാറുണ്ടെന്നും കെ.എസ്.ഇ.ബി.എൽ. ഡയറക്ടർ (ഫിനാൻസ്) ബോധിപ്പിച്ചു.

സംസ്ഥാനത്ത് വൈദ്യുതി വിലകൊടുത്ത് വാങ്ങുന്ന സ്ഥിതി ഉള്ളപ്പോൾ തന്നെ തമിഴ്നാട് ഷോളയാറിൽ നിന്നും അർഹമായ അളവിൽ കവിഞ്ഞുള്ള ജലം അവരുടെ ആവശ്യത്തിനായി കൊണ്ടുപോകുന്നുണ്ടെന്നും ഷോളയാറിൽ നിന്നും

പെരിങ്ങൽകുത്തിൽ നിന്നും ഉത്പാദിപ്പിക്കാവുന്ന വൈദ്യുതിയുടെ കുറവുമൂലം പ്രതിവർഷം 50 കോടിയോളം രൂപ നമ്മുടെ സംസ്ഥാനത്തിന് നഷ്ടം വരുന്നുണ്ടെന്ന് വാർത്തകളുണ്ടെന്നും വൈദ്യുതി പ്രതിസന്ധി രൂക്ഷമായിരിക്കുന്ന സമയത്ത് ഇക്കാര്യത്തിൽ പരിശോധന അനിവാര്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു. കേരളത്തിന് പ്രതിവർഷം ലഭിക്കേണ്ട 12.3 ടി.എം.സി.- ജലം കൃത്യമായി ലഭിക്കുന്നുണ്ടെന്നും കേരളത്തിനും തമിഴ്നാടിനും ലഭിക്കേണ്ട ജലത്തിന്റെ അളവുമായി ബന്ധപ്പെട്ട പരിശോധനകൾ നടത്തേണ്ടത് ജലവിഭവ വകുപ്പാണെന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (ഫിനാൻസ്) ഡയറക്ടർ വ്യക്തമാക്കി. അനുമതിയുള്ളതിനേക്കാൾ കൂടുതൽ ജലം തമിഴ്നാട് കൊണ്ടുപോകുന്നുണ്ടെങ്കിൽ അത് ഗൗരവമേറിയ വിഷയമാണെന്ന് അഭിപ്രായപ്പെട്ട സമിതി ഇക്കാര്യത്തിൽ ഊർജ്ജ വകുപ്പിൽ നിന്നും അടിയന്തര റിപ്പോർട്ടാവശ്യപ്പെടുന്നതിനും റിപ്പോർട്ട് ലഭിച്ച ശേഷം ഊർജ്ജ, ജലവിഭവ വകുപ്പുകളെ ഉൾപ്പെടുത്തി യോഗം വിളിച്ചു ചേർക്കുന്നതിനും തീരുമാനിച്ചു.

നിലവിൽ മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസിൽ കെ.എസ്.ഇ.ബി. കക്ഷി ചേർന്നിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ഇല്ലെന്നും ഇക്കാര്യത്തെക്കുറിച്ച് നിയമസഭയിലെ ഒരു കമ്മിറ്റി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു എന്നും സ്വതന്ത്ര ഇന്ത്യ രൂപം കൊള്ളുന്നതിന് മുമ്പാണ് മുല്ലപ്പെരിയാർ ഡാം കരാറുണ്ടായതെന്നും സ്വാതന്ത്ര്യലബ്ധിക്ക് ശേഷം കരാർ പുതുക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത കരാർ നിലനിൽക്കില്ലെന്നാണ് റിപ്പോർട്ട് ലഭിച്ചിട്ടുള്ളതെന്നും ബഹുമാനപ്പെട്ട സുപ്രീം കോടതി 2024 സെപ്റ്റംബർ 30-ാം തീയതി കേസ് പരിഗണിക്കുന്നുണ്ടെന്നും നിയമവിദഗ്ദ്ധരുമായി ആലോചിച്ചതിനുശേഷം ബോർഡിന് കക്ഷി ചേരാൻ സാധിക്കുമോ എന്നുള്ള കാര്യം പരിശോധിക്കാമെന്നും ചെയർപേഴ്സൺ വ്യക്തമാക്കി.

പ്രസ്തുത വിഷയത്തിൽ ഊർജ്ജ വകുപ്പിന്റെ അഭിപ്രായം സമിതി ആരാഞ്ഞതിന് അധികമായി ജലം വന്നുകഴിഞ്ഞാൽ ഇടുക്കി ഡാമിന് ഉണ്ടാകാവുന്ന പ്രശ്നസാധ്യതകളെപ്പറ്റി ജലവിഭവ വകുപ്പ് മന്ത്രിയുമായി ഊർജ്ജ വകുപ്പ് ചർച്ച നടത്തിയിരുന്നുവെന്നും മുല്ലപ്പെരിയാർ ഡാം തകരുകയാണെങ്കിൽ കെ.എസ്.ഇ.ബി.-യുടെ ഡാമിന് ക്ഷയമുണ്ടാകാവുന്ന സാഹചര്യമുള്ളതിനാൽ ആയത് പഠിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. സി.എം.ഡി.-യെ

ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും മനുഷ്യനെയും വനഭൂമിയെയും മൃഗങ്ങളെയും ഒരുപോലെ ബാധിക്കുന്ന പ്രശ്നമാണെന്നതിനാൽ വനപ്രദേശത്തെ ഇത് എത്രമാത്രം ബാധിക്കുമെന്ന് പഠിക്കുന്നതിനായി വനം വകുപ്പ് മേധാവിക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും നിലവിൽ കെ.എസ്.ഇ.ബി.എൽ. മുല്ലപ്പെരിയാർ കേസിൽ കക്ഷി ചേർന്നിട്ടില്ലെന്നും ഇന്റർ സ്റ്റേറ്റ് ഡിസ്പ്യൂട്ടിന് ചീഫ് സെക്രട്ടറി മാത്രമേ കക്ഷി ചേർന്നിട്ടുള്ളൂവെന്നും ബോർഡ് കൂടി കക്ഷി ചേരുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന നിർദ്ദേശമാണ് അന്ന് കെ.എസ്.ഇ.ബി.എൽ. സി.എം .ഡി.ക്ക് കൊടുത്തിരുന്നതെന്നും ഊർജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ബോധിപ്പിച്ചു.

കേരളത്തെ മുഴുവൻ ബാധിക്കുന്ന പ്രശ്നമായതിനാൽ മുല്ലപ്പെരിയാർ ഡാം തകർന്നാലുണ്ടാകുന്ന ദുരന്തത്തെക്കുറിച്ച് കോടതിയെ ബോധ്യപ്പെടുത്തുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡിന് ബാധ്യതയുണ്ടെന്നും സുപ്രീം കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസിൽ കേരള സംസ്ഥാന വൈദ്യുതി ബോർഡിനെ കക്ഷി ചേർക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി നിയമ വകുപ്പുമായി എത്രയും വേഗം ചർച്ച ചെയ്യണമെന്നും സമിതി അഭിപ്രായപ്പെട്ടു.

## IV) <u>ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രിക</u>

1. 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ടുകൾ

**(ഫയൽ നം.143/സബ്.സി.സി1/2019/നി. സെ.)**

അനെർട്ടിന്റെ 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടതിന്റെ കാരണം സംബന്ധിച്ച് ഊർജ്ജ (പി.എസ്) വകുപ്പ് 05.07.2024 ലെ പി.എസ്2/245/ഊവ-നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ കാലതാമസപത്രിക സമിതി അംഗീകരിച്ചു.

വർഷിക പ്രവർത്തന റിപ്പോർട്ടുകൾ വകുപ്പുകൾ യഥാസമയം

ലഭ്യമാക്കാത്തത് അനുചിതമാണെന്ന് ചൂണ്ടിക്കാട്ടിയ സമിതി അനെർട്ടിന്റെ 2023-24 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ അടുത്ത യോഗത്തിൽ ഹാജരാക്കണമെന്ന് നിർദ്ദേശിക്കുകയും പ്രസ്തുത വാർഷിക പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെന്നും ഉടൻ തന്നെ അത് സമർപ്പിക്കാമെന്നും അനെർട്ട് സി.ഇ.ഒ സമിതിയ്ക്ക് ഉറപ്പ് നൽകുകയും ചെയ്തു.

2. 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ടുകൾ

**(ഫയൽ നം.454/സബ്.സി.സി1/2020/നി. സെ.)**

അനെർട്ടിന്റെ 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടതിന്റെ കാരണം സംബന്ധിച്ച് ഊർജ്ജ (പി.എസ്) വകുപ്പ് 05.07.2024 ലെ പി.എസ്2/245/ഊവ-നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ കാലതാമസപത്രിക സമിതി അംഗീകരിച്ചു.

3. 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ടുകൾ

**(ഫയൽ നം.1781/സബ്.സി.സി1/2021/നി. സെ.)**

അനെർട്ടിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടതിന്റെ കാരണം സംബന്ധിച്ച് ഊർജ്ജ (പി.എസ്) വകുപ്പ് 05.07.2024 ലെ പി.എസ്2/245/ഊവ-നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ കാലതാമസപത്രിക സമിതി അംഗീകരിച്ചു.

4. 2021-2022 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ടുകൾ

**(ഫയൽ നം.575/സബ്.സി.സി1/2022/നി. സെ.)**

അനെർട്ടിന്റെ 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം

ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടതിന്റെ കാരണം സംബന്ധിച്ച് ഊർജ്ജ (പി.എസ്) വകുപ്പ് 05.07.2024 ലെ പി.എസ്2/245/ഊവ-നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ കാലതാമസപത്രിക സമിതി അംഗീകരിച്ചു.

5. 2022-2023 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ടുകൾ

**(ഫയൽ നം.796/സബ്.സി.സി1/2023/നി. സെ.)**

അനെർട്ടിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടതിന്റെ കാരണം സംബന്ധിച്ച് ഊർജ്ജ (പി.എസ്) വകുപ്പ് 05.07.2024 ലെ പി.എസ്2/245/ഊവ-നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ കാലതാമസപത്രിക സമിതി അംഗീകരിച്ചു.

യോഗം വൈകുന്നേരം 4.05 ന് അവസാനിച്ചു.

## 18.02.2025-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2025 ഫെബ്രുവരി മാസം 18-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്ക് ശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '3-എ' സമ്മേളന ഹാളിൽ ബഹു. സമിതി അദ്ധ്യക്ഷന്റെ അസാന്നിദ്ധ്യത്തിൽ എക്സ് ഒഫീഷ്യോ അംഗവും പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

**ഹാജരായ അംഗങ്ങൾ**

1. ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ.

2. ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ.

**വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗങ്ങൾ**

1.ശ്രീ. എം. എം. മണി, എം.എൽ.എ.

2.ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.

2. ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീ. ഷാജി സി.ബേബി., സ്പെഷ്യൽ സെക്രട്ടറി

2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീ. കെ. എസ്. കിരൺ ബോസ്, അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ :**

1. ഡോ. കെ. വാസുകി, സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
2. ശ്രീമതി പ്രീത ബി., അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
3. ശ്രീ. എൻ. കെ. ചന്ദ്ര, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
4. ശ്രീ. അജയകുമാർ കെ. എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീ. സുഫിയാൻ അഹമ്മദ്, ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്
6. ശ്രീ. പ്രമോദ് പി., ഡയറക്ടർ, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്
7. ശ്രീമതി ശോഭ എൽ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
8. ശ്രീമതി സുനീജ ബീഗം എം., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
9. ഡോ. വി. എ. സിനി പ്രിയദർശിനി, ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡിപ്പാർട്ടുമെന്റ് (ഇൻ-ചാർജ്)
10. ശ്രീ. അനൂപ് കെ. എ., മാനേജിംഗ് ഡയറക്ടർ, ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ്
11. ശ്രീ. സുബിൻ ദാസ് എസ്., മാനേജർ (ഓപ്പറേഷൻസ് ആൻഡ് സ്ട്രാറ്റജി), കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)

12. കുമാരി സഫ്ന നസറുദ്ദീൻ, ലേബർ കമ്മീഷണർ, ലേബർ കമ്മീഷണറേറ്റ്

13. ശ്രീ. പി. കെ. മോഹനദാസ്, ജോയിന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റ്

14. ശ്രീ. സുനിൽ തോമസ്, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് (കിലെ)

15. ശ്രീമതി എം. ഷജീന, ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, ഭവനം ഫൗണ്ടേഷൻ കേരള

16. ശ്രീമതി ലത എം. എസ്., ഫിനാൻസ് ഓഫീസർ, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)

17. ശ്രീ. ശ്രീകേശ് പി., അഡ്മിനിസ്ട്രേറ്റർ ആൻഡ് ഫിനാൻസ് എക്സിക്യൂട്ടീവ്, ഭവനം ഫൗണ്ടേഷൻ കേരള

സമിതി, 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥന നമ്പർ XXIV, XVII, XVIII എന്നിവയുടെ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

**ധനാഭ്യർത്ഥന നമ്പർ XXIV - തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും**

**(തൊഴിലും നൈപുണ്യവും വകുപ്പ്)**

2230-01-001-99 – നടത്തിപ്പ്

ലേബർ കമ്മീഷണറുടെ ഓഫീസിലെ വിവരസാങ്കേതികവിദ്യ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീ ഇനങ്ങളിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 75000 രൂപയും വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1.75 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-01-001-98 –ജില്ലാ ആഫീസുകൾ

മൂന്ന് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും നാല് ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും പതിനാല് ജില്ലാ ലേബർ ഓഫീസുകളിലെയും മെഡിക്കൽ റീഇംബേഴ്സ്മെന്റ്, വിവര സാങ്കേതികവിദ്യ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 1 ലക്ഷം രൂപയും വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-01-102-98-99 - പ്ലാന്റേഷൻ ഇൻസ്പെക്ടറേറ്റ്- വിവരസാങ്കേതിക വിദ്യ

ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസിന്റെയും 11 പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസുകളിലെയും വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-01-103-79-10 - കേരള ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ് - സംഭാവന

കേരള ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാർ ഗ്രാന്റ് ഇനത്തിൽ കുടിശ്ശിക നൽകേണ്ടതുള്ളതിനാൽ, 65.515 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-01-103-72-10 – കേരള കർഷക തൊഴിലാളി ക്ഷേമ ബോർഡ്- അംശദാനം- സംഭാവന

കേരള കർഷകത്തൊഴിലാളി ക്ഷേമബോർഡിലെ അധിവർഷ ആനുകൂല്യകുടിശ്ശിക കൊടുത്ത് തീർക്കുന്നതിനായി 283 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-01-103-60 - <u>അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷ</u>

അസംഘടിത മേഖലയിലെ സ്ത്രീതൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ കുടിശ്ശിക വിതരണം ചെയ്യുന്നതിനായി 7 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-01-103-35-10 - <u>കേരള ചുമട്ട് തൊഴിലാളി (വിഭിന്ന മേഖലകളിൽ പണിയെടുക്കുന്നവർ) ക്ഷേമപദ്ധതി- സംഭാവന</u>

കേരള ചുമട്ട് തൊഴിലാളി (വിഭിന്ന മേഖലകളിൽ പണിയെടുക്കുന്നവർ) ക്ഷേമപദ്ധതിയുടെ നടത്തിപ്പിന് 4.9663514 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4250-00-201-92 – <u>മൂന്നാറിൽ ലേബർ കോംപ്ലക്സ് നിർമ്മാണം</u>

മൂന്നാർ ലേബർ കോംപ്ലക്സിന്റെ നിർമ്മാണ ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് നിർമ്മാണ ചെലവ് പൂർണ്ണമായും വിതരണം ചെയ്യുന്നതിനും കെട്ടിടത്തിന്റെ ചുറ്റുമതിൽ നിർമ്മാണത്തിനുമായി 1.52 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4250-00-201-91 – <u>നഗര പ്രദേശത്തെ ജോലി ചെയ്യുന്ന സ്ത്രീകൾക്കുള്ള സ്റ്റുഡിയോ അപ്പാർട്ട്മെന്റ്</u>

സ്ത്രീ തൊഴിലാളികൾക്ക് വാടക ഈടാക്കി സുരക്ഷിതമായ താമസസൗകര്യമൊരുക്കുക എന്ന ലക്ഷ്യത്തിൽ വിഭാവനം ചെയ്തിട്ടുള്ള സ്റ്റുഡിയോ അപ്പാർട്ട്മെന്റ് പദ്ധതിയനുസരിച്ച് കഴക്കൂട്ടം, മേനംകുളത്തുള്ള കിൻഫ്ര അപ്പാരൽ പാർക്കിൽ നിർമ്മാണം ആരംഭിച്ച അപ്പാർട്ട്മെന്റിന്റെ ഒന്നാം ഘട്ടം പൂർത്തിയാക്കുന്നതിനായി

9.5 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4250-00-201-89- <u>അതിഥി തൊഴിലാളികൾക്കുള്ള പുനരധിവാസ പദ്ധതി</u>

അതിഥി തൊഴിലാളികളെ വാടക ഈടാക്കി പാർപ്പിക്കുന്നതിനായി അപ്നാഘർ പദ്ധതിയനുസരിച്ച് കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ പ്രവർത്തിച്ച് വരുന്ന ഹോസ്റ്റൽ കെട്ടിടം, കൂടുതൽ തൊഴിലാളികളെ താമസിപ്പിക്കുവാൻ കഴിയുന്ന വിധത്തിൽ വിപുലീകരിക്കുന്നതിനായി 2.5 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4250-00-201-87- <u>മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളികൾക്ക് ട്രാൻസിറ്റ് സ്റ്റേ സൗകര്യം</u>

മോട്ടോർ തൊഴിലാളികൾ, വർക്കേഴ്സ് എന്നിവർക്ക് ജോലിക്കിടയിൽ വിശ്രമിക്കാൻ ഒരിടം എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന മോട്ടോർ ട്രാൻസിറ്റ് സ്റ്റേ ഫെസിലിറ്റി പദ്ധതിക്കായി 80 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## <u>വ്യാവസായിക പരിശീലന വകുപ്പ്</u>

2230-03-001-99 - <u>ട്രെയിനിംഗ് ഡയറക്ടറേറ്റ്</u>

പ്രസ്തുത ശീർഷകത്തിലേക്ക് ആവശ്യപ്പെട്ടിട്ടുള്ള അധിക തുക ഫാറം എ - യിൽ 7943000 രൂപ എന്ന് നൽകിയിട്ടുള്ളപ്പോൾ 56 -ാം പേജിൽ നൽകിയിട്ടുള്ള വിശദീകരണത്തിൽ അധികമായി ആവശ്യപ്പെട്ടിട്ടുള്ള അകെ തുക 7918000 എന്നാണ് കാണുന്നതെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി ചൂണ്ടിക്കാട്ടിയപ്പോൾ പ്രസ്തുത വൈരുദ്ധ്യം പരിശോധിച്ച് തിരുത്തൽ വരുത്തി നൽകാമെന്ന് തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറി മറുപടി നൽകി.

ട്രെയിനിംഗ് ഡയറക്ടറേറ്റിന്റെ നടത്തിപ്പിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 2 ലക്ഷം രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 5 ലക്ഷം രൂപയും സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 1 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ

4.25 ലക്ഷം രൂപയും വെള്ളക്കരം [05(1)] ഇനത്തിൽ 1 ലക്ഷം രൂപയും വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 64.5 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റ പണികളും [21(2)] ഇനത്തിൽ 1.19 ലക്ഷം രൂപയും പി.ഒ.എൽ. (45) ഇനത്തിൽ 49000 രൂപയും ഉൾപ്പെടെ ആകെ 79.43 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

മലമ്പുഴ ഐ.ടി.ഐ.-യുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ തൽസ്ഥിതി സംബന്ധിച്ച് സമിതി അംഗം ശ്രീ. എ. പ്രഭാകരൻ എം.എൽ.എ. ആരായുകയും ഐ.ടി.ഐ.-യുടെ നിർമ്മാണം പൂർത്തിയായിട്ടുള്ളതായി തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറി മറുപടി നൽകുകയും ചെയ്തു.

2230-03-001-98 സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ

സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ വെള്ളക്കരത്തിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ വെള്ളക്കരം [05(1)] ഇനത്തിൽ 16000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-03-001-89 വ്യാവസായിക പരിശീലന വകുപ്പിന്റെ പ്രാദേശിക ഡയറക്ടറേറ്റ്

വ്യാവസായിക പരിശീലന വകുപ്പിന്റെ പ്രാദേശിക ഡയറക്ടറേറ്റിലെ ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ബില്ലുകൾ മാറുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 50,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-03-003-98 - തൊഴിലുകളുടെ വൈവിധ്യവൽക്കരണം

തൊഴിലുകളുടെ വൈവിധ്യവൽക്കരണവുമായി ബന്ധപ്പെട്ട ട്രേഡുകളിലെ ട്രെയിനികൾക്ക് സ്റ്റൈപ്പെൻഡിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും (12) ഇനത്തിൽ 1.29 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-03-101-99 - വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ

തൊണ്ണൂറ്റിനാല് ഐ.ടി.ഐ.കളുടെ നടത്തിപ്പിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 26.9 ലക്ഷം രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 1.4 കോടി രൂപയും സ്ഥലംമാറ്റ ബത്ത [04(2)] ഇനത്തിൽ 4 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 4 ലക്ഷം രൂപയും വെള്ളക്കരം [05(1)] ഇനത്തിൽ 3 ലക്ഷം രൂപയും ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 10 ലക്ഷം രൂപയും മറ്റിനങ്ങൾ [05(4)] ഇനത്തിൽ 5 ലക്ഷം രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 4 ലക്ഷം രൂപയും സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും (12) ഇനത്തിൽ 1.65 കോടി രൂപയും മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 2 ലക്ഷം രൂപയും പി.ഒ.എൽ. [45] ഇനത്തിൽ 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 3.689 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-03-101-96 – വനിതകൾക്കുള്ള വ്യാവസായിക പരിശീലന കേന്ദ്രം

പതിനാല് വനിതാ ഐ.ടി.ഐ.കളുടെ നടത്തിപ്പിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 4.85 ലക്ഷം രൂപയും സ്ഥലംമാറ്റ ബത്ത [04(2)] ഇനത്തിൽ 4.68 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 1.5 ലക്ഷം രൂപയും വെള്ളക്കരം [05(1)] ഇനത്തിൽ 2.5 ലക്ഷം രൂപയും ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 2 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 15.53 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യാർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-03-101-80 – പുതിയ ഐ.ടി.ഐ.കൾ സ്ഥാപിക്കൽ

പുതിയതായി അനുവദിച്ച 4 ഐ.ടി.ഐ.കളിലെ വിവിധ ട്രേഡുകളിലേക്ക് ആവശ്യമായ ടൂൾസ്, യന്ത്രോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 6.5 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി

ധനപുനഃവിനിയോഗം/ഉപധനാഭ്യാർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-03-101-76- വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം

വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം നൽകുന്നതിനായി സ്ഥാപിച്ചിട്ടുള്ള എ.വി.റ്റി.എസ്., കളമശ്ശേരി എന്ന സ്ഥാപനത്തിന്റെ നടത്തിപ്പിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 1 ലക്ഷം രൂപയും സ്ഥലംമാറ്റ ബത്ത [04(2)] ഇനത്തിൽ 43,000 രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 53,000 രൂപയും മറ്റ് ചെലവുകൾ-മറ്റിനം [34(3)] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2.96 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-03-101-48- നൈപുണ്യ കേരളം

സംസ്ഥാനത്തെ നൈപുണ്യ പോഷണ രംഗത്ത് ക്രിയാത്മകമായി ഇടപെട്ട് യുവജനങ്ങൾക്കിടയിലെ തൊഴിൽക്ഷമത സമയബന്ധിതമായി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് നടപ്പിലാക്കുന്ന നൈപുണ്യ കേരളം പദ്ധതിക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 6 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യാർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-03-102-99 – ദേശീയ തൊഴിലഭ്യസന പരിപാടികൾ

വകുപ്പിന് കീഴിലുള്ള 9 ആർ.ഐ. സെന്ററുകളിൽ നിന്നും തൊഴിൽ പരിശീലനം നേടിയ ട്രെയിനികളെ ട്രെയിനിംഗ് ഡയറക്ടറേറ്റിലും ഐ.ടി.ഐ. കളിലും നിയമിക്കുമ്പോൾ സ്റ്റൈപ്പെന്റ് നൽകുന്നതിലേക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും (12) ഇനത്തിൽ 4.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാ-

ഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4250-00-190-95 – ഇക്വിറ്റി സംഭാവന -KASE

വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ ജില്ലാ നൈപുണ്യ വികസന കേന്ദ്രം, നാഷണൽ റിസോഴ്സ് സെന്റർ, സെന്റേഴ്സ് ഓഫ് എക്സലൻസ് എന്നിവ സ്ഥാപിക്കുന്നതിനും KASE ആസ്ഥാന കേന്ദ്രത്തിൽ സ്റ്റേറ്റ് സ്കിൽ സെക്രട്ടേറിയറ്റ് സ്ഥാപിക്കുന്നതിനും വിവരസാങ്കേതിക വിദ്യാ സംവിധാനം നവീകരിക്കുന്നതിനും കെ.എസ്.ഐ.ഡി.-യ്ക്ക് ആവശ്യമായ ഉപകരണങ്ങൾ സംഭരിക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ 27.8855 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4250-00-203-99 –ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലെ ഐ.ടി.ഐ. കൾ ശക്തിപ്പെടുത്തൽ

ഭാഷാ ന്യൂനപക്ഷ പ്രദേശമായ ഇടുക്കി ജില്ലയിലെ ചിത്തിരപുരം ഐ.ടി.ഐ. യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനും കുറ്റിക്കോൽ, കൊഴിഞ്ഞാമ്പാറ എന്നീ ഐ.ടി.ഐ.കളുടെ കെട്ടിട നവീകരണത്തിനുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4250-00-203-95 –പുതിയ ഐ.ടി.ഐ. കൾ സജ്ജീകരിക്കുന്നു

തിരുവനന്തപുരം ജില്ലയിലെ ചാല, തൃശ്ശൂർ ജില്ലയിലെ പീച്ചി, പാലക്കാട് ജില്ലയിലെ നാഗലശ്ശേരി, മലപ്പുറം ജില്ലയിലെ എടപ്പാൾ എന്നിവിടങ്ങളിൽ പുതിയതായി അനുവദിച്ച ഐ.ടി.ഐ. കൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 29 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്**

2230-01-102-99- ഫാക്ടറികളുടെയും ബോയിലറുകളുടെയും ഡയറക്ടറേറ്റ്

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ നടത്തിപ്പിനായി ശമ്പളം, പി.ഒ.എൽ, ആർ. & എം., ആർ.ആർ.റ്റി., യാത്രാബത്ത, ഓഫീസ് ചെലവുകൾ എന്നീ ഇനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 65 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-01-102-95- ഫാക്ടറീസ് ആന്റ് ബോയ്‌ലേഴ്സ് വകുപ്പ് - തൊഴിൽ സുരക്ഷയും ആരോഗ്യ പ്രവർത്തനവും (OSHA)

ഈ ശീർഷകത്തിൽ ശമ്പളം, പി.ഒ.എൽ, ആർ.&എം., യാത്രാബത്ത, ഓഫീസ് ചെലവുകൾ എന്നീ ഇനങ്ങളിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 58 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം)**

2230-02-001-98- എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെയും എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിന്റെയും കമ്പ്യൂട്ടർവത്കരണം

ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മോഡൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കി ഉയർത്തുന്നതിനും സബ് ഓഫീസുകളിലെ കെ-ഫോൺ, കെ-സ്വാൻ കണക്ഷൻ പേയ്മെന്റിനും എംപ്ളോയ്മെന്റ് വകുപ്പിന്റെ ഒഫീഷ്യൽ വെബ്സൈറ്റ് നവീകരണത്തിനും ഇ-എംപ്ളോയ്മെന്റ് അപ്ഡേഷൻ നടത്തുന്നതിനുമായി 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-02-101-93 – എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിയുള്ളവർക്കായുള്ള പുനരധിവാസവും ക്ഷേമ പ്രവർത്തനവും (കൈവല്യ)

കൈവല്യ പദ്ധതി നടപ്പിലാക്കുന്നതിനും ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ വായ്പ അനുവദിക്കുന്നതിനും കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ

കോർപ്പറേഷനിലേക്ക് വായ്പാതിരിച്ചടവിനുമായി അനുവദിച്ച തുക അപര്യാപ്തമായതി നാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ (കൈവല്യ) രജിസ്റ്റർ ചെയ്തവരുടെ സബ്സിഡി - പുനരധിവാസവും ക്ഷേമവും (33) ഇനത്തിൽ 4.5 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-02-101-91-33- <u>രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ/ ഉപേക്ഷിക്കപ്പെട്ടവർ/വേർപിരിഞ്ഞവർ/അവിവാഹിതർ/ വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്കുള്ള സ്വയംതൊഴിൽ പദ്ധതി -സബ്സിഡികൾ</u>

ശരണ്യ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് വായ്പ അനുവദിക്കുന്നതിനായി 4.5 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-02-101-88 - <u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി ഡെവലപ്മെന്റ് കേന്ദ്രങ്ങളും മികവിന്റെ കേന്ദ്രങ്ങളും സ്ഥാപിക്കൽ</u>

കരമന, പയ്യന്നൂർ, പേരാമ്പ്ര എന്നിവിടങ്ങളിലെ കരിയർ ഡെവലപ്മെന്റ് സെന്ററുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കും സോഫ്റ്റ് വെയർ നിർമ്മാണത്തിനും എംപ്ളോയബിലിറ്റി സെന്ററുകളിലെയും കരിയർ ഡെവലപ്മെന്റ് സെന്ററുകളിലെയും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും അറ്റകുറ്റപ്പണികൾക്കുമായും അനുവദിച്ച തുക അപര്യാപ്തമായതിനാൽ 5.0273 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-02-101-87- <u>നവജീവൻ</u>

നവജീവൻ പദ്ധതി മുഖേന മുതിർന്ന പൗരന്മാർക്ക് അനുവദിക്കുന്ന സ്വയം തൊഴിൽ വായ്പയ്ക്കുള്ള സബ്സിഡിക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ _25 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ

ചെയ്യാൻ സമിതി തീരുമാനിച്ചു.

6250-60-800-97- <u>കൈവല്യ പദ്ധതിയുടെ കീഴിലെ വായ്പകൾ</u>

കൈവല്യ പദ്ധതി മുഖേന ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കായി സ്വയംതൊഴിൽ വായ്പ നൽകുന്നതിനും കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷനിൽ നിന്നെടുത്ത വായ്പ തിരിച്ചടയ്ക്കുന്നതിനുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 4.5 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

6250-60-800-96- <u>രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ/ ഉപേക്ഷിക്കപ്പെട്ടവർ/വേർപിരിഞ്ഞവർ/അവിവാഹിതർ/ വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്കുള്ള സ്വയംതൊഴിൽ പദ്ധതി</u>

ശരണ്യ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് വായ്പ അനുവദിക്കുന്നതിനായി 4 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## <u>കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)</u>

2230-03-188-99- <u>കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്- ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനം</u>

കിലെയിലെ ജീവനക്കാരുടെ ശമ്പളം, ആനുകൂല്യങ്ങൾ എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ സഹായധനം-ശമ്പളം (31) ഇനത്തിൽ 27.03 ലക്ഷം രൂപയും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി സഹായധനം-ശമ്പളേതരം (36) ഇനത്തിൽ 7.9 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 34.93 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യാർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## <u>ഒഡെപെക്</u>

2230-01-103-10 - <u>ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ്</u>

<u>പ്രൊമോഷൻ കൺസൾട്ടന്റ്സ് (ഒഡിഇപിസി) ലിമിറ്റഡിന്റെ ശക്തിപ്പെടുത്തൽ</u>

ഒഡെപെക്കിന്റെ 2025-26 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ നടത്തിപ്പിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**<u>വ്യാവസായിക ട്രിബ്യൂണലുകൾ ആന്റ് ലേബർ കോടതികൾ</u>**

2230-01-101-96-06- <u>വ്യാവസായിക ട്രിബ്യൂണൽ,ആലപ്പുഴ- വാടക,കരം,നികുതി</u>

വ്യാവസായിക ട്രിബ്യൂണൽ, ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ നടത്തിപ്പിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 4 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-01-101-92-04-1- <u>തൊഴിൽ കോടതി, കോഴിക്കോട്- യാത്രാചെലവുകൾ - യാത്രാബത്ത</u>

തൊഴിൽ കോടതി, കോഴിക്കോട് എന്ന സ്ഥാപനത്തിലെ പ്രിസൈഡിംഗ് ഓഫീസർക്ക് പാലക്കാട് ക്യാംപ് സിറ്റിംഗ് നടത്തുന്ന ആവശ്യത്തിനായി 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-01-101-91- <u>തൊഴിൽ കോടതി, എറണാകുളം</u>

എറണാകുളം തൊഴിൽ കോടതിയുടെ നടത്തിപ്പിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ യാത്രാ ബത്ത [04 (1)] ഇനത്തിൽ 1.97 ലക്ഷം രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 6.97 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി

തീരുമാനിച്ചു.

2230-01-101-86 – വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി

വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കിയുടെ നടത്തിപ്പിനായി ഓഫീസ് ചെലവുകൾ- വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 16000 രൂപയും ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ [05(4)] ഇനത്തിൽ 1.62 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1.78 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യാർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-01-101-85 -99- വ്യാവസായിക ട്രിബ്യൂണൽ, പാലക്കാട്- വിവരസാങ്കേതികവിദ്യ

വ്യാവസായിക ട്രിബ്യൂണൽ, പാലക്കാട് ഓഫീസിലേക്ക് കമ്പ്യൂട്ടർ, ഫോട്ടോകോപ്പിയർ എന്നിവ വാങ്ങുന്നതിനായി 1.74 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-01-101-79 – വ്യാവസായിക ട്രിബ്യൂണൽ, തൃശ്ശൂർ

വ്യാവസായിക ട്രിബ്യൂണൽ, തൃശ്ശൂരിന്റെ നടത്തിപ്പിനായി ദിവസ വേതനം [02(5)] ഇനത്തിൽ 1.567 ലക്ഷം രൂപയും വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 30000 രൂപയും ഉൾപ്പെടെ ആകെ 1.867 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യാർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XVII – വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം**

4202-02-105-85 – ഐ.ടി.ഐ. ബിൽഡിംഗ് വർക്ക്സ്

ചാല ഐ.ടി.ഐ. യുടെ കെട്ടിട നിർമ്മാണത്തിന്റെ തുക നൽകുന്നതിനും

ട്രെയിനിംഗ് ഡയറക്ടറേറ്റിന്റെ ആസ്ഥാന മന്ദിരം ചാല ഐ.ടി.ഐ. കോമ്പൗണ്ടിൽ നിർമ്മിക്കുന്നതിനും സ്വന്തമായി ഭൂമിയുള്ള ഐ.ടി.ഐ. കൾക്ക് ആവശ്യമായ കെട്ടിട നിർമ്മാണം, നിലവിലുള്ള ഐ.ടി.ഐ. കൾക്ക് ആവശ്യമായ കെട്ടിട നിർമ്മാണം, ക്ലാസ് റൂം, വർക്ക് ഷോപ്പ്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, സ്റ്റാഫ് ക്വാർട്ടേഴ്സ്, ട്രെയിനീസ് ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണം, അറ്റകുറ്റപണികൾ എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 25 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XVIII – വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും**

2210-01-102-98– ഡിസ്പെൻസറികൾ

ഡിസ്പെൻസറികളിൽ മരുന്ന് വിതരണത്തിനായി ഉപയോഗിക്കുന്ന വാഹനത്തിന്റെ വാടക നൽകുന്നതിനും പുതിയ വാഹനം വാങ്ങുന്നതിനും വാഹനങ്ങളുടെ വാടക (97) ഇനത്തിൽ 20 ലക്ഷം രൂപയും ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസിലെ ആശുപത്രികളിലെയും ഡിസ്പെൻസറികളിലെയും ഇ-ഓഫീസിന്റെ പ്രവർത്തനത്തിനായി വിവരസാങ്കേതികവിദ്യ(99) ഇനത്തിൽ 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 25 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-01-102-96 - ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികൾക്കുള്ള ചെലവ്

ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികളുടെ 2025-26 സാമ്പത്തിക വർഷത്തെ നടത്തിപ്പിനായി ഡ്രഗ്സും ഡ്രസ്സിങ്ങും [01] ഇനത്തിൽ 23 കോടി രൂപയും ഡയറ്റ് (02) ഇനത്തിൽ 20 ലക്ഷം രൂപയും യൂണിറ്റൊന്നിന് 25,000 രൂപയ്ക്ക് മുകളിൽ ചെലവ് വരുന്ന യന്ത്രോപകരണങ്ങൾ വാങ്ങൽ [07] ഇനത്തിൽ 6 കോടി രൂപയും യന്ത്രോപകരണങ്ങളുടെ സംരക്ഷണവും അറ്റകുറ്റപണികളും [08] ഇനത്തിൽ 37.25 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 29.5725 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി

വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-01-102-95-34- <u>ഇ.എസ്.ഐ. ആശുപത്രികളുടെ മെച്ചപ്പെടുത്തലും നിലവാരം ഉയർത്തലും -മറ്റു ചെലവുകൾ</u>

2025-26 വാർഷിക പദ്ധതിയിൽ മരുന്ന് വിതരണത്തിന് വാഹനങ്ങൾ വാങ്ങുന്നതിനായി 86.31 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.00 മണിക്ക് പിരിഞ്ഞു.

## 21.02.2025 -ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2025 ഫെബ്രുവരി മാസം 21-ാം തീയതി വെള്ളിയാഴ്ച രാവിലെ 11.00-ന് നിയമസഭാ സമുച്ചയത്തിലെ '4-എ' സമ്മേളന ഹാളിൽ ചേർന്ന യോഗത്തിൽ സമിതി അദ്ധ്യക്ഷനും വൈദ്യുതി വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. കൃഷ്ണൻകുട്ടി വീഡിയോ കോൺഫറൻസിംഗ് മുഖേന അദ്ധ്യക്ഷത വഹിച്ചു. തദവസരത്തിൽ വീഡിയോ കോൺഫറൻസിംഗ് മുഖേന താഴെപ്പറയുന്ന അംഗങ്ങൾ ഹാജരായിരുന്നു.

**<u>വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്ത അംഗങ്ങൾ:</u>**

1. ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ.
2. ശ്രീ. പി. നന്ദകുമാർ, എം.എൽ.എ.
3. ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ.
4. ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.
5. ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

**<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>**

1. ശ്രീ. ഷാജി സി.ബേബി., സ്പെഷ്യൽ സെക്രട്ടറി
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. എസ്. കിരൺ ബോസ്, അണ്ടർ സെക്രട്ടറി

**<u>ഹാജരായ ഉദ്യോഗസ്ഥർ:</u>**

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, അഡീഷണൽ ചീഫ് സെക്രട്ടറി, ഊർജ വകുപ്പ്

2. ശ്രീമതി പ്രീതി സി. എസ്., ജോയിന്റ് സെക്രട്ടറി, ഊർജ വകുപ്പ്

3. ശ്രീ. നെൽസൺ ജെ., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

4. ശ്രീ. സജി പൗലോസ്, ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ & എസ്.സി.എം.), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

5. ശ്രീ. നരേന്ദ്രനാഥ് വെലൂരി, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അനെർട്ട്

6. ശ്രീ. വിനോദ് ജി., ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്

7. ശ്രീ. സജീവ് ഇ. പി., സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

8. ശ്രീ. സുഭാഷ് ബാബു ബി. വി., രജിസ്ട്രാർ, എനർജി മാനേജ്മെന്റ് സെന്റർ

9. ശ്രീ. അജയ കുമാർ വി., ചീഫ് ഫിനാൻസ് ഓഫീസർ, അനെർട്ട്

സമിതി, 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXXIX (വൈദ്യുത പദ്ധതികൾ) സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

**<u>ധനാഭ്യർത്ഥന നമ്പർ XXXIX : വൈദ്യുത പദ്ധതികൾ</u>**
**<u>കേരള സ്റ്റേററ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്</u>**

2801-80-101-85 – <u>ട്രാൻസ്ഗ്രിഡ് 2.0</u>

ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ കീഴിൽ പ്രവൃത്തി പൂർത്തിയാക്കിയ രണ്ട് പദ്ധതികൾക്കായി കെ.എസ്.ഇ.ബി.എൽ.-ന് ചെലവായ തുക സംസ്ഥാന

വിഹിതമായി ലഭ്യമാക്കുന്നതിന് 158 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2801-80-101-92 - കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതി തള്ളിയതു മൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന ധനസഹായം

2801-80-190-95 - കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതി തള്ളിയതു മൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന ധനസഹായം

പ്രസ്തുത ശീർഷകങ്ങളിലേക്കുള്ള അധികതുക ആവശ്യം പരിഗണിച്ച വേളയിൽ, കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതി തള്ളിയതു മൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന ധനസഹായവുമായി ബന്ധപ്പെട്ട് രണ്ട് ശീർഷകങ്ങളിൽ അധിക തുക ആവശ്യപ്പെട്ടിട്ടുള്ളതിന്റെ സാംഗത്യമെന്തെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി ആരാഞ്ഞപ്പോൾ ശീർഷകങ്ങൾ എ. ജി. യുടെ നിർദ്ദേശപ്രകാരം പ്രസ്തുത കാര്യത്തിനായി നേരത്തെ തുക അനുവദിച്ചിരുന്ന 2801-80-101-92 എന്ന ശീർഷകം '2801-80-190-95' ആയി റീക്ലാസിഫൈ ചെയ്തിട്ടുള്ളതായും 2801-80-101-92 എന്ന ശീർഷകത്തിൽ 2022-23 വർഷത്തെ കുടിശ്ശിക തുകയായ 60 കോടി രൂപ റീ ക്ലാസ്സിഫൈ ചെയ്ത '2801-80-190-95' എന്ന ശീർഷകത്തിലേക്ക് മാറ്റേണ്ടതാണെന്നും പ്രസ്തുത തുകയും കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതി തള്ളിയതു മൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. -ന് ലഭിക്കേണ്ട തുകയിൽ ആദ്യ ഗഡുവിന്റെ കുടിശ്ശികയായ 204.732 കോടി രൂപയും ഉൾപ്പെടെ ആകെ 264.732 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കുവാനുള്ള സമിതി ശിപാർശയ്ക്കായി ഊർജ്ജ വകുപ്പിന് ആവശ്യപ്പെടാവുന്നതാണെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

റീക്ലാസ്സിഫൈ ചെയ്ത ശീർഷകങ്ങളിൽ ഉൾപ്പെടുന്ന പ്രൊപ്പോസലുകളിൽ ധനകാര്യ വകുപ്പ് പറഞ്ഞ പ്രകാരം മാറ്റം വരുത്തിയ 'ഫോറം - എ' അന്നേ ദിവസം തന്നെ നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കുന്നതാണെന്ന് ഊർജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു.

പ്രസ്തുത മറുപടി സമിതി അംഗീകരിക്കുകയും കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതിത്തള്ളിയതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് 2022-23-ൽ കെ.എസ്.ഇ.ബി.എൽ.-ന് ലഭിക്കേണ്ട കുടിശ്ശിക തുകയായ 60 കോടി രൂപയും 12.03.2024-ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതി തള്ളിയതു മൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് സർക്കാരിൽ നിന്നും പത്ത് വാർഷിക ഗഡുക്കളായി കെ.എസ്.ഇ.ബി.എൽ.-ന് ലഭിക്കേണ്ട തുകയിൽ ആദ്യ ഗഡുവിന്റെ കുടിശ്ശികയായ 204.732 കോടി രൂപയും ഉൾപ്പെടെ ആകെ 264.732 കോടി രൂപ '2801-80-190-95'ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

2801-80-190-94 –<u>നവീകരണ നിധി (ഊർജ്ജ സമ്പാദ്യ ഏകോപന സമിതി)</u>

ജലവൈദ്യുത പദ്ധതികളുടെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ്, നവീകരണ നിധി, എസ്ക്രോട്ട് എന്നിവയ്ക്കായി സർക്കാരിൽ നിന്നും കെ.എസ്.ഇ.ബി.എൽ.-ന് ലഭിക്കാനുള്ള 60.3247 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2801-80-190-91 – <u>തൃശ്ശൂർ മുതൽ പുഗലൂർ വരെയുള്ള 320 കെ.വി., എച്ച്.വി.ഡി.സി. ട്രാൻസ്മിഷൻ ലൈൻ നിർമ്മിക്കുന്നതിനുള്ള പ്രത്യേക നഷ്ടപരിഹാര പാക്കേജ്</u>

തൃശ്ശൂർ-പുഗലൂർ 320 കെ.വി., എച്ച്.വി.ഡി.സി. ട്രാൻസ്മിഷൻ ലൈൻ നിർമ്മിക്കുന്നതിനുള്ള പ്രത്യേക നഷ്ടപരിഹാര പാക്കേജിനായി 2025-26-ലെ

ബജറ്റിൽ തുക അനുവദിച്ചിട്ടില്ലാത്തതിനാൽ 1.56 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

6801-00-190-86 –ഡാം റീഹാബിലിറ്റേഷനും ഇംപ്രൂവ്മെന്റ് പ്രോഗ്രാമും (ഡ്രിപ്പ്) ഉൾപ്പെടെയുള്ള ഡാം സുരക്ഷാ പ്രവൃത്തികൾ (വിദേശ സഹായ പദ്ധതികൾ)

ഡ്രിപ്പ് ഉൾപ്പെടെയുള്ള ഡാം സുരക്ഷ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി. എൽ. ചെലവാക്കിയ തുക സർക്കാരിൽ നിന്നും ലഭിക്കാനുള്ളതിനാൽ 12.6 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**നബാർഡ് ബന്ധിത വിവിധ പദ്ധതികൾക്ക് താഴെപ്പറയും പ്രകാരം തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.**

2 മെഗാവാട്ട് ശേഷിയുള്ള അപ്പർ കല്ലാർ ചെറുകിട ജലവൈദ്യുത പദ്ധതിക്കായി 6801-00-190-85 എന്ന ശീർഷകം പുന:സ്ഥാപിച്ച് 3.34 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2 മെഗാവാട്ട് ശേഷിയുള്ള പോത്തൻകോട് ചെറുകിട സോളാർ പദ്ധതിക്കായി 6801-00-190-83 എന്ന ശീർഷകം പുന:സ്ഥാപിച്ച് 2.11 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

1.20 മെഗാവാട്ട് ശേഷിയുള്ള പേഴക്കാപ്പള്ളി ചെറുകിട സോളാർ പദ്ധതിക്കായി 6801-00-190-82 എന്ന ശീർഷകം പുന:സ്ഥാപിച്ച് 7.02 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

0.65 മെഗാവാട്ട് ശേഷിയുള്ള തലക്കുളത്തൂർ ചെറുകിട സോളാർ പദ്ധതിക്കായി 6801-00-190-81 എന്ന ശീർഷകം പുന:സ്ഥാപിച്ച് 82 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ശീർഷകം പുനഃസ്ഥാപിക്കുന്നതിന്**

വൈദ്യുതി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് സംസ്ഥാന

വിദ്യുച്ഛക്തി ബോർഡിനുള്ള ധനസഹായത്തിനായി 2801-80-101-99 (നോൺ പ്ളാൻ) എന്ന ശീർഷകം പുനഃസ്ഥാപിച്ച്, പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽ നിന്നും ഒഴിവാക്കിയത് മൂലമുള്ള നഷ്ടം നികത്താനുള്ള സബ്സിഡി ഇനത്തിൽ 2022-23, 2023-24, 2024-25, 2025-26 ലുമായി ലഭിക്കേണ്ട തുകയായ 1536.48 കോടി രൂപയും 30 യൂണിറ്റുവരെ വൈദ്യുതി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കളെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയതിനാലും യൂണിറ്റിന് 1.50 രൂപ ഈടാക്കുന്ന 40 യൂണിറ്റ് ഉപഭോഗമുള്ള വിഭാഗത്തിന്റെ നിരക്ക് 50 യൂണിറ്റ് വരെയുള്ള ഉപഭോക്താക്കൾക്കായി വർദ്ധിപ്പിച്ചതിനാലുമുള്ള നഷ്ടം നികത്താനുള്ള സബ്സിഡി ഇനത്തിൽ 2022-23, 2023-24, 2024-25, 2025-26 ലുമായി ലഭിക്കേണ്ട തുകയായ 1.6 കോടി രൂപയും ഉൾപ്പെടെ ആകെ 1538.08 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ആർ.ജി.ജി.വി.വൈ.-പദ്ധതിയുടെ സംസ്ഥാനവിഹിതത്തിനായി 2801-80-101-90 (പ്ലാൻ) എന്ന ശീർഷകം പുനഃസ്ഥാപിച്ച് 2.44 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ.) പദ്ധതിയുടെ സംസ്ഥാനവിഹിതത്തിനായി 2801-80-101-87 (പ്ലാൻ) എന്ന ശീർഷകം പുനഃസ്ഥാപിച്ച് 48.3 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സംയോജിത ഊർജ്ജ വികസന പദ്ധതിയുടെ (ഐ.പി.ഡി.എസ്സ്.) സംസ്ഥാന വിഹിതത്തിനായി 2801-80-101-86 (പ്ലാൻ) എന്ന ശീർഷകം പുനഃസ്ഥാപിച്ച് 59.21 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഇടമൺ - കൊച്ചി സെക്ടറിലെ 400 കെ.വി. ട്രാൻസ്മിഷൻ ലൈനിനു വേണ്ടിയുള്ള നഷ്ടപരിഹാര പാക്കേജിനായി 2801-80-101-83 എന്ന ശീർഷകം പുനഃസ്ഥാപിച്ച് 20 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

മുട്ടത്തറ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ധനസഹായം എന്ന പദ്ധതിക്കായി 4801-80-101-99 (പ്ലാൻ) എന്ന ശീർഷകം പുന:സ്ഥാപിച്ച് 41.6319 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## പുതിയ ശീർഷകം അനുവദിക്കുന്നതിന്

7.5 MW/ 25.8 MU ശേഷിയുള്ള പഴശ്ശി സാഗർ ജലവൈദ്യുത പദ്ധതിക്കായി 2025-26 ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം പുതിയ ശീർഷകം അനുവദിച്ച് 10 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

6 MW/ 14.84 MU ശേഷിയുള്ള മരിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതിക്കായി 2025-26 ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം പുതിയ ശീർഷകം അനുവദിച്ച് 2 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

മറ്റു ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായി (ലാഡ്രം[3.5 MW ], മാർമ്മല [ 7 MW ] ) 2025-26 ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം പുതിയ ശീർഷകം അനുവദിച്ച് 12 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

റീ-പവറിംഗ് ഓഫ് കഞ്ചിക്കോട് വിൻഡ് ഫാം (5 MW) പദ്ധതിക്കായി പുതിയ ശീർഷകം അനുവദിച്ച് 52 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഗ്രീൻ എനർജി കോറിഡോർ പദ്ധതിയ്ക്കായി പ്രോജക്ട് എക്സിക്യൂട്ടിംഗ് ഏജൻസിയായ കെ.എസ്.ഇ.ബി.എൽ. തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്ന തുക കെ.എഫ്.ഡബ്ല്യൂ. ലോൺ ആയി സംസ്ഥാന സർക്കാർ മുഖേന കെ.എസ്.ഇ.ബി.എൽ.-ന് ലഭിക്കേണ്ടതിൽ ബാക്കിയുള്ള തുകയായ 37.56367 കോടി രൂപയും 2025-26 ലേക്ക് ആവശ്യമായ 200 കോടി രൂപയും ഉൾപ്പെടെ ആകെ 237.56367 കോടി രൂപ ആവശ്യപ്പെടുന്നതിന് പകരം 238 കോടി രൂപ വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ളതായി നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. തുടർന്ന് പ്രസ്തുത പദ്ധതിക്കായി പുതിയ ശീർഷകം അനുവദിച്ച്

237.56367 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വൈദ്യുതി വിതരണ രംഗം കൂടുതൽ ആധുനികീകരിച്ച് ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്തുന്നതിനും വാണിജ്യ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനുമായി കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിയ ദ്യുതി 2.0 പദ്ധതിയ്ക്കായി 2025-26 ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം പുതിയ ശീർഷകം അനുവദിച്ച് 430 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളുടെ അസ്ഥിരത പരിഗണിച്ചും ഗ്രിഡ് സുസ്ഥിരത ഉറപ്പാക്കുന്നതിനുമായി എനർജി സ്റ്റോറേജ് പദ്ധതികൾ സ്ഥാപിക്കുന്നതിന് പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ. തുടങ്ങുവാനുദ്ദേശിക്കുന്ന 14 പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾക്കായി 2025-26 ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം പുതിയ ശീർഷകം അനുവദിച്ച് ആദ്യ ഗഡുവായി 100 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പുനരുപയോഗ ഊർജ്ജ ഉത്പാദനത്തിന് സംസ്ഥാനം കൂടുതൽ പരിഗണന നൽകുന്നതിനാൽ പകൽ സമയം ആവശ്യത്തിലധികം വൈദ്യുതി ഉത്പാദനം നടത്തുന്ന സൗരോർജ്ജ പദ്ധതികളിൽ നിന്നുള്ള അധിക വൈദ്യുതി കൂടുതൽ ഉപഭോഗമുള്ള രാത്രികാലത്തേക്ക് സംഭരിക്കാൻ കഴിയുന്ന 2000 MW/5000 MW ശേഷിയുള്ള ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കാനുദ്ദേശിക്കുന്നതിനാൽ, പദ്ധതിയുടെ ആദ്യ ഘട്ടമായി 250 MW/ 500 MWh ശേഷിയുള്ള ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്നതിനായി 2025-26 ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം പുതിയ ശീർഷകം അനുവദിച്ച് ആദ്യ ഗഡുവായി 5 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

31.12.2024 വരെ വിവിധ സർക്കാർ വകുപ്പുകൾ വൈദ്യുതി ചാർജ്ജ് ഇനത്തിൽ നൽകാനുള്ള കുടിശ്ശികത്തുകയായ 718 കോടി രൂപ പുതിയ ശീർഷകം അനുവദിച്ച് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്

4810-00-800-99 -മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ്സ് ലബോറട്ടറിയുടെ നവീകരണ പദ്ധതി മരാമത്ത് പണികൾ

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ്സ് ലബോറട്ടറിയിൽ സിവിൽ വർക്ക് പൂർത്തികരിച്ച് ലിഫ്റ്റ് പ്രവർത്തനസജ്ജമാക്കുന്നതിനും കേരള സ്റ്റേറ്റ് ലൈസൻസിംഗ് ബോർഡ് സെക്രട്ടറിക്ക് പുതിയ ഔദ്യോഗിക വാഹനം (ഇലക്ട്രിക്) വാങ്ങുന്നതിനുമായി 30 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ഏജൻസി ഫോർ നോൺ-കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനെർട്ട്)**

2810-00-188-99- ഗ്രാമീണ സാങ്കേതിക വിദ്യയും പാരമ്പര്യേതര ഊർജ്ജ ഏജൻസിയും (അനെർട്ട്) ധനസഹായം

അനെർട്ടിന്റെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനാവശ്യമായ ഭരണപരമായ ചെലവുകൾ, ശമ്പളം, ശമ്പള കുടിശ്ശിക, യാത്രാചെലവ്, വാടക, ഓഫീസ് ചെലവ് എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 5.25 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**പുതിയ ശീർഷകം അനുവദിക്കുന്നതിന്**

2025-26-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചത് പ്രകാരം സംസ്ഥാനത്ത് ഹൈഡ്രജൻ ഉത്പാദനത്തിന് അനുകൂല സാഹചര്യം സൃഷ്ടിക്കുന്നതിനും ഹൈഡ്രജൻ ഇന്ധനത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുമായി പൊതു-സ്വകാര്യ മേഖലാ പങ്കാളിത്തത്തോടെ രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന ഹൈഡ്രജൻ വാലി പദ്ധതിക്കായി പുതിയ ശീർഷകം അനുവദിച്ച് 5 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## എനർജി മാനേജ്മെന്റ് സെന്റർ – കേരള

2810-00-104-98- എനർജി മാനേജ്മെന്റ് സെന്റർ ധനസഹായം

എനർജി മാനേജ്മെന്റ് സെന്ററിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും മറ്റു ദൈനംദിന ചെലവുകൾക്കുമായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 3.0339 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനായി ഫണ്ട് അനുവദിച്ചതായി കാണുന്നില്ലെന്ന് സമിതിയംഗമായ ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ. ചൂണ്ടിക്കാട്ടിയപ്പോൾ സബ്സ്റ്റേഷനുകൾ കെ.എസ്.ഇ.ബി.എൽ. സ്വന്തം ഫണ്ടിലാണ് ചെയ്യുന്നതെന്നും സാധാരണയായി ഇത്തരം പദ്ധതികൾക്ക് സർക്കാർ വിഹിതം ഉണ്ടാകാറില്ലെന്നും എന്നാൽ മുട്ടത്തറ സബ്സ്റ്റേഷൻ നിർമ്മാണത്തിന് തുക നൽകാമെന്ന സർക്കാർ വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽ 4 വർഷം മുമ്പ് പദ്ധതി പൂർത്തീകരിച്ചുകഴിഞ്ഞതാണെന്നും പ്രസ്തുത ഇനത്തിൽ ലഭ്യമാക്കാനുള്ള തുകയാണ് അധികമായി ആവശ്യപ്പെട്ടിരിക്കുന്നതെന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ & എസ്.സി.എം.), മറുപടി നൽകി.

യോഗം രാവിലെ 11.30 മണിക്ക് പിരിഞ്ഞു

## 27.02.2025-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2025 ഫെബ്രുവരി മാസം 27-ാം തീയതി, വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4-എ" സമ്മേളനഹാളിൽ സമിതി അദ്ധ്യക്ഷനും വൈദ്യുതി വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. കെ.പി. മോഹനൻ, എം.എൽ.എ.

2. ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ.

<u>വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗങ്ങൾ:</u>

1. ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.

2. ശ്രീ. കെ.കെ. രാമചന്ദ്രൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീ. കെ.എസ്. കിരൺ ബോസ്, അണ്ടർ സെക്രട്ടറി

സമിതി, 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്റെ കരട് പരിഗണിയ്ക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം രാവിലെ 11.45 മണിക്ക് പിരിഞ്ഞു.